KOTTAYAM PUBLIC LIBRARY

No. M 200 Acc. No. 12509

[illegible]

കൊടുങ്ങല്ലൂർ

[illegible]

824

KOTTAYAM PUBLIC LIBRARY
KOTTAYAM




പ്രപന്നപാരിജാതായ തോത്രവേത്രൈകപാണയേ
ജ[illegible]ദ്രായ [illegible]ഷ്ണാ[illegible]ൃത[illegible]

4200

ഭാരത സാധുസമാജം കേരള ശാഖ.
പ്രസിദ്ധീകരണം നമ്പ്ര് 2.

12509

ഓം തദ് സത്

# ഭാഷാ ഭഗവദ്ഗീത

(ജനതയ്ക്ക്)

KOTTAYAM PUBLIC LIBRARY ✲ KOTTAYAM.

വിവർത്തകൻ

കൊടുങ്ങല്ലൂർ കുഞ്ഞുകുട്ടൻ തമ്പുരാൻ

ചിറമർ വേദശാസ്ത്രപാഠശാലാ

ആത്മാനന്ദസ്വാമികളുടെ പ്രസ്താവന, അവതാരിക സഹിതം

NATIONAL ... BR.

പ്രസാധകൻ

ആത്മാനന്ദാ

ഒന്നാം പതിപ്പ്: 1958 മെയ്

M200
Kun-B

തൃശ്ശിവപേരൂർ
ഗീതാ പ്രസ്സിൽ അച്ചടിച്ചതു്.

വില: 75 നയാ പൈസാ.

KOTTAYAM PUBLIC LIBRARY
KOTTAYAM.

# മുഖവുര

ഹിന്ദുക്കാംക്കു സർവ്വസ്വീകാര്യമായ ഒരു മതഗ്രന്ഥം ഉള്ളതു് ആ ജനതയുടെ സമക്ഷത്തിൽ എത്തിച്ചേരുവാനുള്ള ഒരു പ്രയത്ന ഫലമാണു് ഈ പുസ്തകം.

ഇത്ര ചെറിയതും എന്നാൽ ഇത്ര മാഹാത്മ്യമേറിയതുമായ ഒരു ഗ്രന്ഥം ലോകത്തിൽത്തന്നെ ഉണ്ടോ എന്നതു സംശയമാണു്. ഈ ഹിന്ദുക്കളുടെ പിതൃവൃത്തെ സാധാരണ ജനങ്ങാംക്കു മനസ്സിലാക്കുവാനാണു് ചില അധ്യായങ്ങാംക്കു പുതിയ പേരു നല്കിയും ഓരോ വിഷയത്തേയും പ്രത്യേകം അധികരണമായി വിഭജിച്ചും ഇതിൽ കൊടുത്തിരിക്കുന്നതു്.

ഗീതയിൽ സർവ്വമതതത്വങ്ങളും വിഭിന്ന രുചികാംക്കുള്ള സാധനകളും അതിന്നാവശ്യമായ പ്രകൃതിവിജ്ഞാനവും ഉാംക്കൊള്ളുന്നു. ഇവയുടെ അർത്ഥഭാവന മനസ്സിൽ തട്ടി അതിലുള്ള ദുർവ്വാസനകളെ നീക്കി സദ്വാസനകളെ വളർത്തുവാനാണു് അതിന്നെ ജനങ്ങളുടെ ഭാഷയിൽത്തന്നെ അവരുടെ മുമ്പാകെ വെയ്ക്കുന്നതു്. ഗാഢമായ അർത്ഥചിന്തനംകൊണ്ടേ സാധനാദാർഢ്യം വരൂ.

മഹാസമുദ്രത്തിൽ യാത്ര ചെയ്യുവാൻ മുതിരുന്ന കപ്പൽക്കാരൻ അവൻെറ നിർഭയമായ യാത്രയ്ക്കു്, ഒരു ഭൂപടവും, വടക്കുനോക്കിയും, അവ ഉപയോഗിക്കുവാനുള്ള അഭ്യാസംകൊണ്ടുണ്ടാകുന്ന കൌശലവും അത്യാവശ്യമാണെന്നു കരുതുന്നു. ഇവയില്ലാതെ അവൻ കപ്പൽയാത്ര ആരംഭിക്കുന്നില്ല.

ഹിന്ദുമതഗ്രന്ഥങ്ങളും ഹിന്ദുമതാനുഷ്ഠാനങ്ങളും, വൻ സമുദ്രങ്ങാംപോലെയാണു്. അതിലും ഘോരമായ ഒന്നാണു് സംസാര

സാഗരമായ മനുഷ്യജീവിതയാത്ര. ഈ സമുദ്രങ്ങൾ തരണം ചെയ്യുവാൻ സുവ്യക്തമായ പടവും വടക്കുനോക്കിയും അഭ്യാസവും എത്രയോ അധികം ആവശ്യമാണ്. ഗീത ഈ സംസാരസാഗരത്തിൻെറ പടവും വടക്കുനോക്കിയും നമുക്കു നല്കുന്നുണ്ട്. സംസാരസാഗരത്തിൽ ക്ഷേമകരമായ യാത്രയ്ക്കു് ഈ പടവും വടക്കുനോക്കിയും ഉപയോഗിക്കുവാനുള്ള പാടവവും കൈവരുത്തണം. ഗീത പഠിച്ചു് അനുഷ്ഠിച്ചാൽ ശാസ്ത്രസമുദ്രത്തേയും സംസാരസാഗരത്തേയും ലഘുവായും നിർഭയമായും കടക്കാം. ഇത്ര മാഹാത്മ്യമുള്ളതാണ് ഈ ചെറിയ ഗീത.

ശ്രീമത് കൊടുങ്ങല്ലൂർ കുഞ്ഞുകുട്ടൻ തമ്പുരാൻെറ ഭാഷാ വിവർത്തനത്തെ ഈ പുസ്തകത്തിൽ ഉപയോഗിക്കുവാൻ അനുവാദം നല്കിയ ചിറയ്ക്കൽ കോവിലകം ഗോദവർമ്മത്തമ്പുരാൻ അവർകൾക്കു് അകൈതവമായ നന്ദിയെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. ജനങ്ങളും ഇതിന്നു് അദ്ദേഹത്തിനോടു കടപ്പെട്ടവരാകുന്നു.

ഭാരത സാധുസമാജം കേരളശാഖാ കേരളത്തിലെ സർവ്വ ഗൃഹങ്ങളിലും സ്തോത്രപാഠനവും ഗീതാപാരായണവും പ്രതിദിനം നടപ്പിൽ വരുത്തുവാൻ പ്രയത്നിക്കണം എന്നൊരു തീരുമാനം എടുത്തിരിക്കുന്നു. ആ പ്രവർത്തനത്തിന്നു് ഈ ഗീത ഉപകരിക്കുവാൻ വേണ്ടി പ്രസാധകൻ യാതൊരു ലാഭത്തിന്നും അവകാശം കൊടുക്കാതെ ആണു് ഇതിൻെറ വില നിശ്ചയിച്ചിരിക്കുന്നതു്.

ഈ ചെറിയ പുസ്തകം കേരളത്തിലും പുറത്തും എല്ലാ ഗൃഹങ്ങളിലും സ്ഥാനം പിടിക്കുവാൻ ദൈവം അനുഗ്രഹിക്കട്ടെ.

1—9—1958.
പാറശാലാ;
ചിറയൂർ—കൊച്ചിൻ

ആത്മാനന്ദ

# വിഷയവിവരം

## അവതാരിക

### ഭാഗം—1


| ഖണ്ഡികകൾ | | പുറം |
|---|---|---|
| 1 | മതം ആവശ്യമാണോ? | 1 |


### ഭാഗം—2

#### ഹിന്ദുമതതത്വങ്ങൾ


| | | |
|---|---|---|
| 2 | ആത്മാവ് നിത്യൻ, സർവ്വവ്യാപി, ദേഹാദിവ്യതിരിക്തൻ. | 4 |
| 3 | മായ, മായാതരണം | 7 |
| 4 | സ്വധർമ്മാചരണം | 11 |
| 5 | കർമ്മവും സംസ്കാരവും | 13 |
| 6 | പുനർജ്ജന്മം—സംസാരഗതി | 13 |
| 7 | പ്രവൃത്തികർമ്മവും നിവൃത്തികർമ്മവും | 14 |


### ഭാഗം—3

#### സംസാരനാശത്തിനുള്ള ഉപായങ്ങൾ


| | | |
|---|---|---|
| 8 | കർമ്മയോഗം | 15 |
| 9 | ജ്ഞാനയോഗം | 15 |
| 10 | ഭക്തിയോഗം | 17 |
| 11 | ഭക്തനും ജ്ഞാനിയും, ദ്വൈതവും അദ്വൈതവും | 18 |
| 12 | നാനാമാർഗ്ഗങ്ങൾ | 19 |
| 13 | രാജയോഗം | 20 |
| 14 | അവതാരങ്ങൾ—വിഗ്രഹാരാധന | 21 |


### ഭാഗം—4

#### മതഗ്രന്ഥങ്ങൾ


| | | |
|---|---|---|
| 15 | ഹിന്ദുമതഗ്രന്ഥങ്ങൾ | 23 |
| 16 | ഭഗവദ്ഗീതയുടെ സ്ഥാനം | 25 |
| 17 | ഒരു സിംഹാവലോകനം | 27 |
| 18 | ചില ശ്രദ്ധേയവിഷയങ്ങൾ | 30 |


KOTTAYAM PUBLIC LIBRARY KOTTAYAM.

# ഗീതയിലെ അധ്യായങ്ങൾ

## ഭാഗം—1

### ഗീതാസിദ്ധാന്തങ്ങൾ


| അധ്യായം | | പുറം |
|---|---|---|
| 1 | അർജ്ജുനൻെറ വിഷാദവും ഉപദേശത്തിന്നായി ഭഗവാനെ ശരണം പ്രാപിക്കലും. | 37 |
| 2 | ഗീതോപദേശം | 42 |
| 3 | കർമ്മയോഗം | 53 |
| 4 | കർമ്മയോഗകാരിയും കർമ്മയോഗത്തിൻെറ രഹസ്യവും | 58 |
| 5 | യോഗവും സന്യാസവും | 62 |


## ഭാഗം—2

### നിർഗ്ഗുണോപാസന


| | | |
|---|---|---|
| 6 | ചിത്തവൃത്തിനിരോധം — ധ്യാനയോഗം | 67 |
| 7 | പ്രവൃത്തി; ഈശ്വരശരണത | 73 |
| 8 | സദാ ഈശ്വരനെ സ്മരിക്കണം, സ്വധർമ്മവും അനുഷ്ഠിക്കണം. | 76 |


## ഭാഗം—3

### വ്യക്തോപാസന (സഗുണോപാസന)


| | | |
|---|---|---|
| 9 | ഏററവും എളുപ്പവഴി സർവ്വം ഈശ്വരസമർപ്പണം. | 81 |
| 10 | വിഭൂതിചിന്തനം | 85 |
| 11 | വിശ്വരൂപദർശനം | 90 |
| 12 | സഗുണഭക്തിയും നിർഗ്ഗുണഭക്തിയും | 98 |


## ഭാഗം—4

### ജ്ഞാനയോഗം


| | | |
|---|---|---|
| 13 | ആത്മാനാത്മവിവേചനം | 102 |
| 14 | ബന്ധകാരണങ്ങളായ ത്രിഗുണങ്ങൾ അവയിൽനിന്നു മോചനം | 112 |
| 15 | സർവ്വത്രപുരുഷോത്തമദർശനം. പൂർണ്ണയോഗം. | 116 |


## ഭാഗം—5

### പരിശിഷ്ടം


| | | |
|---|---|---|
| 16 | ദൈവീവൃത്തിയും ആസുരീവൃത്തിയും | 121 |
| 17 | സാധനകൊണ്ടു നിത്യകർമ്മങ്ങൾ എങ്ങിനെയാണ് വിശിഷ്ടമാക്കുക? | 125 |


## ഭാഗം—6

### ഉപസംഹാരം


| | | |
|---|---|---|
| 18 | ഗീതോപദേശസാരം. കർമ്മയോഗവും അതിന്നുപരി ജ്ഞാനനിഷ്ഠയും. | 131 |

# ഭാഗം 1

## ൧. മതം ആവശ്യമാണോ?

അതു വളരെ അത്യാവശ്യമാണ്. എന്നാൽ പലേ ആളുകഠംക്കം മതം അനാവശ്യമാണെന്നാണ് ധാരണ. അതു തെററാണെന്നു പറയുവാൻ ഞാൻ തയ്യാറില്ല. അവരുടെ അനുഭവത്തെ ഞാൻ എങ്ങിനെ എതിക്കും? അവരോട്ട് എനിക്കു പറയ്യവാനുള്ളതു മതമാകുന്ന നദിയും കുറെ നൂററാണ്ടുകളായി ശോഷിച്ചു മാലിന്യം വന്നുകൂടിയ അവസ്ഥയിലാണ് ഇരിക്കുന്നതു് എന്നാണ്. അതിലെ ജലം വളരെ മലിനപ്പെട്ടിരിക്കുന്നു. ഈ മാലിന്യം ചേൎന്ന വെള്ളത്തെ നിങ്ങഠം തിരസ്കരിക്കുന്നതു് എനിക്കു വളരെ സന്തോഷം. എന്നാൽ നദീജലംതന്നെ കൊള്ളുകയില്ല എന്നൊരു തീരുമാനം എടുക്കുന്നതിലാണ് എനിക്കു വ്യസനം. നദി പൂൎണ്ണമായി ഒഴുകുമ്പോഠം കിട്ടുന്ന ശുദ്ധജലവും ആരോഗ്യപ്രദമല്ലെന്നോ ആവശ്യമില്ലെന്നോ പറയാമോ?

മതമാകുന്ന നദി പ്രവഹിച്ചുതുടങ്ങിയിരിക്കുന്നു ശ്രീരാമകൃഷ്ണപരമഹംസൻ, സ്വാമി വിവേകാനന്ദൻ, ശ്രീരാമതീൎത്ഥൻ, ശ്രീ രമണമഹൎഷി, ശ്രീ അരവിന്ദൻ, മഹാത്മാ ഗാന്ധി, ശ്രീ ആനന്ദമയിദേവി, സ്വാമി രാമദാസ് മുതലായവർ ആ പ്രവാഹത്തിൻെറ തിളങ്ങുന്ന തെളിവുകളാണ്. അവരുടെ ജീവിതവും, ഉപദേശങ്ങളും, പഴയ കാലത്തെ ഋഷിവാക്യങ്ങളും ഇന്ത്യ ലോകത്തിനു പ്രദാനം ചെയ്തിട്ടുള്ള സനാതനമായ ആത്മീയതത്വങ്ങഠം അമൃതധാരയാണെന്നു സ്ഥാപിക്കുന്നു.

ചിന്താശീലന്മാരായ നിങ്ങഠം ചളിവെള്ളത്തെ മാത്രം കണ്ടു വെള്ളം തന്നെ ആവശ്യമില്ലെന്നു പറയരുതു്. മതദ്ദൃഷ്യങ്ങളെ

ക്കണ്ടു് മതാനുഷ്ഠാനങ്ങളെ ത്യജിക്കുന്നതോടുകൂടി നിങ്ങൾ മതത്തെ ത്യജിക്കരുതു് എന്നാണെൻെറ അപേക്ഷ.

ശുദ്ധമായ മതതത്വവും, മതാനുഷ്ഠാനങ്ങളും എന്താണെന്നു് ശ്രദ്ധാപൂർവ്വം ഗ്രഹിക്കേണ്ടതാകുന്നു.

എന്നാൽ അതിനുദ്യമിക്കുന്നതിന്നു മുമ്പു് ഒരു കാര്യം കൂടി നമുക്കു് ആരായാം. ജീവിതമാർഗ്ഗം പ്രഥമഗണനനീയമായിത്തീർന്നിട്ടുള്ള ഈ കാലത്തും മതം ആവശ്യമുണ്ടോ, ശ്രദ്ധിക്കേണ്ടതാണോ, എന്ന ചോദ്യം ഉത്ഭവിച്ചുകൊണ്ടേയിരിക്കുന്നു. ആ ചോദ്യവും അസ്ഥാനത്തിലല്ല. സയൻസ് വലിയൊരുപകാരം ചെയ്തിരിക്കുന്നു. സ്ഥൂലങ്ങളായ വസ്തുക്കൾ, സൂക്ഷ്മങ്ങളായ ആററം (അണു)കൊണ്ടു നിർമ്മിച്ചതാണെന്നു മാത്രമല്ല, ആ അണുവായ ആററം അതിസൂക്ഷ്മവും അപരിമിതവുമായ വിദ്യുച്ഛക്തികൊണ്ടു നിബിഡവുമാണു്. ഈ തത്വം ഇക്കാലത്തു് എല്ലാവർക്കും ആററംബോമ്പുമൂലം പ്രത്യക്ഷവുമാണു്. ഇന്ത്യയിലെ ഋഷികളുടെ ഗവേഷണരംഗം മനുഷ്യൻെറ ബാഹ്യലോകത്തിനു പകരം മനുഷ്യൻെറ അന്തരംഗമായിരുന്നു. അവരുടെ കണ്ടുപിടിത്തവും സയൻസുകാരുടെ കണ്ടുപിടിത്തംപോലെത്തന്നെയാണു്.

ബാഹ്യത്തിൽ സ്ഥൂലവസ്തുവും അതിനുള്ളിൽ സൂക്ഷ്മമായ മോളിക്യൂളുകളും അതിൻേറയും ഉള്ളിൽ സൂക്ഷ്മതരമായ ആററവും, പിന്നേയും അതിൻേറയും ഉള്ളിൽ അതിസൂക്ഷ്മവും അപരിമിതവുമായ വിദ്യുച്ഛക്തിയും സ്ഥിതിചെയ്യുന്നു.

അതേ മാതിരി ഋഷികൾ കണ്ടുപിടിച്ചതു മനുഷ്യൻെറ ഉള്ളിൽ മനസ്സും, മനസ്സിൻെറ ഉള്ളിൽ ബുദ്ധിയും, ബുദ്ധിക്കുള്ളിൽ അനന്തമായ ആത്മശക്തിയും ആകുന്നു. മഹാത്മാ ഗാന്ധി ആത്മശക്തികൊണ്ടു് ഇന്ത്യയിൽ ബ്രിട്ടീഷാധിപത്യത്തെ തകർത്തു. എന്നാൽ ബ്രിട്ടീഷുകാർ ഇന്ത്യയുടെ ശത്രുക്കൾ ആയില്ല. ആത്മശക്തിയുടെ വൈഭവമാണതു്. ശ്രീ വിനോബാജിയും ആത്മശ

ക്തിയുടെ പാരമ്പര്യം വഹിക്കുവാൻ ശ്രമിക്കുന്നു. ശുദ്ധമായ മതത്തിൻെറ ദൃഷ്ടാന്തമാണിതു്.

ആത്മതത്വങ്ങളെ ആസ്പദമാക്കിയ ജീവിതരീതി ലൌകിക ജീവിതത്തിൽ ശാന്തിക്കു് അത്യാവശ്യമാണു്. അമേരിക്കയും റഷ്യയും ആണു് ഇന്നത്തെ ഏററവും സമ്പന്നങ്ങളായ ലോകത്തിലെ രണ്ടു വൻശക്തികൾ. ഇവക്കു ലൌകികഭോഗങ്ങൾക്കു വേണ്ട സാധനങ്ങളും സാമഗ്രികളും സമൃദ്ധിയായുണ്ടു്. അമേരിക്കയിൽ പാൽ സമൃദ്ധിയായുണ്ടു്. അതുകൊണ്ടു് അവർ ഇന്ത്യക്കു സൌജന്യമായി എത്ര ടൺ പാൽപ്പൊടിയാണു് അയക്കുന്നതു്. അമേരിക്കാ മിച്ചഗോതമ്പു കടലിൽ കൊണ്ടുപോയി തള്ളുകയാണു്. അതിൻെറ സമൃദ്ധി അത്രത്തോളമാണു്.

എന്നാൽ അമേരിക്കയിൽ പതിനൊന്നിൽ ഒന്നുവീതം കണ്ടു ജനങ്ങൾക്കു ചിത്തഭ്രമരോഗമുണ്ടു്. അവരെ ആസ്പത്രിയിൽ സൂക്ഷിക്കേണ്ടിവരുന്നു. ഒരാൾക്കു ഭ്രാന്തായാൽ വീട്ടിലും പരിസരങ്ങളിലും ഉള്ളവക്കു് എത്രയാണു് ബുദ്ധിമുട്ടു്! ഇങ്ങനെയായാൽ മനുഷ്യനു ജീവിതത്തിൽ എത്രതന്നെ സമ്പത്തുണ്ടായാലും സുഖമുണ്ടോ? മനശ്ശാന്തിയില്ലാത്ത ജീവിതത്തിന്നു് എന്താണു് വില?

റഷ്യക്കും ഇത്ര വലിയ ശക്തി ഉണ്ടായിട്ടും അമേരിക്ക, ഇംഗ്ലണ്ടു് മുതലായവയെ ഭീതിയോടെ നോക്കിക്കൊണ്ടിരിക്കുകയല്ലേ ചെയ്യുന്നതു്? തൻെറ അതിർത്തിയിലുള്ളതായ രാജ്യങ്ങളെ അടിമയാക്കിയല്ലേ വെച്ചിരിക്കുന്നതു്? ഒരസുരൻെറ നിലയല്ലേ അതു്?

ഭൌതികത്തിൽ മാത്രം മനസ്സു വെക്കുന്നവക്കു നങ്കൂരമില്ലാത്ത കപ്പൽപോലെ മനസ്സിനു ചലനാവസ്ഥ തന്നെ സർവ്വസമയവും.

മനസ്സംയമമാണു് മതത്തിൻെറ അടിസ്ഥാനം എന്നാണു് ഗീത നമ്മെ പഠിപ്പിക്കുന്നതു്; ചടങ്ങുകൾ അല്ല. ഇങ്ങനെ മനോനിഗ്രഹമുള്ളവക്കു മനശ്ശാന്തി സദാസമയവുമുണ്ടായിരിക്കും.

വാസ്തവത്തിൽ മതം ജീവിതത്തിൽ ശാന്തിയെ ഉളവാക്കുന്നതിനുള്ള ശാസ്ത്രമാണ്. ഹിന്ദുശാസ്ത്രങ്ങളിൽ പറയപ്പെടുന്ന "യോഗങ്ങൾ"കൊണ്ടുണ്ടാകുന്നതു് എല്ലാ അവസ്ഥയിലും ശാന്തിയാണ്. അതുകൊണ്ടു മതാനുഷ്ഠാനങ്ങളുടെ നാരായവേരായ യോഗത്തിന്റെ ശകലങ്ങളെങ്കിലും നാം നിത്യം അഭ്യസിച്ചുകൊണ്ടിരിക്കണം.

അതുകൊണ്ടു ഹിന്ദുമതത്തിന്റെ തത്വങ്ങളേയും അനുഷ്ഠാനങ്ങളേയും പററി ഗീത പറയുന്നതു് എന്താണെന്നു് അറിയേണ്ടതാവശ്യമാണ്.

ജിവിതമാൎഗ്ഗങ്ങൾക്കായി വെമ്പിക്കൊണ്ടിരിക്കുന്ന കാലത്തു യഥാൎത്ഥത്തിൽ ആഹാരത്തോടൊപ്പം അത്യാവശ്യമാണ് മതാനുഷ്ഠാനങ്ങൾ. മതാനുഷ്ഠാനങ്ങൾ എന്നതു ജീവിതമെന്ന മോട്ടോറിനു പെട്രോളും വഴപ്പെണ്ണയും എന്നപോലെയാണ്.

മതാനുഷ്ഠാനങ്ങൾ ജീവിതകലകളാണ്. ജീവിതത്തിനു് ഓജസ്സും ശോഭയും ഉണ്ടാക്കുന്നു.

## ഭാഗം 2

### a. ഹിന്ദുമതതത്വങ്ങൾ

ഹിന്ദുക്കൾ എല്ലാവരുംതന്നെ അവരുടെ മതതത്വങ്ങൾ എന്താണെന്നു് അറിയേണ്ടതാണ്. തത്വങ്ങൾ അറിയുമ്പോൾ പ്രാപ്തിസ്ഥാനവും മാൎഗ്ഗജ്ഞാനവും കൈവരുന്നു. ഒരു ദീൎഘമായ യാത്രയിൽ ജനങ്ങൾ മ്യാപ്പു നോക്കി ലക്ഷ്യവും താൻ ഇരിക്കുന്ന ദിക്കും, ലക്ഷ്യത്തിലേയ്ക്കുള്ള മാൎഗ്ഗവും തീരുമാനിച്ചു കഴിഞ്ഞതിനുശേഷം യാത്ര തുടങ്ങുന്നു.

അതേ സംഗതിതന്നെയാണ് നാം മതത്തിന്റെ കാൎയ്യത്തിലും ചെയ്യേണ്ടതു്. അപ്പോഴാണ് ജീവിതയാത്ര സുഗമമാകുന്നതു്.

ഋഷിമാരാകുന്നു നമ്മുടെ മതതത്വങ്ങൾ കണ്ടുപിടിച്ചവർ. അവർ അവയെ അവരുടെ വേദാന്തഗ്രന്ഥങ്ങളിൽ പ്രദിപാദിച്ചിട്ടുണ്ടു്. ഉപനിഷത്തിൽ ദേവന്മാരും അസുരന്മാരും പ്രജാപതിയോടു ചോദിക്കുവാനാഗ്രഹിക്കുന്നതു് ആത്മാവിനെപ്പററിയാണു്. ഛാന്ദോഗ്യ ഉപനിഷത്തിൽ (അദ്ധ്യായം 8. 7 മുതൽ 14 വരെയുള്ള ഖണ്ഡങ്ങൾ) ഈ കഥ വളരെ ഭംഗിയായി കൊടുത്തിട്ടുണ്ടു്. ദേവരാജാവായ ഇന്ദ്രനും അസുരരാജാവായ വിരോചനനും ഒരുമിച്ചു പ്രജാപതിയുടെ അടുക്കൽ പോയി ഈ ആത്മാവിനെപ്പററി പ്രതിപാദിപ്പാൻ അപേക്ഷിക്കുന്നു. അതിന്നായി അവർ 32 കൊല്ലം പ്രജാപതിയുടെ അടുക്കൽ ബ്രഹ്മചാരികളായി താമസിക്കുന്നു. ഒടുവിൽ പ്രജാപതി അവരോടു പറയുന്നു, "നിങ്ങൾതന്നെയാണു് ശാശ്വതമായ ആത്മാവു്." അവർ രണ്ടു കൂട്ടരും നിങ്ങൾ എന്നുവെച്ചാൽ ഓരോരുത്തരുടേയും ദേഹം തന്നെ എന്നു മനസ്സിലാക്കി സ്വസ്ഥാനങ്ങളിലേയ്ക്കു മടങ്ങുന്നു. ഇരുവരും ദേഹത്തെ പോററി രക്ഷിക്കുന്നു. വിരോചനനു് അതിൽ പിന്നെ യാതൊരു ചിന്തയ്ക്കും ഇടവന്നില്ല. എന്നാൽ ഇന്ദ്രൻ ദേഹം ക്ഷീണിക്കുന്നതും മററും കണ്ടു ശാശ്വതമായ ആത്മാവു് ദേഹമല്ലെന്നു മനസ്സിലാക്കി വീണ്ടും പ്രജാപതിയുടെ അടുക്കൽ പോയി 32 കൊല്ലം ബ്രഹ്മചര്യമനുഷ്ഠിക്കുന്നു. പ്രജാപതിയുടെ ഉപദേശത്തിനു മാററമുണ്ടായില്ല. അപ്പോൾ ഇന്ദ്രൻ കരുതി ദേഹമല്ലെങ്കിലും സ്വപ്നങ്ങളിൽ പ്രവൃത്തിക്കുന്ന മനസ്സായിരിക്കും ആത്മാവു് എന്നു്. പ്രജാപതിയുടെ വാക്കുകൾക്കു് ഈ അൎത്ഥം കല്പിച്ചു മടങ്ങിപ്പോയി ഇന്ദ്രൻ. എന്നാൽ മനസ്സു സന്തോഷപ്പെടുന്നതും സങ്കടപ്പെടുന്നതും കണ്ടു് ഈ മാറിക്കൊണ്ടിരിക്കുന്ന മനസ്സു് ശാശ്വതമായ ആത്മാവല്ലെന്നു മനസ്സിലാക്കി പ്രജാപതിയുടെ അടുക്കൽ തിരിച്ചുപോയി. പിന്നേയും ഒരു 32 സംവത്സരം ബ്രഹ്മചര്യമനുഷ്ഠിച്ചു. പ്രജാപതിയുടെ വാക്കുകൾക്കു മാററമുണ്ടായില്ല. പ്രജാപതി നിരീയിച്ചതു മനസ്സു ലയിച്ചു പോകുന്ന സ്വപ്നാവ

സ്ഥയായിരിക്കാം ആത്മാവു്. സന്തുഷ്ടനായി ഒന്നുകൂടി തിരിച്ചു ഇന്ദ്രൻ.

എന്നാൽ സ്വപ്നാവസ്ഥയെ പരിശോധിച്ചതിൽ അതു വെറും ശൂന്യമായിട്ടാണു് കണ്ടതു്. ഇന്ദ്രൻ പ്രജാപതിയുടെ അടുക്കലേയ്ക്കു് ഒന്നുകൂടി യാത്രയായി. 5 കൊല്ലം കഴിയുമ്പോഴേയ്ക്കും അദ്ദേഹത്തിനു് ഈ 101 കൊല്ലത്തെ ബ്രഹ്മചര്യംകൊണ്ടു ചിത്തശുദ്ധി ഉണ്ടായി. ആത്മാനുഭവമുണ്ടാകുകയും അയാൾ ശാശ്വതാവസ്ഥയെ പ്രാപിച്ചു് മടങ്ങിപ്പോകുകയും ചെയ്തു.

ഈ രസകരമായ കഥ നാം ഓർമ്മിക്കണം. അതിൽ പലേ തത്വങ്ങളും ഉള്ളതു നാം മനസ്സിലാക്കണം.

1. ദേഹത്തെ ആത്മാവാണെന്നു കരുതി അതിലേയ്ക്കു ശ്രദ്ധ ചെലുത്തുന്നവനാണു് അസുരൻ.

2. ദേഹത്തിനും മനസ്സിനും അതീതമായി ഇവകളുടെ അവസ്ഥയെല്ലാം സാക്ഷിഭൂതമായി നില്ക്കുന്ന ഒന്നാണു് ആത്മാവു്. ദേവന്മാർ അതായതു മനസ്സിനു ദീപ്തി, ശോഭയുള്ളവർ മാത്രം ഈ സർവ്വസാക്ഷിയായ ആത്മതത്വത്തെ അറിയുന്നു.

3. ഈ ആത്മജ്ഞാനത്തിനു് ഉതകുന്നതു് ബ്രഹ്മചര്യം, കാമക്രോധാദികളെ അടക്കി മനസ്സിനെ നിഗ്രഹിക്കുന്നതിനത്യാവശ്യമായ സാധന, വെറും വൈദിക ചടങ്ങുകളോ ക്രിയകളോ അല്ല. അവ ഉപകാരപ്രദങ്ങളാണു്. എന്നാൽ ആത്മലബ്ധിക്കു് അവ ഉതകുന്നില്ല.

ഒരു കാര്യം കൂടി നമുക്കു ഗ്രഹിപ്പാനുണ്ടു്. നമ്മുടെ ഋഷികൾ ആത്മാന്വേഷണമാണു് ചെയ്തതു്. ഈശ്വരാന്വേഷണമല്ല. എന്നാൽ അവർ കണ്ടുപിടിച്ചതു് ഈ ആത്മാവുതന്നെ ശാശ്വതനും, സർവ്വവ്യാപിയും അമരനും ആയ ഈശ്വരൻ അല്ലെങ്കിൽ ഉപനിഷദ്ഭാഷയിൽ ബ്രഹ്മം തന്നെയാണു് എന്നാകുന്നു.

ഇപ്പോഠ ഹിന്ദുമതതത്വങ്ങഠ ചുരുക്കി ചേക്കുന്നു:—

1. ആത്മാവു് ശാശ്വതനും സൎവ്വവ്യാപിയുമാകുന്നു. ആത്മാവു ബ്രഹ്മം തന്നെ. അതു സൎവ്വസാക്ഷിയാണു്.

2. ദേഹം മനസ്സു് മുതലായതു നശ്വരമാണു്. അതിനോടുകൂടി ചേൎന്ന് "നാം അവയാണു്" എന്നു വിചാരിച്ചാൽ കേവലം അസുരന്മാരാണു്; രാവണനോ കംസനോ മാത്രമാണു്.

3. ദേഹത്തിനേയും മനസ്സിനേയും അതിക്രമിച്ചാലേ ആത്മാവിനെ കാണ്മവാൻ കഴിയുകയുള്ളു. അതിനു് ഇന്ദ്രിയനിഗ്രഹം, മനോനിഗ്രഹം മുതലായവ അത്യാവശ്യമാണു്.

നാമെല്ലാവരും ഇപ്പോഠ ദേഹബുദ്ധിയോടുകൂടിയവരാണു്. ഈ ദുൎഗ്ഗതി വെടിഞ്ഞു് ഇന്ദ്രിയനിഗ്രഹം മനോനിഗ്രഹം മുതലായ റെയിൽയാത്ര ചെയ്തു് ആത്മലാഭമാകുന്ന ലക്ഷ്യത്തെ പ്രാപിക്കണം.

തത്വങ്ങളെ ഒന്നുംകൂടി ചുരുക്കി പറയാം:—

1. യഥാൎത്ഥത്തിൽ നമ്മുടെ സ്വരൂപം ആത്മാവാണു്.

2. എന്നാൽ നാം ദേഹം, മനസ്സു്, ബുദ്ധി, അഹംകാരം എന്നിവയോടു പററിപ്പിടിച്ചു് അവയാണു് "നാം" എന്നു നാം കരുതുന്നു. ഈ തെററിദ്ധാരണയാണു് "മായ" "അവിദ്യ" എന്നെല്ലാം പറയുന്നതു്. അവിദ്യകൊണ്ടു സമ്പൂൎണ്ണരായ നമ്മഠ ഒന്നുമില്ലാത്തവർ എന്നു കരുതി പലതിനേയും കാമിക്കുന്നു. ഈ കാമം, ക്രോധം, മോഹം തന്നെയാണു് "മായ". ഈ തത്വങ്ങളെയാണു് ഗീതയിൽ രണ്ടാമദ്ധ്യായത്തിൽ 11 മുതൽ 30 വരെയുള്ള ശ്ലോകങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളതു്.

## ൩. മായ

മനുഷ്യനിലും ലോകത്തിലും ഒരുപോലെ കണ്ടുവരുന്ന—വളരെ ആശ്ചൎയ്യകരമായി നാം പ്രത്യക്ഷമായി കണ്ടുവരുന്ന—ഒരു വസ്തുതയുടെ പേരാണു് മായ. അതിനെ വിശകലനം ചെയ്യുവാനോ

വിവരിക്കുവാനോ സാദ്ധ്യമല്ല. എന്നാൽ അതു് സദാ നമ്മുടെ അനുഭവത്തിൽ ഉള്ളതുമാണു്.

നാം നമ്മെ ഒന്നു് ആരായുക. നാം ഒററയാണു്. എന്നാൽ നാം അനേകം ഇന്ദ്രിയങ്ങളുടെ സമാഹാരമാണു്. തലച്ചോറു്, ഹൃദയം, കരൾ, ആമാശയം ഇത്യാദി വ്യക്തമായി ഭിന്നഭിന്ന വസ്തുക്കളുടെ സമാഹാരമാണു് മനുഷ്യൻ.

ഇതിനെ വേറൊരു തരത്തിൽ നാം വീക്ഷിക്കാം. നാം മേൽ വിവരിച്ച നിലയിലുള്ള അനേകം ഇന്ദ്രിയങ്ങളെ ഇണക്കി യോജിപ്പിച്ച ദേഹമാണു്. എന്നാൽ ദേഹം മാത്രമാണോ മനുഷ്യൻ? മനസ്സും മനുഷ്യനിൽ ഉൾക്കൊള്ളുന്നു. പിന്നെ അതിലുള്ള സൂക്ഷ്മമായ ബുദ്ധി. പിന്നേയും ഉള്ളിൽ പോയാൽ അഹംകാരം. ഒടുവിൽ അതിസൂക്ഷ്മമായ ആത്മാവു്. ആത്മാവും ഉണ്ടോ? മനസ്സിനു് സുഖമാണു്, ദുഃഖമാണു് എന്നു മനസ്സാണോ അറിയുന്നതു്? മനസ്സിന്റെ പിന്നിൽ നില്ക്കുന്ന ഒരു ജ്ഞാനശക്തിയാണു് മനസ്സിന്റെ സ്ഥിതിഗതിയ്ക്കു സാക്ഷിയായി നില്ക്കുന്നതു്. ഇതാണു് ആത്മാവു്. ഇങ്ങനെ അനേകത്തിന്റെ സമാഹാരമാണു് മനുഷ്യൻ. എന്നാൽ ദേഹത്തിനേക്കാൾ സൂക്ഷ്മം മനസ്സു്, മനസ്സിനേക്കാൾ സൂക്ഷ്മം ബുദ്ധി, ബുദ്ധിയേക്കാൾ സൂക്ഷ്മം അഹംകാരം. എല്ലാററിലുംവെച്ചു് സുസൂക്ഷ്മം ആത്മാവു്. എന്നാൽ ഇവയെല്ലാം ചേർന്നതായ ഒന്നാണു് മനുഷ്യൻ. മനുഷ്യൻ വാസ്തവത്തിൽ ഏകമല്ല. എന്നാൽ മനുഷ്യൻ ഏകനാണു്. ഇങ്ങിനെ വിരുദ്ധതകൾ സഹവർത്തിക്കുന്നതാണു് മായ. മനുഷ്യൻ ഒന്നാണു്. മനുഷ്യൻ അനേകത്തിന്റെ സമാഹാരമാണു്. ഇവ പരസ്പരവിരുദ്ധമല്ലേ? ഒന്നു് ഒന്നാകാം. അതുതന്നെ അനേകമാണു് എന്നതു് അയുക്തമല്ലേ? ഇങ്ങനെ യുക്തിശൂന്യമായി തോന്നുന്നതും എന്നാൽ പ്രത്യക്ഷമായി സ്ഥിതിചെയ്യുന്നതുമായ വിരുദ്ധതകളുടെ സഹവർത്തിത്വംതന്നെയാണു് മായ. അതുകൊണ്ടാണു് മനോതീ

തം, യുക്തിയിൽ ഉൾപ്പെടാത്തതു് എന്നെല്ലാം മായയെപ്പററി പറയുന്നതു്. ലോകത്തിനെ നോക്കുക. ഇവിടെ പാശ്ചാത്യസയൻസു് ആണു് നമുക്കു പ്രമാണം. ഈ സയൻസു് എന്താണു് പഠിപ്പിക്കുന്നതു്? വസ്തുക്കളെ ആരാഞ്ഞാൽ അവയെ സുമാർ 100 എലിമെൻറുകൾ (തത്വങ്ങൾ) ആയി വിഭജിക്കാം. ഓരോ ദ്രവ്യത്തേയും ആരാഞ്ഞാൽ അവ ആ വസ്തുവിൻെറ സൂക്ഷ്മരൂപമായ മോളിക്യൂളുകൾ (ഏററവും ചെറിയ ഭാഗം) ആയി കാണപ്പെടുന്നു. അതിനെപ്പിന്നേയുമാരാഞ്ഞാൽ അതു് അനേകം ആററം, അണുക്കൾ ആയി വിഭജിക്കപ്പെടുന്നു. ഇതു മോളിക്യൂളുകളിൽനിന്നു് എത്രയോ സൂക്ഷ്മമായ ഒന്നാണു്. അനേകം ആററങ്ങൾ ഇണങ്ങിച്ചേൻതാണു് ഒരു മോളിക്യൂൾ. വളരെ നാൾവരെ അതു് അവിഭാജ്യം എന്നാണു് വിചാരിക്കപ്പെട്ടിരുന്നതു്. എന്നാൽ ഇപ്പോൾ ഈ ആററങ്ങളേയും വിദ്യുച്ഛക്തിബീജങ്ങളായി വിഭജിക്കാം എന്നാണു് അറിവായിരിക്കുന്നതു്. ഈ ബീജങ്ങളുടെ സമാഹാരമാണു് ഈ ആററം. ഒരു വസ്തുവും വാസ്തവത്തിൽ ഒററയല്ല. എന്നാലും ഒററയാണു്. എന്തു വിരുദ്ധത! എന്തൊരാശ്ചര്യം!

എന്നാൽ ഇനിയും ഇതിലുമൊരു മഹാശ്ചര്യം ആവിർഭവിച്ചിരിക്കുന്നു. വസ്തു ജഡമാണു്, ചൈതന്യരഹിതമാണു്, എന്നാണു് അനേകം കൊല്ലങ്ങൾവരെയുള്ള ധാരണ. എന്നാൽ ഇപ്പോൾ സയൻസു് വെളിവാക്കിയിരിക്കുന്നതു് ആററത്തിൽ അനന്തമായ ശക്തി ഒളിച്ചു കിടക്കുന്നു എന്നാണു്. ആററത്തിലുള്ള ശക്തിക്കു് ഇണയായ ശക്തി ലോകത്തിലില്ല. ആ ശക്തി പ്രകടമാകുമ്പോൾ അനേകലക്ഷം പീരങ്കികൾ കൂടിയാൽ അതിന്നു് തുല്യമാവുന്നതല്ല. ആററംബോമ്പു അനന്തമായ അണുശക്തിയുടെ പ്രകടനമാണു്. അതിസൂക്ഷ്മമായ വസ്തു അനന്തമായ ശക്തിയെ ഗർഭത്തിൽ ധരിക്കുന്നു. ആററം ജഡമായി തോന്നുന്നു. എന്നാലതിലുള്ള ശക്തി അനന്തം.

ഇവിടേയും വിരുദ്ധതകൾ സഹവൎത്തിയ്ക്കുന്നതു് നാം കാണു ന്നില്ലേ? ഈ ലൌകികമായ ശാസ്ത്രം ആത്മശാസ്ത്രത്തിനു് ഉപോ ദ്ബലകമായിത്തീൎന്നിരിക്കുന്നു.

മനുഷ്യന്റെ അന്വേഷണഫലമായി നാം ആത്മാവിൽ എ ത്തി. നമ്മുടെ ഋഷിമാർ പ്രഖ്യാപിച്ചിട്ടുള്ളതു് ഈ ആത്മാവു് വ ളരെ സൂക്ഷ്മമായാലും അതിശക്തമാണു് എന്നാണു്. അതിനു നാ ശമില്ല. അതു് അഹങ്കാരംകൊണ്ടു പരിമിതമായി തോന്നിയാലും വാസ്തവത്തിൽ സൎവ്വവ്യാപിയാണു്. എത്ര വിരുദ്ധം! എന്നാൽ വിരുദ്ധതകൾ സഹവൎത്തിയ്ക്കുന്നു എന്നു് ഉറപ്പാക്കുന്നതാണു് മായ. സഹവൎത്തിക്കുന്ന ജഡത്തിലും സൂക്ഷ്മത്തിലുംവെച്ചു് സൂക്ഷ്മമാണു് ശക്തിമത്തും ശാശ്വതവുമായ ആത്മാവു്. ഇതു സയൻസിന്റെ ദൃഷ്ടാന്തംകൊണ്ടു സ്പഷ്ടമാകുന്നു. ബാഹ്യമായ ദേഹത്തെ വിട്ടു് അന്തൎയ്യാമിയെ പിടിക്കുക എന്നതാണു് ഋഷികളുടെ ഉപദേശം. ഇതിന്നായി പ്രവൎത്തിക്കുന്നതാണു് മതാനുഷ്ഠാനം. സ്ഥൂലവും സൂ ക്ഷ്മവും സഹവൎത്തിക്കുന്നു എങ്കിലും സ്ഥൂലത്തേക്കാൾ ബലവത്താ യതും, ശാശ്വതമായതും ആയ ആത്മാശ്രയം ആവശ്യമാണു് എ ന്നു പറയുന്നു ഹിന്ദുമതതത്വം. ഗീതോപദേശം, ദേഹത്തെ വെ ടിയുക, ആത്മാവിനെ ആശ്രയിക്കുക. രണ്ടും കൂടി സഹവൎത്തിക്കു ന്നു എങ്കിലും ബുദ്ധിമാന്മാർ കൂടുതൽ ശക്തിയുള്ളതിനെ ആശ്ര യിക്കും.

## ൪. മായാതരണം

ദേഹഭാവത്തെ വെടിയുവാനും ആത്മഭാവത്തെ അടയുവാ നും ആണു് മതാനുഷ്ഠാനങ്ങൾ. ഇതിനു ഗീത പറഞ്ഞ ചുരുക്കമാ യ മാൎഗ്ഗം "മാമേവ യേ പ്രപദ്യന്തേ മായാമേതാം തരന്തി തേ" (ഗീത 7—14). അതായതു് ആത്മാവിനേയോ ഈശ്വരനേയോ ആർ അനന്യചിന്തയോടെ സ്മരിക്കുന്നുവോ അവൎക്കു മായയെ ക ടക്കാം.

എന്നാൽ ഇതത്ര എളുപ്പമല്ല. അവക്കു ഗീത പറയുന്നതു തസ്മാ ത്സവ്വേഷു കാലേഷു മാമനുസ്മര യുദ്ധ്യ ച (ഗീത 8—7). അതുകൊണ്ടു സവ്വകാലത്തിലും എന്നെ സ്മരിച്ചുംകൊണ്ടു സ്വാഭാവികമായ കമ്മം ചെയ്യുക. മനുഷ്യന്നു കമ്മം ചെയ്യാതെ ഇരിക്കുവാൻ സാദ്ധ്യമല്ല. ശരീരസ്ഥിതിക്കെങ്കിലും പ്രവൃത്തി എല്ലാവരും എടുക്കാതെ കഴിയുകയില്ല. അതാണ് ലൌകികർ ചെയ്യുന്നതു്.

എന്നാൽ ഗീത അതിന്നു് ഒരു ഉപായം പറയുന്നു. ഫലത്യാഗബുദ്ധിയോടെയോ പ്രാപ്തങ്ങളായ സ്വധമ്മകമ്മങ്ങളെ അനുഷ്ഠിക്കുക. ആ കമ്മയോഗത്തിന്നു കമ്മാനുഷ്ഠാനം, സ്വധമ്മാചരണം അത്യാവശ്യമാണ്. അതിനെ നാം ദീഘമായി ചിന്തിക്കാം.

(a) നാം കാമപ്രേരിതരായി ഇഷ്ടലാഭത്തിന്നും അനിഷ്ടനിവാരണത്തിന്നും പലേ കമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു.

(b) എന്നാൽ അത്യാവശ്യമായ ഇന്ദ്രിയനിഗ്രഹം മാത്രം ചെയ്യുന്നില്ല. നാം അസുരന്മാരായിത്തന്നെ തുടരുന്നു. കഥയിലെ ദേവനാകുവാനായി ശ്രമിക്കുന്നില്ല.

ഗീതയിലെ പതിനാറാമദ്ധ്യായം ഒന്നു വായിക്കുക. ഇനി മൂന്നാമത്തെ തത്വത്തിനെ കമ്മയോഗമെന്നു പ്രതിപാദിക്കുന്നു.

## ൪. സ്വധമ്മാചരണം

പൂവ്വജന്മവാസനകളിൽനിന്നു സ്വധമ്മവും നമ്മുടെ കൂടെത്തന്നെ ജനിക്കുന്നു. അതു സ്വഭാവസിദ്ധമാണ്. അമ്മയെപ്പോലെയാണ്. ഭായ്യയെപ്പോലെ ഒന്നിനെ ഉപേക്ഷിച്ചു വേറൊന്നിനെ എടുക്കാവുന്നതല്ല. മനുഷ്യന്നു് അമ്മയെ മാററാൻ വയ്യ. സ്വധമ്മത്തേയും മാററാൻ വയ്യ. ഗീത—പതിനെട്ടു് (42, 43, 44, 47, 48) 3-(35)

സ്വധമ്മം എല്ലാവക്കും ഒരുപോലെയല്ല, മനസ്സിൻെറ വളച്ചയനുസരിച്ചു് ഓരോരുത്തക്കും ഓരോ വിധമായിരിക്കും. എ

ന്നാലും അവയെ ഒരു വിശാലവീക്ഷണത്തിൽ നാലായി ശാസ്ത്രം വിഭജിച്ചിട്ടുണ്ട്. ഗീത—പതിനെട്ട് (42, 43, 44)

### ബദ്ധനായിട്ടാണ്" കർമ്മം ചെയ്യുന്നതു്

അവനവൻെറ ധർമ്മത്തെ ഉപേക്ഷിക്കുവാൻ സാധിക്കുകയില്ല. അതു പ്രയാസമാണ്. 18_(59_60). വാസ്തവത്തിൽ അവശരിയായിട്ടാണ്, പ്രകൃതിപ്രേരിതരായിട്ടാണ് കർമ്മം ചെയ്യുന്നതു്. 3 (5), 3 (27)

### എന്നാൽ മോക്ഷഹേതുവാക്കാം

സ്വധർമ്മാചരണത്തിൽ പ്രത്യേക ഒരു രീതികൊണ്ടു നമുക്ക് ആത്മീയമായി വളരാം. നാം ഫലാപേക്ഷകൂടാതേയോ, ഈശ്വരാർപ്പണബുദ്ധിയോടേയോ സ്വധർമ്മം ചെയ്യുവാൻ പ്രവർത്തിക്കുന്നുവെങ്കിൽ അതിൻെറ ബന്ധസ്വഭാവം വീണുപോകും. 3 (33_34) അതു കർമ്മയോഗമായി ചെയ്യണം.

കർമ്മയോഗത്തിന്നു ഗീതയിൽ ഭഗവാൻ ആമുഖത്തിൽതന്നെ ഉത്ഘോഷിക്കുന്ന രണ്ടു തത്വങ്ങളുടെ തീവ്ര സ്മരണ അത്യാവശ്യമാണ്. നാം ദേഹമാണെന്ന ധാരണ നീങ്ങണം. ദേഹം എന്നതു ചിലപ്പോൾ അല്പം അയഞ്ഞു സ്വല്പം വിസ്താരമടഞ്ഞു കുടുംബത്തെയോ, ജാതിയേയോ, തൻെറ രാജ്യത്തേയോ ഉൾക്കൊണ്ടു എന്നു വരാം. എന്നാലും ഇവയെല്ലാം നശ്വരമാണ്. ഈ ബോധം ഉറയ്ക്കുകയും അതോടൊപ്പംതന്നെ ഞാൻ അനശ്വരമായ അഖണ്ഡചൈതന്യസ്വരൂപമായ എന്നിൽതന്നെ ശുദ്ധമായ ആത്മാവാണ് എന്ന ബോധവും നിരന്തരമായി ഊർജ്ജിതപ്പെടണം. ഈ വെളിച്ചത്തിൽ കർമ്മയോഗം എന്നുവേണ്ട, എല്ലാ യോഗങ്ങളും എളുപ്പമായിത്തീരുന്നു. ഈ തത്വങ്ങളെ വളർത്തുവാനുള്ള പയററുനിലമാണ് സ്വധർമ്മം. സ്വധർമ്മത്തെ കർമ്മയോഗമായി ചെയ്യുമ്പോൾ നമ്മുടെ അവശത നശിക്കും. നാം സ്വതന്ത്രരാകും.

സ്വധമ്മം വൈദികകമ്മങ്ങളാവണമെന്നില്ല. ലൌകികകമ്മങ്ങളും ആവാം. ഗീതയിൽ 18 (41-48) ക്ഷത്രിയവൈശ്യശൂദ്രന്മാക്ക പറഞ്ഞിട്ടുള്ള ധമ്മം ലൌകികധമ്മങ്ങളാണ്. അങ്ങനെ അദ്ധ്യാത്മവളച്ച്യക്കു ചെയ്യുന്ന കമ്മയോഗത്തിന്നു വൈദികധമ്മം ലൌകികധമ്മം എന്ന വ്യത്യാസമില്ല. വൈദികകമ്മങ്ങൾ മിക്കവെയും അദൃഷ്ടഫലങ്ങളോടുകൂടിയവയാണ്. ഫലം അടയുക, ഫലം അടയാതിരിക്കുക എന്നിവകൊണ്ടു മനസ്സിന്നു സന്തോഷം, സങ്കടം എന്നിവ സംഭാവ്യമാണ്. കമ്മം ചെയ്യുന്നതുതന്നെ മനശ്ശാന്തിക്കു കാരണമാകുന്നു. അതിനപ്പുറം കത്താവിൻെറ ദൃഷ്ടി പോകുന്നില്ല. ഫലം വന്നാലും ഫലം വന്നില്ലെങ്കിലും അയാളുടെ മനസ്സിൻെറ ശാന്തിക്കു ഭ്രംശമില്ല. അങ്ങിനെ കമ്മഫലത്യാഗം വാസ്തവത്തിൽ അനന്തഫലത്തോടുകൂടിയതാണ്.

## ൭. കമ്മവും സംസ്കാരവും

എല്ലാ ക്രിയയ്ക്കും ഒരു പ്രതിക്രിയ സംഭവിക്കുന്നതു ലോകപ്രകൃതിതത്വമാണ്. അതുതന്നെ മനുഷ്യനിലും സംഭവിക്കുന്നു. നല്ല കമ്മം മനസ്സിൽ ഒരു നല്ല പ്രതിക്രിയയുണ്ടാക്കുന്നു. ദുഷ്ടകമ്മം മനസ്സിൽ ഒരു ചീത്ത പ്രതിക്രിയയെ ഉണ്ടാക്കുന്നു. ഇങ്ങനെ കമ്മങ്ങൾക്കു ബാഹ്യത്തിൽ ഫലമുണ്ടാവുന്നതുപോലെ മനസ്സിലും ഒരു ഫലമുണ്ടാകുന്നു, ഒരു മാററമുണ്ടാകുന്നു. മനസ്സിൻെറ സ്വരൂപം തന്നെ ഈ ഫലങ്ങളുടെ സമൂഹം എന്നു പറയാം. ഇങ്ങനെ കമ്മങ്ങൾകൊണ്ടു മനസ്സിൽ പലേ സംസ്കാരങ്ങൾ ജനിക്കുന്നു. ഇതുതന്നെയാണ് മനസ്സിൻെറ സ്വരൂപം.

## ൮. പുനജ്ജന്മം—സംസാരഗതി

മനസ്സംസ്കാരം കമ്മങ്ങളുടെ പ്രതിക്രിയാശക്തികളുടെ ഫലങ്ങളായതുകൊണ്ടു നശിക്കുന്നില്ല. അവ പ്രവത്തിച്ചേ നശിക്കു. ഈ പ്രവൃത്തികൾക്കു സൌകയ്യം ചെയ്യാൻ ജീവൻ വീണ്ടും ജന്മമെടുക്കുന്നു. വാസനാഫലങ്ങളെ അനുഭവിപ്പിപ്പാൻ ഉതകുന്ന ഒരു

ജന്മമായിരിക്കും ഒരു പുതിയ ജന്മം. ഈ ജന്മത്തിലും ഫലം അനുഭവിക്കുന്നതിന്നു പുറമെ മററു പുതിയ കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നു. പുതിയ സംസ്കാരമുണ്ടാകുന്നു. ഇനിയും ഒരു ജന്മത്തിന്നു വഴിയാകുന്നു. അങ്ങിനെ ജീവന്നു് അനന്തമായ ജന്മമെടുക്കേണ്ടി വരുന്നു. ഇതിന്നു സംസാരഗതി എന്നു പേർ.

## ൭. പ്രവൃത്തികർമ്മവും നിവൃത്തികർമ്മവും

കാമ, ക്രോധ, ലോഭങ്ങൾകൊണ്ടു പ്രേരിതനായി ചെയ്യുന്നതും ബന്ധമുണ്ടാക്കുന്നതും അങ്ങിനെ പുനർജ്ജന്മത്തിന്നു കാരണമാകുന്നതുമായ കർമ്മങ്ങൾക്കു "പ്രവൃത്തികർമ്മം" എന്നു പേർ. ഈ വിധ കർമ്മമാണു് വിരോചനൻ ചെയ്തതു്. (രണ്ടാം ഖണ്ഡിക നോക്കുക.)

കാമ, ക്രോധ, ലോഭങ്ങളെ അടക്കുവാനും ഒടുവിൽ നശിപ്പിക്കുവാനുമുള്ള കർമ്മങ്ങൾ ഉണ്ടു്. അതു സംസാരയാത്രയുടെ ദീർഘത്തെ കുറയ്ക്കും. അവയ്ക്കു് "നിവൃത്തികർമ്മം" എന്നു പേർ. ഇന്ദ്രൻ ദീർഘമായി അനുഷ്ഠിച്ച ബ്രഹ്മചര്യം മുതലായവ "നിവൃത്തിധർമ്മങ്ങൾ" എന്നു വിളിക്കപ്പെടുന്നു. ശമം, ദമം, അഹിംസ, സത്യം, ശൗചം, ഇന്ദ്രിയനിഗ്രഹം മുതലായതും "നിവൃത്തിധർമ്മങ്ങളാണു്." അവ സംസാരമോചനത്തിന്നു ഹേതുവാകുന്നു. ഇവകളേയാണു് ഗീതയിൽ പലേ ഭാഗത്തിലും—സ്ഥിതപ്രജ്ഞലക്ഷണത്തിലും, ഗുണാതീതലക്ഷണത്തിലും 12–ാം അദ്ധ്യായത്തിൽ ഭക്തൻെറ ലക്ഷണത്തിലും 13–ാം (7—11) അദ്ധ്യായത്തിൽ ജ്ഞാനം എന്ന പേരിൽ സത്വഗുണലക്ഷണത്തിലും എന്നിവയിലെല്ലാം തന്നിരിക്കുന്നതു്.

സംസാരമോചനത്തിന്നു ചെയ്യേണ്ട കർമ്മങ്ങൾ എന്താണെന്നു് ഇപ്പോൾ അറിവായി.

## വ്വ. സംസാരനാശത്തിന്ന് അല്ലെങ്കിൽ മനഃശ്ശുദ്ധിക്കു വേറെ ഉപായം—കൎമ്മയോഗം

ഫലത്തെ ഇച്ഛിച്ചാണ് മനുഷ്യർ കൎമ്മങ്ങൾ, ലൌകികമായാലും വൈദികമായാലും, ചെയ്യുന്നത്. അവ ഫലത്തെ തരും, പുനൎജ്ജന്മത്തിന്നു ഹേതുവാകും എന്നു മനസ്സിലാക്കി വളരെ ഉറച്ചതും ശാന്തവുമായ മനസ്സോടുകൂടിയവരായി കൎമ്മത്തെത്തന്നെ വിടേണ്ടതാണ്. എന്നാൽ അതു വലിയ ധീരന്മാൎക്കു മാത്രമേ സാധിക്കുകയുള്ളു. ഈ തത്വം അറിഞ്ഞു പലക്കും, കൎമ്മഫലം വന്നാലും വന്നില്ലെങ്കിലും വേണ്ടില്ല എന്ന സമത്വബുദ്ധിയുണ്ടാക്കാൻ ശ്രമിക്കാം. ഈ സമത്വബുദ്ധിയാണ് കൎമ്മയോഗത്തിൻെറ മൎമ്മം. അതിനെപ്പററി നാം ഗീതയിൽ ധാരാളം വായിക്കുന്നതായിരിക്കും.

ഫലം വന്നാൽ വരട്ടെ, ഇല്ലെങ്കിൽ പോകട്ടെ എന്ന ഭാവന മനസ്സിൽ വരുമ്പോൾ കാമത്തിൻെറ ബലം കുറയുന്നു. കാമം തണുക്കുന്നു. മനഃശ്ശുദ്ധിയെ അടയുന്നു. ഇങ്ങനെയാണ് കൎമ്മയോഗം ചിത്തശ്ശുദ്ധിയെയുണ്ടാക്കുന്നത്. കൎമ്മത്തിൻെറ ബന്ധഹേതുവെ നശിപ്പിച്ചു കളയുന്നു. പുനൎജ്ജന്മത്തിനെ ഇല്ലാതാക്കുന്നു.

## ൻ. ഇനിയും ഒരുപായം—ജ്ഞാനയോഗം

നാം പ്രവൃത്തികൎമ്മം ചെയ്യുന്നതു നമ്മുടെ സച്ചിദാനന്ദമയമായ ആത്മസ്വരൂപത്തെ അറിയാത്തതുകൊണ്ടാണ്. അതായതു മേലിൽ വിവരിച്ച ഒന്നാം തത്വത്തെ നാം തീരെ മറന്നാണ് പ്രവൎത്തിക്കുന്നതു്. ഇതു് ആചാൎയ്യമുഖത്തിൽനിന്നോ, ഗീത മുതലായ ശാസ്ത്രഗ്രന്ഥങ്ങളിൽനിന്നോ മനസ്സിലാക്കി ആത്മലാഭത്തിനായും പ്രവൎത്തിക്കാം.

കാമങ്ങൾ ക്ഷുദ്രങ്ങളാണ്; ആത്മജ്ഞാനം, സച്ചിദാനന്ദമയവും അനന്തവുമാണ്. ഈ വിവരം മനസ്സിലാക്കി ആത്മജ്ഞാ

നത്തിനായി പ്രവൎത്തിക്കുന്നതിന്നു ജ്ഞാനയോഗമെന്നു പേർ പറയുന്നു.

100ക. ശമ്പളമുള്ള ഒരാഠം 200ക. യുടെ ഒഴിവു വന്നിട്ടുണ്ട് എന്നു കേട്ടു 200 രൂപയുടെ ഉദ്യോഗം കിട്ടുമെന്നു തീൎച്ച്യായാൽ ആദ്യത്തെ ഉദ്യോഗത്തെ ഉടനെ വിടുന്നു. അതുപോലെ ജ്ഞാനമാൎഗ്ഗത്തിൽ ഉറപ്പു വന്നവൻ അതിന്നായി ഈ പ്രവൃത്തികൎമ്മങ്ങളെ യാതൊരു വേദനയും കൂടാതെ വിടും. എന്നാൽ ജ്ഞാനത്തിൻെറ ഈ മഹിമ മനസ്സിലാക്കുന്നതു വളരെ പ്രയാസമാണ്.

ഗീത മുതലായ ആത്മാനന്ദത്തെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളെ മനസ്സിലാക്കുന്നതു പത്രങ്ങളിലെ പരസ്യങ്ങളിൽനിന്നു 200 ഉറപ്പികയുടെ ഉദ്യോഗം മനസ്സിലാക്കുന്നതുപോലെയല്ല.

പ്രബലമായ കാമങ്ങഠം ഉള്ളിൽ വേലചെയ്തുകൊണ്ടിരിക്കുമ്പോഠം ശാസ്ത്രത്തിൽ മനസ്സു പ്രവേശിക്കുകയില്ല. കാമം മനസ്സിൻെറ വെളിച്ചത്തിന് ഒരു മൂടുപടംപോലെയാണ്. കാമം മനസ്സിനെ അന്ധനാക്കുന്നു. അതുകൊണ്ടു് ആത്മജ്ഞാനത്തോടു് അവന് ഇഷ്ടം തോന്നുന്നില്ല.

ഇങ്ങനെ കാമക്രോധങ്ങളെ നിഗ്രഹിക്കുന്നതു് ആത്മജ്ഞാനം ശരിയായി അറിയുവാൻതന്നെ അത്യാവശ്യമാണ്. ആത്മജ്ഞാനമാഗ്രഹിക്കുന്നവൻ ആദ്യംതന്നെ ശമം, ദമം, തിതിക്ഷ, ഉപരതി മുതലായവയെ അഭ്യസിച്ചാലേ അതു കൈവരു എന്നു ശ്രീശങ്കരർ തീൎത്തുപറയുന്നു. നിവൃത്തിധൎമ്മം അവലംബിക്കാതെ ആത്മജ്ഞാനമില്ല.

ഈ കാരണങ്ങളാൽ ഗീത ആത്മജ്ഞാനത്തിൻെറ ആദ്യത്തെ പടി കൎമ്മയോഗമായി വിധിച്ചിരിക്കുന്നു. ഇങ്ങിനെ മനസ്സുറച്ചുവന്നു തന്നെ ആത്മധ്യാനം സുലഭമായിത്തീരുന്നു.

ഇങ്ങിനെ ശമം, ദമം, ആത്മ, അനാത്മ, എന്നവയുടെ വിവേചനം മുതലായതു് അഭ്യസിച്ച് ആത്മധ്യാനത്തിൽ അടിയുറ

യ്യുന്ന മാൎഗ്ഗത്തിന്നു ജ്ഞാനയോഗം എന്നു പേർ. പൂൎവ്വസംസ്കാരങ്ങൾ അനുകൂലങ്ങളാണെങ്കിൽ അയാൾ പ്രവൃത്തികൎമ്മങ്ങളിൽ ഏൎപ്പെടാതെതന്നെ ഈ ആത്മധ്യാനത്തിൽ ഏൎപ്പെടുന്നു. അല്ലാത്തവൎക്കു സ്വധൎമ്മം ചെയ്യുന്നതിനെ കൎമ്മയോഗമാക്കി, ചിത്തശുദ്ധി സമ്പാദിച്ചശേഷംതന്നേ അവൎക്കു് ആത്മജ്ഞാനസമ്പാദനത്തിന്നു കൎമ്മത്യാഗം ചെയ്യാവൂ.

## ൧൦. വേറെയും ഒരു ഉപായം—ഭക്തിയോഗം

മനുഷ്യൻ ജീവിക്കുന്നതു് ഈ അത്ഭുതകരമായ ലോകത്തിലാണു്. അവൻ അതിലെ ക്രമവും വിസ്മയനീയവുമായ രചനയും മററും കണ്ടു്, അതിന്നു് ഒരു സ്രഷ്ടാവും പാലകനും ഉണ്ടായിരിക്കണം എന്നു് ഊഹിക്കാതെ തരമില്ല. ഒരു സൎവ്വേശ്വരൻ എല്ലാററിൻേറയും അധിപതിയായിരിക്കണം.

മനുഷ്യന്നു് അനിവാൎയ്യങ്ങളായ ദുഃഖങ്ങൾ സംഭവിക്കുന്നതു സാധാരണമാണു്. അതിനെ തടുക്കുവാനോ അതിന്നു നിവാരണം കാണുവാനോ അവൻ പ്രാപ്തനാവുന്നില്ല. അവൻ സൎവ്വശക്തനോടു ദുഃഖനിവൃത്തിക്കായി പ്രാൎത്ഥിക്കുന്നു. അവന്നു് ഈശ്വരനിൽ ഭക്തിയുണ്ടാകുന്നു.

മനുഷ്യരിൽതന്നെ ദുഃഖങ്ങളിൽ പെട്ടവരെ സഹായിക്കുന്നവർ ചിലർ ഉണ്ടു്. ഈ സഹായികൾ മററുള്ളവരേക്കാൾ അറിവുള്ളവരുമായിട്ടാണു് കാണപ്പെടുന്നതു്. അതുകൊണ്ടു തോന്നുന്നു, ഈ ഈശ്വരൻ കേവലം സൎവ്വശക്തൻ മാത്രമല്ല, അവൻ സൎവ്വജ്ഞനും സൎവ്വകാരുണികനും കൂടിയാണു് എന്നുംകൂടി കഷ്ടപ്പെട്ടപ്പവർ വിചാരിക്കുന്നു. അതുകൊണ്ടു് ഈ ഈശ്വരനെ നാം ദിവസേന പ്രാൎത്ഥിച്ചു് അവനോടു വളരെ കൂറുള്ളവരായിരുന്നാൽ അവൻ നമ്മെ എല്ലാ ദുഃഖങ്ങളിൽനിന്നു രക്ഷിക്കും.

ഈശ്വരൻെറ നേരെയുള്ള ഈ കൂറിന്നു ഭക്തി എന്നു പേർ. എന്നാൽ വാസ്തവം ആലോചിക്കുകയാണെങ്കിൽ, മനുഷ്യ

ൻെറ ഉള്ളിൽ പ്രവൎത്തിക്കുന്ന ആത്മാവും, ലോകത്തിൻെറ നിയന്താവായി കരുതപ്പെടുന്ന ഈശ്വരനും ഒരേ തത്വമാണെന്നു നമ്മുടെ ഋഷിമാൎക്കു് അനുഭവപ്പെട്ടിട്ടുണ്ടു്. ഈശ്വരനെ സദാ സ്മരിക്കുന്നതുകൊണ്ടു മററു വികാരങ്ങൾക്കു മനസ്സിൽ സ്ഥാനമില്ലാതെയാകുന്നു. കാമ, ക്രോധങ്ങൾ അകലുന്നു. ചിത്തശുദ്ധിയുണ്ടായി ഈശ്വരലാഭം സംഭവിക്കുന്നു.

ഈ തീവ്രമായ ഈശ്വരസ്മരണത്തിന്നു ഭക്തിയോഗം എന്നു പേർ. ഇതിൽ കാമനാശം സുലഭമാണു്. അതില്ലാത്ത ഭക്തി വാസ്തവമായ ഭക്തിയല്ല.

കാമമിശ്രിതമായ ഈശ്വരപൂജാദികൾക്കു് അപരഭക്തിയെന്നും വൈധിഭക്തിയെന്നും പേർ പറയുന്നു. ഈശ്വരലാഭം പരമ ഉദ്ദേശമായി ഗണിക്കുന്നതിന്നു പരാഭക്തിയെന്നു പേർ.

ഭക്തനു താൻ വേറെ, ഈശ്വരൻ വേറെ എന്നാണു് ഭാവന. അതു തുടരാൻ അവൻ ഇഷ്ടപ്പെടുന്നു.

## ൧൧. ഭക്തനും ജ്ഞാനിയും, ദ്വൈതവും അദ്വൈതവും

ഇങ്ങിനെ ലോകേശ്വരൻെറ നേരെ പരമപ്രേമമുള്ളവന്നു ഭക്തനെന്നു പേർ. താൻ വേറെയാണു്, ഈശ്വരൻ തന്നിൽനിന്നു വേറെയായ മഹാപുരുഷനാണു് എന്നു കരുതുന്നതിന്നു ദ്വൈതം എന്നും പേർ. ദ്വൈതം എന്ന വാക്കിന്നു് "രണ്ടു്" എന്നൎത്ഥം. ഈ യോഗത്തിൽ രണ്ടുപേർ വരുന്നു, സാധകനും ഈശ്വരനും. അവർ വെവ്വേറെയായി നിന്നു പോകുന്നു. അങ്ങിനെ ദ്വൈതവും ഭക്തിയും ഒന്നായിപ്പോകുന്നു.

എന്നാൽ ചിലർ പുറമെ ലോകത്തിന്നു പോകാതെ തൻെറ ഉള്ളിലുള്ള ആത്മചൈതന്യത്തെ ആരായുന്നു. ഇങ്ങിനെ ആരായുന്നവന്നു വിജ്ഞാനി എന്നു പേർ. നമ്മുടെ ഉപനിഷദ് ഋഷികൾ അധികവും ഈ ഇനത്തിൽപ്പെട്ടവരാകുന്നു.

അവരുടെ അന്വേഷണഫലമായി അവക്കു ജ്ഞാനയോഗം കൊണ്ടു് അനുഭവപ്പെടുന്നതു്, ആത്മാവു സവ്വവ്യാപിയാണു്, രണ്ടാമതു് ഒരു വസ്തുതന്നെയില്ല എന്നാണു്. ആത്മാവുതന്നെ സവ്വജ്ഞനും, സവ്വശക്തനും, സച്ചിദാനന്ദസ്വരൂപനുമായി അവരുടെ ധ്യാനഫലമായ നിവ്വികല്പസമാധികൊണ്ടു് അവർ അറിയുന്നു. ആനന്ദഭരിതരായിത്തീരുന്നു. അവർ ഒന്നേ കാണുന്നുള്ളു. രണ്ടു കാണുന്നില്ല. ഈ അനുഭവം വന്നവക്കു് "അദ്വൈതികൾ" എന്നു പേർ. "രണ്ടില്ലാ"ത്തവർ എന്നത്ഥം. അവർ മനോനിഗ്രഹം ചെയ്തു് ആത്മസ്വരൂപം എന്താണെന്നറിയുവാൻ നോക്കിയതുകൊണ്ടു് അവരെ ജ്ഞാനികൾ എന്നു പറയുന്നു. ജ്ഞാനികൾ അദ്വൈതികളാണു്. എന്നാൽ അവർ ദ്വൈതത്തിനും വകവെച്ചുകൊടുക്കുന്നു. ആരംഭത്തിൽ ദ്വൈതം അത്യാവശ്യമാണെന്നു് അവക്കറിയാം.

## ൧൦. നാനാമാർഗ്ഗങ്ങൾ

ഇങ്ങിനെ പലേ ഉപായങ്ങളെ ഹിന്ദുമതം അനുവദിക്കുന്നു. പരമപ്രാപ്തിക്കു് ഒരു മാർഗ്ഗം മാത്രമല്ല.

മനുഷ്യൻെറ മനസ്സിൻെറ വ്യത്യാസം അനുസരിച്ചു് ഈശ്വരലാഭമാർഗ്ഗങ്ങളും വ്യത്യാസപ്പെടുന്നു; പെടേണ്ടതുമാണു്. ഇതാണു് ഹിന്ദുമതത്തിൻെറ വൈചിത്ര്യം.

ലോകഹിതം ചെയ്യുവാൻ ആഗ്രഹിക്കുന്നവൻ സ്വാത്ഥത്തെ വെടിഞ്ഞു പരോപകാരത്തിനായി പ്രവത്തിക്കുന്നു. യശസ്സിനല്ല പ്രവത്തിക്കുന്നതു്. അഹംകാരം വെടിഞ്ഞവനായിരിക്കുന്നു. ലോകഹിതത്തിൽ വ്യഗ്രനായിരിക്കുന്നു. ഈ മനസ്ഥിതിയുള്ളവർ കമ്മയോഗികളാവും.

തന്നിലുള്ള വാസ്തവമെന്താണെന്നു് ഇന്ദ്രൻേറയും വിരോചനൻേറയും കഥയിൽനിന്നു മനസ്സിലാക്കി, (2-ാം ഖണ്ഡിക നോക്കുക) ദേഹം നശ്വരമാണു്, മനസ്സു കാമംകൊണ്ടു സവ്വദാ ചലിച്ചു

കൊണ്ടിരിക്കുന്നു, എന്നെല്ലാം മനസ്സിലാക്കി ഏകാഗ്രതകൊണ്ടും മനസ്ഥിരതകൊണ്ടും ബുദ്ധിക്കതീതമായി പോകുന്ന ശ്രമത്തിനു ജ്ഞാനയോഗം എന്നു പേർ. ഇതിൽ ജീവൻ ബ്രഹ്മമാണെന്ന അനുഭവം സിദ്ധിക്കുന്നു.

മററു ചിലർ ലോകത്തിൻെറ സ്രഷ്ടാവിനെപ്പററി ആലോചിച്ചു, അവതാരങ്ങളെപ്പററി ആലോചിച്ചു. അവക്ക് ഈശ്വരനിലും അവതാരങ്ങളിലും ഭക്തി ജനിക്കുന്നു. അവർ ഈശ്വരസ്മരണത്തിൽ ആനന്ദം അടയുന്നു. ഒടുവിൽ നിഷ്കാമഭക്തികൊണ്ടു് ഈശ്വരനെ പ്രാപിക്കുന്നു. ഈ ശ്രമത്തിനു ഭക്തിയോഗം എന്നു പേർ.

ഭക്തിയോഗത്തിന്നു സ്മരണ എളുപ്പമാവാൻവേണ്ടി നാമജപം ഉളവായിട്ടുണ്ടു്. നാമജപം ഈശ്വരസ്മരണയ്ക്കാണു്. ശബ്ദത്തിന്നു മാഹാത്മ്യം കല്പിക്കുന്നതു ശരിയല്ല. സ്മരണത്തിനാണു് പ്രാധാന്യം കല്പിക്കേണ്ടതു്. നാമജപം ഭക്തിയോഗത്തിൽ ഒരു പ്രധാന അംഗമാണു്. ഈശ്വരനിൽ ഏകാഗ്രത ജനിക്കുന്നു.

## ൧൩. രാജയോഗം

ഇങ്ങിനെ മാർഗ്ഗങ്ങൾ വെവ്വേറെയായാലും അവയിലെല്ലാം ഒരു ഏകതത്വം ഉള്ളടങ്ങിയിരിക്കുന്നു. അവയിൽ എല്ലാം കാമത്യാഗം, ചിത്തശുദ്ധി, ഏകാഗ്രത, അഹങ്കാരനാശം, മനസ്സിന്നു് അതീതമായ ആത്മാവിലോ ഈശ്വരനിലോ ആശ്രയം എന്നീ ഭാഗങ്ങൾ എല്ലാററിലും കാണാം.

ഈ വിഷയങ്ങളെ പതംജലി മഹർഷി കൂലംകഷമായി ആരാഞ്ഞു്, മേൽപറഞ്ഞ മൂന്നു യോഗങ്ങളുടെ പൊതുതത്വങ്ങളെ എടുത്തു പറയുന്നു. ഈ യോഗത്തിനു രാജയോഗം എന്നു പേർ. അതിൽ എട്ടു പടിയുണ്ടു്. 1. ശമം, 2. ദമം, 3. ആസനം, 4. പ്രാണായാമം, 5. പ്രത്യാഹാരം, 6. ധാരണാ, 7. ധ്യാനം, 8. സമാധി. ഇവയിൽ ശമദമങ്ങൾകൊണ്ടു് ഇന്ദ്രിയനിഗ്രഹവും, കാമത്യാഗവും

ആണ്ട് വന്നുകൂടുന്നതു്. പ്രത്യാഹാരം, ധാരണ, ധ്യാനം എന്നിവ മനോനിഗ്രഹവും ഏകാഗ്രതയും ഉണ്ടാക്കുവാനും പിന്നീടു് ഈ ഏകവൃത്തിയെത്തന്നെ ത്യജിക്കുവാനുമുള്ള ഉപായങ്ങളുമാണു്. ഇവ നല്ലപോലെ അഭ്യസിച്ചു് എളുപ്പത്തിൽ മനസ്സിനെ അതിക്രമിച്ചു്, ചൈതന്യത്തിൽ കടക്കുമ്പോഴാം, സമാധി സംഭവിക്കുന്നു.

ആസനവും പ്രാണായാമവും ധ്യാനസമയത്തു് ശരീരത്തേയും മനസ്സിനേയും ഒരേ നിലയിൽ കുറേ നേരം നിൎത്തുവാനുള്ള സഹായകങ്ങളാണു്.

ഇങ്ങിനെ നോക്കുന്നതായാൽ എല്ലാ യോഗങ്ങളും ഈശ്വര പ്രാപ്തിക്കോ, ആത്മസാക്ഷാത്കാരത്തിന്നോ, കാമപരിവൎജ്ജനത്തിന്നോ, ചിത്തശുദ്ധിക്കോ, ഏകാഗ്രതയ്ക്കോ ഉള്ളവയാണെന്നു കാണാം.

ഇവയില്ലാതെ ഈശ്വരലാഭമില്ല. അവയെ സാധകന്മാർ സദാ മനസ്സിലാക്കി സാധനയിൽ ഏൎപ്പെടേണ്ടതാണു്. ആത്മാവും ഈശ്വരനും ഒന്നുതന്നെ.

## ൧൪. അവതാരം

അവതാരത്തിൻെറ പ്രസ്താവം വേദങ്ങളിൽ ഇല്ല. അതുകൊണ്ടു് അവതാരവാദം അബദ്ധമാണെന്നു് കരുതേണ്ടതായ ആവശ്യമില്ല.

ഒരു നിലയ്ക്കു്, വ്യക്തമായ കൎമ്മയോഗപ്രതിപാദനവും വേദത്തിൽ കാണുന്നില്ലെന്നുതന്നെ പറയാം. ബീജരൂപത്തിൽ ഒന്നോ രണ്ടോ മന്ത്രങ്ങളിൽ കാണുന്നുണ്ടാവാം. എന്നാൽ കൎമ്മയോഗം പ്രാമാണ്യത്തിൽ വന്നതു ഭാരതാന്തൎഗ്ഗതമായ ഗീതയുടെ പ്രാബല്യത്തോടെയാണു്.

അതേ നിലയിൽത്തന്നെ അവതാരതത്വവും ഗീതയിലാണു് വ്യക്തമായി കാണുന്നതു്. സഗുണോപാസകൎക്കു് ഇത്ര മധുരമായ വേറൊരു പ്രസ്താവം ഇല്ലെന്നുതന്നെ പറയാം. ഗീത-4 (7-8)ൽ

ആണ് അവതാരത്തിൻെറ അവസരവും പ്രവൃത്തിയും പറയപ്പെട്ടിരിക്കുന്നതു്. അധമ്മം വദ്ധിക്കുകയും ധമ്മം ക്ഷയിക്കുകയും ചെയ്യുന്ന ലോകത്തിൻെറ വിഷമഘട്ടത്തിൽ ധാമ്മികരെ രക്ഷിക്കുവാനും അധാമ്മികരെ ശിക്ഷിക്കുവാനും ഈശ്വരൻതന്നെ മനുഷ്യരൂപത്തിൽ അവതരിക്കുന്നു. അവതരിക്കുക എന്ന പദത്തിനു് അത്ഥം മുകളിൽനിന്നു് ഇറങ്ങിവരിക എന്നാണ്. അവ്യക്തനും സവ്വവ്യാപിയുമായ ഈശ്വരൻ സുവ്യക്തനും ദേഹവാനുമായി ലോകത്തിൽ മേൽപറഞ്ഞ അവതാരകാര്യം നിവ്വഹിക്കുവാൻ വരുന്നു. അത്ര അമാനുഷമായ കൃത്യമാണ് ധമ്മരക്ഷണം.

ഹിന്ദുമതപ്രകാരം അവതാരം പത്താണെന്നു് ഉക്തി സാധാരണമാണെങ്കിലും ഗീതയുടെ അഭിപ്രായത്തിൽ അനേകം ഉണ്ടായിട്ടുണ്ടു്. ഇനിയും ഉണ്ടാവാം.

ക്രിസ്ത്യാനികൾ അവതാരത്തിൽ വിശ്വസിക്കുന്നു. എന്നാൽ ഒരേ ഒരു അവതാരം യേശുകൃസ്തുമാത്രം തന്നെ. ഇനി ഒരു അവതാരം ഉണ്ടാവില്ലെന്നാണ് അവരുടെ വിശ്വാസം.

മുഹമ്മദീയർ അവതാരം ഉണ്ടെന്നു പറയുന്നില്ല. എന്നാൽ അവർ ദൈവദൂതന്മാരിൽ വിശ്വസിക്കുന്നു. അങ്ങിനെ അനേകം ദൈവദൂതന്മാർ ഉണ്ടായിട്ടുണ്ടു്. എന്നാൽ അവർ ശഠിക്കുന്നു "മുഹമ്മദ് നബിയാണ് ഒടുവിലത്തെ അവതാരമെന്നു്."

പുരാണങ്ങളിൽ അവതാരകഥകൾ നിറഞ്ഞിരിക്കുന്നു. അവതാരസ്തുതികൾ വിശിഷ്ടങ്ങളാണ്, മനോഹരങ്ങളാണ്. രാമായണം രാമാവതാരത്തിൻെറ സത്യപാലനം, പാതിവ്രത്യപാലനം മുതലായ വിശിഷ്ടകമ്മങ്ങളുടെ ആഹ്ലാദകരമായ കഥയാണ്. ഭാരതവും വിശിഷ്യ ഭാഗവതവും ശ്രീകൃഷ്ണാവതാരത്തിൻെറ മഹിമകളെ ഘോഷിക്കുന്നു.

## വിഗ്രഹാരാധന

വിഗ്രഹാരാധന അവതാരങ്ങളെ ആസ്പദമാക്കിയിട്ടാണ്. അതിനെ ക്രിസ്ത്യാനികളും മുഹമ്മദീയരും അല്പം ചില വിഭാഗം ഹി

ന്ദുക്കളും അപലപിച്ചിട്ടുണ്ടെങ്കിലും അതു മനുഷ്യൻെറ മനശ്ശാസ്ത്ര പ്രകാരം അത്യാവശ്യമാണ്. അദ്ധ്യാത്മത്തിൽ വളന്നവക്ക് അതിൻെറ ആവശ്യം ഇല്ലതാനും.

എന്നാൽ ആരംഭത്തിൽ "ദേഹോഹം" ബുദ്ധികാംക്ക് അതു വളരെ സഹായകമാണ്. വിഗ്രഹം വാസ്തവത്തിൽ ഒരു സംജ്ഞ മാത്രമാണ്. "അ", "ക" എന്നീ എഴുത്തുകഠം ശബ്ദത്തെക്കുറിക്കുന്ന സംജ്ഞകളാണ്. അതു് അത്യാവശ്യമാണെന്നു് എല്ലാവരും സമ്മതിക്കും.

"അ" എന്ന എഴുത്തു് എന്തു ചെയ്യുന്നു എന്നു നോക്കുക. അതിനെ കണ്ട മാത്രയിൽ "അ" ശബ്ദം ഉച്ചരിക്കുവാനുള്ള ഒരു പ്രേരണയുണ്ടാകുന്നു. ആവശ്യമുണ്ടെങ്കിൽ ശബ്ദവും ഉണ്ടാകുന്നു.

അതേ മാതിരി ഒരു വിഗ്രഹത്തെ കാണുമ്പോഠം അതു മനസ്സിൽ ചില വികാരങ്ങളേയും ആശയങ്ങളേയും ഉളവാക്കുന്നു. ശ്രീരാമനേയോ ശ്രീകൃഷ്ണനേയോ പററിയുള്ള ഭക്തി ജനിക്കുന്നു.

"അ" എന്ന അക്ഷരത്തെ ഒരു ഇംഗ്ലീഷുകാരൻ കണ്ടാൽ അവൻെറ മനസ്സിൽ ഒരു ശബ്ദം ഉച്ചരിക്കുവാൻ പ്രേരണ ഉണ്ടാകുന്നില്ല. അതുപോലെ കൃഷ്ണവിഗ്രഹം കണ്ടാൽ കൃസ്ത്യാനികാംക്ക് ഒരു ഭാവനയും ഉണ്ടാവാത്തതിൽ ആശ്ചയ്യമില്ല. എന്നാൽ അവർ വിഗ്രഹം ഹിന്ദുക്കാംക്ക് ഉപകരിക്കുന്ന ഒരു സംജ്ഞയാണെന്നു നിഷേധിക്കുന്നതു് ആശ്ചയ്യംതന്നെ. അതു മനശ്ശാസ്ത്രത്തിൽ അവക്കുള്ള അജ്ഞാനത്തെ മാത്രമാണ് വെളിവാക്കുന്നതു്.

## ഭാഗം 4

## ഹിന്ദുമതഗ്രന്ഥങ്ങഠം

ഹിന്ദുമതത്തിൽ അനേകം വിശിഷ്ടഗ്രന്ഥങ്ങഠം ഉണ്ടു്. അവയിൽ ഋക്ക്, യജുസ്സ്, സാമം, അഥവ്വണം എന്ന നാലു വേദ

ങ്ങളാണ് എല്ലാ ഗ്രന്ഥങ്ങളുടെയും മൂലസ്ഥാനം. ഋഗ്വേദത്തിൽ പതിനായിരത്തിൽ പരം മന്ത്രങ്ങൾ ഉണ്ട്. മററ മൂന്നിലുംകൂടി പതിനായിരത്തിൽ പരം മന്ത്രങ്ങൾ ഉണ്ട്. അവയെല്ലാം പുരാതന സംസ്കൃതത്തിലാണ്. നവീന സംസ്കൃതപാണ്ഡിത്യംകൊണ്ട് അവ നല്ലപോലെ മനസ്സിലാക്കുവാൻ സാധിക്കുന്നതല്ല.

വേദങ്ങൾക്ക് രണ്ടു ഭാഗങ്ങൾ ഉണ്ട്. വിവിധ കർമ്മങ്ങളേയും യജ്ഞങ്ങളേയും പ്രതിപാദിക്കുന്ന ഭാഗത്തിനു കർമ്മകാണ്ഡം എന്നു പേർ. കർമ്മകാണ്ഡത്തിൽ വേദങ്ങളുടെ സംഹിതാഭാഗവും ബ്രാഹ്മണഭാഗവും ഉൾപ്പെടും. ഇവ വേദങ്ങളുടെ 90 ശതമാനം ഭാഗവുമായി വരുന്നു.

ബാക്കി ഭാഗം ഉപനിഷത്തുക്കളാണ്. ഇവയിലാണ് അദ്ധ്യാത്മജ്ഞാനം പ്രദിപാദിക്കപ്പെട്ടിരിക്കുന്നതു്. ഈശ, കേന, കഠ, പ്രശ്ന, ഐതരേയ, തൈത്തിരീയ, മുണ്ഡക, മാണ്ഡൂക്യ, ഛാന്ദോഗ്യ, ബൃഹദാരണ്യക എന്നിവ പ്രധാനപ്പെട്ടവയാണ്.

അർത്ഥാവബോധം, അർത്ഥം മനസ്സിലാക്കുക എന്നതുകൊണ്ടേ വേദാദ്ധ്യയനം പൂർത്തിയാവൂ എന്നതു പഴയ കാലത്തു സർവ്വസമ്മതമായിരുന്നു. അതുകൊണ്ട് സായണാചാര്യർ വേദത്തിനു ഭാഷ്യം എഴുതിയിട്ടുണ്ട്. കുറെക്കൂടി അർത്ഥം നിഷ്കൃഷ്ടമായി നിശ്ചയിപ്പാൻവേണ്ടി ജൈമിനി ആചാര്യർ കർമ്മകാണ്ഡത്തിന്നു് പൂർവ്വമീമാംസാസൂത്രങ്ങളും ബാദരായണവ്യാസാചാര്യർ ഉപനിഷത്തുക്കൾക്കു വേദാന്തസൂത്രങ്ങൾ അല്ലെങ്കിൽ ഉത്തരമീമാംസയും രചിച്ചിട്ടുണ്ട്.

ഭഗവാൻ ശ്രീശങ്കരാചാര്യർ, ശ്രീരാമാനുജാചാര്യർ, ശ്രീമദ്ധ്വാചാര്യർ, തുടങ്ങിയ ആചാര്യന്മാർ വേദാന്തസൂത്രത്തിന്നു പ്രസിദ്ധങ്ങളായ വ്യാഖ്യാനങ്ങളും എഴുതീട്ടുണ്ട്. മേൽപറഞ്ഞ എല്ലാ ഗ്രന്ഥങ്ങളിലുംവെച്ച് ഇവയെയാണ് വിദ്വാന്മാർ പാണ്ഡിത്യം നേടുവാൻ പഠിക്കുന്നതു്.

KOTTAYAM P... KOTTAYAM. 12509

## ഇതിഹാസങ്ങാം

എന്നാൽ വേദങ്ങളും അവയുടെ ഭാഷ്യങ്ങളും വളരെ പ്രൌഢങ്ങളാണ്. പണ്ഡിതന്മാക്കേ അവയെ കൈകാര്യം ചെയ്യുവാൻ സാധിക്കുകയുള്ളു. അവ്യക്തങ്ങളും സൂക്ഷ്മങ്ങളും ആയ തത്വങ്ങളെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളെ അവയുടെ മാഹാത്മ്യം എത്രതന്നെയായാലും പൊതുജനങ്ങാംക്കു് അവഗാഹനം ചെയ്യുവാൻ പ്രയാസം. ശ്രീരാമചന്ദ്രനും ശ്രീകൃഷ്ണഭഗവാനും ഈ തത്വങ്ങളുടെ അവതാരമൂത്തികളാണ്. അവരുടെ രമ്യവും പാവനവുമായ ചരിത്രം ഹിന്തുമതതത്വങ്ങളെ മനസ്സിലാക്കുവാൻ ഉതകുന്നതാണ്. അതുകൊണ്ടു വാല്മീകി ഋഷി എത്രയും മനോഹരമായ രാമായണവും ശ്രീവ്യാസൻ ഭാരതവും കവനം ചെയ്യുകയുണ്ടായി. ഇവ രണ്ടിന്നും ഇതിഹാസങ്ങാം എന്നാണ് പേർ.

ഇതിന്നും പുറമെ ഭാഗവതം മുതലായ പതിനെട്ടു പുരാണങ്ങളും മററും ഹിന്തുക്കളുടെ ഇടയിൽ പ്രചരിക്കുന്നു.

## ൧൭. ഭഗവദ്ഗീതയുടെ സ്ഥാനം

മേൽപറഞ്ഞ ഗ്രന്ഥങ്ങളെയെല്ലാം അപേക്ഷിച്ചു ഗീതയ്ക്കു പലേ വിധത്തിലും മാഹാത്മ്യമുണ്ടു്. മേൽ വിവരിച്ചപോലെ വേദങ്ങളിൽ എല്ലാംകൂടി ഇരുപതിനായിരത്തിൽ പരം മന്ത്രങ്ങാം ഉണ്ടു്. രാമായണത്തിൽ ഇരുപത്തിനാലായിരം ശ്ലോകങ്ങാം, ഭാരതത്തിൽ ഒരു ലക്ഷം ശ്ലോകങ്ങാം, ഭാഗവതത്തിൽ പതിനാറായിരം ശ്ലോകങ്ങാം. എന്നാൽ പതിനെട്ടു പവ്വങ്ങാം അടങ്ങിയ ഭാരതത്തിലെ ഭീഷ്മപവ്വത്തിൽ കേവലം എഴുനൂറു ശ്ലോകമാണ് ഭഗവദ്ഗീത.

ഗീത വൈദികധമ്മത്തിൻെറ കടഞ്ഞെടുത്ത സാരമാണ്.

വേദത്തിൽ പലവിധകമ്മങ്ങാം പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. യജ്ഞങ്ങാം, യാഗങ്ങാം, തപസ്സുകാം, സംസ്കാരങ്ങാം, വ്ര

തങ്ങൾ മുതലായവ അവകളിൽ പെട്ടവയാണ്. കർമ്മകാണ്ഡം ഉപയോഗശൂന്യമല്ല. അവയെ ചില അധികാരികൾ—പ്രത്യേക യോഗ്യതകൾ ഉള്ളവർ—മാത്രമേ ചെയ്യാവൂ എന്ന ശാസനയുണ്ട്. അല്പം ചിലക്കു മാത്രമേ ആ യോഗ്യതയുള്ളു.

എന്നാൽ ഇനി മോക്ഷമാർഗ്ഗങ്ങളെ വേദമായ ഇരുമ്പുപെട്ടകത്തിൽനിന്നു് എടുത്തു് എല്ലാവർക്കും ഒരുപോലെ അധികാരമുള്ള അവരവരുടെ/സ്വധർമ്മത്തിന്മേലാണ് ഗീത അതിൻെറ മന്ദിരം പണിഞ്ഞിരിക്കുന്നതു്.

സ്വധർമ്മത്തെ ഫലത്യാഗബുദ്ധിയോടുകൂടിയോ, ഈശ്വരാർപ്പണബുദ്ധിയോടുകൂടിയോ കർമ്മയോഗമാക്കി ചിത്തശുദ്ധിയും, ഏകാഗ്രതയും നേടാം എന്നാണ് ഗീതയിലെ പ്രത്യേകസന്ദേശം.

വേദത്തിലെ കർമ്മഭാഗം മുഴുവനും പലേ വിധവും അനേകവുമായ കർമ്മങ്ങൾ ശാസിക്കുന്നുണ്ടെങ്കിലും വേദത്തിൽ കർമ്മയോഗം ബീജരൂപത്തിലാണുള്ളതു്. അവയെല്ലാം പിന്നീടു വൃത്തിരൂപമായി (വിപുലമായി) ഗീതയിലെ കർമ്മയോഗം എന്ന ഫലത്തെയാണ് പ്രദാനം ചെയ്തിരിക്കുന്നതു്. ഫലമല്ലേ നമുക്കു് അത്യാവശ്യമായതു്? വേദത്തിലെ ഉപനിഷത് ഭാഗങ്ങൾ ഗീതയിൽ സാംഖ്യഭാഗമായി തീർന്നിരിക്കുന്നു. അതുകൊണ്ടു് വ്യാസഋഷിതന്നെ പറയുന്നു:

"സർവ്വോപനിഷദോ ഗാവോ ദോഗ്ധാ ഗോപാലനന്ദനഃ
പാർത്ഥോ വത്സസ്സുധീർഭോക്താ ദുഗ്ധം ഗീതാമൃതം മഹത്."

എല്ലാ ഉപനിഷത്തുക്കളുംകൂടിയ ഒരു പശുവിൽനിന്നു ബുദ്ധിമാന്മാക്കു് ആസ്വദിപ്പാൻ ഗോപാലനന്ദനനായ ശ്രീകൃഷ്ണനാൽ തന്നെ കറന്നെടുക്കപ്പെട്ട പാലാണ് ഗീത. അർജ്ജുനൻ പശുക്കുട്ടിയുമാണ്. ഭാരത യുദ്ധക്കളത്തിൽ വന്നു മോഹം പൂണ്ട ഞാൻ ധർമ്മസങ്കടത്തിലാണല്ലോ എന്നു കരയുന്ന അർജ്ജുനനെ നിമിത്തമാക്കി സുധീക്കൾക്കു മോഹം അകററുവാനുള്ള മാർഗ്ഗോപദേശമാ

ണ് ഗീത. അന്നാളിൽ പ്രചരിച്ചിരുന്ന ശാസ്ത്രങ്ങളുടെ സമന്വയവുംകൂടിയാണ് ഗീത. ശ്രീശങ്കരൻ ഇതിനെ സവ്വവേദാത്ഥസാരസംഗ്രഹം എന്നാണ് വണ്ണിച്ചിരിക്കുന്നത്. എന്നാൽ ഗീതയുടെ അപൂവ്വമായ ഒരു സന്ദേശം എല്ലാവിധ കമ്മത്തേയും, കമ്മയോഗമായി ചെയ്ത് ചിത്തശുദ്ധി ഉളവാക്കാം എന്നതു ശ്രദ്ധേയമാണ്.

അതിൻെറ ഗുണംകൊണ്ട് അതു് എഴുനൂറിൽ പരം ഭാഷകളിൽ പരാവത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

## ൧൭. ഒരു സിംഹാവലോകനം

ഗീതപഠനത്തിന്നു പ്രവേശിക്കുന്നതിന്നു മുമ്പായി അതിൻെറ പതിനെട്ടു് അദ്ധ്യായത്തിൽ അടങ്ങിയ വിഷയങ്ങളെപ്പററി ഒരു സിംഹാവലോകനം ചെയ്ത് അവയെപ്പററിയുള്ള ഒരു ധാരണ അതിൻെറ ഉള്ളടക്കത്തിൻെറ പരസ്പരബന്ധത്തെ മനസ്സിലാക്കുവാൻ ഉതകുന്നതാണ്. ഉപനിഷത്തുക്കളിൽ എന്നതുപോലെ ഗീതയിൽ ജീവിതശാസ്ത്രം മാത്രമല്ല പ്രതിപാദിക്കപ്പെട്ടിരിക്കുന്നതു്. ഗീതയിൽ ജീവിതകലയും കൂടി വിവരിക്കപ്പെട്ടിരിക്കുന്നു.

ഒന്നാമദ്ധ്യായം ആത്മജ്ഞാനോപദേശത്തിൻെറ പശ്ചാത്തലമാണ്. മനുഷ്യക്കു തങ്ങളുടെ ദേഹത്തോടും അതോടു ചേൻവരോടുമുള്ള ആസക്തിയും നാശഭീതിയും മോഹത്തിന്നും അജ്ഞാനത്തിന്നും ഇടയാകുന്നു. അതിൽപ്പെട്ടു് അജ്ജുനനെപ്പോലെ അന്ധാളിക്കുന്നവർ ശ്രീകൃഷ്ണനെപ്പോലെയുള്ള ഗുരുക്കളിൽനിന്നു മോഹം അകററുവാൻ ആഗ്രഹിക്കുന്നു. ഭഗവാൻെറ സിദ്ധാന്തം ആത്മജ്ഞാനത്തിൻേറയും ജീവിതശാസ്ത്രത്തിൻേറയും പ്രകാശത്തിൽ മാത്രമേ അജ്ഞാനവും മോഹവും അകലുകയുള്ളു.

രണ്ടാമദ്ധ്യായത്തിൽ (1) ആത്മജ്ഞാനവും, (2) അതനുസരിച്ചു് ഒരു ജീവിതകലയും, (3) ഈ ഗഹനവും സൂക്ഷ്മവുമായ ഉപ

ദേശങ്ങളെ പ്രകടമാക്കുവാൻ ആത്മജ്ഞാനവും കർമ്മയോഗവും ഉടലെടുത്തതായ ഒരു ആദർശപുരുഷനേയും വർണ്ണിച്ചിരിക്കുന്നു.

കർമ്മയോഗമാണ് ഗീതയിലെ അപൂർവ്വവിഷയം. പൂർവ്വഗ്രന്ഥങ്ങളിൽ നല്ല തെളിവായും വിസ്തൃതമായും ഇതു പ്രതിപാദിക്കപ്പെട്ടിട്ടില്ല എന്നുതന്നെ പറയാം. അതുകൊണ്ടു മുഖ്യവിഷയമായ കർമ്മയോഗത്തിൻെറ നാനാവശങ്ങൾ മൂന്ന്, നാല്, അഞ്ച് എന്നീ അദ്ധ്യായങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്നു.

ഗീതയുടെ ഒന്നാം ഭാഗമായ തത്വപ്രതിപാദനം അഞ്ചാം അദ്ധ്യായത്തോടെ അവസാനിക്കുന്നു.

ആറ്, ഏഴ്, എട്ട് അദ്ധ്യായങ്ങളിൽ അവ്യക്തോപാസന (നിർഗ്ഗുണോപാസന)യാണ് വിഷയം. മനസ്സിൻെറ അനാസക്തിഭാവംകൊണ്ടു മാത്രമാണ് കർമ്മം കർമ്മയോഗമാവുന്നത്. മനുഷ്യസ്വഭാവത്തിൽ ജ്ഞാനത്തിനും പുറമെ ഭാവവും വികാരവും പ്രധാന ഘടകങ്ങളാണ്. ഇവ അഭ്യാസംകൊണ്ടു ശുദ്ധമാക്കി കർമ്മങ്ങളോട് ഇണക്കിയാൽ മാത്രമേ ശരിയായ കർമ്മയോഗം സ്ഥിരപ്പെടുകയുള്ളൂ. ആത്മഗുണങ്ങളെ അഭ്യസിക്കുന്നതിന് അവ്യക്തോപാസന എന്നു പേർ. ഇതു ജ്ഞാനയോഗക്കാർ അഭ്യസിക്കുന്നു.

എന്നാൽ ഒമ്പതു്, പത്തു്, പതിനൊന്നു്, പന്ത്രണ്ടു് എന്നീ അദ്ധ്യായങ്ങളിൽ നാനാവിധമായ വ്യക്തോപാസന (സഗുണോപാസന)യാണ് വിഷയം. അതിൽ നാമരൂപങ്ങളോടുകൂടി ഈശ്വരഭക്തിയെ വളർത്തുവാനുള്ള അഭ്യാസങ്ങളാണ് വിവരിക്കപ്പെട്ടിരിക്കുന്നതു്.

എന്നാൽ ബുദ്ധിതീക്ഷ്ണതയും യുക്തികുശലതയും ഉള്ളവരും ലോകത്തിലുണ്ടു്. അവർക്കു സൂക്ഷ്മജ്ഞാനത്തിൻെറ സ്വരൂപവും ഒരുവിധം അറിയണം. അതുകൊണ്ടു പതിമൂന്നു്, പതിനാ

ലു്, പതിനഞ്ചു് എന്നീ അദ്ധ്യായങ്ങാം ജ്ഞാനയോഗമർമ്മമായ ആത്മ,അനാത്മ വിവേചനത്തിന്നാണു് ഭഗവാൻ മുതിൎന്നിരിക്കുന്നതു്.

ഇവയിൽ കേവലം സാക്ഷിസ്വരൂപനായ ആത്മാവിനേയും അതുതന്നെ എങ്ങിനേയോ അനിൎവ്വചനീയമായി പരിവൎത്തിക്കുന്ന പ്രകൃതിയേയും വിഷയമാക്കിയിരിക്കുന്നു. പ്രകൃതികളുടെ ശാഖകളായ സത്വരജസ്തമോഗുണങ്ങളുടെ സ്ഥാനമിവിടെയാണു്. ജ്ഞാനയോഗത്തിലും ഭാവത്തിന്നു നല്ല സ്ഥാനമാണു്. ഈശ്വരശരണതയും ആത്മസമൎപ്പണവും വാസ്തവത്തിൽ ഒന്നുതന്നെ. ഇതാണു് പതിനഞ്ചാം അദ്ധ്യായത്തിൽ വരുന്നതു്.

പതിനാറും പതിനേഴും ഒമ്പതാമദ്ധ്യായത്തിൻെറ പരിശിഷ്ടങ്ങളാണു്. ഒമ്പതാമദ്ധ്യായത്തിൽ പതിനൊന്നും പന്ത്രണ്ടും ശ്ലോകങ്ങളിൽ ദൈവസമ്പത്തുള്ളവർ ഈശ്വരൈകപരായണന്മാരായിത്തീരുന്നുവെന്നും അസുരഗുണമുള്ളവർ കാമക്രോധാദിപ്രേരിതരായി ഇതരദേവന്മാരെ ഉപാസിക്കുന്നുവെന്നും പറയപ്പെട്ടിരിക്കുന്നു. ദൈവഗുണങ്ങളും പ്രവൃത്തിയുമുള്ളവരുടേയും അസുരഗുണവും പ്രവൃത്തിയുമുള്ളവരുടേയും ചിത്രമാണു് പതിനാറാം അദ്ധ്യായത്തിൽ. ഇതിൽ അസുരചിത്രം താരതമ്യേന വിസ്തീൎണ്ണമായി വരച്ചിരിക്കുന്നു. ആ ചിത്രത്തെ മനസ്സിൽ വാങ്ങി ആ ഗുണവും പ്രവൃത്തിയും തന്നിൽ ഉണ്ടോ എന്നു് ആത്മശോധനചെയ്തു്, അവയുണ്ടെങ്കിൽ അവയെ വെടിയുവാനും ദൈവഗുണങ്ങളെ അഭ്യസിച്ചു വികസിപ്പിക്കുവാനുമാണു് ഉപദേശിച്ചിരുന്നതു്.

ഒമ്പതിൽ ഇരുപത്തേഴു്, ഇരുപത്തെട്ടു് എന്നീ ശ്ലോകങ്ങളിൽ മനുഷ്യൻ തൻെറ കൎമ്മങ്ങളേയും ആഹാരം, യജ്ഞം, ദാനം, തപസ്സു് എന്നിവയേയും ഈശ്വരാൎപ്പണമായി ചെയ്യണമെന്നുള്ളതിനേയും ഊന്നി ഉപദേശിക്കുന്നു. ഇവ സത്വഗുണത്തോടുകൂടിയാലേ ഈശ്വരാൎപ്പണയോഗ്യമാകുന്നുള്ളു. യോഗ്യമായ സാ

ധനങ്ങളെയാണ് നാം ഈശ്വരന്നു് അപ്പിക്കുന്നതു്. അതുകൊണ്ടു രജോഗുണതമോഗുണയജ്ഞദാനതപസ്സുകളെയും ആഹാരത്തേയും ഉപേക്ഷിച്ച സത്വഗുണത്തോടുകൂടിയവയെ നാം ഈശ്വരാപ്പണമായി അനുഷ്ഠിക്കണം.

പതിനെട്ടാം അദ്ധ്യായത്തിൽ വിഷയം മുഴുവൻ ഉപസംഹരിക്കപ്പെട്ടിരിക്കുന്നു. മനുഷ്യന്നു പ്രവൃത്തി സ്വാഭാവികമാണ്. അവയെ ശുദ്ധമാക്കാൻ ഫലത്യാഗമാണ് ആവശ്യം. കർമ്മത്തെ തന്നെ വെടിയാമോ? വയ്യ. സാധകന്നു സ്വാഭാവികകർമ്മം കർമ്മയോഗത്തിന്നു് അവസരം നല്കുന്നു. സാധാരണ ബന്ധഹേതുവായ കമ്മങ്ങളെത്തന്നേയും ഉപായംകൊണ്ടും കർമ്മയോഗം കൊണ്ടും മോക്ഷഹേതുക്കരം ആക്കാം. കമ്മത്തിൻെറ ബന്ധനഹേതു മനുഷ്യനെ അന്ധാളിപ്പിക്കേണ്ട. കമ്മയോഗമായ യുദ്ധത്തിൽപോലും വധംകൊണ്ടുള്ള പാപം ഉളവാകുന്നില്ല. എന്നാൽ കമ്മയോഗം സ്ഥിരമായാൽ ശാന്തമായ മനസ്സിനെ അന്തൎയ്യാമിയായ ആത്മാവിൽത്തന്നെ നിത്താം. അപ്പോരം മോക്ഷം കൈവരികയും ഈശ്വരദശ്നമുണ്ടാവുകയും കമ്മം തീരെ അവസാനിച്ച സന്യാസിയായിത്തീരുകയും ചെയ്യാം. എന്നാൽ അവരിൽനിന്നും സൂയ്യനിൽനിന്നു പ്രകാശമെന്നപോലെ ലോകസംഗ്രഹത്തിന്നുള്ള കമ്മങ്ങരം പ്രവഹിച്ചുകൊണ്ടിരിക്കും. ഇങ്ങിനെ നമുക്കു് അകമ്മത്തിൽ അത്യാശ്ചയ്യകരമായ കമ്മം കാണുവാൻ സാധിക്കും.

## ൧൮. ചില ശ്രദ്ധേയവിഷയങ്ങരം

ഗീതയിൽ ഇന്ത്യയുടെ ആത്മീയവളച്ച്യുടെ പ്രതിഫലനത്തെ വ്യക്തമായി കാണാം. വളച്ച്യിൽ സൂക്ഷ്മശക്തികരം പ്രകടമാവുന്നു. മനസ്സും ധമ്മബോധവും ആത്മജ്ഞാനവും വികസിക്കുന്നു. അതോടുകൂടി വാക്കുകളുടെ ഉള്ളടക്കത്തിന്നു പുഷ്ടി കൂട്ടുകയും ഗണ്യമായ വിഷയങ്ങളിൽ തോന്നിക്കൊണ്ടിരിക്കുന്ന വിരുദ്ധ

ങ്ങറം നീങ്ങി അവയുടെ മമ്മങ്ങറം ഇണങ്ങി യോജിക്കുകയും ചെയ്യുന്നു.

### A പദങ്ങറം പുഷ്ടിപ്പെടുന്നു

ഒമ്പതാമദ്ധ്യായത്തിലെ സന്ദേശം ആത്മസമപ്പണമാണ്; പ്രവൃത്തികറം എന്തെല്ലാം കമ്മങ്ങറം ചെയ്യുന്നുവോ, അവയെല്ലാററിനേയും ഭുജിക്കുന്ന ആഹാരമായാലും യജ്ഞമായാലും അവയെ എന്നിൽ അപ്പിക്കുക. ശുഭാശുഭങ്ങളിൽനിന്നു് ഈ സമപ്പണം കൊണ്ടു മനുഷ്യൻ മോചിക്കപ്പെട്ടു് എന്നെത്തന്നെ പ്രാപിക്കുന്നു എന്നു ഭഗവാൻ പറയുന്നു. 9–(27–28)

ഇവിടെ അഞ്ചു പ്രവൃത്തികറം പറയപ്പെട്ടിരിക്കുന്നു. എന്നാൽ ഇവയുടെ അത്ഥം ഗീത തന്നെ താഴെ കാണിക്കുന്ന മാതിരി സവിസ്തരം വളരെ പുഷ്ടിപ്പെടുത്തി വണ്ണിച്ചിരിക്കുന്നു.

<u>കമ്മം:</u> കമ്മം കമ്മകാണ്ഡത്തിൽ പ്രതിപാദിക്കപ്പെട്ടവ മാത്രമല്ല, സ്വധമ്മവും കൂടിയാണ്. വാസ്തവത്തിൽ ഗീത വൈദികകമ്മങ്ങളുടെ വിലയും മാഹാത്മ്യവും വളരെ കുറഞ്ഞതാണെന്നു വീണ്ടും വീണ്ടും ആവത്തിച്ചു പറഞ്ഞിരിക്കുന്നു. കുതുഹലമുള്ളവർ ഈ ശ്ലോകങ്ങറം നോക്കാം. 2 (42–45). 9 (20–21)

2 (42–45) വൈദികകമ്മങ്ങറംകൊണ്ടു മനസ്സിന്നു് ഏകാഗ്രതയോ, ആത്മദശനസാമത്ഥ്യമോ ജനിക്കുന്നില്ല എന്നു പറയപ്പെട്ടിരിക്കുന്നു. 9 (24–26) ഭോഗം ലഭിക്കും. എന്നാൽ ഈശ്വരനെ ലഭിക്കുന്നതല്ല. 9 (20–21) വൈദികകമ്മങ്ങറം പുനജ്ജന്മഹേതുക്കളാണ്. 11 (53–54) യജ്ഞദാന, തപസ്സുകറം ഭക്തിക്കു സമമല്ല. 15 (1–2) ഛന്ദസ്സുകറം, അതായതു് "കമ്മകാണ്ഡം", സംസാരവൃക്ഷത്തെ പോഷിപ്പിക്കുന്ന ഇലയാണ് എന്ന ശ്ലോകങ്ങറം ശ്രദ്ധേയമാണ്.

എന്നാൽ കമ്മപദത്തിൻെറ അത്ഥം ഗീതയിൽ സ്വധമ്മം എന്നാണ്. 18 (42, 43, 44) സഹജകമ്മത്തിന്നാണ് ഗീത പ്രാധാന്യം കല്പിച്ചിരിക്കുന്നതു്. അവയിലാണ് കമ്മയോഗ ഉപായത്തിന്നു് ഉത്തമസ്ഥാനം. ഇവ മിക്കതും ദൃഷ്ടഫലത്തോടു കൂടിയതാണ്. ഇവയിലെ ജയാപജയങ്ങൾ സുഖദുഃഖങ്ങൾക്കു കാരണമാകുന്നു. ഈ ഘട്ടത്തിലാണ് സമത്വം അഭ്യസിപ്പാനുള്ള അവസരം. മരണത്തിന്നു കാരണമാവുന്ന ആഴമുള്ള കുളത്തിൽ നീന്തുന്നതാണ് കുശലത. നീന്തൽകൊണ്ടു മരണം സംഭവിക്കുന്നില്ല എന്നു മാത്രമല്ല, ആ ആളു് മരണഭീതി പോയി വെള്ളത്തിൽതന്നെ രമിക്കുവാനും തുടങ്ങുന്നു. ആദ്യത്തെ ഭയസ്ഥാനം ഇപ്പോൾ സുഖസ്ഥാനമായി പരിണമിക്കുന്നു. കമ്മയോഗത്തിൻെറ മാഹാത്മ്യം ഇതുപോലെതന്നെ.

യജ്ഞം: യജ്ഞപദത്തിൻെറ അത്ഥവും വിപുലമായിരിക്കുന്നു. ഗീതയിൽ കേവലം വൈദികമായ അഗ്നിഹോത്രം മുതലായവ മാത്രമല്ല യജ്ഞം. അവയേക്കാൾ ജ്ഞാനത്തിൽ ചെന്നു് അവസാനിക്കുന്ന യത്നങ്ങളും യജ്ഞങ്ങളാണ്. 4 (25-33)

തപസ്സ്: അതേ മാതിരി തന്നെയാണ് തപസ്സും. കൃച്ഛ്രം, ചാന്ദ്രായണം മുതലായവയെയാണ് തപസ്സായി സ്മൃതികൾ വർണ്ണിച്ചിരിക്കുന്നതു്. എന്നാൽ കായികവും, വാചികവും, മാനസികവുമായ തപസ്സുകളെ ഗീത സമത്ഥിച്ചിരിക്കുന്നു. 17 (14-16)

നിത്യകമ്മം: യജ്ഞദാനതപസ്സുകളെ അനപേക്ഷണീയമായ നിത്യകമ്മം എന്നു ഗീത ഉപദേശിക്കുന്നു. ഇവ ശ്രേഷ്ഠമാകുന്നതു ഫലത്യാഗപൂവ്വം സാത്വികമായി ചെയ്യുമ്പോൾ മാത്രമാണ്.

## B. ചിന്താഗതിയിൽ ഇണക്കം

വേദത്തിൻെറ പിൻകാലത്തിൽ ചില ഋഷികളുടെ ഗഹനങ്ങളായ തത്വവിചാരണയുടെ ഫലമായി പൂവ്വമീമാംസ, ഉത്തര

മീമാംസ, സാംഖ്യം, യോഗം, ന്യായം, വൈശേഷികം എന്ന ആറു ശാസ്ത്രങ്ങൾ (ദൎശനങ്ങൾ) ആവിൎഭവിച്ചിരിക്കുന്നു. പണ്ഡിതന്മാർ ഇവയിൽ വിദഗ്ദ്ധത സമ്പാദിച്ചേ ശാസ്ത്രിമാരായിത്തീൎന്നിരുന്നുള്ളു. എന്നാൽ ശാസ്ത്രങ്ങൾ തമ്മിൽ പലേ വൈരുദ്ധ്യങ്ങൾ ഉണ്ടായിരുന്നു. ചിലപ്പോൾ ഒരു ശാസ്ത്രം മററു ശാസ്ത്രങ്ങളെ അപലപിക്കുകകൂടിയുണ്ടായി.

പൂൎവ്വമീമാംസ അതായതു കൎമ്മമീമാംസ, വേദകൎമ്മങ്ങളുടെ നിൎവ്വചനശാസ്ത്രം, ഇതിൻെറ ദൃഷ്ടിയിൽ വേദത്തിലുള്ള ഉപനിഷത്തുക്കൾ അൎത്ഥശൂന്യമായ വെറും ആത്മാവിനെപ്പററിയുള്ള പ്രശംസ മാത്രമാണ്. ആ ശാസ്ത്രം (പൂൎവ്വമീമാംസ) ഉപനിഷത്തുക്കളുടെ അൎത്ഥാലോചനയ്ക്കു് ആവശ്യം കാണുന്നില്ല.

വേദാന്തം കൎമ്മത്തിനു സ്വൎഗ്ഗം മുതലായ തുച്ഛഫലങ്ങളെ കാണിച്ചു് ആത്മലാഭത്തിനു് അവകൊണ്ടു യാതൊരു പ്രയോജനവുമില്ലെന്നു് എടുത്തു കാണിച്ചിരിക്കുന്നു.

ഗീത ഈ രണ്ടു ശാസ്ത്രങ്ങളെ കൂട്ടിയിണക്കുന്നു. കൎമ്മങ്ങൾ സ്വാഭാവികങ്ങളായതുകൊണ്ടു് അനുപേക്ഷണീയമാണ്. എന്നാൽ അവയെ പൂൎവ്വാധികം ഗുണപ്പെടുത്തേണമെങ്കിൽ അവയെ ചെയ്യുമ്പോൾ ഫലത്യാഗബുദ്ധി പ്രയോഗിച്ചു ചിത്തശുദ്ധിയുണ്ടാക്കാം. അങ്ങിനെ കൎമ്മങ്ങളെ ചിത്തശുദ്ധിദ്വാരാ, ജ്ഞാനലബ്ധിക്കു് ഉപകരണമാക്കാം.

അതേ മാതിരി ഗീത പതഞ്ജലിയോഗത്തെ ആറാം അദ്ധ്യായത്തിൽ പതഞ്ജലി കാണാത്ത ഉച്ചസ്ഥാനത്തേയ്ക്കു് ഉയൎത്തീട്ടുണ്ടു്. പതഞ്ജലിയുടെ മതത്തിൽ ആത്മാവു് വിശ്വവ്യാപിയല്ല, ദേഹപരിമിതമാണ്. എന്നാൽ യോഗത്തിൻെറ സാധനാഭാഗം മുഴുവൻ സ്വീകരിച്ചു വിശ്വവ്യാപിത്വം ആത്മസാക്ഷാത്കാരത്തിൻെറ ഫലമായി പ്രതിപാദിക്കുന്നു ഗീത. 6 (29—32).

സാംഖ്യവും ഗീതയിൽ ഉയൎത്തപ്പെട്ടിരിക്കുന്നു. മനുഷ്യൻെറ അന്തൎഭാഗത്തിൻെറ വിശകലനം സാംഖ്യത്തെ ആസ്പദിച്ചാണ്.

ബാഹ്യത്തെപ്പററിയും അങ്ങിനെതന്നെയാണ്. ത്രിഗുണങ്ങറം സ്വീകരിക്കപ്പെട്ടിരിക്കുന്നു.

എന്നാൽ പ്രകൃതി—സാംഖ്യത്തിലെ പ്രധാനം—ജഗൽസൃഷ്ടി സ്വതന്ത്രമായി നടത്തുന്നു. ഗീത സമർത്ഥിക്കുന്നതു പ്രകൃതി കേവലം ഈശ്വരയോനി മാത്രമാകുന്നു എന്നാകുന്നു. രണ്ടിൻെറയും സംയോഗംകൊണ്ടു സൃഷ്ടിയുണ്ടാകുന്നു. ഈശ്വരസംയോഗമില്ലാതെ പ്രകൃതിക്കു സ്വതന്ത്രമായി സൃഷ്ടി സാദ്ധ്യമല്ല.

അതിന്നും പുറമെ ഈശ്വരൻ ഗുണങ്ങളെ ഭുജിക്കുന്നതായി സാംഖ്യം പറയുന്നു. ഗീത സമർത്ഥിക്കുന്നതു് ഈശ്വരൻ അലിപ്തനാണ് എന്നാണ്. സുഖദുഃഖങ്ങറം ആത്മാവിനെ ബാധിക്കുന്നില്ല. സൃഷ്ടികൊണ്ടു് ഈശ്വരന്നു കമ്മബന്ധമില്ല.

ന്യായത്തിൻെറ യുക്തി അനുസരണമാണ് ഗീതയുടെ ആശയങ്ങറം.

ഇങ്ങിനെ ഗീത സർവ്വശാസ്ത്രസമുച്ചയഗ്രന്ഥമാണ്. അതുവരെയുള്ള ചിന്താശാസ്ത്രങ്ങളെ വേദാന്ത അനുഭവങ്ങളോടു ഭംഗിയായി ഇണക്കുന്ന ഒരു മഹത്ഗ്രന്ഥമാണ് ഗീത. മററുള്ള ദശനങ്ങളിൽ സ്വീകാര്യങ്ങളായ ഭാഗങ്ങളെ നിർഭയമായി എടുക്കുകയും വേദാന്തത്തിലെ അദ്വൈതത്തിൻെറയും ബ്രഹ്മാത്മഭാവത്തിൻെറയും വിരുദ്ധങ്ങളായ ഭാഗങ്ങളെ ഗീത തിരസ്കരിക്കുകയും ചെയ്തിട്ടുണ്ടു്. ഇങ്ങിനെ ശാസ്ത്രങ്ങറം എല്ലാം തന്നെ ഗീതയിൽ വിരുദ്ധം ഇല്ലാതെ ഏകീകരിക്കപ്പെട്ടിരിക്കുന്നു.

ശാസ്ത്രജ്ഞന്മാർ ഗീതയെ ഉപനിഷത്തു് എന്നാണ് ബഹുകാലമായി വിളിച്ചു വരുന്നതു്. ഉപനിഷത്തു വേദത്തിൻെറ അവസാനത്തിൽ വരുന്നതായാലും പ്രാധാന്യമേറിയ ഭാഗമാകുന്നു. ഹിന്ദുക്കളുടെ ഭിന്നപരമ്പരയിൽ പെട്ടവക്കും ഒരുപോലെ സ്വീകാര്യമായ ഒരു സിദ്ധാന്തം ഉണ്ടു്. ഇതിഹാസപുരാണസ്മൃതി മുതലായ ഗ്രന്ഥങ്ങളിൽ പ്രതിപാദിക്കപ്പെട്ട തത്വങ്ങറം വേദതത്വങ്ങറം

ക്ക വിരുദ്ധമായി ഇരിക്കാവുന്നതല്ല. വേദതത്വങ്ങളോട് അനു യോജ്യമായിരിക്കണം അന്യതത്വങ്ങരം. അങ്ങനെയല്ലെങ്കിൽ അവ സ്വീകാൎയ്യങ്ങളല്ല.

അതുകൊണ്ടു ഗീതാതത്വങ്ങളെ ഗ്രഹിക്കുകയും ഇതരഗ്രന്ഥ ങ്ങളിൽ ഇതിന്നു വിരുദ്ധമായവ സ്വീകാൎയ്യമല്ലെന്നു ധരിക്കുകയും ചെയ്യേണ്ടതാകുന്നു.

ഗീത ഇങ്ങനെ ശാസ്ത്രഗ്രന്ഥങ്ങളുടെ ഒരു അളവുകോൽ ആ ണ്. ഗീതയുടെ ഈ പ്രാധാന്യത്തെ നാം സുദൃഢമായി ഗ്രഹി ച്ച് അതിനെ ആദിസ്ഥമാക്കേണ്ടതാണ്.

ഇന്ത്യൻ ജനത അടിമത്വത്തിൽപ്പെട്ടു ലോകത്താൽ അവഗ ണിക്കപ്പെട്ടിരുന്നുവെങ്കിലും അവരുടെ ഈ മതഗ്രന്ഥം ലോക ത്തിൽ അന്നുംകൂടി സൎവ്വരാജ്യങ്ങളിലും വിശിഷ്ടന്മാരുടെ ഇടയിൽ സ്ഥാനം പററിയിരുന്നു എന്നതു നാം പ്രത്യേകം ഓൎമ്മവെയ്ക്കേണ്ട താണ്. അതു നമ്മുടെ ഓരോ വീടുകളിലും കുടിലുകളിലും സ്ഥാ നം പറേറണ്ട കാലം അതിക്രമിച്ചിരിക്കുന്നു. മുഹമ്മദീയൎക്കു കു റാൻ എങ്ങിനേയോ, ക്രിസ്ത്യാനികരംക്കു ബൈബിരം എങ്ങിനേ യോ അതേ മാതിരിയാണ് ഹിന്തുക്കരംക്ക് ഗീതയും. അല്ലെ ങ്കിൽ, മഹാന്മാരായ എല്ലാ ആചാൎയ്യന്മാരും ഗീതയ്ക്കുമാത്രം ഒരു പോലെ വ്യാഖ്യാനം എഴുതീട്ടുണ്ടാകുമോ? ഗീത വീടുതോറും പാ രായണം ചെയ്യപ്പെടട്ടെ! അതിൻെറ അൎത്ഥം മനസ്സിൽ നല്ലവണ്ണം പതിയട്ടെ. അതനുസരിച്ച് എല്ലാവരും അവരവരുടെ ധൎമ്മം ക ൎമ്മയോഗമായി ചെയ്യട്ടെ. പരമശാന്തിയടയട്ടെ.

KOTTAYAM PUBLIC LIBRARY KOTTAYAM.

ഓം തദ് സത്

# ഭാഷാ ഭഗവദ്ഗീത

## ഭാഗം 1

## ഗീതാസിദ്ധാന്തങ്ങൾ

### അദ്ധ്യായം ഒന്ന്

### അൎജ്ജുനന്റെ വിഷാദവും ഉപദേശത്തിന്നായി ഭഗവാനെ ശരണം പ്രാപിക്കലും.

ഗീത അതു മാത്രമായി രചിച്ച ഒരു ഗ്രന്ഥമല്ല. അതു മഹാഭാരതത്തിലെ 1,00,000 ശ്ലോകങ്ങളിൽ 700 ശ്ലോകങ്ങൾ മാത്രമാണ്. ഭാരതത്തിലെ ഭീഷ്മപൎവ്വത്തിൽ 25 മുതൽ 42 വരെയുള്ള അദ്ധ്യായങ്ങളാണ് ഗീത. അങ്ങിനെ കേവലം ഭാരതാന്തൎഗ്ഗതമാകുന്നു ഗീത.

ഭാരതയുദ്ധം തുടങ്ങാറായി. കൌരവസൈന്യവും പാണ്ഡവസൈന്യവും വിശാലമായ കുരുക്ഷേത്രത്തിൽ അന്യോന്യം എതിരായി അണിനിരന്നു നില്ക്കുന്നു. പാൎത്ഥന്റെ—അൎജ്ജുനന്റെ—രഥം ശ്രീകൃഷ്ണൻ തെളിക്കുന്നു. അങ്ങിനെ ശ്രീകൃഷ്ണൻ പാൎത്ഥസാരഥിയാകുന്നു. അവരുടെ രഥം സൈന്യമദ്ധ്യത്തിലെത്തി. അൎജ്ജുനൻ എതിരാളികളായി നില്ക്കുന്ന ഗുരുക്കളേയും മുത്തച്ഛന്മാരേയും ബന്ധുക്കളേയും കണ്ടു്, തന്റെ ആളുകളായ അവരുടെ

വധം നേരിട്ടിരിക്കുന്നതു കണ്ടു്, മോഹാവിഷ്ടനായി. ഈ മോഹത്തെ അകററി പൂൎണ്ണാത്മജ്ഞാനവെളിച്ചത്തിൽ, ബന്ധംവരാത്തവിധത്തിൽ സ്വധൎമ്മാചരണം ചെയ്യുവാനുള്ള ഉപദേശം ചെയ്യുന്നതാകുന്നു ശ്രീകൃഷ്ണാൎജ്ജുനസംവാദമായ ഗീത.

കൌരവന്മാരുടെ അന്ധനായ അച്ഛൻ ധൃതരാഷ്ട്രൻ, ഈ മഹാഭാരതയുദ്ധം നടക്കുന്നതുപോലെ അതാതുസമയംതന്നെ അറിയുവാൻ ആഗ്രഹിക്കുന്നു. യുദ്ധസംഭവങ്ങളെ സഞ്ജയൻ യുദ്ധക്കളത്തിൽ പോകാതെതന്നെ ജ്ഞാനദൃഷ്ടികൊണ്ടു കണ്ടു വിവരിക്കുന്നു. ഈ രണ്ടു പാത്രങ്ങളുടെ ചോദ്യോത്തരംകൊണ്ടു ഗീത ആരംഭിക്കുന്നു.

## 1

(ശ്ലോകം 1—27)

കൃഷ്ണനായ സാരഥിയോടുകൂടെ സൈന്യമദ്ധ്യത്തിൽ വന്ന അൎജ്ജുനൻ സേനാനായകന്മാരെ നിരീക്ഷിക്കുന്നു.

ധൃതരാഷ്ട്രൻ പറഞ്ഞു.

**ധൎമ്മക്ഷേത്രം കുരുക്ഷേത്രം പുക്ക പോരിന്നൊരുങ്ങിയോർ**
**എൻകൂട്ടരും പാണ്ഡവരുമെന്തേ ചെയ്തു സഞ്ജയ!** 1

സഞ്ജയൻ പറഞ്ഞു.

**പാണ്ഡുസൈന്യം വ്യൂഹമാണ്ടു കണ്ടു ദുൎയ്യോധനൻ നൃപൻ**
**ആചാൎയ്യൻെറ സമീപത്തു ചെന്നിട്ടിങ്ങിനെ ചൊല്ലിനാൻ.** 2
**കണ്ടാലും പാണ്ഡവരുടെയാചാൎയ്യ പെരുതാം പട**
**ധീമാൻ ദ്രുപദജൻ നിൻെറ ശിഷ്യൻ വ്യൂഹം ചമച്ചിതാ.** 3
**ഇതിൽശ്ശൂരർ മഹാവില്ലർ പോരിൽ ഭീമാൎജ്ജുനോപമർ**
**യുയുധാനൻ വിരാടൻതാൻ ദ്രുപദൻ രഥികോത്തമൻ.** 4

KOTTAYAM PUBLIC LIBRARY, KOTTAYAM.

ചേകിതാനൻ ധൃഷ്ടകേതു വീര്യ്യവാൻ കാശിരാജനും
പുരുജിത്താക്കുന്തിഭോജൻ ശൈബ്യനാം നരമുഖ്യനും. 5

വിക്രാന്തനാം യുധാമന്യുവുത്തമൌജസ്സു വീര്യ്യവാൻ
സൌഭദ്രൻ ദ്രൌപദേയന്മാരിവരൊക്കെ മഹാരഥർ. 6

നമുക്കു മുഖ്യരായോരെദ്ധരിച്ചാലും ദ്വിജോത്തമ!
എൻപടത്തലവന്മാരെ നിന്നോൎമ്മയ്ക്കോതിടുന്നു ഞാൻ. 7

ഭവാൻ ഭീഷ്മൻ കൎണ്ണനടർ ജയിക്കും കൃപരങ്ങിനേ
അശ്വത്ഥാമാവാ വികൎണ്ണൻ സൌമദത്തി ജയദ്രഥൻ. 8

വേറിട്ടും പല ശൂരന്മാരെനിക്കായുയിർ വിട്ടവർ
നാനാ ശസ്ത്രമെടുത്തുള്ളോരേവരും രണദക്ഷിണർ. 9

ഭീഷ്മർ കാക്കും നമ്മുടെയീ ബലമെങ്ങും പരന്നതാം
ഭീമൻ കാക്കുന്നവരുടെ ബലമൊട്ടു ചുരുക്കമാം. 10

എല്ലാ വഴിക്കുമേ ഭാഗംവെച്ചുറപ്പോടു നിന്നിനി
ഭീഷ്മരെത്തന്നെ രക്ഷിച്ചുകൊള്ളുവിൻ നിങ്ങളേവരും. 11

അവന്നു ഹൎഷം വാച്ചിച്ചു കുരുവൃദ്ധൻ പിതാമഹൻ
ഉച്ചത്തിലലറിശ്ശംഖമൂതിയേററം പ്രതാപവാൻ. 12

ഉടൻ ശംഖം ഭേരി പണവാനകം ഗോമുഖങ്ങളും
പെട്ടന്നടിച്ചു ശബ്ദിച്ചു ഘോഷം ബഹളമായിതേ. 13

അപ്പോൾ വെള്ളക്കുതിരകളുള്ള വൻതേരിലാണ്ടവർ
മാധവൻ പാണ്ഡവൻതാനും ദിവ്യശംഖുകളൂതിനാർ. 14

പാഞ്ചജന്യം ഹൃഷീകേശൻ ദേവദത്തം ധനഞ്ജയൻ
പൌണ്ഡ്രം പെരുംശംഖുമൂതി ഭീമകൎമ്മാവു മാരുതി. 15

അനന്തവിജയം ഭൂപൻ കുന്തീപുത്രൻ യുധിഷ്ഠിരൻ
സുഘോഷമണിപുഷ്പങ്ങളാം നകുലൻ സഹദേവനും. 16

പടുവില്ലാളിയാം കാശ്യൻ വൻതേരാളി ശിഖണ്ഡിയും
ധൃഷ്ടദ്യുമ്നൻ വിരാടൻതാൻ തോല്ക്കാത്ത യുയുധാനനും. 17

ദ്രുപദൻ ദ്രൌപദേയന്മാരേവരും പൃഥിവീപതേ!
സൌഭദ്രനും മഹാബാഹു വെവ്വേറേ ശംഖമൂതിനാർ. 18

ആ ഘോഷം ധാർത്തരാഷ്ട്രക്കുള്ളുള്ള വിള്ളുംപ്രകാരമായ്
ബഹളം ഭൂമിയാകാശമെങ്ങും തിങ്ങി വിളങ്ങവേ. 19

പിന്നീട്ടു ധാർത്തരാഷ്ട്രന്മാർ നിന്നുകണ്ടു കപിദ്ധ്വജൻ
അമ്പുവീഴാനടുത്തപ്പോൾ വില്ലുമേന്തീട്ടു പാണ്ഡവൻ 20
ഹൃഷീകേശനൊടീവണ്ണമറിയിച്ചു മഹീപതേ!

അർജ്ജുനൻ പറഞ്ഞു.

രണ്ടുസൈന്യങ്ങൾക്കുമിടയ്ക്കെൻ തേർ നിർത്തീടുകച്യുത!
പോരിന്നൊരുങ്ങിവന്നോരെ നോക്കിക്കാണട്ടെയൊക്കെ ഞാൻ. 21

ആരോടെല്ലാമെതിർക്കേണമിങ്ങീ യുദ്ധോദ്യമത്തിൽ ഞാൻ
യുദ്ധോദ്യുക്തരെ നോക്കട്ടേ ദുഷ്ടനാം ധാർത്തരാഷ്ട്രനായ് 22
യുദ്ധത്തിങ്കൽ പ്രിയം ചെയ്വാനിങ്ങീവന്ന ജനങ്ങളെ.

സഞ്ജയൻ പറഞ്ഞു.

ഹൃഷീകേശൻ ഗുഡാകേശവാക്കേവം കേട്ടു ഭാരത!
രണ്ടു സൈന്യങ്ങൾക്കുമിടയ്ക്കായിത്തേർ നിർത്തിയങ്ങിനേ. 23

ഭീഷ്മദ്രോണാഗ്രഭാഗത്തായ് മററം മന്നോർക്കു മുൻപുറം
പറഞ്ഞു പാർത്ഥ! കാണ്കൊത്തോരീകുരുക്കളെയെന്നു താൻ. 24

അതിൽപ്പാർത്ഥൻ കണ്ടു പിതൃപിതാമഹരെ നില്പതായ്
ആചാര്യമാതുലബ്ഭ്രാതൃപുത്രപൌത്രസഖാക്കളെ. 25

ശ്വശുരസ്സ്നേഹിതരെയും രണ്ടു സൈന്യത്തിലും ശരി
ആ നില്ക്കും ബാന്ധവന്മാരെയൊക്കെക്കണ്ടു പൃഥാസുതൻ 26
പരമാം കനിവുൾക്കൊണ്ടു വിഷാദിച്ചേവമോതിനാൻ.

അർജ്ജുനൻ പറഞ്ഞു.

കാണ്കയാൽ കൃഷ്ണ! പോരിന്നു വന്നോരീ സ്വജനത്തിനെ
തളരുന്നുണ്ടംഗമെല്ലാം വദനം വാടിടുന്നു മേ. 27

(ശ്ലോകം 28—45)

ഗുരുക്കന്മാരേയും ബന്ധുക്കളേയും കണ്ടു് അവരുടെ വധത്തിന്നാണു് താൻ കാരണഭൂതനാകുവാൻ പോകുന്നതു് എന്നു മനസ്സിലാക്കുമ്പോഠം അജ്ജുനൻ ശോകത്താൽ മോഹിതനാകുന്നു.

ഉണ്ടാകുന്നുണ്ടെൻെറ മെയ്യിൽ വിറയും രോമഹഷവും
കയ്യിൽ സ്രംസിപ്പു ഗാണ്ഡീവം തൊലിയും വെന്തിടുന്നു മേ. 28
നില്പാൻവയ്യാതെയാകുന്നൂ ചുററുന്നൂ മമ മാനസം
വിപരീതനിമിത്തങ്ങഠം കണ്ടീടുന്നുണ്ടു കേശവ! 29
ശ്രേയസ്സു കണ്ടീല പോരിൽക്കൊന്നിട്ടീ സ്വജനങ്ങളെ
കഷ്ണ! വേണ്ടാ വിജയവും രാജ്യവും മേ സുഖങ്ങളും. 30
രാജ്യമെന്തിന്നു ഗോവിന്ദ! ഭോഗങ്ങഠം മമ ജീവനും
ആക്കുവേണ്ടീട്ടു കാംക്ഷിപ്പൂ രാജഭോഗസുഖങ്ങഠം നാം. 31
പോരിൽദ്ധനം പ്രാണനും കൈവിട്ടു നില്ക്കുന്നിതായിവർ
ആചായ്യപിതൃപുത്രന്മാരപ്രകാരം പിതാമഹർ. 32
മാതുലശ്വശുരസ്യാലപൌത്രസംബന്ധിമാർകളും
ഇവരേ ഞാൻ കൊല്ലുകില്ല കൊന്നാലും മധുസൂദന! 33
ത്രൈലോക്യരാജ്യത്തിന്നായും പിന്നെയീ മന്നിനെന്തുവാൻ
ധാത്തരാഷ്ട്രരെ നാം കൊന്നാൽ പ്രീതിയെന്തു ജനാദ്ദന! 34
വധോദ്യതന്മാരിവരെക്കൊന്നാൽ നമ്മഠംക്കു പാപമാം
നാം കൊല്ലൊല്ലാ ബാന്ധവരോടൊത്തൊരീദ്ധാത്തരാഷ്ട്രരെ. 35
സ്വജനദ്ധ്വംസനംചെയ്താൽസ്സുഖമാമോ ജനാദ്ദന!
ലോഭംകൊണ്ടുള്ളുകെട്ടുള്ളോരിവർ കാണ്മീലയെങ്കിലും. 36
കുലക്ഷയത്തിൻെറ ദോഷം മിത്രദ്രോഹമഹാഘവും
അറിഞ്ഞീടേണ്ടയോ നമ്മളീപ്പാപം വിട്ടൊഴിക്കുവാൻ. 37
കുലക്ഷയത്തിന്നു ദോഷം കാണുന്നവർ ജനാദ്ദന!
കുലം ക്ഷയിക്കിൽപ്പണ്ടുള്ള കുലധമ്മങ്ങഠം കെട്ടുപോം. 38

ധർമ്മം കെട്ടാൽക്കുലം മുററുമധർമ്മം പിടിപെട്ടിടും
അധർമ്മബാധയാൽ കൃഷ്ണ! കുലസ്ത്രീകൾ ദൂഷിച്ചിടും. 39
ദൂഷിയ്ക്കിലോ സ്ത്രീകൾ കൃഷ്ണ! ജനിയ്ക്കും വർണ്ണസങ്കരം
സങ്കരം നരകത്തിന്നാം കുലഘ്നർക്കും കുലത്തിനും. 40
വീഴും പിണ്ഡോദകം കെട്ടിട്ടവർക്കുള്ള പിതൃക്കളും
കുലഘ്നർക്കുള്ളൊരീ വർണ്ണസങ്കരം ചെയ്തഫലങ്ങളാൽ. 41
ജാതിധർമ്മങ്ങളും നിത്യകുലധർമ്മങ്ങളും കെടും
കുലധർമ്മങ്ങൾ കെട്ടുള്ള മനുഷ്യർക്കു ജനാർദ്ദന! 42
നിത്യവും നരകത്തിങ്കൽപ്പാർപ്പാമെന്നുണ്ടു കേൾപ്പു ഞാൻ
അയ്യോ കഷ്ടം മഹാപാപം ചെയ്യാൻ ഞങ്ങളൊരുങ്ങിതേ. 43
സ്വജനദ്ധ്വംസമോർത്തല്ലോ രാജ്യസൌഖ്യദുരാശയാൽ
എതിർനോക്കീടാതെ ശസ്ത്രംവെച്ചെന്നെശ്ശസ്ത്രപാണികൾ 44
യുദ്ധത്തിൽദ്ധാർത്തരാഷ്ട്രന്മാർ കൊല്ലുകിലും ക്ഷേമമാം മമ.

സഞ്ജയൻ പറഞ്ഞു.

എന്നുരച്ചർജ്ജുനൻ പോരിൽത്തേർത്തടത്തിലിരിപ്പുമായ്
വില്ലുമമ്പും കൈവെടിഞ്ഞിട്ടല്ലലാലുള്ളുഴന്നഹോ. 45

# അദ്ധ്യായം രണ്ട്

## ഗീതോപദേശം

### 3

(ശ്ലോകം 1—10)

ശ്രീകൃഷ്ണൻെറ ശകാരം കേട്ടു ശ്രീകൃഷ്ണനോട് ഉപദേശിക്കുവാൻവേണ്ടി അർജ്ജുനപ്രാർത്ഥന

സഞ്ജയൻ പറഞ്ഞു.

അവ്വണ്ണം കനിവുൾക്കൊണ്ടു കണ്ണീർ കണ്ണിൽനിറഞ്ഞഹോ
മാഴ്കുമായവനോടേവം പറഞ്ഞു മധുസൂദനൻ! 1

ശ്രീഭഗവാൻ പറഞ്ഞു.

വിഷമത്തിൽ നിനക്കെന്തീക്കശ്മലം വന്നുകൂടുവാൻ
അനാര്യ്യക്കൊത്തതസ്വൎഗ്ഗ്യമയശസ്യമിതൎജ്ജുന! 2
ക്ലീബത്വമേല്ലൊലാ പാൎത്ഥ! നിനക്കൊക്കില്ലിതൊട്ടുമേ
ക്ഷുദ്രമീച്ചിത്തദൌൎബ്ബല്യം വിട്ടേല്ക്കുക പരന്തപ! 3

അൎജ്ജുനൻ പറഞ്ഞു.

ഭീഷ്മദ്രോണന്മാർകളേ ഞാനെങ്ങിനേ മധുസൂദന!
പോരിലമ്പെയ്യേത്തിക്കേണ്ടൂ പൂജ്യരെശ്ശത്രുസൂദന! 4

ഗുരുക്കളെപ്പൂജ്യരെക്കൊന്നിടാതെ-
യീലോകത്തിൽ ഭിക്ഷയേറുന്നതു നല്ലൂ
അൎത്ഥാശയൊക്കും ഗുരുഹിംസചെയ്തു
രക്തം തേച്ചും സൌഖ്യമിങ്ങോൎക്കയെന്നോ. 5
ഇതേതോ മെച്ചമറിയുന്നീല നമ്മാം
ജയിക്കയോ തോല്ക്കയോ നമ്മാംതന്നെ
ആരേക്കൊന്നാൽജ്ജീവനിലാശവേണ്ടാ
നേരേ നില്പുണ്ടവരീധാൎത്തരാഷ്ട്രർ. 6
കാൎപ്പണ്യദോഷാൽ സ്വസ്വഭാവം ക്ഷയിച്ച
ചോദിക്കുന്നേൻ ധൎമ്മസന്ദേഹിയായ് ഞാൻ
ശ്രേയസ്സെന്താണോതു നിൻ ശിഷ്യനീ ഞാൻ
ശാസിച്ചാലും കീഴിൽ നില്ക്കുന്നൊരെന്നെ. 7
കാണുന്നില്ലീങ്ങിന്ദ്രിയങ്ങാംകളെ ശോഷ-
മേകും ശോകം മമ പോക്കുന്നൊരെണ്ണം
ധരിത്രിയിൽശ്ശത്രുവറ്റൃദ്ധരാജ്യം
സുരേശത്വം തന്നെയും കിട്ടിയാലും. 8

സഞ്ജയൻ പറഞ്ഞു.

ഹൃഷീകേശനൊടെന്നോതിഗ്ഗുഡാകേശൻ പരന്തപൻ
യുദ്ധം ചെയ്കില്ലെന്നു ഗോവിന്ദനോടോതിയടങ്ങിനാൻ. 9

**അവനോടു ഹൃഷീകേശൻ ചിരിച്ചരുളി ഭാരത!**
**രണ്ടു സൈന്യങ്ങൾക്കിടയ്ക്കു വിഷാദിയ്ക്കുമൊളിങ്ങിനേ.** 10

(ശ്ലോകം 11—38)

ഈ ഭാഗത്തിൽ മൂന്നു മഹത്തത്വങ്ങളാണ് ഗീത പ്രഖ്യാപിക്കുന്നതു്:

ഒന്നു്: ദേഹം നശ്വരമാണ്. അതിലാശ്രയിക്കുന്നതുകൊണ്ടാണ് സർവ്വദുഃഖവും മോഹവും.

രണ്ടു്: ആത്മാവു ശാശ്വതവും സർവ്വവ്യാപിയും ജനനമരണമററതും (സച്ചിദാനന്ദസ്വരൂപം) ആകുന്നു. അതിൽ നാം സ്ഥിതിചെയ്താൽ മാത്രമേ സുഖം കൈവരികയുള്ളൂ.

മൂന്നു്: സഹജമായ സ്വധർമ്മത്തെ ഒരിക്കലും മോഹംകൊണ്ടു പരിത്യജിച്ചുപോകരുതു്.

(എന്നാൽ സ്വധർമ്മത്തെ ഒരു പുതിയ രീതിയിൽ ചെയ്താൽ കർമ്മം ബന്ധഹേതുവാകുന്നതിനു പകരം മുക്തിസാധനമായിത്തീരും. സ്വകർമ്മാചരണത്തെ കർമ്മയോഗമായിച്ചെയ്യണം. മനസ്സിൽ ഫലാസക്തിയുണ്ടാവരുതു്. ഈശ്വരാർപ്പണമായിച്ചെയ്യുക. ഈ പുതിയ രീതി അടുത്ത വിഭാഗത്തിൽ(c)-ലാണ് വിവരിക്കപ്പെട്ടിരിക്കുന്നതു്.)

ഒന്നും രണ്ടും തത്വങ്ങൾ ഉപനിഷത്തുക്കളിൽനിന്നു് ആവർത്തിക്കപ്പെട്ടതാകുന്നു. എന്നാൽ മൂന്നാമത്തേതായ കർമ്മയോഗം ഇത്ര സ്പഷ്ടമായും ദീർഘമായും യുക്തിപൂർവ്വമായും ഗീതതന്നെയാണ് ആദ്യം പ്രതിപാദിക്കുന്നതു്. ഉപനിഷത്തുക്കളിൽ ഇതു് അല്പമൊന്നു പരാമർശിക്കമാത്രമേ ചെയ്യപ്പെടുന്നുള്ളൂ.

## 4

(ശ്ലോകം 11—30)

ആത്മജ്ഞാനത്തിന്നുമാത്രമേ ശോകമോഹങ്ങളെ ഉന്മൂലനം ചെയ്യാൻ ശക്തിയുള്ളു. അതിന്നുംപുറമേ ആത്മജ്ഞാനത്തിന്റെ വെളിച്ചത്തിൽ മാത്രമേ മനുഷ്യന്റെ എല്ലാ പ്രവൃത്തിയും ഉചിതസ്ഥാനത്തിൽ ആവുകയുള്ളു. അടുത്തു പറയുവാൻ പോകുന്ന കർമ്മയോഗത്തിന്നു് ഇതാണു് അടിസ്ഥാനം.

മനുഷ്യൻ താൻ ദേഹമാണെന്നു തെററിദ്ധരിക്കുന്നു. അതുകൊണ്ടു ദേഹനാശം സംഭവിക്കുമ്പോൾ മനുഷ്യൻതന്നെ നശിക്കുന്നു എന്നു തെററിദ്ധരിച്ചു വ്യസനിക്കുന്നു. മനുഷ്യൻ വാസ്തവത്തിൽ നാശരഹിതനും സർവ്വവ്യാപിയുമായ ആത്മാവാണു്. ആത്മാവിന്നു മരണമില്ല. മരണം വെറും മോഹമാണു്. നഖം പോയാൽ അതു വീണ്ടും വരുന്നു. ആത്മാവു് ഒരു ദേഹം വെടിഞ്ഞാൽ വീണ്ടും വേറൊരു ദേഹത്തെ പ്രാപിക്കുന്നു.

ഈ 20 ശ്ലോകങ്ങളിൽ അദ്ധ്യാത്മശാസ്ത്രത്തിന്റെ സാരം അടങ്ങിയിരിക്കുന്നു. മനുഷ്യൻ എന്നാൽ ആത്മാവാണു്; ദേഹമല്ല. ആത്മാവു നിത്യനും സർവ്വവ്യാപിയും ആകുന്നു. അതിന്നു യാതൊരു നാശവുമില്ല.

ശ്രീഭഗവാൻ പറഞ്ഞു.

അശോച്യരിൽശ്ശോചിയാം നീ പ്രജ്ഞാവാദങ്ങൾ ചൊല്ലുയാം
പ്രാണൻപോയോരിലും പോകാത്തോരിലും ശോചിയാ ബുധൻ.
ഇല്ലാതിരുന്നില്ല ഞാനും നീയുമീ നരനാഥരും
ഇല്ലാതെയാവില്ലതാനും നാമെല്ലാമിനിമേലിലും. 12

ദേഹിക്കെങ്ങിനെ ദേഹത്തിൽബ്ബാലത്വം യൌവ്വനം ജര
ദേഹമാററവുമവ്വണ്ണം ധീരൻ മോഹിക്കയില്ലതിൽ. 13
പാൎത്ഥ! ശീതോഷ്ണസുഖദുഃഖദമാത്രാനുവൃത്തികൾ
അനിത്യകൾ വരും പോകും പൊറുക്കുകവ ഭാരത! 14
വ്യഥിക്കില്ലിവയാലേതു പുരുഷൻ പുരുഷൎഷഭ!
സമദുഃഖസുഖൻ ധീരനമൃതത്വത്തിനാണവൻ. 15
ഇല്ലാത്തതുണ്ടാവില്ലുള്ളതില്ലാതാവില്ലൊരിക്കലും
ഇതു രണ്ടിന്നുമുള്ളന്തം തത്വദൎശികൾ കണ്ടതാം. 16
എങ്ങും വ്യാപിച്ചുള്ളൊരതു നശിക്കില്ലാ ധരിക്കെടോ
ക്ഷയിക്കാത്തൊരിതിൻ നാശം ചെയ്യാനാവില്ലൊരുത്തനും. 17
നിത്യനായോരു ദേഹിക്കീദേഹങ്ങൾ മുടിയുന്നവ
അനാശിക്കപ്രമേയന്നിങ്ങെന്നാൽപ്പോർചെയ്ക ഭാരത! 18
ഇവനെക്കൊല്ലുവോനെന്നും ഹതനെന്നും ധരിപ്പവർ
അറിയുന്നില്ലിരുവരും കൊല്ലാ കൊല്ലപ്പെടില്ലിവൻ. 19

പിറക്കില്ലാ ചാകയില്ലെന്നുമെന്ന-
ല്ലുണ്ടായിട്ടില്ലിനിയുണ്ടാകയില്ലാ
അജൻ നിത്യൻ ശാശ്വതനീപ്പുരാണൻ
കൊല്ലപ്പെടാ മെയ് മുടിക്കുന്നപോതും. 20

അജനവ്യയനീ നിത്യൻ നശിക്കില്ലെന്നറിഞ്ഞവൻ
ആരെക്കൊൽവതു കൊല്ലിപ്പതെങ്ങിനേ പാൎത്ഥ പൂരുഷൻ. 21

പഴക്കമൊന്നുള്ള പടങ്ങൾ മാററി
നവങ്ങൾ വസ്ത്രങ്ങൾ നരൻ ഗ്രഹിപ്പൂ
അവ്വണ്ണമേ ജീൎണ്ണതനുക്കൾ മാററി
നവീനദേഹങ്ങളെടുപ്പൂ ദേഹി. 22

ശസ്ത്രം മുറിക്കില്ലിവനെ വേവില്ലിവനെ വഹ്നിയും
വെള്ളം നനയ്ക്കില്ലിവനെശ്ശോഷിപ്പിക്കില്ല വായുവും. 23
മുറിയേല്ലാ വെന്തുപോകാ നനയാ ശോഷിയായിവൻ
നിത്യൻ സൎവ്വഗനീ സ്ഥാണുവചലൻതാൻ സനാതനൻ. 24

അവ്യക്തനവിചിന്ത്യൻ താനവികാൎയ്യനുമാണിവൻ
അതിനാലിതറിഞ്ഞിട്ടിങ്ങനുശോചിച്ചിടായ്ക നീ. 25
അതല്ലിവൻ നിത്യജാതമൃതനെന്നു ധരിക്കിലും
മഹാബാഹോ! നീയിവനെയനുശോചിച്ചിടായ്കെടോ. 26
ജനിച്ചാൽ മരണം നിത്യം മരിച്ചവനു ജന്മവും
അതിനാലൊഴിയാത്തൊന്നിലനുശോചിച്ചിടായ്കെടോ. 27
അവ്യക്താദ്യങ്ങൾ ഭൂതങ്ങൾ വ്യക്തമദ്ധ്യങ്ങൾ ഭാരത!
അവ്യക്താന്തങ്ങളാണെന്നാലതിലെന്താവലാതിയാം. 28

ആശ്ചൎയ്യമട്ടിവനെക്കാണുമേക-
നാശ്ചൎയ്യമട്ടോതിടും മറെറാരുത്തൻ
ആശ്ചൎയ്യമട്ടന്യനോ കേട്ടിരിക്കും
കേട്ടാലുമിങ്ങറിയില്ലൊട്ടുമന്യൻ. 29

സൎവ്വദേഹത്തിലും ദേഹി വദ്ധ്യനല്ലയി ഭാരത!
അതിനാൽസ്സൎവ്വഭൂതത്തെപ്പററിയും ശോചിയായ്ക നീ. 30

5

(ശ്ലോകം 31—38)

അദ്ധ്യാത്മദൃഷ്ടി വെടിഞ്ഞു കേവലം ധൎമ്മദൃഷ്ട്യാ വീക്ഷിക്കുന്നതായാലും വ്യസനത്തിന്നു കാരണമില്ല.

സ്വധൎമ്മത്തെപ്പാൎത്തുകണ്ടുമിളകീടാതിരിക്ക നീ
ധൎമ്മ്യയുദ്ധത്തിനേക്കാൾ മററില്ലാ നന്മ നൃപന്നെടോ. 31
യദൃച്ഛയാ കിട്ടുമാറാസ്വൎഗ്ഗദ്വാരം തുറന്നതായ്
ഈ മട്ടു പോർ പാൎത്ഥ! നേടും സുഖിക്ഷത്രിയപുംഗവർ. 32
അതല്ല നീ ധൎമ്മ്യമാമിസ്സംഗരംചെയ്തിടായ്കിലോ
അതിൽ സ്വധൎമ്മം പുകഴും വിട്ടു നീ പാപമേററിടും. 33
നിനക്കനന്തദുഷ്കീൎത്തി ജീവജാലങ്ങളോതുമേ
പേർകേട്ടവനു ദുഷ്കീൎത്തി ചാക്കിലും വല്യതാണെടോ. 34
പേടിച്ചു പോരിൽപ്പിൻമാറി നീയെന്നോൎക്കും മഹാരഥർ
അവൎക്കു നീ മാന്യനായിനിന്നു ലാഘവമേററിടും. 35

പല വേണ്ടാത്തതും ചൊല്ലീത്തുടങ്ങും നിൻെറ വൈരികാം
നിൻപാടവത്തെ നിന്ദിച്ചുമതിലും ദുഃഖമെന്തുവാൻ. 36
ചത്താലോ സ്വർഗ്ഗമെത്തും നീ ജയിച്ചാൽ ഭൂമി വാണിടും
അതിനാലേല്ക്കു കൌന്തേയ! യുദ്ധത്തിന്നായുറച്ചു നീ. 37
ലാഭാലാഭം സുഖം ദുഃഖം ജയാജയവുമൊപ്പമായ്
യുദ്ധത്തിന്നായ് നീയൊരുങ്ങുകീവണ്ണം പാപമേല്ക്കൊലാ. 38

6 (a)

(ശ്ലോകം 39—41)

കർമ്മയോഗത്തിൻെറ പ്രരംഭമാണു് ഇവിടം മുതൽ. മഹത്തായ കർമ്മയോഗത്തിലേയ്ക്കു ശ്രദ്ധയെ ആകർഷിക്കുവാൻ അതിൻെറ ഫലത്തെ പറഞ്ഞുകൊണ്ടു് ആരംഭിക്കുന്നു. കർമ്മബന്ധനാശമാണു് കർമ്മയോഗഫലം. മനുഷ്യൻ സൽക്കർമ്മങ്ങൾകൊണ്ടും ദുഷ്കർമ്മങ്ങൾകൊണ്ടും ബന്ധനത്തിൽ അകപ്പെടുന്നുവെന്നു നാം ഓർക്കണം.

സാംഖ്യബുദ്ധിയിതാ ചൊന്നേൻ യോഗത്തിൽക്കേട്ടുകൊൾകിതും
ആബ്ബുദ്ധിയൊക്കകിൽപ്പാർത്ഥ! കർമ്മബന്ധം വിടും ഭവാൻ. 39
അഭിക്രമം നശിച്ചീടില്ലിങ്ങില്ലാ പ്രത്യവായവും
ഈധർമ്മത്തിന്നല്പമൊന്നും രക്ഷിക്കും വൻഭയത്തിലും. 40
നിശ്ചയാത്മികയാം ബുദ്ധിയിങ്ങൊന്നേ കുരുനന്ദന!
നിശ്ചയം വന്നിടാത്തോർക്കു ബുദ്ധി ചിന്നിയനന്തമാം. 41

6 (b)

(ശ്ലോകം 42—46)

വൈദികകർമ്മങ്ങളുടെ നിസ്സാരതയെ ഇവയിൽ ഭഗവാൻ ചൂണ്ടിക്കാണിക്കുന്നു. ഇഹലോകത്തിലും പരലോകത്തിലും ഭോഗൈശ്വര്യങ്ങളെ കാംക്ഷിക്കുന്നവർ ഇവ അനുഷ്ഠിക്കുന്നു. അവ് പുനർജ്ജന്മങ്ങൾക്കു കാരണമാണു്. ബുദ്ധിസ്ഥിരത ഇവകൊണ്ടുണ്ടാവുന്നില്ല.

പൂത്തുനില്ക്കുമൊരീവാക്ക പറഞ്ഞീടുമപണ്ഡിതർ
വേദവാദികളം ഹേ പാത്ഥ! മററൊന്നില്ലെന്നു ചൊല്ലുവോർ. 42
ജന്മകമ്മഫലം നല്കീ ക്രിയാഭേദം പെരുത്തതായ്
ഭോഗൈശ്വയ്യഗതിക്കായിക്കാമിക്കും സ്വഗ്ഗകാംക്ഷികൾ. 43
അതിൽച്ചിത്തം ലയിച്ചുള്ള ഭോഗൈശ്വയ്യപരക്കഹോ
നിശ്ചയാത്മികയാം ബുദ്ധി വിധിപ്പീലാ സമാധിയിൽ. 44
വേദം ത്രൈഗുണ്യവിഷയം ത്രൈഗുണ്യം വിടുകജ്ജ്ജുന!
നിർദ്വന്ദ്വൻ നിത്യസത്വസ്ഥൻ നിയ്യോഗക്ഷേമനാത്മവാൻ. 45
എങ്ങും വെള്ളം നിറഞ്ഞെന്നു കിണർകൊണ്ടെന്തു കാര്യമോ
വേദംകൊണ്ടത്രതാൻ കാര്യം വിജ്ഞാനം ബ്രാഹ്മണന്നഹോ. 46

6 (c)

(ശ്ലോകം 47—53)

കമ്മയോഗസ്വരൂപം. ഫലം ഉണ്ടെങ്കിൽ ഫലതൃഷ്ണയെ വെടിഞ്ഞു കമ്മം ചെയ്യുക. ഫലം: പുനജ്ജന്മമുണ്ടാവില്ല. പരമപദം പ്രാപിക്കാം.

കമ്മാധികാരിമാത്രം നീ ചെററുമൊല്ലാ ഫലങ്ങളിൽ
കമ്മത്തിൽ ഫലമാശിയ്ക്കൊല്ലകമ്മത്തിലിണങ്ങൊലാ. 47
യോഗസ്ഥനായ്ച്ചെയ്ക കമ്മം സംഗമെന്യേ ധനഞ്ജയ!
സിദ്ധ്യസിദ്ധിസമപ്രായൻ സമത്വം യോഗമാം ദൃഢം. 48
ബുദ്ധിയോഗത്തിൽനിന്നേറെത്താഴേ കമ്മം ധനഞ്ജയ!
ബുദ്ധിയിൽശ്ശരണം ചെല്ക ഫലഹേതുക്കൾ പിച്ചകൾ. 49
ബുദ്ധിയോഗം കലൻറുള്ളോൻ പാപപുണ്യങ്ങൾ കൈവിടും
അതിനാൽ യോഗമേററാലും യോഗമോ കമ്മകൌശലം. 50
കമ്മജന്യഫലം വിട്ടു ബുദ്ധിയോഗിമനീഷികൾ
ജന്മബന്ധം വിട്ടൊഴിഞ്ഞു കേടററ പദമെത്തുമേ. 51
നിൻ ബുദ്ധി,മോഹകലിലമെപ്പോൾ വിട്ടു കടക്കുമോ
കേൾക്കേണ്ടതിൽക്കേട്ടതിലുമന്നു നിവ്വിണ്ണനാം ഭവാൻ. 52

ശ്രുതിയാൽസ്സംശയം വിട്ടിട്ടെന്നോ നിശ്ചലമായ് ദൃഢം
സമാധിയിൽ ബുദ്ധി നില്പതന്നു നീ യോഗമാർന്നിടും. 53

7

(ശ്ലോകം 54—72)

കർമ്മനിഷ്ഠയ്ക്കുപരിയായ ജ്ഞാനനിഷ്ഠ, ജ്ഞാനയോഗാഭ്യാസം ഇവിടെ വിവരിക്കപ്പെട്ടിരിക്കുന്നു. കർമ്മയോഗം ഒരു ചെടിയും ജ്ഞാനയോഗം ആ ചെടിതന്നെ വളർന്നു ഫലം തരുന്ന വൃക്ഷമാകുന്നതുമാണ്.

കർമ്മയോഗത്തിൽ കർമ്മം— അതായതു ബാഹ്യപ്രവൃത്തിയുണ്ട്. ജ്ഞാനയോഗത്തിൽ ബാഹ്യകർമ്മം വിട്ട മനോനിഗ്രഹമാണ് പരമലക്ഷ്യം.

ഈ ഖണ്ഡികയ്ക്കു "സ്ഥിതപ്രജ്ഞലക്ഷണം" എന്നാണ് പേർ. ഇതിൽ ബാഹ്യവസ്തുക്കളിന്മേലുള്ള കാമം തിരെ വെടിഞ്ഞു് ആത്മാവിൽത്തന്നെ ശ്രദ്ധ പതിപ്പിക്കുന്നതാണ് ലക്ഷ്യം. ഇതു പരമപുരുഷാർത്ഥപ്രാപ്തിക്കുള്ളതാണ്. സാധനാവിശേഷങ്ങളെ അപേക്ഷിച്ച് ഈ അവസ്ഥയെ യോഗസിദ്ധിയെന്നും (6_ൽ 20_32) വിശ്വരൂപദർശനമെന്നും (11_ൽ 15_3.) പരാഭക്തിയെന്നും (12_ൽ 13_20) ഗുണാതീതത്വമെന്നും (14_ൽ 22_27) പരാജ്ഞാനനിഷ്ഠ, അല്ലെങ്കിൽ ബ്രഹ്മീഭൂതഭാവമെന്നും (18_ൽ 50_55) പറഞ്ഞിരിക്കുന്നു. ഇവ വെവ്വേറെയായുള്ള അവസ്ഥകളല്ല. പരമകാഷ്ഠയുടെ നാനാമുഖങ്ങളാകുന്നു.

ഈ ഖണ്ഡികയുടെ അവതാരികയിൽ വളരെ ശ്രദ്ധേയമായ ഒരു സൂചന ശ്രീശങ്കരാചാര്യർ നല്കുന്നു. സി

ദ്ധന്റെ ലക്ഷണങ്ങൾ സാധകന്നു സാധനാവിശേഷോ പദേശമാകുന്നു. ഈ സാധനകളെ മഹാപ്രയത്നത്തോടെ നിരന്തരം അഭ്യസിക്കണം. അഭ്യാസം സ്ഥിരമാവുമ്പോൾ, സിദ്ധമാവുമ്പോൾ അവ ലക്ഷണങ്ങളായിത്തിരുന്നതാണു്. അദ്ധ്യാത്മശാസ്ത്രപഠനത്തിൽ ഇതു വളരെ ശ്രദ്ധേയമായ ഒരു വിഷയമാണു്. തീവ്രസാധനാഫലമായി ലക്ഷണങ്ങൾ ക്രമേണ ഉത്ഭവിക്കുന്നു. അവ പെട്ടെന്നു ജനിക്കുന്നതല്ല. സാധനകളെ ചൂണ്ടിക്കാണിക്കുവാനുള്ളതാണു് ഈ ശിഷ്ടവർണ്ണനകൾ. കർമ്മയോഗം അതിന്റെ തുടർച്ചയായ വളർച്ചയിൽ ജ്ഞാനയോഗത്തിൽ പരിസമാപിക്കുന്നതാകുന്നു. ഗീതയുടെ സമ്പ്രദായത്തിൽ പരമപുരുഷാർത്ഥസിദ്ധിക്കു് അനുഷ്ഠാനക്രമം "സന്ന്യാസസ്തു മഹാബാഹോ ദുഃഖമാപ്തും അയോഗതഃ" 56. കർമ്മയോഗത്തിൽ വിദഗ്ദ്ധനാവാത്തവന്നു സന്ന്യാസം—അതായതു കർമ്മത്തെ തീരെ ഉപേക്ഷിച്ചു ജ്ഞാനനിഷ്ഠയിൽ ഏർപ്പെടുക എന്നതു്—പ്രയാസമാകുന്നു.

അർജ്ജുനൻ പറഞ്ഞു.

പ്രജ്ഞനില്ക്കും സമാധിസ്ഥനെന്തുവാൻ മൊഴി കേശവ!
സ്ഥിതധീയെന്തോതുമെങ്ങു നില്ക്കുമെങ്ങു ഗമിച്ചിടും. 54

ശ്രീഭഗവാൻ പറഞ്ഞു.

മനസ്സിലുള്ള കാമങ്ങൾ പാർത്ഥ! മുററും ത്യജിക്കുകിൽ
ആത്മാവിലാത്മസന്തുഷ്ടൻ സ്ഥിതപ്രജ്ഞനുമാമവൻ. 55
ദുഃഖത്തിലുംനടുങ്ങാത്തോൻ സുഖത്തിൽക്കൊതിയററവൻ
രാഗദ്വേഷഭയം വിട്ടോൻ സ്ഥിതധീ മുനിയാണവൻ. 56
ശുഭാശുഭങ്ങളേററാലുമൊന്നിലും സ്നേഹമററവൻ
കൊണ്ടാടാത്തോൻ വെറുക്കാത്തോനത്രേ പ്രജ്ഞയുറച്ചവൻ. 57

ആമ കൈകാൽതലകാംപോലിന്ദ്രിയങ്ങളെയൊക്കെയും
വിഷയാൽപ്പിൻവലിക്കുന്നോനത്രേ പ്രജ്ഞയുറച്ചവൻ. 58
ആഹാരം വിട്ട ദേഹിക്കു വിഷയങ്ങളൊഴിഞ്ഞുപോം
രസമെന്ന്യേ രസംപിന്നെപ്പരം കണ്ടീടിൽ വിട്ടുപോം. 59
കൌന്തേയ! യത്നംചെയ്താലും വിദ്വാനാം പുരുഷന്നുമേ
മയക്കുമിന്ദ്രിയഗ്രാമം മനസ്സിനെ ഹരിക്കുമേ. 60
അതൊക്കെയുമടക്കീട്ടെൻപരൻ യോഗമിരിക്കണം
ഇന്ദ്രിയങ്ങാം വശപ്പെട്ടോനത്രേ പ്രജ്ഞയുറച്ചവൻ. 61
വിഷയങ്ങാം നിനപ്പോനായവയിൽസ്സംഗമാപ്പെട്ടും
സംഗത്താൽക്കാമമുണ്ടാകും കാമത്താൽ ക്രോധമാണ്ടിടും. 62
ക്രോധത്താലാണ സമ്മോഹം സമ്മോഹാലോമ്മവിട്ടിടും
ഓമ്മവിട്ടാൽബ്ബുദ്ധികെടും ബുദ്ധികെട്ടാൽ നശിച്ചിടും. 63
രാഗദ്വേഷങ്ങാം വിട്ടും തൻ പാട്ടിലാമിന്ദ്രിയങ്ങളാൽ
സ്വായത്തം വിഷയം കൊാംവോൻ പ്രസാദത്തെയണഞ്ഞിടും. 64
പ്രസാദത്തിൽസ്സർവ്വദുഃഖഹാനിയായവനൊത്തിടും
പ്രസന്നചിത്തനുടനേ ബുദ്ധിയേററമുറച്ചിടും. 65
അയോഗിക്കൊത്തിടാ ബുദ്ധിയയോഗിക്കില്ല ഭാവന
ശാന്തിയൊക്കാ ഭാവിയാത്തോനശാന്തന്നെവിടെസ്സുഖം. 66
ചരിക്കുമിന്ദ്രിയങ്ങാംക്കു മനസ്സുംകൂടെയെത്തുകിൽ
ഹരിക്കും പ്രജ്ഞയത്തു കാററംഭസ്സിൽത്തോണിപോലവേ. 67
അതുകൊണ്ടു മഹാബാഹോ! വിഷയങ്ങളിലിന്ദ്രിയം
അടങ്ങിനില്ക്കുന്നവനാണത്രേ പ്രജ്ഞയുറച്ചവൻ. 68
ഏവക്കും രാത്രിയാം നേരമുണന്നീടുന്നു സംയമി
കാണും മുനിക്കു നിശയാണെല്ലാരുമുണരുന്നതിൽ. 69

വെള്ളം നിറഞ്ഞിട്ടിളകാതുറച്ച
കടൽക്കകം നീരണയുന്നപോലെ
മുററും കാമം ചേരുവോൻ ശാന്തിയേന്തും
കാമം കാമിക്കുന്നവൻ ശാന്തിയേന്താ. 70

കാമമെല്ലാം വെടിഞ്ഞിട്ടു കാംക്ഷവിട്ടു ചരിപ്പവൻ
നിർമ്മമൻ നിരഹങ്കാരനായവൻ ശാന്തിയേന്തിടും. 71
ഇതു പാർത്ഥ! ബ്രഹ്മനിലയിതുള്ളോൻ മോഹമാണ്ടിടാ
ഇതിൽ നിന്നാൽക്കലാശത്തിൽ ബ്രഹ്മനിർവ്വാണമാണ്ടിടും. 72

# അധ്യായം മൂന്നു്

## കർമ്മയോഗം

8

(ശ്ലോകം 1—8)

മനുഷ്യന്റെ വളർച്ചയ്ക്കനുരൂപമായിട്ടാണു് ഈ രണ്ടു മാർഗ്ഗങ്ങളും (കർമ്മയോഗവും ജ്ഞാനയോഗവും). ആരംഭത്തിൽ കർമ്മയോഗം അനുപേക്ഷണീയമാണു്.

അർജ്ജുനൻ പറഞ്ഞു.

ജ്ഞാനം കർമ്മത്തിനേക്കാളും മെച്ചമെങ്കിൽജ്ജനാർദ്ദന!
ഘോരകർമ്മത്തിലെന്തെന്നെ നിയോഗിപ്പതു കേശവ! 1
കലർത്തിച്ചൊല്ലിയെൻ ബുദ്ധി മോഹിപ്പിക്കുന്നു ഹന്ത നീ
തീർച്ചകണ്ടൊന്നുരച്ചാലുമതിൽ ശ്രേയസ്സു നേടുവൻ. 2

ശ്രീഭഗവാൻ പറഞ്ഞു.

ലോകത്തിൽ നിഷ്ഠ രണ്ടായ് ഞാൻ ചൊന്നേൻ മുമ്പനഘാശയ!
ജ്ഞാനയോഗാൽക്കർമ്മയോഗാൽസ്സാംഖ്യർക്കും യോഗികൾക്കുമേ. 3
കർമ്മങ്ങൾ തുടരാഞ്ഞാലും നൈഷ്കർമ്മ്യം നേടിടാ പുമാൻ
സന്യാസംകൊണ്ടു താനിങ്ങു സിദ്ധിനേടുന്നതല്ലെടോ. 4
ക്ഷണംപോലുമൊരാൾ കർമ്മമൊന്നും ചെയ്യാതെ നിന്നിടാ
ചെയ്യിപ്പിക്കും പ്രകൃതിജഗുണം കർമ്മത്തെയാരെയും. 5
കർമ്മേന്ദ്രിയങ്ങളേ നിർത്തീട്ടിന്ദ്രിയാർത്ഥങ്ങളുള്ളിനാൽ
ഓർത്തിരിക്കും മൂഢബുദ്ധി മിഥ്യാചാരനമാണെടോ. 6

മനസ്സുകൊണ്ടിന്ദ്രിയങ്ങളടക്കിക്കർമ്മയോഗവും
കർമ്മേന്ദ്രിയങ്ങളാൽച്ചെയ്യോനസക്തൻ മെച്ചമജ്ജുന! 7
ദൃഢം കർമ്മം ചെയ്ക കർമ്മമകർമ്മത്തിലുമുത്തമം
കർമ്മം ചെയ്യാതെ നിൻദേഹയാത്രപോലും നടന്നിടാ. 8

## 9 (a)

(ശ്ലോകം 9—13)

### കർമ്മയോഗമാകുന്നു വാസ്തവത്തിലുള്ള യജ്ഞം.

യജ്ഞാർത്ഥകർമ്മം വിട്ടിങ്ങീ ലോകമേ കർമ്മബന്ധനം
അതിന്നു കർമ്മം കൌന്തേയ ചെയ്ക നിസ്സംഗനായ് ഭവാൻ. 9
യജ്ഞത്തോടും പ്രജാസൃഷ്ടി ചെയ്തന്നോതീ പ്രജാപതി
നിങ്ങൾക്കിതേ കാമധേനുവിതിനാൽ നിങ്ങൾ വാഴുവിൻ. 10
ഇതിൽച്ചെയ്യിൻ ദേവതൃപ്തി തൃപ്തിക്കും ദേവർ നിങ്ങളെ
അന്യോന്യം തർപ്പണം ചെയ്തു പരം ശ്രേയസ്സു നേടുവിൻ. 11
യജ്ഞതൃപ്തരാം വാനോർ നിങ്ങൾക്കിഷ്ടസുഖം തരും
അവർക്കേകാതവർ തരുന്നതേല്പോൻ നല്ല കള്ളനാം. 12
സത്തുക്കൾ യജ്ഞശിഷ്ടത്തെയശിച്ചഘമൊഴിച്ചിടും
തനിക്കുതാൻ പചിക്കുന്നോർ പാപം പാപികളേല്ക്കുമേ. 13

## 9 (b)

(ശ്ലോകം 14—16)

### ലോകപ്രവാഹരീതി

അന്നാൽജ്ജീവികളുണ്ടാകുമന്നമുണ്ടാം ഘനത്തിനാൽ
യജ്ഞത്താൽ മേഘമുണ്ടാകും യജ്ഞം കർമ്മസമുൽഭവം. 14
കർമ്മം ബ്രഹ്മോത്ഭവം കാൺക ബ്രഹ്മാക്ഷരസമുത്ഭവം
അതിനാൽസ്സർവ്വഗം ബ്രഹ്മമെന്നും യജ്ഞത്തിൽ നില്പതാം. 15
ഏവം നടത്തും ചക്രത്തെയനുവർത്തിച്ചിടാത്തവൻ
പാപായുസ്സിന്ദ്രിയാരാമൻ ജീവിപ്പൂ പാർത്ഥ! പാഴിലായ്. 16

## 9 (c)

(ശ്ലോകം 17—18)

### ആരാണു് കർമ്മത്തിന്നു് അതീതൻ?

ആരാത്മരതിയായാത്മതൃപ്തനായോരു മാനവൻ
ആത്മാവിൽത്തന്നെ സന്തുഷ്ടനവൻ ചെയ്യേണ്ടതില്ലിഹ. 17
ചെയ്താലുമവനില്ലൊന്നും കാര്യം ചെയ്തില്ലയെങ്കിലും
സർവ്വഭൂതത്തിലുമവന്നില്ലല്ലോ കാര്യബന്ധനം. 18

## 9 (d)

(ശ്ലോകം 19—33)

കർമ്മത്തിന്റെ മൂലം പ്രകൃതി, അതായതു രജോഗുണമാണു്. കർമ്മങ്ങളെ കർമ്മയോഗങ്ങളായി മാററുക. കർമ്മം എന്നതിന്റെ അർത്ഥം ഗീതയിൽ സ്വധർമ്മമാണു്.

അതിനാൽസ്സക്തി വിട്ടെന്നും ചെയ്യേണ്ടും ക്രിയ ചെയ്ക നീ
കർമ്മസംഗം വിട്ടു ചെയ്യും പുരുഷൻ പരമാന്നിടും 19
കർമ്മത്താൽത്തന്നെ സംസിദ്ധി പൂണ്ടോർകൾ ജനകാദികൾ
ലോകസംഗ്രഹമൊന്നോർത്തെന്നാലും നീ ക്രിയ ചെയ്യണം. 20
എന്തെന്തു വലിയോൻ ചെയ്വതതു ചെയ്യുന്നു മററുപേർ
അവനെന്തോ പ്രമാണിപ്പതതു പിന്തുടരും ജനം. 21
എനിക്കു പാർത്ഥ! മൂപ്പാരിലൊന്നും ചെയ്യേണ്ടതില്ലെടോ
കിട്ടാത്തതില്ലാ കിട്ടാനും കർമ്മത്തിൽത്തന്നെ നില്പു ഞാൻ. 22
ഇളവില്ലാതെ കർമ്മത്തിൽ ഞാൻ നിന്നീടാതിരിക്കിലോ
എൻവഴിക്കേ പിന്തുടരും പാർത്ഥ! മാനുഷരേവരും 23
ഈ ലോകമൊക്കെക്കെട്ടീടും ഞാൻ കർമ്മം ചെയ്തിടായ്കിലോ
സങ്കരം ചെയ്യുവോനാകുമീ പ്രജാക്ഷയകാരിയാം. 24
സക്തരാം മൂഢർ കർമ്മങ്ങൾ ചെയ്തീടുംപോലെ ഭാരത!
ലോകസംഗ്രഹമിച്ഛിപ്പോനസക്തൻ ചെയ്യണം ബുധൻ. 25

കമ്മസംഗികളജ്ഞക്കു ബുദ്ധിഭേദം വരുത്തൊലാ
ഒത്തു വിദ്വാൻ കമ്മമൊക്കെച്ചെയ്തു ചെയ്യിച്ചുകൊള്ളണം. 26
കമ്മങ്ങളൊക്കെ പ്രകൃതി ഗുണങ്ങൾവഴി ചെയ്കിലും
അഹങ്കാരവിമൂഢാത്മാവോർപ്പു ഞാൻ ചെയ്യതെന്നു താൻ. 27
തത്വം കണ്ടോൻ മഹാബാഹോ! ഗുണകമ്മത്തിരിപ്പിലേ
ഗുണം ഗുണത്തിൽ നില്ക്കുന്നതെന്നറിഞ്ഞിട്ടസക്തനാം. 28
പ്രകൃതിസ്ഥിതിമൂഢന്മാർ ഗുണകമ്മത്തിലേപ്പെട്ടും
എല്ലാം കാണാത്താജ്ഞളരെയെല്ലാം കണ്ടോനിളക്കൊലാ. 29
അദ്ധ്യാത്മബുദ്ധിയാലെന്നിൽക്കമ്മമെല്ലാം ന്യസിച്ചതാൻ
നിരാശീസ്സായ് നീമ്മമനായല്ലൽ വിട്ടടർചെയ്ക നീ. 30
എനിക്കുള്ളീ മതം നിത്യമനുഷ്ഠിക്കുന്ന മാനവർ
ശ്രദ്ധയൊത്തീഷ്യവിട്ടുള്ളോർ കമ്മനിമ്മുക്തരായ്വരും. 31
ഈഷ്യവിട്ടെൻ മതമിതങ്ങനുഷ്ഠിക്കാതിരിപ്പവർ
സവ്വജ്ഞാനവിമൂഢന്മാർ നഷ്ടബുദ്ധികളോക്ക നീ. 32
അറിവോനും തൽപ്രകൃതിയൊത്തിട്ടും ചേഷ്ടകൊള്ളുമേ
പ്രകൃതിക്കെത്തുമേ ലോകർ നിഗ്രഹം ചെയ്യതെന്തുവാൻ. 33

## 10

(ശ്ലോകം 34—35)

പുരുഷകാരത്തിന്റെ, അതായതു മനുഷ്യപ്രയത്നത്തിന്റെ സ്ഥാനം. മനുഷ്യൻ ഇന്ദ്രിയനിഗ്രഹത്തിന്നായി പ്രവത്തിക്കണം. ഇന്ദ്രിയങ്ങളുടേയും മനസ്സിന്റേയും നിയന്ത്രണമാണ് ശാസ്ത്രത്തിന്റെ ഉദ്ദേശം.

രാഗദ്വേഷങ്ങൾ നില്പുണ്ടിങ്ങിന്ദ്രിയാത്ഥങ്ങൾതോറുമേ
അവററിൻപാട്ടിലായ്പ്പോകൊല്ലിവന്നവ വിരോധികൾ. 34
പരധമ്മത്തിനേക്കാളും വികമ്മം വിഗുണം ഗുണം
സ്വധമ്മത്തിൽച്ചാക നല്ലൂ പരധമ്മം ഭയങ്കരം. 35

## 11

(ശ്ലോകം 36—43)

വാസ്തവത്തിൽ കമ്മങ്ങറം—അതായതു പലേ ആഗ്രഹങ്ങറം—ഇവയാണു് മനുഷ്യൻെറ പരമശത്രുക്കഠം. ജ്ഞാനത്തിൻേറയും ശത്രുക്കളായ അവയെ ആത്മബലത്തെ അവലംബിച്ചു നിഗ്രഹിക്കുക. എന്നാൽ പാപരഹിതന്മാരാവാം.

അജ്ജുനൻ പറഞ്ഞു.

എന്നാലിങ്ങാരയച്ചിട്ടു പാപം ചെയ്യുന്നു പൂരുഷൻ
തന്നിച്ഛ വിട്ടും വാർഷ്ണേയ! ബലാൽക്കല്പിച്ചവണ്ണമേ. 36

ശ്രീഭഗവാൻ പറഞ്ഞു.

ഈക്കാമമീക്രോധമിതു രജോഗുണസമുത്ഭവം
മഹാശനൻ മഹാപാപി കാങ്കിവൻതന്നെ വൈരിയാം. 37

പുകയഗ്നിയെ മൂടുന്നു ചളി കണ്ണാടിയേയുമേ
ഭരായു ഗർഭം മൂടുന്നുണ്ടേവം മൂടുമിതെങ്ങുമേ. 38

ഇതിനാലാവൃതം ജ്ഞാനം ജ്ഞാനിക്കോ നിത്യവൈരിയാൽ
കൌന്തേയ! കാമപൂരത്തിൽ തൃപ്തിയില്ലാത്തൊരഗ്നിയാൽ. 39

ഇന്ദ്രിയം ബുദ്ധി മനവുമധിഷ്ഠാനമിതിന്നുപോൽ
ഇവയാലേ മയക്കുന്നു ജ്ഞാനം മൂടീട്ടു ദേഹിയെ. 40

അതിനാൽ നീയിന്ദ്രിയങ്ങഠം മുമ്പടക്കീട്ടു ഭാരത!
വിജ്ഞാനം പോക്കിടുന്നോരീപ്പാപിയെസ്സംഹരിക്കെടോ. 41

പരങ്ങളാണിന്ദ്രിയങ്ങളിന്ദ്രിയങ്ങഠംക്കുമേ മനം
മനസ്സിന്മേലെയാം ബുദ്ധി ബുദ്ധിക്കും മേലെയാണവൻ. 42

ഏവം ബുദ്ധിക്കു പരനെക്കണ്ടങ്ങാത്മാവടക്കി നീ
മഹാബാഹോ! കൊല്ലു കാമരൂപദുർവ്വാരവൈരിയെ. 43

# അധ്യായം നാല്

## കർമ്മയോഗകാരിയും കർമ്മയോഗത്തിൻെറ രഹസ്യവും

12

(ശ്ലോകം 1—3)

### ശാസ്ത്രസമാപ്തി

ശ്രീഭഗവാൻ പറഞ്ഞു.

ഈയൊരവ്യയമാം യോഗം വിവസ്വാനോടു ചൊല്ലി ഞാൻ
വിവസ്വാൻ മനുവോടോതി മനുവിക്ഷ്വാകുവോടുമേ. 1
രാജർഷികളറിഞ്ഞാരിപ്പരമ്പരവഴിയ്ക്കിതും
ഏറെക്കാലംകൊണ്ടു നശിച്ചിതീ യോഗം പരന്തപ! 2
ആപ്പുരാതനമാം യോഗം നിന്നോടിന്നുരചെയ്തു ഞാൻ
ഭക്തനെന്നിഷ്ടനെന്നോർത്തു ശ്രദ്ധമാകുമിതുത്തമം. 3

(ശ്ലോകം 4—14)

### അവതാരരഹസ്യം

അർജ്ജുനൻ പറഞ്ഞു.

പിമ്പേ നിൻ ജനനം മുമ്പേ വിവസ്വാനുടെ ജന്മവും
ആദ്യം നീയോതിയെന്നീ ഞാനറിയേണ്ടുന്നതെങ്ങിനേ. 4

ശ്രീഭഗവാൻ പറഞ്ഞു.

കഴിഞ്ഞു പലജന്മം മേ നിനക്കും പലതർജ്ജുന!
അതൊക്കെ ഞാനോർക്കുവേൻ നീയോർക്കുന്നീല പരന്തപ! 5
അജനവ്യയനെന്നാലും ഭൂതങ്ങൾക്കീശനാകിലും
നിജപ്രകൃതി കൈക്കൊണ്ടു ജനിപ്പേനാത്മമായയാൽ. 6
ധർമ്മത്തിന്നെപ്പൊഴൊക്കേയും വാട്ടം തട്ടുന്നു ഭാരത!
അധർമ്മാഭ്യുത്ഥാനവുമന്നാത്മസൃഷ്ടി കഴിപ്പു ഞാൻ. 7
സാധുസംരക്ഷണത്തിന്നും ദുഷ്ടസംശിക്ഷണത്തിനും
ധർമ്മത്തിൻ നിലനില്പിന്നും യുഗംതോറും ജനിക്കുവേൻ. 8

എൻദിവ്യജന്മകർമ്മങ്ങളേവം നേരോടറിഞ്ഞവൻ
ദേഹം വിട്ടാൽജ്ജനിക്കില്ലീയെങ്കലെത്തീടുമജ്ജുന! 9
രാഗക്രോധങ്ങളം വിട്ടെന്നെത്താനോത്തെന്നെ ശ്രയിച്ചവർ
പല പേരും ജ്ഞാനതപശ്ശുദ്ധർ ഞാൻതന്നെയായിനാർ. 10
ആരെന്നെയെമ്മട്ടണവതമ്മട്ടവരെയേല്പും ഞാൻ,
എൻവഴിയ്ക്കനുവത്തിപ്പൂ പാത്ഥ! മാനുഷർ മുററുമേ. 11
കർമ്മസിദ്ധിക്കു കാംക്ഷിപ്പോർ ദേവന്മാരെ യജിപ്പവർ
ഉടൻ മനുഷ്യലോകത്തിൽക്കർമ്മത്താൽസ്സിദ്ധി കിട്ടിടും. 12
ഗുണകർമ്മവിഭാഗത്താൽജ്ജാതി നാലും ചമച്ചു ഞാൻ
അതിന്നു കത്താവെന്നാൽ ഞാനകത്താവറികവ്യയൻ. 13
കർമ്മലേപമെനിയ്ക്കില്ലില്ലേതും കർമ്മഫലാശയും
ഇമ്മട്ടെന്നെയറിഞ്ഞോനും കർമ്മബന്ധമണഞ്ഞിടാ. 14

13

(ശ്ലോകം 15_24)

കർമ്മയോഗരഹസ്യം

എന്നറിഞ്ഞും ചെയ്തു കർമ്മം പണ്ടുള്ളോർ മോക്ഷകാംക്ഷികൾ
അതിനാൽച്ചെയ്ക നീ കർമ്മം പണ്ടുള്ളോർ പണ്ടു ചെയ്തതാം. 15
കർമ്മമെന്തെന്താണകർമ്മമിതിൽക്കവികൾ മൂഢരാം
ആക്കർമ്മം നിന്നൊടോതാം ഞാനറിഞ്ഞാൽപ്പാപമററിടും. 16
തത്വം കർമ്മത്തിനും കാൺക വികർമ്മത്തിന്നുമങ്ങിനേ
അകർമ്മത്തിന്നുമേ കാൺക കർമ്മത്തിൻ ഗതി ദുർഘടം. 17
അകർമ്മത്തിൽക്കർമ്മവും താൻ കർമ്മത്തിങ്കലകർമ്മവും
കാണ്മോൻ ധീമാൻ മാനുഷരിലവൻ യോഗി കൃതാർത്ഥനാം. 18
കാമസങ്കല്പമില്ലാതെ സർവ്വാരംഭവുമുള്ളവൻ
കർമ്മം ജ്ഞാനത്തീയ്യിൽ വെന്തോൻ വിദ്വാനെന്നോതുമേ ബുധർ.
കർമ്മത്തിൻ ഫലബന്ധം വിട്ടെന്നും തൃപ്തൻ നിരാശ്രയൻ
കർമ്മംചെയ്യുന്നിതെന്നാലുമൊന്നും ചെയ്യുന്നതില്ലവൻ. 20

നിരാശി യതചിത്താത്മാവെല്ലാബ്ബന്ധവുമററവൻ
കമ്മം മെയ്യാലെതാൻ ചെയ്യോൻ കിൽബ്ബിഷത്തിൽപ്പെടാ ദൃഢം.
യദൃച്ഛാലാഭസന്തുഷ്ടൻ ദ്വന്ദ്വംവിട്ടോൻ വിമത്സരൻ
സിദ്ധ്യസിദ്ധികളിൽത്തുല്യൻ ചെയ്കിലും ബന്ധമേററിടാ. 22
സംഗം പോയ് മുക്തനായ് ജ്ഞാനത്തിങ്കൽച്ചിത്തമുറച്ചഹോ
യജ്ഞാത്ഥം ക്രിയ ചെയ്യോന്നു ലയിച്ചീടും സമസ്തവും. 23
ബ്രഹ്മാഗ്നിയിൽ ബ്രഹ്മഹവ്യം ബ്രഹ്മാൽ ബ്രഹ്മാപ്പണം ഹുതം
ബ്രഹ്മത്തിലെത്തിടുമവൻ ബ്രഹ്മകമ്മസമാധിയാൽ. 24

## 14

(ശ്ലോകം 25_33)

യഥാത്ഥത്തിൽ വേദവിഹിതങ്ങളായ കമ്മങ്ങാംക്കല്ല, അവയേക്കാഠം താഴെ പറയുന്നവയ്ക്കാണു് ഗീത പ്രാധാന്യം കൊടുത്തിരിക്കുന്നതു്. വേദത്തിൽ യജ്ഞങ്ങഠം ദ്രവ്യസഹിതങ്ങളാണു്. പലതും ധനസഹായത്തോടെ മാത്രമേ സാധിക്കുകയുള്ളു. എന്നാൽ ദ്രവ്യരഹിതങ്ങളും ജ്ഞാനപ്രദങ്ങളുമായ യജ്ഞങ്ങഠം ഇവിടെ പറഞ്ഞു കാണാം.

ദൈവയജ്ഞമുപാസിപ്പൂ വേറിട്ടു ചില യോഗികഠം
യജ്ഞം യജ്ഞത്തിനാൽത്തന്നെ ചെയ്വൂ ബ്രഹ്മാഗ്നിയിൽച്ചിലർ
സംയമാഗ്നിയിൽ ഹോമിപ്പൂ ശ്രോത്രാദീന്ദ്രിയവും ചിലർ.
ഇന്ദ്രിയാഗ്നിയിൽ ഹോമിപ്പൂ ശബ്ദാദിവിഷയം ചിലർ. 26
മുററമിന്ദ്രിയകമ്മങ്ങഠം പ്രാണകമ്മങ്ങളും ചിലർ
ഹോമിപ്പൂ ജ്ഞാനദീപ്താത്മയോഗസംയമവഹ്നിയിൽ. 27
ദ്രവ്യയജ്ഞം തപോയജ്ഞം ജ്ഞാനയജ്ഞവുമായ്ച്ചിലർ
സ്വാദ്ധ്യായജ്ഞാനയജ്ഞന്മാർ യതിമാർ സംശിതവ്രതർ. 28
ഹോമിപ്പൂ പ്രാണനിലപാനനെ പ്രാണനപാനനിൽ
പ്രാണാപാനപ്പോക്കു നിർത്തി പ്രാണായാമമെഴും ചിലർ. 29

പ്രാണൻ പ്രാണനിൽ ഹോമിപ്പൂ നിയതാഹാരരാം ചിലർ
യജ്ഞജ്ഞരിവരെല്ലാരും യജ്ഞത്താൽപ്പാപമററവർ. 30
യജ്ഞശിഷ്ടാമൃതം കൊള്ളുവോർ നിത്യബ്രഹ്മത്തിലെത്തുമേ
അയജ്ഞനിങ്ങില്ല ലോകമങ്ങേന്താ കുരുനന്ദന! 31
ഏവം ബ്രഹ്മമുഖത്തിങ്കൽച്ചെയ്യുന്നു പല യജ്ഞവും
ഇതൊക്കെയും കർമ്മജങ്ങളിതറിഞ്ഞങ്ങു മുക്തനാം. 32
ദ്രവ്യയജ്ഞത്തിലും നല്ലൂ ജ്ഞാനയജ്ഞം പരന്തപ!
പാർത്ഥ! മുററം കർമ്മമൊക്കെ ജ്ഞാനത്തിങ്കലടങ്ങുമേ. 33

## 15

(ശ്ലോകം 34—42)

## ജ്ഞാനത്തിൻെറ കൂടുതൽ വിശിഷ്ടത

പ്രണിപാതം പരിപ്രശ്നം സേവയും ചെയ്തതേല്ലു നീ
നിനക്കീ ജ്ഞാനമോതീടും ജ്ഞാനിമാർ തത്വദർശികൾ. 34
അതറിഞ്ഞാലിപ്രകാരം നീ മോഹിക്കില്ല പാണ്ഡവ!
അതിനാൽജ്ജീവജാലം നീ കാണും തങ്കലുമെങ്കലും. 35
സർവ്വപാപികളേക്കാളും പാപകൃത്തമനെങ്കിലും
ജ്ഞാനപ്ലവംകൊണ്ടു പാപമൊക്കെയും നീ കടന്നീടും. 36
കത്തും തീ ചാമ്പലാക്കുന്നു വിറകെങ്ങിനെയർജ്ജുന!
ജ്ഞാനാഗ്നി കർമ്മമൊക്കെയും ചാമ്പലാക്കുമതേവിധം. 37
ജ്ഞാനത്തിനെപ്പോലെ പരിശുദ്ധം മററൊന്നുമില്ലിഹ
അതു താനേ യോഗസിദ്ധൻ കാലത്താൽത്തന്നിലേല്ക്കുമേ. 38
ജ്ഞാനം നേടും ശ്രദ്ധയുള്ളോൻ തൽപ്പരൻ സംയതേന്ദ്രിയൻ
ജ്ഞാനം വന്നാൽപ്പരം ശാന്തിയുടനേതന്നെ നേടിടും. 39
അറിയാത്തോൻ ശ്രദ്ധകെട്ടോൻ സംശയിപ്പോൻ നശിച്ചുപോം
സംശയിപ്പോന്നിഹ പരലോകമില്ലില്ല സൌഖ്യവും. 40
യോഗത്താൽ കർമ്മവും വിട്ടോൻ ജ്ഞാനത്താൽ ശങ്കയററവൻ
ആത്മവാനാമായവനിൽക്കർമ്മം പററാ ധനഞ്ജയ! 41

എന്നാലജ്ഞാനവഴിയായുള്ളിൽ നില്ക്കുന്ന സംശയം
ജ്ഞാനാസിയാൽ വെട്ടി യോഗമേല്ലെഴുന്നേല്ക്ക ഭാരത! 42

## സമാപ്തി

വേദങ്ങൾ സൽകർമ്മങ്ങളെ ചെയ്യുവാനും അസൽ കർമ്മങ്ങളെ വെടിയുവാനും ശാസിക്കുന്നു. സൽകർമ്മംകൊണ്ടു സുഖവും സ്വർഗ്ഗവും പുണ്യജന്മവും ഉണ്ടാവും. ദുഷ്കർമ്മങ്ങൾകൊണ്ടു ദുഃഖവും നരകവും പാപജന്മവുമുണ്ടാകും. ഇങ്ങിനെ വൈദികകർമ്മങ്ങൾ പുനർജ്ജന്മത്തിന്നു കാരണമാകുന്നു. "ആ ബ്രഹ്മഭുവനാത് ലോകാഃ പുനരാവർത്തിനോർജ്ജുന" ഹേ അർജ്ജുന, ബ്രഹ്മലോകപ്രാപ്തി മുതലായതും പുനരാവർത്തനജന്മത്തിന്നു കാരണമാകുന്നു.

എന്നാൽ കർമ്മയോഗംകൊണ്ടു ചിത്തശുദ്ധിയുണ്ടായി ജ്ഞാനം പ്രാപിക്കുവാൻ ഇടയാകുന്നു. ജ്ഞാനം സിദ്ധിച്ചാൽ പുനരാവൃത്തിയില്ല. ഇതാണ് കർമ്മയോഗത്തിന്റെ മേന്മ.

സഹജമായ കർമ്മത്തെ, സ്വധർമ്മത്തെ നാം കർമ്മയോഗമായി അനുഷ്ഠിക്കണം. കർമ്മയോഗസുഖം കൈവരുമ്പോൾ മനഃശുദ്ധികൊണ്ടു ജ്ഞാനനിഷ്ഠ—പിന്നെ ജ്ഞാനപ്രാപ്തി എന്നിവയാണ് ഗീതയിലെ ഉപര്യുപരി പടികൾ.

# അദ്ധ്യായം അഞ്ച്

## യോഗവും സന്യാസവും

കർമ്മത്യാഗം ശരിയാണോ എന്ന ചോദ്യത്തിന്റെ വിമർശനമാണ് ഈ അദ്ധ്യായവിഷയം.

ആത്മജ്ഞാനിക്കു കർമ്മത്യാഗമാവാമെന്നു ശാസ്ത്രം സമ്മതിക്കുന്നുണ്ടു്. എന്നാൽ തമോഗുണത്തിൽപ്പെട്ട വർ മോഹംകൊണ്ടും അലസതകൊണ്ടും ചെയ്യുന്ന ത്യാ ഗം ത്യാഗമേയല്ല; വെറും തമസ്സു മാത്രമാണു്.

ജ്ഞാനികൾ വളരെ ചുരുക്കം. അതുകൊണ്ടു ജന ങ്ങൾ കർമ്മത്യാഗം അല്ലെങ്കിൽ കർമ്മസന്ന്യാസം ചെയ്യുന്ന തു് അത്യാപൽക്കരമാണു്. മനുഷ്യർ പരക്കേ കർമ്മത്തെ, സ്വധർമ്മത്തെ കർമ്മയോഗമായി അനുഷ്ഠിക്കണം. കർമ്മ യോഗം കർമ്മസന്ന്യാസത്തേക്കാൾ വിശിഷ്ടമാണു്. കർമ്മ യോഗം ശീലിച്ചവന്നു മാത്രമേ യഥാർത്ഥസന്ന്യാസത്തിന്നു് അർഹതയുള്ളു. അങ്ങിനെയുള്ള സന്ന്യാസി അദ്ദേഹത്തി ൻെറ ആത്മശക്തികൊണ്ടുതന്നെ കർമ്മയോഗി എന്നപോ ലെ ലോകത്തിന്നു നന്മ ചെയ്യുന്നു.

## 16

(ശ്ലോകം 1_5)

കർമ്മയോഗവും യഥാർത്ഥസന്ന്യാസവും ഒരേ ഫലം നല്കുന്നു.

അർജ്ജുനൻ പറഞ്ഞു.

കൃഷ്ണ! സന്ന്യാസവും കർമ്മയോഗവും വാഴ്ത്തീടുന്നു നീ
നല്ലതേതാണിവയിലെന്നുറപ്പിച്ചരുൾചെയ്ക മേ. 1

ശ്രീഭഗവാൻ പറഞ്ഞു.

രണ്ടും നിശ്ശ്രേയസം നല്കും സന്ന്യാസം കർമ്മയോഗവും
കർമ്മസന്ന്യാസത്തിനേക്കാൾ കർമ്മയോഗം വിശിഷ്ടമാം. 2
അറികിഷ്ടാദ്വേഷഹീനൻ നിത്യസന്ന്യാസിയെന്നു നീ
നിർദ്വന്ദ്വൻ സുഖമായ് ബന്ധം വിട്ടു പോരും മഹാഭുജ! 3

സാംഖ്യയോഗങ്ങൾ രണ്ടെന്നാർ മൂഢർ പണ്ഡിതരല്ലെടോ
നന്നായിട്ടൊന്നു ശീലിച്ചാൽക്കിട്ടും രണ്ടിന്റെയും ഫലം. 4
സാംഖ്യങ്ങളാലുള്ള ഫലം നേടാം യോഗങ്ങളാലുമേ
സാംഖ്യയോഗങ്ങളൊന്നായിക്കാണ്മോനാകുന്നു കാണ്മവൻ. 5

## 17

(ശ്ലോകം 6—12)

കർമ്മത്തിനെ ഉപേക്ഷിക്കുന്നതിനേക്കാൾ കർമ്മയോഗം അനുഷ്ഠിക്കുകയാണ് നല്ലതു്.

യോഗം കൂടാതെ സന്യാസം നേടാൻ പണി മഹാഭുജ!
യോഗമൊക്കും മുനിയുടൻ ബ്രഹ്മം സാധിച്ചുകൊള്ളുമേ. 6
യോഗമുള്ളോൻ ശുദ്ധചിത്തൻ ജിതാത്മാവു ജിതേന്ദ്രിയൻ
സർവ്വഭൂതാത്മഭൂതൻ താൻ ചെയ്യിലും ലേപമാന്നിടാ. 7
ഒന്നും ചെയ്യുന്നതില്ലെന്നു തത്വജ്ഞൻ യോഗിയോർക്കുമേ
കണ്ടും കേട്ടും തൊട്ടുനാററിത്തിന്നുപോയ് വീർത്തുറങ്ങിലും. 8
ചൊല്ലിവിട്ടുമെടുത്തും താൻ കണ്ണുചിമ്മിമിഴിയ്ക്കിലും
വിഷയങ്ങൾക്കിന്ദ്രിയങ്ങൾ നില്പിതെന്നും ധരിച്ചുതാൻ. 9
ബ്രഹ്മത്തിങ്കൽച്ചേർത്തു കർമ്മം സംഗമെന്ന്യേ ചരിപ്പവൻ
നീർകൊണ്ടു താമരയിലപോലഘംകൊണ്ടലിപ്തനാം. 10
ദേഹം മനം ബുദ്ധി കേവലേന്ദ്രിയങ്ങളിവററിനാൽ
സംഗം വിട്ടാത്മശുദ്ധിക്കു കർമ്മം ചെയ്യുന്നു യോഗികൾ. 11
യോഗി കർമ്മഫലം വിട്ടിട്ടുറപ്പിൽശ്ശാന്തിയേന്തിടും
യോഗമററോൻ കാമബലാൽ ഫലം കാമിച്ചു ബദ്ധനാം. 12

## 18

(ശ്ലോകം 13—23)

പൂർണ്ണസന്ന്യാസി അത്ര രമണീയനാണു്.

മനസ്സാൽക്കർമ്മമൊക്കേയും വിട്ടു വാഴും സുഖം വശി
നവദ്വാരപുരേ ദേഹി ചെയ്യാ ചെയ്യിക്കയില്ലതാൻ. 13

ജഡത്തിൽക്കർത്തൃകർമ്മങ്ങളെന്ന്യേ സൃഷ്ടിക്കയാം പ്രഭു
ഇല്ലാ കർമ്മഫലാസംഗം പ്രവർത്തിപ്പൂ സ്വഭാവമേ. 14
ഏല്ക്കില്ലൊന്നിൻെറയും പാപമേല്ക്കില്ലാ പുണ്യവും പ്രഭു
അജ്ഞാനാവൃതമാം ജ്ഞാനമതിൽ മോഹിപ്പു ജീവികൾ. 15
ആത്മാവിനെഴുമജ്ഞാനം ജ്ഞാനത്താൽത്തീർക്കവോർക്കഹോ
ജ്ഞാനമാദിത്യനെപ്പോലെ തെളിയിക്കും പരത്തിനെ. 16
തൽബുദ്ധികൾ തദാത്മാക്കൾ തന്നിഷ്ഠന്മാർ തദാശ്രയർ
വീണ്ടും പോരാത്തിടത്തെത്തും ജ്ഞാനത്താൽപ്പാപമററവർ. 17
വിദ്യാവിനയമാർന്നുള്ള വിപ്രനിൽപ്പശുവിലാനയിൽ
നായിൽപ്പറയനിൽപ്പോലും സമദർശികൾ പണ്ഡിതർ. 18
ഇങ്ങു സൃഷ്ടിജയിച്ചോരാം സാമ്യത്തിൽച്ചിത്തമൊത്തവർ
നിർദ്ദോഷസമമാം ബ്രഹ്മം ബ്രഹ്മത്തിലവർ നില്പവർ. 19
പ്രിയം വന്നാൽ പ്രഹർഷിക്കില്ലപ്രിയത്തിൽ വെറുത്തിടാ
സ്ഥിരബുദ്ധി പരുങ്ങാത്തോൻ ബ്രഹ്മജ്ഞൻ ബ്രഹ്മമാണ്ടവൻ 20
ബാഹ്യസ്പർശാസക്തനേതു സുഖമാത്മാവിലേല്ക്കുമോ
ബ്രഹ്മയോഗം പൂണ്ടവനാസ്സുഖമക്ഷയമേല്ക്കുമേ. 21
വിഷയാസംഗസൌഖ്യങ്ങൾ ദുഃഖഹേതുക്കൾതന്നെയാം
ഉണ്ടാം നശിക്കും കൌന്തേയ! രമിക്കില്ലവയിൽബ്ബുധൻ. 22
കാമക്രോധത്തള്ളലിനെ മെയ്വിടുന്നതിൽ മുന്നമേ
ഇവിടെത്താൻ സഹിക്കുന്നോൻ യോഗിയാണവനാം സുഖി. 23

## 19

(ശ്ലോകം 24—26)

## ബ്രഹ്മനിർവ്വാണവിവരണം

അന്തസ്സുഖാന്തരാരാമനന്തർജ്യോതിസ്സുമാണ്ടവൻ
ബ്രഹ്മഭൂതനവൻ യോഗി ബ്രഹ്മാനന്ദമണഞ്ഞിടും. 24
ലഭിപ്പൂ ബ്രഹ്മനിർമ്മാണമൃഷിമാരസ്തകല്മഷർ
ദ്വന്ദ്വം വിട്ടു യതാത്മാക്കളേവർക്കും ഹിതകാംക്ഷികൾ. 25

കാമക്രോധം വിട്ട യതചിത്തരാം യതികാംക്കഹോ
ആത്മജ്ഞക്കു നടക്കുന്നു ബ്രഹ്മനിർവ്വാണമെന്നുമേ. 26

20

(ശ്ലോകം 27_29)

കർമ്മയോഗം ഒരു നിലയിൽ സഗുണോപാസനയാണ്; സന്ന്യാസം നിർഗ്ഗുണോപാസനയുമാണ്. ഇവിടെ കർമ്മത്തെ അപേക്ഷിച്ചാണ് ഈ വ്യത്യാസം. 12_ാം അദ്ധ്യായത്തിൽ സഗുണവും നിർഗ്ഗുണവും ധ്യാനത്തെ അപേക്ഷിച്ചാണ്.

ബാഹ്യസ്പർശം പുറത്താക്കി ഭ്രൂമദ്ധ്യേ ദൃഷ്ടിയാക്കിയും
പ്രാണാപാനങ്ങളെത്തുല്യം മൂക്കിനുള്ളിൽ നടത്തിയും. 27

യതേന്ദ്രിയമനോബുദ്ധി മുനി മോക്ഷപരായണൻ
ഇച്ഛാഭയക്രോധഹീനനെപ്പോഴും മുക്തനാണവൻ. 28

തപോയജ്ഞഫലം കൊാംവോൻ സർവ്വലോകക്കുമീശ്വരൻ
സർവ്വലോകസുഹൃത്തീ ഞാനെന്നറിഞ്ഞോർക്കു ശാന്തിയാം. 29

KOTTAYAM PUBLIC LIBRARY * KOTTAYAM.

# ഭാഗം 2

# നിർഗ്ഗുണോപാസന

## അധ്യായം ആറ്

### ചിത്തവൃത്തിനിരോധം—ധ്യാനയോഗം

കർമ്മയോഗം എളുപ്പമാവാൻ മനസ്സിൻെറ ഭാവങ്ങളും കർമ്മത്തിൽ കലങ്ങണം. ബാഹ്യേന്ദ്രിയങ്ങൾകൊണ്ടുള്ള സ്വധർമ്മം മാത്രം പോരാ. അതിനോടുകൂടി മനസ്സ കാമങ്ങളെ—ഫലാസക്തിയെ—വർജ്ജിക്കുകയും വേണം. മനസ്സിനെ അലിയിക്കുന്ന ആത്മപരമായ പ്രേമവും വേണം. തൃപ്തിയോടും ശാന്തിയോടും മനസ്സ് അതേ സമയം പ്രവർത്തിക്കണം. ഇതു മനസ്സിൻെറ സന്തോഷത്തോടെയുള്ള നിരോധംകൊണ്ടു സാധിക്കാം.

ഈ അധ്യായത്തിൽ പാതഞ്ജലയോഗസൂത്രത്തിൻെറ സാരം സംഗ്രഹിക്കപ്പെട്ടിരിക്കുന്നു. അങ്ങിനെ ഗീതയുടെ സമന്വയസാമർത്ഥ്യത്തിൻെറ ഒരു തെളിഞ്ഞ ഉദാഹരണമാണ് ഈ അധ്യായം.



(ശ്ലോകം 1—4)

പൂർവ്വാധ്യായത്തിൻെറ സംഗ്രഹം യോഗം (കർമ്മയോഗം) ആത്മസാക്ഷാൽക്കാരത്തിന്നു് ആദ്യത്തെ പടിയും

ശമം അതായത്തു കമ്മത്യാഗം ചെയ്തു ധ്യാനയോഗത്തിൽ ഏപ്പെട്ടുന്നതു് അടുത്ത ഉയന്ന പടിയുമാണു്. ധ്യാന യോഗി കമ്മങ്ങറം ചെയ്യുന്നില്ല. ധ്യാനാരോഹണം ചെയ്യുവാൻ സാധിക്കാത്തവക്കാണു് കമ്മയോഗത്തിൽ അധികാരം എന്നു ശ്രീശങ്കരൻ വ്യക്തമാക്കുന്നു.

ശ്രീഭഗവാൻ പറഞ്ഞു.

കമ്മത്തിൻ ഫലമെല്ലാതെ കമ്മം വേണ്ടതു ചെയ്യുവൻ
സന്ന്യാസി യോഗിയാണഗ്നിക്രിയവിട്ടവനല്ലഹോ. 1
സന്ന്യാസമെന്നു ചൊൽവോന്നു യോഗമാണോക്ക ഭാരത!
സങ്കല്പം സന്ന്യസിക്കാത്തോൻ യോഗിയാവില്ലൊരുത്തനും. 2
യോഗം പഠിക്കും മുനിക്കു കമ്മം കാരണമാണപോൽ
യോഗം സാധിച്ചുള്ളവന്നോ ശമം കാരണമാണപോൽ. 3
ഇന്ദ്രിയാത്ഥങ്ങളാം കമ്മങ്ങളിൽസ്സംഗിച്ചിടാത്തവൻ
സവ്വസങ്കല്പസന്ന്യാസിയായാലോ സിദ്ധയോഗനാം. 4

## 22

(ശ്ലോകം 5—8)

## ധ്യാനയോഗത്തിൻെറ മാഹാത്മ്യം

താനാത്മോദ്ധാരണം ചെയ്ക ചെയ്യൊല്ലാത്മാവസാദനം
ആത്മാവാത്മാവിന്നു ബന്ധുവാത്മാവാത്മാവിനുള്ളരി. 5
ആത്മാവാത്മാവിനാൽ വെന്നോനുള്ളാത്മാവാത്മബന്ധുവാം
ആത്മാവു വൈരിയെപ്പോലെയനാത്മാവിന്നു വൈരിയാം. 6
ജിതാത്മാവായ ശാന്തന്നു പരമാത്മാവു സിദ്ധമാം
മാനാവമാനശീതോഷ്ണസുഖദുഃഖങ്ങളിൽപ്പരം. 7
ജ്ഞാനവിജ്ഞാനസംതൃപ്തൻ കൂടസ്ഥൻ വിജിതേന്ദ്രിയൻ
യുക്തനെന്നോതിടും യോഗി പൊന്നിലും മണ്ണിലും സമൻ. 8

## 23 (a)

(ശ്ലോകം 9—17)

### ധ്യാനയോഗത്തിൽ ദേഹം ഇരിക്കേണ്ട സ്ഥിതി

സുഹൃന്മിത്രാരിമദ്ധ്യസ്ഥബന്ധുസ്വസ്ഥവിരുദ്ധരിൽ
സാധുക്കളിൽദ്ദുഷ്ടരിലും സമബുദ്ധി വിശിഷ്ടനാം. 9
ഗൂഢസ്ഥലം വാണു യോഗി യോഗം ശീലിക്കുകെപ്പൊഴും
ഒററയ്ക്കു യതചിത്താത്മാവാശിസ്സററപരിഗ്രഹൻ. 10
ശുദ്ധദേശത്തുറപ്പായ്ത്തന്നാസനം വെച്ചുകൊള്ളണം
ഉയൎന്നും താന്നുമല്ലാതെ ശീലതോൽപ്പുൽവിരിപ്പൊടും. 11
അതിലേകാഗ്രമതിയായ്ച്ചിത്തേന്ദ്രിയജയത്തൊടും
ആസനം വാണാത്മശുദ്ധിക്കായി യോഗമെടുക്കണം. 12
മെയ്യും കഴുത്തും തലയുമൊത്തിളക്കാതുറപ്പൊടും
തൻമൂക്കിൻ തലമേൽ നോക്കിട്ടിക്കെങ്ങും നോക്കിടാതെതാൻ. 13
ശാന്താത്മാവായ് ഭീതിയെന്ന്യേ ബ്രഹ്മചാരിവ്രതത്തൊടും
മനസ്സടക്കി മച്ചിത്തൻ മൽപ്പരൻ യോഗമേൽക്കണം. 14
നിത്യമീമട്ടാത്മയോഗം ചെയ്യും യോഗി യതാശയൻ
എന്നിൽ നിൎവ്വാണപരയായീടുമാശ്ശാന്തിയേന്തിടും. 15
യോഗമൊക്കാ പെരുന്തീനിക്കൊട്ടുമുണ്ണാത്തവന്നുമേ
പെരുത്തുറങ്ങുന്നോനൊട്ടുമുറങ്ങാത്തോനുമജ്ജുന! 16
ഒത്താഹാരവിഹാരത്തോടൊത്ത കമ്മക്രമത്തൊടും
ഒത്തുറങ്ങിയുണൎന്നോനു യോഗം ദുഃഖം കെടുക്കുമേ. 17

## 23 (b)

(ശ്ലോകം 18—27)

ലക്ഷ്യം മനസ്സു വ്യാപാരശൂന്യമായി ആത്മാവിൽ സ്ഥിതിചെയ്യണം.

എപ്പോളടങ്ങിടും ചിത്തമാത്മാവിൽത്തന്നെ നില്പതാം
കാമമെല്ലാം കൈവെടിഞ്ഞോൻ യോഗമാണ്ടവനപ്പൊഴേ. 18

ദൃഷ്ടാന്തം കാററു തട്ടാത്ത ദിക്കിൽദ്ദീപം ജ്വലിച്ചിടാ
അവ്വണ്ണമാണാത്മയോഗമാണ്ടോരു യതചിത്തനും. 19
യോഗം ശീലിച്ചു തടയും ചിത്തമെങ്ങു രമിപ്പതോ
അങ്ങാത്മാവിനെയാത്മാവാൽക്കണ്ടാത്മാവിൽസ്സുഖിച്ചിടും. 20
അതീന്ദ്രിയം ബുദ്ധിവേദ്യമാകുമന്തത്തിലെസ്സുഖം
എങ്ങറിഞ്ഞീടുമവിടെ നില്ക്കും തത്വാൽച്ചലിച്ചിടാ. 21
എന്തേററാലതിലും മേലേ ലാഭം മററൊന്നുമോത്തിടാ
അതിൽ നിന്നോൻ പെരുത്തീടും ദുഃഖത്താലും ചലിച്ചിടാ. 22
അതല്ലോ ദുഃഖയോഗത്തിൻ വിയോഗം യോഗമെന്നതും
മനം വെറുക്കാതാ യോഗമുറഷ്ഷ്ഠംപടി നേടണം. 23
സങ്കല്പജങ്ങളാം കാമങ്ങളൊക്കെയും കൈവെടിഞ്ഞുടൻ
മനസ്സാലിന്ദ്രിയഗ്രാമമെല്ലാടത്തും തടഞ്ഞുതാൻ. 24
ധാരണയ്ക്കൊത്തിടും ബുദ്ധിയാലേ മെല്ലെയടങ്ങണം
മനസ്സാത്മാവിലാക്കീട്ടു മററൊന്നും നിനയാതെയും. 25
ഏതേതിടത്തു ചെല്ലുന്നു മനസ്സസ്ഥിരചഞ്ചലം
അതാതിടം വിട്ടടക്കീട്ടിതാത്മാവിലിരുത്തണം. 26
പ്രശാന്തചിത്തനായോരീ യോഗീയിൽസ്സുഖമുത്തമം
ചേരും രജസ്സു പോയ്പ്പാപമററീടും ബ്രഹ്മഭൂതനിൽ. 27

24

(ശ്ലോകം 28—32)

## ഫലം അത്യന്തസുഖവും സർവ്വാത്മഭാവവും

യോഗിയിമ്മട്ടെന്നുമാത്മയോഗമാന്നപകല്മഷൻ
എളുപ്പത്തിൽ ബ്രഹ്മയോഗമത്യന്തസുഖമാണ്ടിടും. 28
സർവ്വഭൂതത്തിലും തന്നെത്തന്നിൽത്താൻ സർവ്വഭൂതവും
യോഗയുക്താത്മാവു കാണുമെങ്ങുമേ സമദർശനൻ. 29
എന്നെയെല്ലാററിലും കാണ്മോനെല്ലാം കാണ്മവനെന്നിലും
ആരാണവന്നു ഞാനില്ലാതാകില്ലവനെനിക്കുമേ. 30

എല്ലാററിലും നില്ക്കുമെന്നെത്താനൊന്നായിബ്ഭജിപ്പവൻ
എന്തിൽ നിന്നീടിലും യോഗിയവൻ നില്ക്കുന്നതെന്നിലാം. 31
എല്ലാററിലും സമം തങ്കലെന്നതിൻവണ്ണമജ്ജുന!
സുഖവും ദുഃഖവും കാണ്മോൻ സമ്മതൻ മുഖ്യയോഗിയാം. 32

25

(ശ്ലോകം 33—36)

ജയത്തിന്നു് അഭ്യാസവും വൈരാഗ്യവും അത്യാവശ്യമാകുന്നു.

അജ്ജുനൻ പറഞ്ഞു.

സാമ്യംവഴി ഭവാൻ ചൊല്ലിയീ യോഗം മധുസൂദന!
ഉറച്ച നില കണ്ടീലാ ചാഞ്ചല്യംകൊണ്ടിതിന്നു ഞാൻ. 33
മനസ്സു ചഞ്ചലം കൃഷ്ണ! മഥിപ്പോന്നേററവും ദൃഢം
കാററടക്കംപോലെയതിങ്ങടക്കാനേററവും പണി. 34

ശ്രീഭഗവാൻ പറഞ്ഞു.

ശങ്കയില്ലാ മഹാബാഹോ! ചഞ്ചലം ദുർഗ്രഹം മനം
അഭ്യാസംകൊണ്ടു വൈരാഗ്യംകൊണ്ടും കൌന്തേയ പാട്ടിലാം. 35
മനസ്സടങ്ങാത്തവന്നു യോഗം ദുസ്സാദ്ധ്യമെന്മതം
വശ്യാത്മാവിന്നു യത്നിച്ചാലുപായംകൊണ്ടു സാദ്ധ്യമാം. 36

26

(ശ്ലോകം 37—46)

വൈദികകമ്മങ്ങളിൽ എന്നപോലെ മുഴമിച്ചില്ലെങ്കിലും പ്രയത്നം വൃഥാവിലാകുന്നില്ല. പ്രയത്നജന്യമായ ശക്തി അടുത്ത ജന്മത്തിൽ തുടരുന്നു.

അജ്ജുനൻ പറഞ്ഞു.

ശ്രദ്ധയുള്ളോനല്പയത്നൻ യോഗാൽച്ചിത്തം ചലിപ്പവൻ
യോഗസിദ്ധി പെടാതെന്തു ഗതിയിൽ കൃഷ്ണ! ചെന്നിടും. 37

ഉഭയഭ്രഷ്ടനായ്ച്ചിന്നും കാറപോലെ നശിക്കുമോ
നിലവിട്ടോൻ ബ്രഹ്മവഴി പിഴച്ചുള്ളോൻ മഹാഭുജ! 38
എനിക്കീസ്സംശയം കൃഷ്ണ മുററം തീൎത്തുതരേണമേ
അങ്ങല്ലാതീസ്സംശയത്തെത്തീൎക്കുവാനില്ലൊരുത്തനും. 39

ശ്രീഭഗവാൻ പറഞ്ഞു.

പാൎത്ഥ! നാശം വരില്ലിങ്ങുമങ്ങുമായവനേതുമേ
നന്മ ചെയ്യുന്നവന്നേതും താത! ദുൎഗ്ഗതി വന്നിടാ. 40
പുണ്യവാന്മാൎക്കുള്ള ലോകത്തേറെ നൂററാണ്ടു വാണവൻ
യോഗഭ്രഷ്ടൻ ശുചിശ്രീമാന്മാർ കുലത്തിൽപ്പിറന്നിടും. 41
അല്ലെങ്കിൽ ബുദ്ധിയുടയ യോഗിമാർതൻ കുലത്തിലാം
ലോകത്തിലീമട്ടിലുള്ള ജന്മമത്യന്തദുൎല്ലഭം. 42
അവിടെപ്പൂൎവ്വജന്മത്തെബ്ബുദ്ധിയോഗമണഞ്ഞിടും
യതിക്കും സിദ്ധി കൂട്ടീടാൻ വീണ്ടുമേ കുരുനന്ദന! 43
അവശം നില്ക്കിലുമവൻ പൂൎവ്വാഭ്യാസവഴിക്കു പോം
യോഗജ്ഞാനം നിനപ്പോനും ശബ്ദബ്രഹ്മം കടന്നിടും. 44
പ്രയത്നത്താലുദ്യമിക്കും യോഗി കിൽബ്ബിഷമററവൻ
പലജന്മംകൊണ്ടു സിദ്ധൻ പരയാം ഗതി നേടിടും. 45
തപസ്വിമാരിലും ജ്ഞാനിമാരിലും യോഗി മെച്ചമാം
കൎമ്മിമാർകളിലും മെച്ചം യോഗിയായീടുകൎജ്ജുന! 46

27

(ശ്ലോകം 47)

സാക്ഷാൽ ഏകദൈവത്തിലുള്ള ഏകാഗ്രതയാണു് വിശിഷ്ടം. രുദ്രൻ, ആദിത്യൻ തുടങ്ങിയ ഇതര ദേവന്മാരിൽ ഉള്ള ശ്രദ്ധ അത്ര ശ്രേഷ്ഠമല്ല എന്നു ശ്രീശങ്കരൻ എടുത്തു പറയുന്നു. അവ പരമപുരുഷാൎത്ഥമടയുവാൻ പൎയ്യാപ്തമാവുന്നില്ല. അതിന്നു് ഈശ്വരനെത്തന്നെ ഭജിക്കണം.

യോഗിമാർകളിലും മുററുമെന്നിൽ വെച്ചും മനസ്സോടും
ശ്രദ്ധിച്ചെന്നെബ്ഭജിക്കുന്നോനേററം യുക്തമതെൻമതം. 47

# അദ്ധ്യായം ഏഴ്

## പ്രവൃത്തി; ഈശ്വരശരണത

6(47)-ൽ പറഞ്ഞ ആശയത്തിന്റെ വിസ്താരമാണ് ഈ അദ്ധ്യായം. ഈശ്വരതത്വവും ഈശ്വരഭക്തൻ എങ്ങിനെ ഇരിക്കുമെന്നുമുള്ളതാണ് ഈ അദ്ധ്യായത്തിന്റെ വിഷയം.

28

(ശ്ലോകം 1—12)

നാനാരൂപത്തോടുകൂടിയ ഈ ജഗത്ത് അതിന്റെ സൃഷ്ടി, സ്ഥിതി, ലയം ഉൾപ്പെടെ ഈശ്വരമഹിമയുടെ ഒരു അപര്യാപ്ത പ്രകടനമാണ്.

ശ്രീഭഗവാൻ പറഞ്ഞു.

എന്നിലുള്ളം വെച്ചു പാർത്ഥ! യോഗം പൂണ്ടോൻ മദാശ്രയൻ
സംശയം വിട്ടെന്നെ മുററുമറിയും നില കേൾക്ക നീ. 1
വിജ്ഞാനത്തോടുമീ ജ്ഞാനമെല്ലാം നിന്നോടു ചൊല്ലുവേൻ.
അതറിഞ്ഞാലിങ്ങു മറെറാന്നറിയേണ്ടതുമില്ലെടോ. 2
അസംഖ്യം മാനുഷന്മാരിലൊരാൾ സിദ്ധിക്കു നോക്കിടും
സിദ്ധിക്കു യത്നിപ്പവരിലെൻ തത്വമറിവോനൊരാൾ. 3
മന്നു വെള്ളം തീയു കാററാകാശം ബുദ്ധി മനസ്സുമേ
അഹങ്കാരവുമെന്നെട്ടു മട്ടെൻ പ്രകൃതി ഭിന്നയാം. 4
ഇതിങ്കൽനിന്നു വേറിട്ടായ്ക്കാണ്കെൻ പ്രകൃതി പിന്നെയും
ജീവനെന്നു മഹാബാഹോ ലോകം താങ്ങുന്നതാണതും. 5

സൎവ്വഭൂതങ്ങളുമിതിൽജ്ജനിപ്പവകളോൎക്ക നീ
ഞാനീസ്സൎവ്വജഗത്തിന്നുമുത്ഭവം നാശമായതും. 6
ഈയെന്നിൽനിന്നു വേറിട്ടായൊന്നുമില്ലാ ധനഞ്ജയ!
ഇതെല്ലാം നൂലിൽ മണികളുപോലെന്നിൽക്കോൎത്തുനില്പതാം. 7
രസം വാരിയിൽ ഞാൻ പാൎത്ഥ! പ്രഭ ഞാൻ ചന്ദ്രസൂൎയ്യരിൽ
വേദത്തിൽ പ്രണവം, ശബ്ദം വാനിൽ,പ്പൌരുഷമാളുകളിൽ. 8
ധരിത്രിയിൽപ്പുണ്യഗന്ധം ഞാൻ തേജസ്സാണു വഹ്നിയിൽ
ജീവനാം ജീവജാലത്തിൽത്തപസ്വികളിൽ ഞാൻ തപം. 9
സൎവ്വഭൂതത്തിനും നിത്യബീജം ഞാൻ പാൎത്ഥ കാണ്ക നീ
ബുദ്ധിമാന്മാൎക്കു ഞാൻ ബുദ്ധി വമ്പന്മാൎക്കൊക്കെ വമ്പു ഞാൻ. 10
ബലം ഞാൻ ബലികൾക്കെല്ലാം കാമരാഗങ്ങളെന്നിയേ
ധൎമ്മാവിരുദ്ധം ലോകത്തിൽക്കാമം ഞാൻ ഭരതൎഷഭ! 11
മുററും സാത്വികമാം ഭാവം രാജസം താമസം പരം
ഇതെല്ലാമെന്നിൽനിന്നോൎക്ക ഞാനങ്ങില്ലവയെന്നിലാം. 12

29

(ശ്ലോകം 13—15)

മിക്ക മൂഢജനങ്ങളും ഈ ത്രിഗുണാത്മകമായ ബാഹ്യപ്രഭാവത്താൽ മോഹിക്കപ്പെട്ട് ഈശ്വരന്റെ യഥാൎത്ഥസ്വരൂപത്തെ ഗ്രഹിക്കുന്നില്ല. ത്രിഗുണാതീതമായ ഈശ്വരൈകപരായണതകൊണ്ടു മാത്രമേ ഈ മോഹത്തെ ജയിക്കാനാവൂ.

ത്രിഗുണാത്മകഭാവം മൂന്നിവയാൽസ്സൎവ്വലോകവും
മോഹിച്ചിട്ടറിവില്ലീ ഞാൻ മേലെയവ്യയനുള്ളതും. 13
ഇതോ ദുരത്യയഗുണമയിയെൻ ദിവ്യമായയാം
എന്നെത്താനാശ്രയിപ്പോരീ മായയേയും കടന്നിടും. 14
ആശ്രയിക്കില്ലെന്നെ മൂഢന്മാരാകും നീചപാപികൾ
മായയാൽ ജ്ഞാനവും പോയിട്ടാസുരത്വം കലൎന്നവർ. 15

30

(ശ്ലോകം 16—19)

ഈശ്വരനെത്തന്നെ ഭജിക്കുന്നവരിൽ അപൂർണ്ണമായി മൂന്നു തരം ഭക്തന്മാരും പൂർണ്ണനായ ഒരു തരം ഭക്തനുമുണ്ട്. എന്നാൽ അവരെല്ലാം അന്യദേവതാഭക്തന്മാരേക്കാൾ ശ്രേഷ്ഠന്മാരാണു്. പൂർണ്ണഭക്തൻ എന്നു പൂർണ്ണജ്ഞാനിയെ മാത്രമേ പറയുന്നുള്ളൂ. ഭക്തിയും ജ്ഞാനത്തിൽ അവസാനിക്കുന്നു.

നാലുകൂട്ടം സുകൃതികളെന്നെസ്സേവിക്കുമജ്ജുന!
ആർത്തൻ ജിജ്ഞാസു കാര്യാർത്ഥി ജ്ഞാനിയും ഭരതഷ്ഭ! 16
നിത്യയോഗിയതിൽ ജ്ഞാനി മുഖ്യഭക്തി വിശിഷ്ടനാം
ജ്ഞാനിക്കു ഞാനേററമിഷ്ടനെനിക്കവനുമിഷ്ടനാം. 17
ശ്രേഷ്ഠരാണിവരെല്ലാരും ജ്ഞാനി ഞാൻതന്നെയെന്മതം
ഞാൻതന്നെ മുഖ്യഗതിയെന്നാണ്ടവൻ യോഗിയാമവൻ. 18
ഏറെജ്ജന്മങ്ങൾക്കൊടുക്കം ജ്ഞാനിയെന്നിലണഞ്ഞിടും
വാസുദേവൻ സവ്വമെന്നാമാ മഹാത്മാവു ദുല്ലഭൻ. 19

31

(ശ്ലോകം 20—30)

ഈശ്വരൻെറ നിരതിശയമായ, പ്രകൃതിക്കതീതമായ ഭാവത്തെ അറിയാത്തവർ നാനാവേദകമ്മങ്ങളാൽ നാനാദേവന്മാരെ ഭജിക്കുന്നു. എന്നാൽ അതുകൊണ്ടു് അവക്കു കിട്ടുന്ന ഫലം നശ്വരമാണു്. എന്നാൽ അവരുടെ ആരാധനയും ഒട്ടും കഷ്ടം കുറഞ്ഞതല്ലതാനും. അവയിൽ മുമുക്ഷു മനസ്സു വെയ്ക്കരുതു്.

ഈശ്വരനെ ഭജിച്ചാൽ ശാശ്വതമായ ആനന്ദലബ്ധിയുണ്ടാവുന്നു. പൂർണ്ണജ്ഞാനം പ്രകാശിക്കുന്നു.

മററു ദേവാശ്രയം ചെയ്യും കാമത്താൽ ജ്ഞാനമററവൻ
അതാതു നിയമം പൂണ്ടു തൻതൻ പ്രകൃതിപോലവേ. 20
ഏതേതു ഭക്തനേതേതു മെയ്യുച്ച്വസ്ത്രോപ്പു സാദരം
അതാതാറംക്കാ ദൃഢശ്രദ്ധ ശരിയാക്കുന്നതുണ്ടു ഞാൻ. 21
അവനാ ശ്രദ്ധയൊത്തായവൻെറ പൂജ നിനയ്ക്കുമേ
ഹിതകാമങ്ങറം ഞാൻ നല്കുമവ കിട്ടുമതേ വഴി. 22
അല്പധീക്കളെവക്കുള്ള ഫലമോ നാശമുള്ളതാം
ദേവയജ്വാക്കറം വാനോരിലെത്തും മത്ഭക്തരെന്നിലും. 23
അവ്യക്തൻ വ്യക്തിയാന്നോനെന്നെന്നെയോക്കുമബുദ്ധികറം
എനിക്കുള്ളവ്യയശ്രേഷ്ഠഭാവത്തെയറിയാത്തവർ. 24
പ്രത്യക്ഷനല്ല ഞാൻ യോഗമായാച്ഛന്നനൊരാറംക്കുമേ
അജനവ്യയനെന്നെന്നെ മൂഢലോകമറിഞ്ഞിടാ. 25
കഴിഞ്ഞതും ഞാനറിയും നടക്കുന്നതുമജ്ജുന!
വരാനുള്ളതുമൊക്കേയുമറിയില്ലെന്നെയാരുമേ. 26
ഇച്ഛാദ്വേഷോത്ഥമാം ദ്വന്ദ്വമോഹങ്കൊണ്ടയി ഭാരത!
സൃഷ്ടിയിൽസ്സവ്വഭൂതങ്ങറം മയങ്ങുന്നു പരന്തപ! 27
പുണ്യകമ്മാക്കളൊമാക്കോ പാപം തീരാനടുത്തതും
ദ്വന്ദ്വമോഹം വിട്ടവർ സേവിക്കുമെന്നെ ദൃഢവ്രതർ. 28
ജരാമരണമുക്തിക്കിങ്ങെൻ വഴിക്കെവർ നോക്കുമോ
അവർ കാണും ബ്രഹ്മതത്വമദ്ധ്യാത്മം കമ്മമൊക്കെയും. 29
സാധിഭൂതാധിദൈവാധിയജ്ഞമെന്നെയറിഞ്ഞവർ
എന്നെ പ്രയാണകാലത്തുമറിയും യുക്തബുദ്ധികറം. 30

## അദ്ധ്യായം എട്ട്

സദാ ഈശ്വരനെ സ്മരണം. സ്വധമ്മവും ചെയ്യണം.
സ്വധമ്മാനുഷ്ഠാനസഹിതം സദാ ഈശ്വരസ്മരണവും.

## 32

(ശ്ലോകം 1—6)

7 (29—30)-ൽ ചോദിച്ച ചോദ്യങ്ങഠം—ഉത്തരങ്ങഠം. ഈ ചോദ്യങ്ങളിൽ മരണകാലത്തിലും ഈശ്വരസ്മരണ എങ്ങിനെയുണ്ടാകും എന്ന ഒടുവിലത്തെ ചോദ്യമാണ് ഗണനീയമായത്.

അജ്ജ്ജുനൻ പറഞ്ഞു.

ആ ബ്രഹ്മമെന്തെന്തദ്ധ്യാത്മം കമ്മവും പുരുഷോത്തമ!
അധിഭൂതം പിന്നെയധിദൈവമെന്നതുമെന്തുവാൻ. 1
അധിയജ്ഞവുമെന്താരീദ്ദേഹത്തിൽ മധുസൂദന!
പ്രയാണകാലത്തറിവതെങ്ങിനേ നിന്നെ യോഗികഠം. 2

ശ്രീഭഗവാൻ പറഞ്ഞു.

അക്ഷരം പരമം ബ്രഹ്മമദ്ധ്യാത്മം താൻ സ്വഭാവമാം
ഭൂതഭാവോത്ഭവം ചെയ്യും വിസഗ്ഗം കമ്മമെന്നതാം. 3
അധിഭൂതം ക്ഷരം വസ്തു പുമാനാണധിദൈവതം
ദേഹത്തിലധിയജ്ഞൻ താൻതന്നെയാം ദേഹിസത്തമ! 4
അന്തകാലത്തിങ്കലെന്നെത്താനോത്തുടൽ വെടിഞ്ഞുടൻ
പോകുന്നോൻ ഞാൻതന്നെയായിത്തീരുമില്ലൊരു സംശയം. 5
എന്തെന്തു വസ്തുവോത്തന്തത്തിങ്കൽ ദേഹം ത്യജിക്കുമോ
അതാതിലെത്തും കൌന്തേയ! മുററം തൽഭാവനാവശാൽ. 6

## 33

(ശ്ലോകം 7—14)

ഈശ്വരൻെറ നിരന്തരഭജനംകൊണ്ട് അന്ത്യവേളയിൽ ഈശ്വരൻെറ സ്മരണയുണ്ടായി ഈശ്വരനെ പ്രാപിക്കുന്നു. ഈശ്വരവണ്ണനം.

അതിനാലെന്നെയെപ്പോഴുമോക്ക് പോരും നടത്തുക
എന്മേൽ മനോബുദ്ധികൾ വെച്ചെത്തുമെന്നിലസംശയം. 7
അഭ്യാസയോഗമാൎന്നന്യത്തിലെത്താത്ത മനസ്സിനാൽ
പരം ദിവ്യപുമാനിൽച്ചെന്നെത്തും പാൎത്ഥ! സ്മരിപ്പവൻ. 8

പുരാണനാകും കവി ശാസിതാവു
പരാണുവേക്കാളണുവെ സ്മരിപ്പോൻ
ധാതാവു സൎവ്വത്തിനചിന്ത്യരൂപൻ
തമസ്സിനും മേൽത്തപനാഭനെത്താൻ. 9
പ്രയാണകാലേ സ്ഥിരചിത്തനായി
ബ്ഭക്ത്യന്വിതൻ യോഗബലത്തൊടൊത്തോൻ
ഭ്രൂമദ്ധ്യത്തിൽ പ്രാണനെയാക്കിവെയ്പോ-
നെത്തീടുമാദ്ദിവ്യപരം പുമാനിൽ. 10
എന്തക്ഷരം വേദവിത്തുക്കൾ കാണ്മ-
തെങ്ങെത്തുന്നൂ യതിമാർ വീതരാഗർ
എന്തിച്ഛിച്ചോ ബ്രഹ്മചൎയ്യം ചരിപ്പ-
താ സ്ഥാനം ഞാൻ നിന്നോടോതാം ചുരുക്കി. 11

ദ്വാരങ്ങളെല്ലാം രോധിച്ച മനം ഹൃത്തിലടക്കിയും
മൂൎദ്ധാവിൽ പ്രാണനേ നിൎത്തി യോഗധാരണയാണ്ടവൻ. 12
ഓമെന്നേകാക്ഷരം ബ്രഹ്മം ജപിച്ചെന്നെ സ്മരിച്ചുമേ
ദേഹം ത്യജിച്ചു പോകുന്നോൻ പരയാം ഗതി നേടിടും. 13
മറെറാന്നിലും മനസ്സേത്താതെന്നെയെന്നും സ്മരിക്കിലോ
ആ നിത്യയുക്തയോഗിക്കു സുലഭൻ പാൎത്ഥ! ഞാൻ ദൃഢം. 14

34

(ശ്ലോകം 15—19)

ഈശ്വരപ്രാപ്തികൊണ്ടും പുനൎജ്ജന്മമവസാനിക്കുന്നു. എന്നാൽ മററുപാസനകൾകൊണ്ടു ബ്രഹ്മപട്ടം ലഭിച്ചാ

ലും പുനർജ്ജന്മം സംഭവിക്കുന്നതാണ്. മററു പ്രാണികൾക്കും പുനർജ്ജന്മമുണ്ടാകും എന്നു പറയേണ്ടതില്ലല്ലോ.

എങ്കൽ വന്നാൽപ്പുനർജ്ജന്മം ദുഃഖമിശ്രമശാശ്വതം
പ്രാപിക്കില്ലാ മഹാത്മാക്കൾ പരസംസിദ്ധി നേടിയോർ. 15
ബ്രഹ്മലോകാദി ലോകങ്ങൾ മാററമുള്ളവയർജ്ജുന!
എങ്കൽ വന്നാൽപ്പുനർജ്ജന്മമില്ലാ കൌന്തേയ! ചെററുമേ. 16
ആയിരം യുഗമേ ചൊൽവൂ ബ്രഹ്മാവിൻെറയഹസ്സുപോൽ
ആയിരം യുഗമോ രാവുമഹോരാത്രജ്ഞരാമവർ. 17
അവ്യക്തത്തിങ്കൽനിന്നുണ്ടാം വ്യക്തിയൊക്കെയഹസ്സിലേ
ലയിച്ചീടും രാത്രിയായാലവ്യക്തത്തിങ്കലാകവേ. 18
ഈബ്ഭൂതഗ്രാമമതുതാനുണ്ടായുണ്ടായ് ലയിച്ചിടും
രാത്രിയായാൽപ്പാർത്ഥ! വീണ്ടുമുണ്ടായീടുമഹസ്സിലും. 19

35

(ശ്ലോകം 20—22)

അനന്യഭക്തികൊണ്ടു പ്രളയകാലത്തിൽ എല്ലാം നശിക്കുമ്പോൾ അനശ്വരനായി നിലനില്ക്കുന്ന ഈശ്വരനെ പ്രാപിക്കാം.

അവ്യക്തത്തിങ്കൽനിന്നുണ്ടു മറെറാരവ്യക്തഭാവവും
ഭൂതമെല്ലാം നശിച്ചാലുമായതേതും നശിച്ചിടാ. 20
അക്ഷരാഭിധമവ്യക്തമതല്ലോ പരയാം ഗതി
അതിൽച്ചെന്നാൽപ്പിന്തിരിയ്ക്കില്ലതാണെൻ പരമം പദം. 21
അവൻ പരൻ പുമാൻ പാർത്ഥ ലഭ്യനാം ശുദ്ധഭക്തിയാൽ
അവങ്കലീബ്ഭൂതജാലമവനെങ്ങും നിറഞ്ഞവൻ. 22

36

(ശ്ലോകം 23—28)

ശുക്ലകൃഷ്ണഗതി. മരണാനന്തരം ജീവൻെറ പന്ഥാവ് ഉപാസനയ്ക്കനുരൂപമായിരിക്കുമെന്നു് ഉപനിഷത്തുകളിൽ പറഞ്ഞതുതന്നെയാണ് ഇവിടെയും പറഞ്ഞിരി

കുന്നതു്. ഇതിൻെറ അർത്ഥം പലരും പലവിധം വിവരിക്കുന്നു. എന്നാൽ വിനോബാജിയുടെ വ്യാഖ്യാനം ഇതാണു്. അഗ്നി കർമ്മത്തിന്നു ചിഹ്നമാണു്. സൂര്യൻ ബുദ്ധിയുടെ പ്രഭയ്ക്കും. ശുക്ലപക്ഷചന്ദ്രൻ മനസ്സിലെ പവിത്രഭാവനകൾ—പ്രേമം, ഭക്തി, ഉത്സാഹം, പരോപകാരം, ദയ മുതലായവ. അവസാനംവരെ സ്വകർമ്മാചരണം ഉള്ളവനും ഭാവന തിളങ്ങിക്കൊണ്ടിരിക്കുന്നവനും അല്പംപോലും ആസക്തിയില്ലാത്തവനും മരിക്കുമ്പോൾ ബ്രഹ്മത്തോടു ചേരുന്നു. കേവലം സ്വധർമ്മാചരണം മാത്രമുള്ളവൻ ക്ഷുദ്രസ്ഥാനങ്ങൾ പ്രാപിച്ചു വീണ്ടും ഇഹലോകത്തിൽ ജനിക്കുന്നു.

ഇതു മനസ്സിലാക്കി ശ്രേയോമാർഗ്ഗം അവലംബിച്ചാൽ ഈശ്വരനെ അവസാനം പ്രാപിക്കാം. അല്ലെങ്കിൽ ഇവിടെത്തന്നെ ജീവന്മുക്തനാകാം.

ഏതു കാലത്തനാവൃത്തിയാവൃത്തിയിവ യോഗികൾ
ചെന്നാൽ നേടുന്നിതാക്കാലം പറയാം ഭരതർഷഭ! 23
ശുക്ലം തേജസ്സഗ്നി പകൽ മാസമാറുത്തരായണം
അതിൽപ്പോയാൽ ബ്രഹ്മമെത്തും ബ്രഹ്മവേദികളായവർ. 24
കൃഷ്ണം ധൂമം രാത്രിയാറു മാസമാട്ടക്ഷിണായനം
ചന്ദ്രജ്യോതിസ്സതിൽച്ചെന്നാൽ യോഗി പിന്നെത്തിരിക്കുമേ. 25
ജഗത്തിൽ നിത്യഗതികൾ കൃഷ്ണശുക്ലങ്ങൾ രണ്ടുമേ
ഒന്നിൽപ്പോയാൽപ്പിന്തിരിയാ മറേറതിൽത്തിരിയേ വരും. 26
ഈ മാർഗ്ഗം കണ്ടിട്ടും യോഗി പാർത്ഥ! മോഹിച്ചിടാ ദൃഢം
അതിനാലേതു കാലത്തും യോഗം കൈക്കൊള്ളുകർജ്ജുന! 27

വേദങ്ങൾ യജ്ഞങ്ങൾ തപസ്സു ദാന—
മിവററിലെപ്പുണ്യഫലങ്ങളെല്ലാം
കടന്നുപോമെന്നറിയുന്നു യോഗി—
യെത്തുന്നിതാദ്യം പരമം പദത്തിൽ. 28

# ഭാഗം 3

## വ്യക്തോപാസന (സഗുണോപാസന)

രണ്ടാം ഭാഗത്തിൽ ധ്യാനംകൊണ്ടോ മററു വിധത്തിലോ നിരന്തരമായ ഈശ്വരസ്മരണയുടെ പ്രാധാന്യം തെളിയിച്ചിട്ടുണ്ട്. എന്നാൽ ഏതു തരത്തിലാണ് ആ ഉപാസന വേണ്ടതു് എന്നു് ഈ ഭാഗത്തിലാണ് പ്രതിപാദിക്കപ്പെടുന്നതു്. അതായതു വ്യക്തോപാസനയാണ് ഈ ഭാഗത്തിലെ വിഷയം.

ആരെ ഭജിക്കണം, എങ്ങിനെ ഭജിക്കണം എന്നതു് ഈ ഭാഗത്തിലാണ് പറയപ്പെടുന്നതു്.

## അധ്യായം ഒമ്പതു്

### ഏററവും എളുപ്പവഴി. സർവ്വം ഈശ്വരസമർപ്പണം.

### സർവ്വകർമ്മസമർപ്പണം

ഏററവും എളുപ്പമായ രീതി സർവ്വകർമ്മങ്ങളേയും ഈശ്വരന്നു സമർപ്പിക്കുന്നതാണ്. എന്നാൽ ഈ മാർഗ്ഗത്തിൽ പ്രവൃത്തിക്കു 'ശ്രദ്ധ' എന്ന മനോഭാവം അത്യാവശ്യമാണ്.

37

(ശ്ലോകം 1—3)

ശ്രോതാവിൻെറ മനസ്സിനെ ആകർഷിക്കുവാൻ മാർഗ്ഗത്തിൻെറ പ്രശംസ.

ശ്രീഭഗവാൻ പറഞ്ഞു.

അനസൂയ ഭവാനോട്ട ഗുഢമായിതു ചൊല്ലിടാം
ജ്ഞാനം വിജ്ഞാനമൊത്തായതറിഞ്ഞാലഘമററപോം. 1
രാജവിദ്യാ രാജഗുഹ്യമിതുത്തമപവിത്രമാം
പ്രത്യക്ഷമറിയും ധമ്മ്യം സുഖം സാധിപ്പതവ്യയം. 2
ഈധമ്മത്തിൽ ശ്രദ്ധിയാത്ത പുരുഷന്മാർ പരന്തപ!
എന്നിലെത്താതെ ചെല്ലുന്നു മൃത്യുസംസാരമാഗ്ഗമേ. 3

38

(ശ്ലോകം 4—10)

ഈശ്വരൻതന്നെയാണ് ഈ കാണുന്ന എല്ലാ ചരാചരങ്ങളേയും സൃഷ്ടിക്കുന്നതും നശിപ്പിക്കുന്നതും. അതു മാത്രമല്ല, എല്ലാററിലും വ്യാപിച്ച് അവയെ നിലനിത്തുന്നതും.

എന്നാൽ ഈ സൃഷ്ടി അദ്ദേഹത്തിൻെറ ഈഷൽഭാഗം മാത്രമാണ്. ഈശ്വരൻ ഇവയ്ക്കു് എത്രയോ അതീതനാണ്.

അവ്യക്തമൂത്തിയാകും ഞാനീ ലോകത്തിൽ നിറഞ്ഞവൻ
എന്നിൽ നിൽപൂ ഭൂതജാലം ഞാൻ നില്ക്കുന്നില്ലവററിലോ. 4
എന്നിൽ നില്പീല ഭൂതങ്ങൾ കാൺകെന്നൈശ്വര്യയോഗമേ
ഭൂതഭൃത്തല്ല ഭൂതസ്ഥനെന്നാത്മാ ഭൂതഭാവനൻ. 5
സവ്വഗൻ വാനിൽ നില്ക്കുന്ന വന്മരുത്തെന്നവണ്ണമേ
നില്ക്കുന്നു സവ്വഭൂതങ്ങളെന്നിലെന്നോത്തുകൊൾക നീ. 6
കൌന്തേയ! സവ്വഭൂതങ്ങൾ പെടുമെൻ പ്രകൃതിക്കകം
കല്പാന്തത്തിൽക്കല്പമായാലവ സൃഷ്ടിപ്പതുണ്ടു ഞാൻ. 7
സ്വന്തം പ്രകൃതി കൈക്കൊണ്ടു സൃഷ്ടിപ്പേനിങ്ങു വീണ്ടുമേ
അവശപ്പെട്ടെഴും ഭൂതജാലം പ്രകൃതിശക്തിയാൽ. 8

ആക്കർമ്മത്തിലുദാസീനനിലസ്സ്ക്തനല്ലാതെ നില്ക്കയാൽ
എൻകീഴിലായി പ്രകൃതി സൃഷ്ടിക്കുന്നു ചരാചരം. 9
ഈക്കാരണത്താൽക്കൌന്തേയ! തിരിയുന്നു ജഗത്തഹോ.
മനുഷ്യദേഹം പൂണ്ടെന്നെദ്ധിക്കരിക്കുന്നു വിഡ്ഢികൾ. 10

39

(ശ്ലോകം 11—19)

മനുഷ്യരെ മൂന്നു തരമായി വിഭജിക്കാം. ഈശ്വരനെ (1) അവഗണിക്കുന്നവർ, (2) തെററായി ഭജിക്കുന്നവർ, (3) ശരിയായി ഭജിക്കുന്നവർ.

എൻെറ ഭൂതമഹൈശ്വര്യഭാവത്തെയറിയാത്തവർ
മോഘാശർ മോഘകർമ്മാക്കൾ മോഘജ്ഞാനരചേതനർ. 11
മയക്കീടുന്നാസുരരാക്ഷസപ്രകൃതിയാണ്ടവർ
എന്നെപ്പരം പാർത്ഥ! ദൈവപ്രകൃതിസ്ഥർ മഹാശയർ. 12
അനന്യചിത്തർ സേവിപ്പൂ നിത്യഭൂതാദി ബുദ്ധിയാൽ.
എന്നെയെന്നും പുകഴ്ത്തീട്ടു യത്നം ചെയ്തു ദൃഢവ്രതർ 13
നമസ്കരിച്ചുപാസിപ്പൂ ഭക്തിയോടെന്നെ യോഗികൾ.
ജ്ഞാനയജ്ഞംകൊണ്ടു യജിച്ചെന്നെസ്സേവിച്ചിടും ചിലർ. 14
ഒററയായും വേറെയായിട്ടും പലതായ് വിശ്വമൂർത്തിയെ.
ക്രതു ഞാൻ ഞാൻ യജ്ഞമിഹ സ്വധ ഞാൻ ഞാൻ. മഹൌഷധം
മന്ത്രം ഞാൻ ഞാൻതന്നെയാജ്യം ഞാനഗ്നി ഹുതമിങ്ങു ഞാൻ. 16
ഞാനീജ്ജഗത്തിൻെറയച്ഛനമ്മ ധാതാ പിതാമഹൻ
വേദ്യം പവിത്രമോങ്കാരമൃക്കു സാമം യജുസ്സുമേ. 17
പ്രഭു ഭർത്താ സാക്ഷി ഗതിയിഷ്ടൻ ശരണമാലയം
പ്രഭവം പ്രളയം സ്ഥാനം നിധാനം ബീജമവ്യയം. 18
തപിപ്പോൻ ഞാൻ വർഷമീ ഞാനടക്കുവനയയ്ക്കുവൻ
അമൃതം മൃത്യുവും ഞാൻ താനസത്തും സത്തുമർജ്ജുന! 19

കുറിപ്പു്: 11—12 അവഗണിക്കുന്നവർ ചെയ്യുന്നതു്
13—15 ഭഗവാനിൽ ശ്രദ്ധയുള്ളവർ ചെയ്യുന്നതു്.
16—19 ഈശ്വരൻെറ പ്രഭാവങ്ങൾ.

## 40 (a)

(ശ്ലോകം 20—25; 22 ഒഴിച്ച്)

തെററായി ധരിച്ചവർ ഏതുവിധം ഉപാസിക്കുന്നു? അവക്കു തുച്ഛഫലം. വൈദികകർമ്മങ്ങൾ ഇവരുടെ വിഷയമാകുന്നു.

ത്രൈവിദ്യന്മാർ സോമപന്മാർകളെന്നെ
യജിച്ചർത്ഥിക്കുന്നു നിഷ്പാപർ വാനം
ആ യോഗ്യർ പുണ്യം സുരലോകമെത്തി-
ബ്ഭുജിപ്പു വാനിൽപ്പല ദേവഭോഗം. 20
വിശാലമാ സ്വർഗ്ഗലോകം ഭുജിച്ചു
പുണ്യം തീർന്നാലവരെത്തുന്നു മന്നിൽ
ഏവം ത്രയീധർമ്മിയന്നു പോയും
വന്നും ലഭിപ്പോരവർ കാമകാമർ. 21
മറെറാന്നുമെന്നിയേയെന്നെയേററു സേവിച്ചിടും ചിലർ
ആ നിത്യയോഗികൾക്കൊക്കെ യോഗക്ഷേമം വഹിപ്പു ഞാൻ. 22
അന്യദേവകളെ ബ്ഭക്തിശ്രദ്ധയോടും ഭജിപ്പവർ
എന്നെത്തന്നെ ഭജിക്കുന്നു കൌന്തേയ! വിധി വിട്ടുമേ. 23
യജ്ഞത്തിനെല്ലാം ഞാനാണു ഭോക്താവും പ്രഭുവായതും
അറിയുന്നില്ലെന്നെയവർ തത്വത്താൽ ച്യുതരാമതിൽ. 24
പോം ദേവവ്രതർ വാനോരിൽപ്പിതൃവ്രതർ പിതൃക്കളിൽ
ഭൂതേജ്യർ ഭൂതങ്ങളിലുമെന്നുപാസകരെന്നിലും. 25

## 40 (b)

(ശ്ലോകം 22, 26—34)

ഉത്തമഭക്തന്മാരുടെ ഉപാസന. എത്രയും എളുപ്പം. എന്നാൽ അനന്തഫലത്തെയും തരുന്നു.

ഭക്തിയോടില പൂ കായ ജലവും മമ നല്കിയാൽ
അതു ഞാനേററിടും ശുദ്ധചിത്തൻ ഭക്തിയൊടേകയാൽ. 26

ചെയ്യതും തിന്മതും മോഹിക്കുന്നതും നല്കിടുന്നതും
തപിപ്പതും ഹേ കൌന്തേയ! സമപ്പിച്ചീടുകെന്നിൽ നീ. 27
ശുഭാശുഭഫലം കമ്മബന്ധമെന്നാലൊഴിഞ്ഞുപോം
സന്യാസയോഗമാന്നെന്നിലെത്തീടും നീ വിമുക്തനായ്. 28
ഞാനെല്ലാക്കും സമൻ ദ്വേഷ്യനില്ലെനിക്കില്ലൊരിഷ്ടനും
എന്നെബ്ഭക്ത്യാ ഭജിപ്പോർകളെന്നിൽ ഞാനവരിങ്കലാം. 29
അനന്യചിത്തനായെന്നെബ്ഭജിപ്പോൻ ദുഷ്ടു ചെയ്യിലും
സാധുവാണെന്നോത്തിടേണം നന്മയ്ക്കു മുതിരുന്നവൻ. 30
ഉടൻ ധമ്മിഷ്ഠനായ്ത്തീരുമെന്നെയ്ക്കും ശാന്തിയേന്തിടും
കൌന്തേയ! നീയുരച്ചാലുമെൻെറ ഭക്തൻ നശിച്ചിടാ. 31
എന്നെ വന്നാശ്രയിക്കുന്നോർ പാപജന്മാക്കളാകിലും
സ്ത്രീകളും വൈശ്യരും നേടും പരസൽഗ്ഗതി ശൂദ്രരും. 32
ഭക്തർ പുണ്യബ്രാഹ്മണരും രാജഷികളുമോതണോ
അനിത്യമിണ്ടലീ ലോകമാണ്ടിട്ടെന്നെബ്ഭജിക്ക നീ. 33
എന്നെയോത്തൻ ഭക്തനെന്നെ യജിച്ചെന്നെ നമിക്ക നീ
എന്നിൽത്താണ്ണത്തുമീ യോഗമാന്നെന്നെസ്സംശ്രയിച്ച നീ. 34

## അദ്ധ്യായം പത്തു്

### വിഭൂതിധ്യാനയോഗം—വിഭൂതിചിന്തനം

ഈശ്വരൻെറ വിഭൂതികളെ ചിന്തിക്കുന്നതുതന്നെ വലിയ ഒരു സാധനയാണു്.

41

(ശ്ലോകം 1—6)

ഈശ്വരൻ ആദിപുരുഷനാണു്; എല്ലാ സദ്ഗുണങ്ങളുടേയും ആസ്പദമാണു്.

ശ്രീഭഗവാൻ പറഞ്ഞു.

ഇനിയും നീ മഹാബാഹോ! കേട്ടാലും മുഖ്യമാം മൊഴി
പ്രീതി ചേരുന്ന നിന്നോടു ഹിതം പാത്തോതിടുന്നു ഞാൻ. 1

അറിയില്ലെൻ പ്രഭവമാ വാനോരും മാമുനീന്ദ്രരും
ദേവകാംക്കും മുനീന്ദ്രക്കും മുററമാദിമനാണു ഞാൻ. 2
ലോകേശനാദിയില്ലാത്തോനജനെന്നെന്നെയോപ്പവൻ
മൌഢ്യം വിട്ടോൻ മാനുഷരിൽസ്സവ്വപാപവിമുക്തനാം. 3
ബുദ്ധി ജ്ഞാനമസമ്മോഹം ക്ഷമ സത്യം ദമം ശമം
സുഖം ദുഃഖം ഭവം നാശമഭയം ഭയമിങ്ങിനേ. 4
അഹിംസ തുഷ്ടി സമത ദുഃഷ്പേർ പേർ ദാനമാത്തപം
ഭൂതങ്ങൾക്കിവയുണ്ടാകും പലമട്ടെന്നിൽനിന്നുതാൻ. 5
പണ്ടുള്ള സപ്തഷിമാരും നാലുപേരു മനുക്കളും
മനസ്സിലെൻ ഭാവജാതരവക്കീ പ്രജ വിശ്വവും. 6

42

(ശ്ലോകം 7—11)

ഈശ്വരൻെറ വിഭൂതിയെപ്പററി സ്മരിക്കുന്നവരുടെ ഹൃദയത്തിലുള്ള ഇരുളിനെ ഈശ്വരൻ ജ്ഞാനദീപംകൊണ്ടു് അകററുന്നു.

എനിക്കുള്ളീവിഭൂതിയോഗം തത്വത്തോടുമറിഞ്ഞവൻ
ഇളകാതുള്ള യോഗത്തോടൊക്കുമില്ലൊരു സംശയം. 7
സവ്വപ്രഭവനല്ലോ ഞാൻ സവ്വമുണ്ടാവതെന്നിലാം
എന്നോത്തെന്നെബ്ഭജിക്കുന്നു ഭാവമൊക്കുന്ന പണ്ഡിതർ. 8
മൽച്ചിത്തർ മല്പരപ്രാണരന്യോന്യം ബോധമേകുവോർ
എന്നെ വാഴ്ത്തിത്തുഷ്ടി പൂണ്ടു രമിച്ചീടുന്നു നിത്യവും. 9
നിത്യയോഗം പൂണ്ടു നന്ദ്യാ ഭജിച്ചീടുന്നവക്കു ഞാൻ
ബുദ്ധിയോഗം നല്ലമവരതുകൊണ്ടെന്നിലെത്തിടും. 10
അവരിൽക്കനിവിന്നായിട്ടജ്ഞാനക്കൂരിരുട്ടു ഞാൻ
ആത്മഭാവസ്ഥനായ് ജ്ഞാനദീപഭാസ്സാലകററുവൻ. 11

43

(ശ്ലോകം 12—18)

ഏതേതു വിഭൂതികളെയാണു് ഞാൻ ചിന്തിക്കേണ്ട തു്? അതു മുഴുവൻ അങ്ങു പറയുക എന്നു് അർജ്ജുനൻ ആവശ്യപ്പെടുന്നു.

അർജ്ജുനൻ പറഞ്ഞു.

പരം ബ്രഹ്മം പരം ധാമം പവിത്രം പരമം ഭവാൻ
പുരുഷൻ ശാശ്വതൻ ദിവ്യനാദിദേവനജൻ പ്രഭു. 12
നിയ്യെന്നാർ മുനിമാരെല്ലാം ശ്രീനാരദമഹർഷിയും
അസിതൻ ദേവലൻ വ്യാസൻ ചൊല്ലുന്നുണ്ടെന്നൊടങ്ങയും. 13
നേരാണെല്ലാമെന്നൊടങ്ങുന്നരുൾചെയ്യതു കേശവ!
ഭഗവാനേ! നിൻവെളിവിങ്ങറിയാ സുരദാനവർ. 14
താൻതന്നെയറിയും നിന്നെ നീ മാത്രം പുരുഷോത്തമ!
ഭൂതഭാവന! ദേവേശ! ദേവദേവ! ജഗൽപ്പതേ! 15
ചൊല്ലു ദിവ്യങ്ങളാമാത്മവിഭൂതികളെയൊക്കെ നീ
ആ വിഭൂതികളാലല്ലോ ലോകം വ്യാപിച്ചു നില്പൂ നീ. 16
യോഗീന്ദ്ര! നിന്നെ ഞാനെന്നോർത്തറിയേണ്ടതന്നതെങ്ങിനേ
ഏതേതു ഭാവത്തിൽ നിന്നെബ്ഭഗവാനേ നിനപ്പു ഞാൻ. 17
വിസ്താരമായാത്മയോഗവിഭൂതികൾ ജനാർദ്ദന!
വീണ്ടും ചൊല്ലീയമൃതു കേട്ടുണ്ടാകുന്നീല തൃപ്തി മേ. 18

44

(ശ്ലോകം 19—42)

എൺപതിൽപ്പരം വിഭൂതികളെ സൃഷ്ടിയിൽ ശ്രേ ഷ്ഠമായവയെ ഭഗവാൻ പറയുന്നു. ഇവ ഏതാനും മാത്ര മാണു്. ലോകം മുഴുവനും എൻെറ വിഭൂതിതന്നെ.

ബാലന്മാർ അക്ഷരം പഠിക്കുന്ന രീതിയിൽ, അതാ യതു ലഘുവായ അക്ഷരങ്ങൾ മുമ്പും കൂട്ടക്ഷരങ്ങൾ പി

ന്നീട്ടും എന്ന മട്ടിൽ, ഹൃദ്യമായ വിഭൂതികളെ ഗുരുമുഖേന ആദ്യവും കഠിനമായവയെ പിന്നീട്ടും സാധകർ ധ്യാനിച്ച് അഭ്യസിക്കണം. ഈ സാധനാരീതി ഇപ്പോഠം നടപ്പിലുണ്ടോ എന്നറിഞ്ഞുകൂടാ.

ശ്രീഭഗവാൻ പറഞ്ഞു.

ഹന്ത നിന്നോട്ട ദിവ്യാത്മവിഭൂതികളുരയ്ക്കുവൻ
പ്രധാനമായ്ക്കുരുശ്രേഷ്ഠ! വിസ്തരിച്ചാലൊടുങ്ങിടാ. 19
ആത്മാവു ഞാൻ ഗുഡാകേശ! സർവ്വഭൂതാശയസ്ഥനാം
ഞാനാദി മദ്ധ്യം ഭൂതങ്ങഠംക്കന്തമെന്നതുമാമെടോ. 20
ആദിത്യന്മാരിൽ ഞാൻ വിഷ്ണു ജ്യോതിസ്സുകളിലംശുമാൻ
മരുൽഗ്ഗണേ ഞാൻ മരീചി നക്ഷത്രങ്ങളിലിന്ദു ഞാൻ. 21
വേദങ്ങളിൽസ്സാമവേദം ഞാൻ വാനോർകളിൽ വാസവൻ
ഇന്ദ്രിയങ്ങളിൽ ഞാൻ ചിത്തം ചൈതന്യം ഭൂതജാതിയിൽ. 22
രുദ്രന്മാരിൽശ്ശങ്കരൻ ഞാൻ രക്ഷോയക്ഷരിൽ വിത്തപൻ
വസുക്കളിൽപ്പാവകൻ ഞാൻ പർവ്വതങ്ങളിൽ മേരു ഞാൻ. 23
പുരോഹിതരിൽ മുഖ്യൻ ഞാനോർക്ക പാർത്ഥ! ബൃഹസ്പതി
സേനാനികളിൽ ഞാൻ സ്കന്ദൻ സരസ്സുക്കളിലാഴി ഞാൻ. 24
മഹർഷിമാരിൽ ഭൃഗു ഞാൻ വാക്കിൽ ഞാനേകമക്ഷരം
യജ്ഞത്തിൽജ്ജപയജ്ഞം ഞാൻ ഹിമവാൻ സ്ഥാവരങ്ങളിൽ 25
വൃക്ഷക്കൂട്ടത്തിലരയാൽ ദേവർഷികളിൽ നാരദൻ
ഗന്ധർവ്വരിൽച്ചിത്രരഥൻ സിദ്ധരിൽക്കപിലൻ മുനി. 26
ഉച്ചൈഃശ്രവസ്സശ്വവർഗ്ഗത്തിങ്കൽ ഞാനമൃതോത്ഭവൻ
ഐരാവതം ദന്തികളിൽ നരന്മാരിൽ നരാധിപൻ. 27
ആയുധങ്ങളിൽ ഞാൻ വജ്രം പയ്ക്കളിൽക്കാമധേനു ഞാൻ
പ്രജനൻ കന്ദർപ്പനീ ഞാൻ ഞാൻ സർപ്പങ്ങളിൽ വാസുകി. 28
നാഗങ്ങളിലനന്തൻ ഞാൻ വരുണൻ ജലജന്തുവിൽ
അര്യമാ പിതൃവർഗ്ഗേ ഞാൻ സംയന്താക്കളിൽ ഞാൻ യമൻ. 29

ദൈത്യരിൽ പ്രഹ്ലാദനീ ഞാൻ കാലൻ കലനകാരരിൽ
മൃഗങ്ങളിൽ മൃഗേന്ദ്രൻ ഞാൻ വൈനതേയൻ ഖഗങ്ങളിൽ. 30
പവനൻ ഞാൻ പാവനരിൽ ശസ്ത്രവാന്മാരിൽ രാമനാം
ഞാൻ ഝഷൌഘത്തിൽ മകരമാററിൽവെച്ചിട്ടു ഗംഗ ഞാൻ. 31
സർഗ്ഗങ്ങൾക്കൊക്കെ ഞാനാദിയന്തം മദ്ധ്യവുമർജ്ജുന!
വിദ്യകൾക്കദ്ധ്യാത്മവിദ്യ വാദം വാദിജനത്തിൽ ഞാൻ. 32
അക്ഷരങ്ങൾക്കകാരം ഞാൻ ദ്വന്ദ്വം സാമാസികത്തിലും
ഞാൻതന്നെയക്ഷയം കാലം ഞാൻ ധാതാ വിശ്വതോമുഖൻ. 33
മൃത്യു സർവ്വഹരൻ ഞാനാം ജനിക്കുന്നോർക്കു ജന്മവും
സ്ത്രീകളിൽ ശ്രീ കീർത്തി വാക്കു സ്മൃതി മേധ ധൃതി ക്ഷമ. 34
സാമങ്ങളിൽ ബൃഹൽസ്സാമം ഗായത്രീ ഛാന്ദസാളിയിൽ
മാസങ്ങൾക്കോ മാർഗ്ഗശീർഷമൃതുക്കളിൽ വസന്തമാം. 35
ചതിപ്പോരിൽച്ചൂതു തേജസ്സത്രേ തേജസ്വികൾക്കു ഞാൻ
ജയം ഞാൻ വ്യവസായം ഞാൻ സത്വവാന്മാർക്കു സത്വവും. 36
വാസുദേവൻ വൃഷ്ണികളിൽപ്പാണ്ഡവന്മാരിലർജ്ജുനൻ
മുനീന്ദ്രന്മാരിൽ ഞാൻ വ്യാസൻ ശുക്രൻ കവികളിൽക്കവി. 37
ദമിപ്പവർക്കു ദണ്ഡം ഞാൻ ജയിപ്പോർക്കിഹ നീതി ഞാൻ
രഹസ്യങ്ങളിൽ മൌനം ഞാൻ ജ്ഞാനം ജ്ഞാനിനിരർക്കു ഞാൻ.
സർവ്വഭൂതങ്ങൾക്കുമെന്തോ ബീജം ഞാനതുമർജ്ജുന!
എന്നോടു കൂടാതെകണ്ടിട്ടിങ്ങില്ലൊരു ചരാചരം. 39
എൻെറ ദിവ്യവിഭൂതിക്കിങ്ങന്തമില്ലാ പരന്തപ!
ഉദ്ദേശമാത്രം ചൊന്നേനീ വിഭൂതിയുടെ വിസ്തരം. 40
വിഭൂതിയൊത്തൂർജ്ജിതമായ് ശ്രീമത്തെന്തെന്തു വസ്തുവോ
അതൊക്കെയെൻെറ തേജസ്സിന്നംശജം താൻ ധരിക്ക നീ. 41
അല്ലെങ്കിലെന്തിനധികമറിഞ്ഞിട്ടിങ്ങിതർജ്ജുന!
ഏകാംശത്താൽ വിശ്വമെല്ലാം വ്യാപിച്ചിട്ടാണു നില്പു ഞാൻ. 42

# അധ്യായം പതിനൊന്നു്

## 45

(ശ്ലോകം 1—8)

### വിശ്വരൂപദൎശനം

യോഗേശ്വരനോടു് അൎജ്ജുനൻ വിശ്വരൂപത്തെ കാണിച്ചുതരുവാൻ പ്രാൎത്ഥിക്കുന്നു. ജഗത്തെല്ലാം അടങ്ങിയ എന്റെ രൂപം ഈ മാംസചക്ഷുസ്സുകൊണ്ടു കാണ്മാൻ കഴിയാത്തതുകൊണ്ടു ഭഗവാൻ ദിവ്യചക്ഷുസ്സ് അൎജ്ജുനന്നു കൊടുത്തു വിശ്വരൂപം കാണിക്കുന്നു.

അൎജ്ജുനൻ പറഞ്ഞു.

എനിക്കനുഗ്രഹത്തിന്നു ഗുഢമദ്ധ്യാത്മമുത്തമം
അങ്ങുന്നു ചൊല്ലുകയാലെന്റെ മൌഢ്യമിപ്പൊളൊഴിഞ്ഞുപോയ്. 1
വിസ്തരാൽക്കേട്ടു ഞാൻ ഭൂതസമുൽപ്പത്തിലയങ്ങളും
ഭവാങ്കൽനിന്നംബുജാക്ഷ! നിന്മാഹാത്മ്യവുമവ്യയം. 2
ആത്മാവിനെപ്പററിയങ്ങു ചൊന്നതും ചേരുമീശ്വരാ!
നിന്റെയൈശ്വരമാം രൂപം കാണേണം പുരുഷോത്തമ! 3
എനിക്കു കാണാൻ സാധിക്കുമതെന്നാണെങ്കിലെൻ പ്രഭോ!
എന്നെക്കാട്ടുക ലോകേശ! ശാശ്വതാത്മാവിനെബ്ഭവാൻ. 4

ശ്രീഭഗവാൻ പറഞ്ഞു.

പാൎത്ഥ! കാണ്കെന്റെ രൂപങ്ങൾ നൂറുമായിരവും പരം
നാനാവിധങ്ങൾ ദിവ്യങ്ങൾ നാനാവൎണ്ണസ്വരൂപമായ്. 5
കാണ്ക രുദ്രാദിത്യവസുമരുദശ്വികളേയുമേ
മുൻ കാണാതുള്ളൊരാശ്ചൎയ്യം പലതും കാണ്ക ഭാരത! 6
ഇതിൽച്ചരാചരജഗത്തൊക്കെയൊന്നിച്ചു കാണ്ക നീ
എൻ ദേഹത്തിൽഗ്ഗുഡാകേശ! മററും കാണ്മാൻ നിനപ്പതും. 7
ഈ സ്വന്തം കണ്ണുകൊണ്ടെന്നെക്കാണ്മാൻ കഴികയില്ലെടോ
ദിവ്യം ചക്ഷുസ്സു നല്കുന്നേൻ കാണ്ക യോഗമിതൈശ്വരം. 8

## 46

(ശ്ലോകം 9—14)

### സഞ്ജയൻ ആ രൂപത്തെ വൎണ്ണിക്കുന്നു.

സഞ്ജയൻ പറഞ്ഞു.

എന്നും ചൊല്ലിയുടൻ ഭൂപ! മഹായോഗേശനാം ഹരി
പരമൈശ്വരരൂപത്തെക്കാണിച്ചൂ പാൎത്ഥനപ്പൊഴേ. 9
പല വായും കണ്ണുമായിപ്പലതാശ്ചൎയ്യദൃശ്യമായ്
പല ദിവ്യച്ചാൎത്തണിഞ്ഞു പല ദിവ്യായുധാഢ്യമായ്. 10
ദിവ്യമാല്യാംബരം ചാൎത്തിദ്ദിവ്യഗന്ധങ്ങൾ പൂശിയും
സൎവ്വാശ്ചൎയ്യം സൎവ്വസുഖമാണ്ടനന്തംവിട്ട ദേവനെ. 11
വാനിലോരായിരം സൂൎയ്യതേജസ്സൊന്നിച്ചുദിക്കുകിൽ
ആ മഹാത്മാവിൻെറ തേജസ്സിൻെറ സാദൃശ്യമെത്തുമേ. 12
പല മട്ടായ് വേർതിരിഞ്ഞ വിശ്വമൊക്കേയുമായതിൽ
ദേവദേവൻെറ ദേഹത്തിൽക്കണ്ടൂ പാണ്ഡവനപ്പൊഴേ. 13
ഉടനേ കോൾമയിക്കൊണ്ടാശ്ചൎയ്യമാണ്ടു ധനഞ്ജയൻ
കുമ്പിട്ടു ദേവനെക്കൂപ്പിത്തൊഴുതുകൊണ്ടു ചൊല്ലിനാൻ. 14

## 47

(ശ്ലോകം 15—35)

അൎജ്ജുനൻെറ ആഹ്ലാദകരമായ വിശ്വരൂപവൎണ്ണന. കാലരൂപിയായ ഈശ്വരൻെറ മുഖത്തിൽ സേനകൾ ചൂൎണ്ണിതമാകുന്നു. സൃഷ്ടി നടത്തുന്നതു് ഈശ്വരൻ. അതുപോലെ നാശം വരുത്തുന്നതും ഈശ്വരൻതന്നെ. എന്നാൽ അൎജ്ജുനന്നോ മററുള്ളവൎക്കോ തങ്ങൾ ശത്രുക്കളെ ഹനിച്ചു എന്നു മിഥ്യാഭിമാനം കൊള്ളാം. അൎജ്ജുനൻ അസ്ധാളിച്ചു ഭഗവാനോടു മനുഷ്യരൂപം എടുക്കുവാൻ അപേക്ഷിക്കുന്നു.

അർജ്ജുനൻ പറഞ്ഞു.

കാണുന്നു ഞാൻ ദേവ! ഭവാന്റെ മെയ്യിൽ
വാനോരെയും ഭൂതഗണങ്ങളേയും
പത്മസ്ഥനാം നാന്മുഖദേവനേയും
സമസ്തദിവ്യർഷിഫണീന്ദ്രരേയും. 15

പെരുത്തു കൈവായ്‌വയർകണ്ണുമായി-
ട്ടനന്തരൂപത്തൊടു കാണ്മു നിന്നെ
നിന്നാദിയും മദ്ധ്യവുമന്തവും ഞാൻ
കാണ്മീല! വിശ്വേശ്വര! വിശ്വമൂർത്തേ! 16

കിരീടിയായ്ഗ്ഗദിയായ്ച്ചക്രിയായി-
ത്തേജസ്സേന്തീട്ടെങ്ങുമേ ദീപ്തനായി
ദീപ്താനലാർക്കദ്യുതിയായപ്രമേയ-
ദുർല്ലക്ഷ്യനാം മട്ടു കാണുന്നു നിന്നെ. 17.

നീയക്ഷരം പരമം വേദ്യമല്ലോ
നീയീജ്ജഗത്തിന്നു പരം നിധാനം
നീയവ്യയൻ ശാശ്വതധർമ്മപാലൻ
സനാതനൻ പുരുഷൻ ബോദ്ധ്യമായ് മേ. 18

അനാദിമദ്ധ്യാന്തനനന്തവീര്യ-
നനന്തദോസ്സിന്ദുദിനേശദൃക്കായ്
ദീപ്താഗ്നിവക്ത്രത്തൊടു കാണ്മു നിന്നെ
സ്വതേജസ്സാൽ വിശ്വസന്താപിയായി. 19

ഭൂവാകാശങ്ങൾക്കെഴുമന്തരം നീ
ദിക്കെങ്ങുമേ വ്യാപ്തനായിട്ടു നിൽപ്പൂ
ഈ നിന്റെയുഗ്രാത്ഭുതദീപ്തി കണ്ടു
നടുങ്ങുന്നു മൂന്നുലകും മഹാത്മൻ! 20

ഈദ്ദേവൗഘം നിങ്കൽ വന്നേറിടുന്നു
ഭയാൽക്കൂപ്പിച്ചിലർ വാഴ്ത്തുന്നു നിന്നെ

ശുഭം ചൊല്ലിസ്സിദ്ധമഹർഷിസംഘം
മുഖ്യസ്തോത്രങ്കൊണ്ടു വാഴ്ത്തുന്നു നിന്നെ. 21
രുദ്രാദിത്യന്മാർ വസുവിശ്വാശ്വിസാദ്ധ്യ–
മരുൽഗ്ഗണം മററുമങ്ങൂഷ്മപന്മാർ
ഗന്ധർവ്വസിദ്ധാസുരയക്ഷർ മററു–
മാശ്ചര്യം പൂണ്ടുണ്ടു നോക്കുന്നു നിന്നെ. 22
പെരുത്തു വായ് കൺ തുട കാല്ക്കയ്യും
മഹാബാഹോ! പൂണ്ട നിൻ ഘോരരൂപം
ബഹൂദരം ബഹുദംഷ്ട്രാകരാളം
കണ്ടീ ലോകം വ്യഥയിൽപ്പെട്ടു ഞാനും. 23
മാനം മുട്ടിദ്ദീപ്തനാനാനിറത്തിൽ
വായും തുറന്നുഗ്രദീപ്താക്ഷനായി
നിന്നെക്കണ്ടുൾവ്യഥ പൂണ്ടിട്ടു ധൈര്യ–
ശമങ്ങൾ ഞാൻ നേടിടാതായി വിഷ്ണോ! 24
ദംഷ്ട്രാകരാളങ്ങൾ ഭവന്മുഖങ്ങൾ
കാലാനലോഗ്രങ്ങൾ നിരന്നു കാൺകെ
ദിങ്മോഹമാർന്നിണ്ടൽ പെടുന്നു ദേവ!
പ്രഭോ! പ്രസാദിക്ക ജഗന്നിവാസ! 25
ഇതാ നിങ്കൽ ധൃതരാഷ്ട്രന്റെ മക്ക–
ളെല്ലാവരും മററു മന്നോരൊടൊപ്പം
ഭീഷ്മൻ ദ്രോണൻ കർണ്ണനും മററുമസ്മൽ–
സൈന്യത്തിലെ പ്രവരന്മാരുമായി. 26
കടക്കുന്നു സത്വരം ദംഷ്ട്ര നീണ്ടു
ഭയങ്കരത്വന്മുഖൌഘത്തിനുള്ളിൽ
പററിപ്പോയിച്ചിലർ പല്ലിന്നിടയ്ക്കും
കാണുന്നല്ലോ തല പൊട്ടിത്തകർന്നും. 27
പുഴയ്ക്കൊക്കും പല തണ്ണീരൊഴുക്കു–
മാഴിക്കകത്തേയ്ക്കു താൻ പാഞ്ഞിടുന്നു

അവ്വണ്ണമീ നരലോകപ്രവീര–
രാളുന്ന നിൻ മുഖജാലം കടപ്പൂ. 28
കത്തും തീയ്യിൽപ്പാററകളൊക്കെയെമ്മ–
ട്ടുടൻ നശിപ്പാൻ വേഗമോടെത്തിടുന്നു
അവ്വണ്ണമേ ചെന്നിടുന്നു നശിപ്പാ–
നൊപ്പം ലോകം നിൻെറ വക്ത്രങ്ങൾതോറും. 29
ജ്വലിച്ചീടും വദനൌഘങ്ങളാലേ
മുററും ലോകം നീ ഗ്രസിക്കുന്നു നക്കി
തേജസ്സു ലോകത്തിൽ നിറഞ്ഞു ഘോരം
തപിക്കുന്നു ലോകമൊട്ടുക്ക വിഷ്ണോ! 30
ചൊന്നാലുമാരങ്ങതിഘോരരൂപൻ
തൊഴാം പ്രസാദിക്കുക ലോകനാഥ!
ആദ്യൻ ഭവാനെത്തിരിയേണമേ മേ
തിരിഞ്ഞിടുന്നില്ല ഭവൽപ്രവൃത്തി. 31

ശ്രീഭഗവാൻ പറഞ്ഞു.

ലോകക്ഷയം ചെയ്യൊരു കാലനീ ഞാൻ
ലോകം ഗ്രസിക്കുന്നതിന്നായ്ത്തുടന്നോൻ
നീയ്യില്ലെന്നാകിലുമീക്കൂട്ടർ തീരും
പടക്കളത്തിൽക്കാത്തു നില്ക്കുന്ന യോദ്ധർ. 32
എന്നാലെഴുന്നേല്ക്കുക കീർത്തിയേല്ക്കു
ശത്രുക്കളെക്കൊന്നിഹ നാടു വാഴ്ക
ഞാൻ കൊന്നിരുപ്പുണ്ടിവരേ മുമ്പു നീയ്യും
നിമിത്തമായ് നില്ക്കുക സവ്യസാചിൻ. 33
ദ്രോണൻ ഭീഷ്മൻ സൈന്ധവൻ കർണ്ണനെന്ന–
ല്ലന്യന്മാരാം വീരയോധേന്ദ്രരേയും
ഞാൻ കൊന്നോരെക്കൊല്ക നീ മാഴ്കിടേണ്ടാ
യുദ്ധം ചെയ്യു വെന്നിടു വൈരിവർഗ്ഗം. 34

സഞ്ജയൻ പറഞ്ഞു.

ഈവണ്ണമാക്കേശവൻ ചൊന്ന കേട്ടു
കൈക്കൂപ്പിയും മെയ് വിറച്ചും കിരീടി
കുമ്പിട്ടുടൻ കൃഷ്ണനോടോതി വീണ്ടും
സഗൽഗ്ഗദം പേടിയോടും വണങ്ങി. 35

48

(ശ്ലോകം 36—46)

അർജ്ജുനന്റെ ഭഗവൽസ്തുതി. ഇതു് എത്രയും രമണീയമാണു്. എല്ലാവരും ഈ സ്തുതി ഹൃദിസ്ഥമാക്കണം.

അർജ്ജുനൻ പറഞ്ഞു

യുക്തം ഹൃഷീകേശ! ഭവാന്റെ പേരാൽ
ഹർഷിച്ചു രഞ്ജിച്ചമരുന്നു ലോകം
പേടിച്ചു രക്ഷസ്സുകൾ പാഞ്ഞിടുന്നൂ
മുററും വണങ്ങുന്നിതു സിദ്ധസംഘം. 36
വണങ്ങില്ലാ നിന്നെയെന്നോ മഹാത്മൻ!
പൂജ്യൻ ബ്രഹ്മന്നാദികർത്താവിനേയും
അനന്ത! ദേവേശ ജഗന്നിവാസ!
നീയക്ഷരം സദസൽത്തൽപ്പരൻതാൻ. 37
നീയാദിദേവൻ പുരുഷൻ പുരാണൻ
വിശ്വത്തിനെല്ലാം പരമം നിധാനം
വേത്താവു വേദ്യം പരധാമവും നീ
വ്യാപ്തൻ ജഗത്തിങ്കലനന്തരൂപ! 38
തീ കാററു നീയേ വരുണൻ യമൻ നീ
ചന്ദ്രൻ പ്രജേശൻ പ്രപിതാമഹൻ നീ
ഓരായിരം പാടിത കൈതൊഴുന്നേൻ
വീണ്ടും നിനക്കങ്ങിത കൈതൊഴുന്നേൻ. 39
മുമ്പും തൊഴുന്നേനിത പിമ്പുമങ്ങ—
യ്ക്കെല്ലാപ്പുറത്തും പണിയുന്നു സർവ്വ!

അനന്തവീൎയ്യാമിതവിക്രമൻ നീ
സൎവ്വത്തിലും വ്യാപ്തനതാണു സൎവ്വൻ! 40

എൻ തോഴരെന്നോൎത്തു പറഞ്ഞുപോയ് ഞാൻ
ഹേ കൃഷ്ണ! ഹേ യാദവ! തോഴരെന്നും
നിന്മാഹാത്മ്യം തിരിയാഞ്ഞിട്ടിവണ്ണം
ഞാൻ തെററായി പ്രണയാൽച്ചൊന്നതാണേ. 41

നേരംപോക്കായ്സ്സൽക്കരിക്കാതിരുന്നേൻ
വിഹാരശയ്യാസനമൂണിവററിൽ
ഏകൻ ഭവാനച്യുത! നിൻെറ മുമ്പിൽ
ക്ഷമിപ്പിപ്പേനപ്രമേയൻ ഭവാനെ. 42

ചരാചരത്തിന്നു പിതാവു നീ താൻ
ലോകൎക്കു പൂജ്യൻ ഗുരു നീ ഗരീയാൻ
നിന്നൊപ്പമില്ലാരുമതിന്നു മേലെ
മുപ്പാരിലാമപ്രതിമപ്രഭാവൻ. 43

വണങ്ങി നിന്നെത്തനുവൎപ്പണം ചെ-
യ്തീഡ്യേശനെത്തെളിയിക്കുന്നിതാ ഞാൻ
അച്ഛൻ മകന്നാമ്പടി തോഴർ തോഴ-
ൎക്കിഷ്ടൻ പ്രിയന്നങ്ങു പൊറുക്ക ദേവ! 44

മുൻ കണ്ടിടാത്തോരിതു കണ്ടെനിക്കു
മനം നടുങ്ങുന്നു ഭയത്തിനാലേ
ആ രൂപമേ കാട്ടു കനിഞ്ഞുകൊൾക
ദേവേശനായോരു ജഗന്നിവാസ! 45

കിരീടിയായ്ഗ്ഗദിയായ്ച്ചക്രമേന്തി-
ക്കാണേണമേ നിന്നെ മുന്മട്ടുതന്നെ
തൃക്കൈ നാലുള്ളാ സ്വരൂപം ഗ്രഹിക്കു
കൈയ്യായിരം കാട്ടിന വിശ്വമൂൎത്തേ! 46

49

(ശ്ലോകം 47—54)

അനന്യഭക്തികൊണ്ടു മാത്രമേ സവ്വവും ഈശ്വര നാണെന്നു കാണ്മാൻ സാധിക്കു. വേദാധ്യയനമോ, യജ്ഞമോ, തപസ്സോ, ദാനമോ ഇതിന്നു പയ്യാപ്തമാവുന്നതല്ല.

ശ്രീഭഗവാൻ പറഞ്ഞു.

തെളിഞ്ഞു ഞാനജ്ജുന! രൂപമേവം
നിനക്കു കാണിച്ചിതു യോഗശക്ത്യാ
തേജോമയം വിശ്വമനന്തമാദ്യം
മററാരുമേ മുമ്പിതു കണ്ടതല്ലാ. 47
വേദം യജ്ഞാദ്ധ്യയനം ദാനമുഗ്ര-
തപം പരം കമ്മമിവററിനാലേ
ഇമ്മട്ടെന്നെക്കാണ്മവാൻ പററുകില്ലാ
നിനക്കൊഴിച്ചിങ്ങു കുരുപ്രവീര! 48
നിനക്കു വേണ്ടാ വ്യഥ മൌഢ്യമൊന്നു-
മീയെൻെറ ഘോരാകൃതി കാൺകയാലേ
ഭയം പോക്കി പ്രീതി കൈക്കൊണ്ടു വീണ്ടു-
മാരൂപത്തെത്തന്നെ നീ കണ്ടുകൊൾക. 49

സഞ്ജയൻ പറഞ്ഞു.

എന്നജ്ജുനൻതന്നോടു വാസുദേവൻ
ചൊല്ലി സ്വന്തം രൂപമേ കാട്ടി വീണ്ടും
ഭയപ്പെട്ടോരിവനാശ്വാസമേകി
മഹാത്മാവാസ്സൌമ്യരൂപത്തിലായി. 50

അജ്ജുനൻ പറഞ്ഞു.

സൌമ്യം മാനുഷമാമീ നിൻ രൂപം കണ്ടു ജനാദ്ദന!
ഇപ്പോളുൾച്ചിത്തം തെളിഞ്ഞിട്ടു നിജപ്രകൃതിയാണ്ടു ഞാൻ. 51

ശ്രീഭഗവാൻ പറഞ്ഞു.

നീയീക്കണ്ടോരെൻെറ രൂപമേററം ദുർദ്ദൎശമാണെടോ
വാനവന്മാരുമീ രൂപം കാണ്മാനേററം കൊതിക്കയാം. 52
വേദം തപസ്സെന്നുവേണ്ടാ ദാനയജ്ഞങ്ങളാലുമേ
നീ കണ്ട മട്ടുള്ളോരെന്നെക്കണ്ടുകിട്ടാൻ കഴിഞ്ഞിടാ. 53
അനന്യഭക്തിയാൽ മാത്രമിതു സാധിക്കുമജ്ജുന!
തത്വമായറിവാൻ കാണ്മാൻ ചേരുവാനും പരന്തപ! 54

50

(ശ്ലോകം 55)

നിശ്രേയസത്തിന്നു് അനുഷ്ഠിക്കേണ്ടതും ഗീതാശാസ്ത്രത്തിൻെറ സാരഭൂതവുമാണു് ഈ ശ്ലോകത്തിലെ ഉപദേശം എന്നു ശ്രീശങ്കരൻ നമ്മെ ഉൽബോധിപ്പിക്കുന്നു.

എൻ കൎമ്മം ചെയ്യുന്നേൻ പരനായെൻ ഭക്തൻ സംഗമററവൻ
സൎവ്വഭൂതദ്വേഷഹീനനെന്നിൽപ്പാണ്ഡവ! ചേൎന്നിടും. 55

# അദ്ധ്യായം പന്ത്രണ്ടു്

## സഗുണഭക്തിയും നിൎഗ്ഗുണഭക്തിയും

സഗുണോപാസനയും നിൎഗ്ഗുണോപാസനയും അല്ലെങ്കിൽ ഭക്തിയും ജ്ഞാനനിഷ്ഠയും.

51

(ശ്ലോകം 1—12)

ദേഹാത്മഭാവത്തോടുകൂടിയവൎക്കു സഗുണോപാസനയാണു് എളുപ്പം.

3—5 ശ്ലോകങ്ങളിൽ നിൎഗ്ഗുണോപാസനയെ ചുരുക്കത്തിൽ വൎണ്ണിച്ചു് അതു വളരെ ക്ലേശത്തോടുകൂടിയതാണെന്നു കാണിക്കുന്നു.

10-ാം ശ്ലോകത്തിൽ സഗുണദ്ധ്യാനം സാധിക്കില്ലെങ്കിൽ കർമ്മയോഗം ചെയ്യുവാൻ ഉപദേശിക്കുന്നു. കർമ്മയോഗം ഒരു തരം സഗുണോപാസനയാണു്.

അർജ്ജുനൻ പറഞ്ഞു.

ഏവമെന്നും യോഗമാർന്നു ഭക്ത്യാ നിന്നെബ്ഭജിപ്പവർ
അക്ഷരാവ്യക്തപരരും യോഗവിത്തമരാരിതിൽ. 1

ശ്രീഭഗവാൻ പറഞ്ഞു.

മനസ്സെന്നിൽച്ചേർത്തു നിത്യയുക്തരായ് സ്സേവചെയ്യുവർ
പരമശ്രദ്ധയുടയോർ യോഗവിത്തമരെന്മതം. 2
അവ്യക്താനിർദ്ദേശ്യമാകുമക്ഷരത്തെബ്ഭജിപ്പവർ
സർവ്വഗാചിന്ത്യകൂടസ്ഥനചലാകൃതി നിത്യനേ. 3
ഇന്ദ്രിയങ്ങളടക്കീട്ടു സർവ്വത്ര സമബുദ്ധികൾ
സർവ്വഭൂതഹിതം ചെയ്വോരെന്നിൽത്താനവരെത്തിടും. 4
അവ്യക്താസക്തചിത്തന്മാർക്കുണ്ടല്ലോ ക്ലേശമേററവും
അവ്യക്തഗതി നേടുന്നു പാരം കേണിട്ടു ദേഹികൾ. 5
കർമ്മമെല്ലാംകൂടിയെന്നിൽസ്സന്യസിച്ചിട്ടു മൽപ്പരർ
അനന്യയോഗദ്ധ്യാനം പൂണ്ടെന്നുപാസകരില്ലയോ. 6
അവരേ മൃത്യുസംസാരക്കടലിൽ കരകേററുവാൻ
പാർത്ഥ! ഞാനുണ്ടെന്നിലുള്ളം ചേർന്നു നില്ക്കുന്നവർക്കുടൻ. 7
മനസ്സെന്നിൽച്ചേർത്തുകൊൾക ബുദ്ധിയെന്നിലിരുത്തുക
നിയ്യെന്നിൽത്താനുറച്ചീടുമെന്നാൽപ്പിന്നെയസംശയം. 8
അതല്ലെന്നിൽച്ചിത്തമുറപ്പിക്കുവാൻ വയ്യയെങ്കിലോ
അഭ്യാസയോഗംകൊണ്ടെന്നിലെത്താൻ നോക്കു ധനഞ്ജയ! 9
അഭ്യാസവും വയ്യയെങ്കിൽ മൽക്കർമ്മപരനാക നീ
എനിക്കു വേണ്ടിക്കർമ്മങ്ങൾ ചെയ്താലും സിദ്ധനായ്വരും. 10
അതിന്നും ശക്തിയില്ലെങ്കിൽപ്പരം മദ്യോഗമാർന്നു നീ
സർവ്വകർമ്മഫലത്യാഗം ചെയ്യേടോ യതചിത്തനായ്. 11

ജ്ഞാനമഭ്യാസത്തിനും മേൽ ധ്യാനം ജ്ഞാനത്തിലും പരം
ധ്യാനത്തേക്കാൾക്കർമ്മഫലത്യാഗം ത്യാഗാൽപ്പരം ശമം. 12

## 52

(ശ്ലോകം 13—20)

പരാഭക്തിയോഗം ഇതിൽ വിവരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ശങ്കരൻ ഇതിനെ ജ്ഞാനനിഷ്ഠാസമ്പ്രദായം എന്നു് എടുത്തു പറയുന്നു.

ഈ രൂപവും ആദർശപുരുഷവർണ്ണനമാണു്. ഇതു മനനംചെയ്തു് അതിൽ പറഞ്ഞിട്ടുള്ള ഗുണങ്ങൾ അഭ്യസിച്ചു സ്ഥിരീകരിക്കേണ്ടതാണു്. സദാചാരത്തിനും ആത്മനിഷ്ഠയ്ക്കുമാണു് ഗീതയും ഉപനിഷത്തുകളും നാനാവിധകർമ്മാനുഷ്ഠാനങ്ങളെക്കാളും ഗണ്യസ്ഥാനം നല്കുന്നതു് എന്നു് ഇതിനാൽ സ്പഷ്ടം. ഇവയെ ധർമ്മ്യാമൃതം അമൃതത്വത്തിന്നായിട്ടുള്ള ധർമ്മം എന്നു ഗീതതന്നെ ഊന്നിപ്പറയുന്നതു ശ്രദ്ധേയമാണു്.

സർവ്വഭൂതദ്വേഷമററ മൈത്രനായ്ക്കരുണാന്വിതൻ
നിർമ്മമൻ നിരഹങ്കാരൻ സമദുഃഖസുഖൻ ക്ഷമി. 13

സന്തുഷ്ടനെപ്പൊഴും യോഗി യതാത്മാവു ദൃഢവ്രതൻ
എന്നിൽബ്ബുദ്ധിയുറപ്പിക്കുമെൻ ഭക്തൻ പ്രിയനേറെ മേ. 14

ലോകം ഭയപ്പെടാതുള്ളോൻ ലോകത്തിൽ ഭയമററവൻ
ഹർഷാമർഷഭയോദ്വേഗഹീനനും പ്രിയനാണു മേ. 15

അനപേക്ഷൻ ശുചിയുദാസീനൻ ദക്ഷൻ ഗതവ്യഥൻ
സർവ്വകർമ്മത്യാഗിയെൻെറ ഭക്തനോ പ്രിയനാണു മേ. 16

ഹർഷിക്കാത്തോൻ വെറുക്കാത്തോൻ മാഴ്കാത്തോൻ കാംക്ഷ വിട്ടവൻ
ശുഭാശുഭങ്ങൾ കൈവിട്ടോൻ ഭക്തിമാൻ പ്രിയനാണു മേ. 17

ശത്രു മിത്രം മാനമവമാനമെന്നിവയിൽസ്സമൻ
ശീതോഷ്ണസുഖദുഃഖൈകവൃത്തി സംഗമൊഴിഞ്ഞവൻ. 18
നിന്ദാസ്തുതികളിൽത്തുല്യൻ മൌനി തുഷ്ടൻ കിടപ്പതിൽ
ഗൃഹം വിട്ടോൻ ദൃഢമതി ഭക്തിമാൻ പ്രിയനാണു മേ. 19
ധർമ്മാമൃതം ചൊന്നവണ്ണമിതുപാസിച്ചിടുന്നവർ
ശ്രദ്ധക്കൂട്ടം മൽപ്പരരാം ഭക്തരിഞ്ഞേററമിഷ്ടരാം. 20

# ഭാഗം 4

## ജ്ഞാനയോഗം

## അദ്ധ്യായം പതിമൂന്ന്

### ആത്മാനാത്മവിവേചനം

വേദത്തിൽ കമ്മത്തിന്നു് അല്ലെങ്കിൽ ധമ്മത്തിന്നു വളരെ വിപുലമായ സ്ഥാനം ഉണ്ടു്. അതുകൊണ്ടു പൂവ്വമീമാംസാശാസ്ത്രം കേവലം വൈദികകമ്മങ്ങൾകൊണ്ടു മാത്രം പരമാവസ്ഥയെ പ്രാപിക്കാം എന്നാണു് സിദ്ധാന്തിച്ചിരിക്കുന്നതു്. എന്നാൽ ഗീത വൈദികനിത്യകമ്മങ്ങൾക്കു് ഈ സ്ഥാനം കൊടുക്കുന്നില്ല. അദ്ധ്യായം 2 ശ്ലോകം 42 മുതൽ 46 വരെയും, അദ്ധ്യായം 9 ശ്ലോകം 20_21ം ഈ വിഷയത്തെ വ്യക്തമാക്കുന്നു.

ഗീതയും കമ്മം അനുപേക്ഷണീയമാണെന്നും അതുകൊണ്ടു് അതു് അനുഷ്ഠിക്കേണ്ടതാണെന്നും സമത്ഥിക്കുന്നു. എന്നാൽ പ്രവത്തനരീതിയിൽ മഹത്തായ വ്യത്യാസം നിദ്ദേശിച്ചിരിക്കുന്നു. വൈദികകമ്മങ്ങൾക്കു പകരം സ്വധമ്മാചരണത്തിന്നാണു് അധികം സ്വീകാൎയ്യത കല്പിച്ചിരിക്കുന്നതു്. അതിന്നും പുറമേ പ്രസ്തുത കമ്മങ്ങളെ അനാസക്തിയോടെ അനുഷ്ഠിച്ചാൽ ആയതു് ആത്മപ്രാപ്തിക്കു സഹായകമായിത്തീരുന്നതാണു് എന്നു് 2, 3, 4 അദ്ധ്യായങ്ങൾകൊണ്ടു് ഉപപാദിച്ചിരിക്കുന്നു. പൂവ്വ

മീമാംസയിലെ കർമ്മാനുഷ്ഠാനങ്ങളെ അപലപിച്ചാലും അതിലെ മർമ്മമായ കർമ്മത്തിനെ ഇങ്ങിനെ കർമ്മയോഗമാക്കി വേദാന്തത്തോട്ടു് ഇണക്കിച്ചേർത്തിരിക്കുന്നു.

ആറാമദ്ധ്യായത്തിൽ പാതഞ്ജലശാസ്ത്ര(ദർശന)മായ രാജയോഗത്തിൻെറ മർമ്മം എടുത്തു പ്രതിപാദിച്ചിരിക്കുന്നു എന്നു് ഓർമ്മവെയ്ക്കേണ്ടതാണു്.

അതിന്നുംപുറമെ ഇവിടെ 13, 14 അദ്ധ്യായങ്ങളിലും മററും (17_18 അദ്ധ്യായങ്ങളിൽ) സാംഖ്യശാസ്ത്രത്തിൻെറ മർമ്മമായ ഭാഗങ്ങളെ ഭഗവാൻ കൂട്ടിയിണക്കിയിട്ടുള്ളതു ശ്രദ്ധേയമാണു്.

വേദാന്തത്തിൻെറ സാരമാണു് ഗീത എന്നു പറയേണ്ടതില്ലല്ലോ. ഇങ്ങിനെ ഗീത രമണീയമായ ഒരു സമന്വയശാസ്ത്രമാണു്. യോഗദൃഷ്ട്യാ നോക്കുന്നതാണെങ്കിൽ ഗീത കർമ്മയോഗം, രാജയോഗം, ഭക്തിയോഗം ഇവയെ വളരെ സരളമായി ഇണക്കി യോജിപ്പിച്ചിരിക്കുന്നു. ഇങ്ങിനെയുള്ള ഗീതയുടെ വിശിഷ്ടതയും നൈപുണ്യവും ഹിന്ദുക്കളുടെ സമന്വയകുശലതയുടെ പരമദൃഷ്ടാന്തമാണു്.

ഒന്നാം ശ്ലോകത്തിൻെറ അർത്ഥം വളരെ ഗഹനമാണു്. അതു നല്ലപോലെ മനസ്സിലാക്കേണ്ടതുമാണു്. എൻെറ വീട്ടു് എന്നു പറയുമ്പോഠം ഞാൻ വേറെ, വീട്ടു വേറെ എന്നു നമുക്കു നല്ല നിശ്ചയമാണു്. അതേ മാതിരി എൻെറ ദേഹം എന്നു പറയുമ്പോഴും ഞാൻ എന്നതു വേറെ, ദേഹം എന്നതു വേറെയാണു്. വീട്ടു് എന്നതു് എ

ന്നിൽനിന്നു് എപ്രകാരം ഭിന്നമായതാണോ അതേപോലെ ദേഹം 'ഞാൻ' എന്ന തത്വത്തിൽ നിന്നു ഭിന്നമാണു് എന്നു വ്യക്തമാകുന്നുണ്ടു്. അതേ മാതിരി എൻെറ മനസ്സിന്നു സുഖമില്ല, എൻെറ മനസ്സിന്നു് ഇപ്പോൾ പരമസുഖം എന്നു മനസ്സിൻെറ മാററങ്ങളേയും അറിയുന്നതു മനസ്സിൽനിന്നു വ്യത്യസ്തമായ മറെറാന്നാകുന്നു. ഇങ്ങിനെ ബുദ്ധിയേയും മനസ്സിനേയും ദേഹത്തേയും അറിയുന്നതും അവയിൽനിന്നു വേർപെട്ടു നില്ക്കുന്നതുമാണു് 'ഞാൻ' (ആത്മാവു്.) അഹങ്കാരം, ബുദ്ധി, മനസ്സു്, ദേഹം ഇവയ്ക്കു ക്ഷേത്രം എന്നു പേർ. കാരണം, ഇവ മൂലമാണു് നാം പൂർവ്വപുണ്യപാപഫലങ്ങളെ അനുഭവിക്കുന്നതു്. അവയിൽ പാപപുണ്യങ്ങളുടെ വളർച്ചയെ അറിയുന്ന, മനോബുദ്ധിദേഹാദികളുടെ സ്ഥിതികളെ അറിയുന്ന, ആത്മാവിന്നു ക്ഷേത്രജ്ഞൻ (ക്ഷേത്രത്തെ അറിയുന്നവൻ) എന്നു പേർ. ജ്ഞാനത്തിൻെറ സ്വരൂപം വിവേചനമാണു്. ദേഹം, മനസ്സു്, ബുദ്ധി, അഹങ്കാരം മുതലായവയെല്ലാം തന്നിൽനിന്നു വ്യത്യസ്തമാണു് എന്നു യുക്തികൊണ്ടു് അറിഞ്ഞു് അനുഭവത്തിൽ വരുത്തുന്നതാണു് ആത്മജ്ഞാനം. കൊപ്ര, ചിരട്ടയിൽനിന്നു വേർപെടുന്നതുപോലെ ആത്മാവു് അഹങ്കാരം മുതലായവയിൽനിന്നു വേർപെട്ടു നില്ക്കുന്ന അവസ്ഥയാണു് ജ്ഞാനാവസ്ഥ. അതിന്നുവേണ്ടി ഇന്ദ്രിയസംയമനം ചെയ്യുന്നതാകുന്നു ജ്ഞാനനിഷ്ഠ. ഇവ നല്ലപോലെ ധരിച്ചാൽ ഈ അധ്യായം എളുപ്പത്തിൽ മനസ്സിലാവും.

53

(ശ്ലോകം 1—4)

ഈ അധ്യായത്തിന്റെ സാരം എന്താണെന്നു് ഈ ശ്ലോകങ്ങളിൽ പറഞ്ഞിരിക്കുന്നു. 2-ാം ശ്ലോകത്തിൽ ആത്മാവു് അപരിച്ഛിന്നമായ ബ്രഹ്മം തന്നെയാണു് എന്ന വേദാന്തമഹാതത്വത്തെയാണു് പ്രതിപാദിക്കുന്നതു്. 'തത്വമസി', 'അഹം ബ്രഹ്മാസ്മി' മുതലായ മഹാവാക്യങ്ങളാണു് ഈ ശ്ലോകത്തിൽ സ്ഥാനം പിടിച്ചിരിക്കുന്നതു്.

ഏതോ ഒരു തെററിദ്ധാരണയാൽ 'ഞാൻ' ദേഹമാണു് എന്നു നാം വിചാരിക്കുന്നു. അതാണു് അജ്ഞാനം, മായ. ആ അജ്ഞാനംകൊണ്ടു ദേഹത്തോളം വിസ്തീർണ്ണം മാത്രമേയുള്ളു 'എനിക്കു്' എന്നു നാം നിശ്ചയിക്കുന്നു. എന്നാൽ നമുക്കു ജീവിച്ചിരിക്കെത്തന്നെ ദേഹത്തിൽനിന്നു വേർപെട്ടു നില്ക്കുവാൻ സാധിക്കുമ്പോൾ ആത്മാവു് അതിന്റെ സ്വസ്വരൂപമായ സർവ്വവ്യാപിയായ രൂപത്തെ കൈക്കൊള്ളുന്നു.

നിർവ്വികല്പസമാധിയിൽ ഇതു് ആദ്യമായി അനുഭവപ്പെടുകയും സഹജസമാധിയിൽ ഇതു സ്ഥിരമായി നിലനില്ക്കുകയും ചെയ്യുന്നു. അങ്ങിനെ സഹജസമാധിയിൽ നില്ക്കുന്നവർക്കു മാത്രമേ ഈ ശ്ലോകാർത്ഥം ശരിയായി മനസ്സിലാവുകയുള്ളു. മററുള്ളവർ ഇതു വിഭാവനം ചെയ്തു ശ്രദ്ധാതപസ്സുകളെക്കൊണ്ടു് അനുഭവത്തിൽ കൊണ്ടുവരുവാൻ പ്രയത്നിക്കണം. ഈ വഴികളെ ചൂണ്ടിക്കാണിക്കുന്നതാണു് ശാസ്ത്രം.

ഇക്കാരണംകൊണ്ടു 4-ാം ശ്ലോകത്തിൽ ശ്രീവ്യാസന്റെ ബ്രഹ്മസൂത്രത്തെ ഗീത അനുസ്മരിക്കുന്നു. ബ്രഹ്മ

സൂത്രഗ്രന്ഥത്തിൽ 555 സൂത്രങ്ങൾ ഉണ്ട്. ശ്രീശങ്കരൻെറ പ്രശസ്തി ഈ ബ്രഹ്മസൂത്രത്തിൻെറ വ്യാഖ്യാനംകൊണ്ടാണ് ഉച്ചകോടിയിലെത്തിയത്. ബ്രഹ്മസൂത്രം ഉപനിഷത്തുക്കളുടെ സന്ദിഗ്ദ്ധങ്ങളായ വാക്യങ്ങളുടെ അർത്ഥത്തേയും തത്വങ്ങളേയും എടുത്തു പ്രതിപാദിക്കുന്നു. ശ്രീശാങ്കരഭാഷ്യം ഈ സൂത്രങ്ങളുടെ അഗാധമായ അർത്ഥങ്ങളെ വളരെ സരളമായും സുസ്പഷ്ടമായും പ്രകാശിപ്പിക്കുന്നുണ്ട്.

ഉപനിഷത്ത്, ഗീത, ബ്രഹ്മസൂത്രം ഇവയ്ക്കു മൂന്നിനുംകൂടി പ്രസ്ഥാനത്രയം എന്നു പേർ. ഇവ മൂന്നുമാണ് ഹിന്ദുമതത്തിൻെറ അതിവിശിഷ്ടശാസ്ത്രഗ്രന്ഥങ്ങൾ.

അർജ്ജുനൻ പറഞ്ഞു.

**പുരുഷൻ താൻ പ്രകൃതിതാൻ ക്ഷേത്രക്ഷേത്രജ്ഞനങ്ങിനേ**
**ജ്ഞാനം ജ്ഞേയമിതൊക്കേയുമറിവാനാശ കേശവ!** 1

ശ്രീഭഗവാൻ പറഞ്ഞു.

**ശരീരമിതു കൌന്തേയ! ക്ഷേത്രമെന്നാണു ചൊൽവതും**
**ഇതറിഞ്ഞവനെ ക്ഷേത്രജ്ഞനെന്നാരതറിഞ്ഞവർ.** 2
**സർവ്വക്ഷേത്രത്തിലും ക്ഷേത്രജ്ഞൻ ഞാനറിക ഭാരത!**
**ക്ഷേത്രക്ഷേത്രജ്ഞരുടയ ജ്ഞാനം ജ്ഞാനമതെന്മതം.** 3
**ആ ക്ഷേത്രമെന്തെന്തുവിധമെന്തിലുണ്ടായതെങ്ങിനേ**
**അതിൻ പ്രഭാവമെന്തെന്നും ചുരുക്കിക്കേട്ടുകൊൾക നീ.** 4

54

(ശ്ലോകം 5—6)

ക്ഷേത്രവിവരണം

ക്ഷേത്രം എന്നതുതന്നെയാണ് പ്രകൃതി എന്നു പറയുന്നതും. ക്ഷേത്രജ്ഞനെ പുരുഷൻ എന്നും പറയുന്നു.

പലപാട്ടൃഷിമാർ ചൊൽവൂ നാനാഛന്ദസ്സിനാലുമേ
ബ്രഹ്മസൂത്രച്ചൊൽകളാലും യുക്തിയോടൊത്ത തീപ്പൊട്ടും. 5
മഹാഭൂതമഹങ്കാരം ബുദ്ധിയവ്യക്തമങ്ങിനേ
ഇന്ദ്രിയം പത്തുമൊന്നും താനഞ്ചിന്ദ്രിയപദാൎത്ഥവും. 6

55

(ശ്ലോകം 7—11)

ഈ ശ്ലോകങ്ങളിൽ ആത്മജ്ഞാനം കൈവരാൻ ഉതകുന്നതും വളരെ യത്നിച്ചു സമ്പാദിക്കേണ്ടതുമായ ഇരുപതു മനോഗുണങ്ങളെയാണു് പറഞ്ഞിരിക്കുന്നതു്. പദ്യങ്ങളുടെ അൎത്ഥം മനസ്സിലാക്കി അവയെ നല്ലപോലെ അഭ്യസിക്കണം. ശ്ലോകങ്ങൾ പാരായണം മാത്രം ചെയ്താൽ പോരാ.

ആത്മജ്ഞാനത്തിനു്—അതായതു നമ്മുടെ നമ്മളെപ്പററിയുള്ള തെററിദ്ധാരണ നീങ്ങുന്നതിനു്—ഈ ഗുണങ്ങളെയാണു് നാം കൈവരുത്തേണ്ടതു്. ഈ ഗുണങ്ങൾ നമ്മളിൽ സ്ഥിരമാവുമ്പോൾ അജ്ഞാനം നീങ്ങുന്നു; മോഹം അകലുന്നു. ആത്മാവു തന്റെ നിത്യജ്യോതിസ്സിൽ തിളങ്ങിശ്ശോഭിക്കുന്നു.

അഹങ്കാരം പാടേ നശിക്കണം. അതുകൊണ്ടു് അഹങ്കാരത്തോടെ ഈ ഗുണങ്ങളെ അഭ്യസിക്കുക എന്നതു് അസാദ്ധ്യമാണു്; യുക്തിഹീനമാണു്. അതുകൊണ്ടു നാം നമ്മുടെ ഹൃദയത്തിലിരിക്കുന്ന ആത്മാവിനേയോ, ഈശ്വരനേയോ അവരവരുടെ വിശ്വാസംപോലെ അവലംബിച്ചു് ആ സഹായത്തോടെയാണു് ഈ ഇരുപതു ഗുണങ്ങളേയും വളൎത്തേണ്ടതു്. ആത്മശരണത ആത്മസാക്ഷാൽക്കാ

രത്തിന്നു്, ഈശ്വരശരണത ഈശ്വരലാഭത്തിന്നു്, അനു പേക്ഷണിയമാകുന്നു.

ഗീതയുടെ ദൃഷ്ടിയിൽ മനുഷ്യൻ പ്രയത്നിക്കേണ്ടതു് ഈ ആത്മഗുണങ്ങൾ സമ്പാദിക്കുവാനാണു്. വൈദികകർമ്മങ്ങൾക്കു ക്ഷുദ്രഫലങ്ങളേയുള്ളു. അവയെക്കൊണ്ടു് അത്യാവശ്യമായ കാമനാശമുണ്ടാവുന്നതല്ല. ആരംഭകാലങ്ങളിൽ അവയിൽ ശ്രദ്ധ ചെലുത്തിയെന്നും വരാം. എന്നാൽ അവയെ നാം അതിക്രമിക്കണം. കർമ്മങ്ങളിൽനിന്നു മനസ്സെടുക്കുവാൻ സാധിക്കാത്തവർ കർമ്മങ്ങളെ കർമ്മയോഗമാക്കിത്തീർക്കണം. അതു മനസ്സിന്റെ അനാസക്തികൊണ്ടും ഈശ്വരാർപ്പണബുദ്ധികൊണ്ടുമാണു്. കർമ്മത്തെ കർമ്മയോഗമായി പരിണമിപ്പിപ്പാൻ പ്രവർത്തിച്ചാൽ ആ കർമ്മത്തിന്റെ ഫലം ചിത്തശുദ്ധിയുമാണു്.

ചിത്തശുദ്ധി വന്നവർക്കു് ഈ ഇരുപതു ഗുണങ്ങളും ശീലിക്കുവാൻ എളുപ്പമാണു്. ജ്ഞാനവും ക്രമത്തിൽ കൈവരും.

ആത്മഗുണങ്ങൾ ഇരുപതും നാം എങ്ങിനെയെങ്കിലും ഈശ്വരനെ അവലംബിച്ചു സമ്പാദിക്കണം. അപ്പോൾ ഈശ്വരശരണാഗതിയും ഈശ്വരപ്രതിപത്തിയും പൂർണ്ണമാവും. നിരന്തരം ശാശ്വതാനന്ദം അനുഭവിക്കാം.

ഇച്ഛ ദ്വേഷം സുഖം ദുഃഖം സംഘാതം ധൃതി ചേതന
ചുരുക്കത്തിൽ ക്ഷേത്രമിതു വികാരത്തോടുമൊത്തതാം. 7

അമാനിത്വമദംഭിത്വമഹിംസ ക്ഷാന്തിയാർജ്ജവം
ഗുരുശുശ്രൂഷണം ശൌചം സ്ഥൈര്യമാത്മവിനിഗ്രഹം. 8

ഇന്ദ്രിയാൎത്ഥത്തിൽ വൈരാഗ്യമനഹങ്കാരമങ്ങിനേ
ജന്മമൃത്യുജരാവ്യാധിദുഃഖദോഷാനുദൎശനം. 9
അസംഗമനഭിഷ്വംഗം പുത്രദാരഗൃഹാദിയിൽ
നിത്യവും സമചിത്തത്വമിഷ്ടാനിഷ്ടോപപത്തിയിൽ. 10
എന്നിൽ മററൊന്നുമൊക്കാതെ തെററില്ലാതൊരു ഭക്തിയും
വിജനത്തിലിരിപ്പും താൻ ജനസംഘവിരക്തിയും. 11

56

(ശ്ലോകം 12—18)

ഇനി പരലക്ഷ്യമായ ജ്യോതിസ്സിൻെറ, പരമാത്മാവിൻെറ, ഈശ്വരൻെറ ഗംഭീരമായ വൎണ്ണനയാണു്. ഇതു വായിച്ചു് ആസ്വദിച്ചു മനസ്സു ലയിപ്പിക്കണം. സാധന ത്വരിതപ്പെടും.

അദ്ധ്യാത്മജ്ഞാനനിത്യത്വം തത്വജ്ഞാനാൎത്ഥദൃഷ്ടിയും
ജ്ഞാനമെന്നതിതാകുന്നിതജ്ഞാനം വിപരീതമാം. 12
ജ്ഞേയമെന്തതു ചൊല്ലാമതറിഞ്ഞാലമൃതാൎന്നിടും
അനാദിയാം പരബ്രഹ്മം സത്തല്ലല്ലതസത്തുമേ. 13
എങ്ങും കൈകാലുള്ളതെങ്ങും കൺ മുഖം തലയുള്ളതാം
എങ്ങും കാതുള്ളതുലകിലെങ്ങും വ്യാപിച്ചു നില്പതാം. 14
സൎവ്വേന്ദ്രിയഗുണാഭാസം സൎവ്വസംഗമൊഴിഞ്ഞതാം
അസക്തം സൎവ്വഭൃത്തെങ്ങും ഗുണഭോക്താവു നിൎഗ്ഗുണം 15
ഭൂതാന്തൎഭാഗബാഹ്യസ്ഥമചരം ചരമായതും
സൂക്ഷ്മത്വംകൊണ്ടു ദുൎജ്ഞേയം ദൂരത്തുള്ളൊന്നടുത്തുമേ. 16
അവിഭക്തം ജീവികളിൽ വിഭക്തംപോലെ നില്പതാം
ഭൂതഭൎത്താവതോ ജ്ഞേയം ഗ്രസിഷ്ണു പ്രഭവിഷ്ണുവാം. 17
ജ്യോതിസ്സുകൾക്കും ജ്യോതിസ്സു തമസ്സിൽപ്പരമായതും
ജ്ഞാനം ജ്ഞേയം ജ്ഞാനഗമ്യം സൎവ്വത്തിന്നുള്ളിൽ നില്പതാം. 18

57

(ശ്ലോകം 19—23)

ഈ അധ്യായത്തിലെ ക്ഷേത്ര, ക്ഷേത്രജ്ഞപദങ്ങളും ഇവിടെ പ്രകൃതി, പുരുഷപദങ്ങളും ഏകാത്ഥദ്യോതകമാണു്. ക്ഷേത്രം=പ്രകൃതി. ക്ഷേത്രജ്ഞൻ=പുരുഷൻ. മനുഷ്യനിലും ലോകത്തിലും ഇവയുടെ പങ്കു് എന്താണെന്നു് ഈ ശ്ലോകങ്ങളിൽ പറഞ്ഞിരിക്കുന്നു.

ക്ഷേത്രം ജ്ഞാനം ജ്ഞേയവുമിമ്മട്ടു ചൊന്നേൻ ചുരുക്കി ഞാൻ
എൻ ഭക്തനിതറിഞ്ഞിട്ടു ഞാനായിത്തന്നെ തീൎന്നിടും. 19
അനാദിയാം പ്രകൃതിയും പുരുഷൻ താനുമോക്ക നീ
വികാരഗുണജാലങ്ങളോർക്കു പ്രകൃതിജങ്ങളാം. 20
കാൎയ്യകാരണകർത്തൃത്വഹേതു പ്രകൃതിയാണപോൽ
പുരുഷൻ സുഖദുഃഖങ്ങൾ ഭുജിപ്പാൻ ഹേതുവാണപോൽ. 21
പ്രകൃതിസ്ഥൻ പ്രകൃതിജഗുണമേല്ക്കുന്നു പൂരുഷൻ
സദസദ്യോനിജന്മത്തിൽ ഗുണസംഗം നിമിത്തമായ്. 22
കാണവോനനുമോദിപ്പോൻ ഭൎത്താ ഭോക്താവുമീശ്വരൻ
പരമാത്മാവെന്നുമോതുമുടലിൽപ്പുരുഷൻ പരൻ. 23

58

(ശ്ലോകം 24—26)

ഇവയിൽ ഈശ്വരലാഭത്തിന്നു്, അല്ലെങ്കിൽ ആത്മസാക്ഷാൽക്കാരത്തിന്നു് ഉപായങ്ങൾ, യോഗങ്ങൾ പറയപ്പെട്ടിരിക്കുന്നു. യഥാരുചി ഓരോരുത്തനും അവലംബിക്കാം. ഹിന്തുക്കൾ ഈശ്വരപ്രാപ്തിക്കു് ഒരേ ഒരു വഴി മാത്രമേയുള്ളുവെന്നു സിദ്ധാന്തിക്കുന്നവരല്ല. ക്രിസ്ത്യാനികളും മുഹമ്മദീയരും ഒരേയൊരു വഴിതന്നേ ഉള്ളു എന്നു സിദ്ധാന്തിക്കുന്നു. അതുകൊണ്ടാണു് മതപരിവൎത്തനത്തിന്നാഗ്രഹിക്കുന്നതും ശ്രമിക്കുന്നതും.

ഏവം ഗുണാഢ്യപ്രകൃതിപുരുഷജ്ഞാനമുള്ളവൻ
ഏതു മാതിരി നിന്നാലും രണ്ടാമതു ജനിച്ചിടാ. 24
ധ്യാനത്താൽക്കാണുന്നിതാത്മാവിങ്കലാത്മാവിനാൽച്ചിലർ
സാംഖ്യത്താൽച്ചിലർ യോഗത്താൽക്കർമ്മയോഗത്തിനാൽച്ചിലർ.
അറിഞ്ഞീടാതന്യർ ചൊല്ലിക്കേട്ടുപാസിക്കുമേ ചിലർ
കേൾവി കൊണ്ടാടുമവരും മൃത്യുബന്ധം കടന്നിടും. 26

59

(ശ്ലോകം 27—33)

സമ്യക്ദർശനം, അജ്ഞാനം നീങ്ങി ആത്മസാക്ഷാല്ക്കാരം സിദ്ധിച്ചവൻെറ വർണ്ണനയാണു് ഇവിടെ. അവൻ ലോകത്തോടും മററും എങ്ങിനെ പെരുമാറുന്നു എന്നതും വിവരിക്കുന്നു.

ഏതെങ്കിലും വസ്തു ചരാചരമിങ്ങുളവാവുകിൽ
ക്ഷേത്രക്ഷേത്രജ്ഞയോഗംകൊണ്ടെന്നോർക്കു പുരുഷർഷഭ! 27
എല്ലാററിലും തുല്യമവ നശിച്ചാലും ക്ഷയം വിനാ
നില്ക്കും പരേശനെക്കാണ്മോനവനാകുന്നു കാണ്മവൻ. 28
എല്ലാടവും സമം നില്ക്കുമീശനെക്കണ്ടിടുന്നവൻ
താൻ വരുത്തില്ലാത്മഹാനി പരസൽഗ്ഗതിയാർന്നിടും. 29
കർമ്മമൊക്കെ പ്രകൃതിയാൽച്ചെയ്യപ്പെട്ടവതെന്നുമേ
ആത്മാവകർത്താവാണെന്നും കാണ്മോനാകുന്നു കാണ്മവൻ. 30
ഭൂതങ്ങൾ വെവ്വേറെ നില്പതൊന്നിനാലെന്നു കാണ്മതോ
അതിൽനിന്നു പരപ്പും താനന്നവൻ ബ്രഹ്മമാകുമേ. 31
അനാദിനിർഗ്ഗുണത്വത്താൽപ്പരമാത്മാവിതവ്യയൻ
കൌന്തേയ! മെയ്യാണ്ടെന്നാലും ചെയ്താലും ലേപമേററിടാ. 32
സൂക്ഷ്മമെങ്ങും നിന്ന നഭസ്സെങ്ങിനേ ലേപമേററിടാ
അങ്ങിനേ മെയ്യെങ്ങുമാണ്ടുള്ളാത്മാവും ലേപമേററിടാ. 33

60

(ശ്ലോകം 34—35)

ക്ഷേത്രക്ഷേത്രജ്ഞവ്യത്യാസം അനുഭവിച്ചു മനസ്സിലാക്കിയവൻ പരമനിലയെ പ്രാപിക്കുന്നു.

ഒററസ്സൂക്കൻ ലോകമൊക്കെ പ്രകാശിപ്പിപ്പതെങ്ങിനേ
ക്ഷേത്രമങ്ങിനെയാ ക്ഷേത്രി പ്രകാശിപ്പിപ്പു ഭാരത! 34
ക്ഷേത്രക്ഷേത്രജ്ഞാന്തരത്തെയിമ്മട്ടിൽ ജ്ഞാനദൃഷ്ടിയാൽ
ഭൂതപ്രകൃതിമോക്ഷത്തോടറിവോർ പരമെത്തുമേ. 35

## അധ്യായം പതിനാല്

### ബന്ധകാരണങ്ങളായ ത്രിഗുണങ്ങൾ അവയിൽനിന്നു മോചനം

ത്രിഗുണങ്ങൾ. അവ എങ്ങിനെ ബന്ധിക്കുന്നു? അവയിൽനിന്ന് എങ്ങിനെ മോചനം?

ഈ അധ്യായത്തിൽ വിഷയം തുടരുന്നു. യജ്ഞാദികർമ്മപരമായ വേദത്തിൻെറ ജ്ഞാനംകൊണ്ടും അനുഷ്ഠാനംകൊണ്ടും മോക്ഷമുണ്ടാവുന്നതല്ല. എന്നാൽ ഗുണത്രയത്തിൻെറ സ്വരൂപജ്ഞാനംകൊണ്ടു മോക്ഷമാർഗ്ഗം തെളിഞ്ഞുകാണുന്നു. ഈ ജ്ഞാനത്തിൻെറ സഹായംകൊണ്ടുണ്ടായ സാധനകൊണ്ടാണ് മുനിമാർ പരംഭാവത്തെ അടഞ്ഞത്.

61

(ശ്ലോകം 1—4)

ത്രിഗുണാത്മകമാണ് പ്രകൃതി. പൂർവ്വസംസ്കാരസഹിതം അവ്യക്തമായിരിക്കുന്ന ജീവൻ ഈശ്വരചൈതന്യത്താൽ വ്യക്തരൂപത്തിൽ ദേഹങ്ങൾ എടുക്കുന്നു. അ

പ്പോഠം അവ ജനിക്കുന്നു എന്നു നാം പറയുന്നു. പുരുഷ ന്റെ സംയോഗംകൊണ്ടു പ്രകൃതി നാനാചരാചരരൂപം പ്രാപിക്കുന്നു.

ശ്രീഭഗവാൻ പറഞ്ഞു.

ഇനിയും പറയാം ജ്ഞാനങ്ങളിലും ജ്ഞാനമുത്തമം
ഇതറിഞ്ഞിട്ടു മുനികളൊക്കെസ്സൽസിദ്ധി നേടിനാർ. 1
ഈ ജ്ഞാനമവലംബിച്ചെൻ സാധമ്മ്യത്തെയണഞ്ഞവൻ
ജനിക്കില്ലാ സൃഷ്ടിയിലും വ്യഥിക്കാ പ്രളയത്തിലും. 2
എന്റെ യോനി മഹാബ്രഹ്മമതിൽഗ്ഗർഭമണപ്പു ഞാൻ
സർവ്വഭൂതോത്ഭവമതിലുളവാകുന്നു ഭാരത! 3
കൌന്തേയ! യോനിതോറും വന്നുണ്ടാം മൂർത്തികളു മുററുമേ
ബ്രഹ്മം മഹായോനിയല്ലോ ബീജം നൽകും പിതാവു ഞാൻ. 4

62

(ശ്ലോകം 5—18)

സത്വഗുണം സുഖേച്ഛകൊണ്ടും, രജോഗുണം അ ത്യാഗ്രഹംകൊണ്ടും, തമസ്സ്, ആലസ്യം, നിദ്ര, പ്രമാദം എന്നിവകൊണ്ടും മനുഷ്യനെ ബന്ധിക്കുന്നു. ആത്മാവി നു് ഒരു ചുമടായിത്തീരുന്നു. മനുഷ്യൻ താൻ ദേഹമാ ണെന്നു മൂഢവിശ്വാസം അടയുന്നു.

11, 12, 13 ശ്ലോകങ്ങഠം—മനുഷ്യനു് എന്തു ഗുണ മാണെന്നു കണ്ടുപിടിക്കുവാനുള്ള ലക്ഷണങ്ങഠം തരുന്നു.

14, 15 ഈ ഗുണങ്ങളോടു കൂടിയവർ മരിക്കു മ്പോഠം പ്രാപിക്കുന്ന നിലയെ വിവരിക്കുന്നു.

16—സുകൃതകർമ്മങ്ങഠംക്കു ഫലം സത്വവും, രജോ കർമ്മങ്ങഠംക്കു ഫലം ദുഃഖവും, തമോകർമ്മങ്ങഠംക്കു ഫലം അജ്ഞാനവും എന്നു സമർത്ഥിക്കുന്നു.

പ്രകൃതിക്കാം സത്വരജസ്തമസ്സുകൾ ഗുണങ്ങൾ താൻ
ബന്ധിക്കുന്നു മഹാബാഹോ! മെയ്യിലവ്യയദേഹിയേ. 5
അതിൽ സത്വം നിർമ്മലത്വാൽ തെളിയിപ്പിപ്പതവ്യയം
ബന്ധിക്കുമനഘ! ജ്ഞാനസുഖസംഗങ്ങളാലെടോ. 6
രാഗാത്മകം രജസ്സോർക്ക തൃഷ്ണാസംഗനിദാനമാം
കൌന്തേയ! ദേഹിയെക്കർമ്മസംഗാൽബ്ബന്ധിപ്പതാണതും. 7
അജ്ഞാനജം തമസ്സോർക്ക ദേഹികൾക്കൊക്കെ മോഹനം
നിദ്രാലസ്യത്തെറ്റുകളാലതു ബന്ധിപ്പു ഭാരത! 8
സത്വം സുഖത്തിൽക്കർമ്മത്തിൽ രജസ്സും ചേർപ്പു ഭാരത!
ജ്ഞാനം മൂടി പ്രമാദത്തിൽത്തമസ്സംസക്തി നൽകിടും. 9
രജസ്തമസ്സുക്കൾ വെൽവൂ സത്വം സത്വതമസ്സുകൾ
രജസ്സും ഭാരത! തമസ്സേവം സത്വരജസ്സുകൾ. 10
ദ്വാരങ്ങൾ തോറുമീ മെയ്യിൽ ജ്ഞാനം തെളിയുമെപ്പൊഴോ
അപ്പോൾസ്സത്വം വാച്ചു നിൽപുണ്ടെന്നിവണ്ണം ധരിക്കണം. 11
ലോഭം പ്രവൃത്തി കർമ്മങ്ങൾക്കാരംഭമശമം സ്പൃഹ
ഇവയുണ്ടാം രജസ്സങ്ങു വർദ്ധിച്ചാൽ ഭരതർഷഭ! 12
തെളിയായ്ക തുടങ്ങായ്ക പിഴയ്ക്കുക മയങ്ങുക
ഇവയുണ്ടാം തമസ്സങ്ങു പെരുത്താൽക്കുരുനന്ദന! 13
സത്വം വർദ്ധിച്ചു നില്ക്കുമ്പോൾദ്ദേഹി ദേഹം ത്യജിക്കുകിൽ
ജ്ഞാനികൾക്കുള്ളൊരമലലോകങ്ങളിലണഞ്ഞിടും. 14
രജസ്സുയർന്നു ചാകിൽജ്ജനിക്കും കർമ്മിജാതിയിൽ
തമസ്സു മൂത്തു ചത്താലോ പിറക്കും മൂഢയോനിയിൽ. 15
ചൊല്ലുന്നു സാത്വികം പുണ്യകർമ്മത്തിൻ വിമലം ഫലം
രജസ്സിന്നു ഫലം ക്ലേശമജ്ഞാനം താമസം ഫലം. 16
സത്വത്താൽ ജ്ഞാനമുണ്ടാവും ലോഭമുണ്ടാം രജസ്സിനാൽ
പ്രമാദം മോഹമജ്ഞാനമിവയുണ്ടാം തമസ്സിനാൽ. 17
മേല്പോട്ടെത്തും സാത്വികന്മാർ നടുവേ നിൽപു രാജസർ
നികൃഷ്ടഗുണവൃത്തന്മാർ താഴെ വീഴുന്നു താമസർ. 18

63

(ശ്ലോകം 19—27)

സാധാരണ ക്ഷേത്രജ്ഞൻ മോഹംകൊണ്ടു് എല്ലാവിധ കമ്മവും, സത്തും അസത്തും, താനാണു് ചെയ്യുന്നതു് എന്നു വിചാരിക്കുന്നു. അതാണു് സംസാരകാരണം. എന്നാൽ ക്ഷേത്രജ്ഞൻ താൻ പ്രകൃതിയുടെ കേവലസാക്ഷിയാണു് എന്നു് എപ്പോഠം സ്വസ്വരൂപത്തെ അറിയുന്നുവോ, അനുഭവിക്കുന്നുവോ അപ്പോഠം അയാഠം 'ഗുണാതീതൻ' ആയി മോക്ഷം പ്രാപിക്കുന്നു.

21 മുതൽ 27 വരെ ശ്ലോകങ്ങഠം ഇതിന്നുള്ള സാധനയെയാണു് വിവരിക്കുന്നതു്. ഇവയാണു് മോക്ഷസാധന. മോക്ഷത്തിന്നു പ്രയത്നത്തോടെ അവലംബിക്കേണ്ടവ. അതിന്നു പൂണ്ണമായ ഈശ്വരശരണതകൂടി വേണം.

ഗുണങ്ങളെന്നിയേ കത്താവന്യനല്ലെന്നു കാണുമവൻ
ഗുണാതിരിക്തനെക്കാണ്മോനവൻ മൽഭാവമാന്നിടും. 19
ദേഹത്തിലുണ്ടാമീ മൂന്നു ഗുണവും താൻ കടന്നുടൻ
ജന്മമൃത്യുജരാദുഃഖമൊക്കെ വിട്ടമൃതാണ്ടിടും. 20

അജ്ജുനൻ പറഞ്ഞു.

ത്രിഗുണങ്ങഠം കടന്നോക്കെന്തടയാളങ്ങളാം പ്രഭോ!
ആചാരമെന്തീ ത്രിഗുണാതീതനാവുന്നതെങ്ങിനേ. 21

ശ്രീഭഗവാൻ പറഞ്ഞു.

തെളിവും തൊഴിലും പിന്നെ മൌഢ്യവും പാണ്ഡുനന്ദന!
ഉണ്ടാകിലും വെറുക്കില്ലങ്ങില്ലാതായാൽക്കൊതിച്ചിടാ. 22
ഉദാസീനപ്പടി ഗുണങ്ങളാലുലമിളകാത്തവൻ
ഗുണങ്ങളുണ്ടെന്നു തന്നെ നിനപ്പോൻ ചേഷ്ട വിട്ടവൻ. 23

സമദുഃഖസുഖൻ സ്വസ്ഥൻ മണ്ണിലും പൊന്നിലും സമൻ
സമപ്രിയാപ്രിയൻ ധീരൻ നിന്ദാസ്തോത്രങ്ങളിൽസ്സമൻ. 24
സമൻ മാനാവമാനങ്ങൾക്കരിമിത്രങ്ങളിൽസ്സമൻ
സർവ്വാരംഭങ്ങളും വിട്ടോൻ താൻ ഗുണങ്ങൾ കടന്നവൻ. 25
തെററററ ഭക്തിയോഗത്താലെന്നെസ്സേവിക്കുവോനുമേ
ഈഗ്ഗുണങ്ങൾ കടന്നും താൻ ബ്രഹ്മസായുജ്യമാണ്ടിടും. 26
ബ്രഹ്മത്തിനും ഞാൻ പ്രതിഷ്ഠ വ്യയമററമൃതത്തിനും
നിത്യധർമ്മത്തിനും പിന്നെയത്യേകാന്തസുഖത്തിനും. 27

## അധ്യായം പതിനഞ്ച്

### സർവ്വത്ര പുരുഷോത്തമദർശനം. പൂർണ്ണയോഗം. പുരുഷോത്തമജ്ഞാനഭക്തി

ഈ അധ്യായം വാസ്തവത്തിൽ അതിൻെറ അവസാനത്തേതാണ്. മററു മൂന്നും കേവലം പരിശിഷ്ടവും ഉപസംഹാരവും.

'ഈ അധ്യായത്തിൽ ഗീതാശാസ്ത്രത്തിൻെറ അർത്ഥം മുഴുവൻ ചുരുക്കിപ്പറയപ്പെട്ടിരിക്കുന്നു. എന്നു മാത്രമല്ല, എല്ലാ വേദാർത്ഥങ്ങളും ഇതുകൊണ്ടു് ഉപസംഹാരം പ്രാപിക്കുന്നു!' എന്നു ശ്രീശങ്കരൻ. 20_ാം ശ്ലോകത്തിൽ ഗീതതന്നെ ഗുഹ്യതമശാസ്ത്രം എന്നു് ഈ അധ്യായത്തിനെ വിളിക്കുന്നു. ഇതിൽ ശാസ്ത്രത്തിൻെറ മർമ്മം മുഴുവൻ വന്നിരിക്കുന്നു. താഴെ നാം ഇതിനെ വിവരിക്കുന്നുണ്ടു്.

മനുഷ്യൻെറ ശരീരം നശ്വരമാണ്. എന്നാൽ ശരീരം നശിക്കുമ്പോഴും അജ്ഞാനവും വാസനകളും പൂണ്ടിട്ടുള്ള ജീവാത്മാവു മരണമില്ലാതെ അനന്തജന്മം തുടരുന്നു.

ദേഹത്തെ ക്ഷര (നശ്വര) പുരുഷനെന്നും, അനന്തകാലം നിന്നുപോകുന്ന ജീവനെ അക്ഷര (നാശമില്ല) പുരുഷനെന്നും ഈ അദ്ധ്യായത്തിൽ (ശ്ലോക: 16) വർണ്ണിക്കപ്പെട്ടിരിക്കുന്നു. എന്നാൽ കർമ്മയോഗം, ഭക്തിജ്ഞാനയോഗം മുതലായവകൊണ്ടു വാസനകൾ നശിച്ച് അജ്ഞാനം അകന്നു പോകുമ്പോൾ നമ്മുടെ ആത്മാവു പരമാത്മാവായി പരിലസിക്കുന്നു. ഈ പരമാത്മാവിന്ന്, ഈ അദ്ധ്യായത്തിൽ (ശ്ലോ: 18) പുരുഷോത്തമനെന്നു നാമനിർദ്ദേശം ചെയ്തിരിക്കുന്നു. നമ്മുടെ പ്രയത്നം മുഴുവനും ഈ പുരുഷോത്തമനായിത്തീരുവാനാണ്.

64

(ശ്ലോകം 1—4)

പരിപൂർണ്ണനായ ആത്മാവിനെ അപൂർണ്ണനാണെന്നു കരുതി പല ഭോഗങ്ങൾ കാമിക്കുന്നതുകൊണ്ടാണ് മനുഷ്യൻ ആ ഭോഗങ്ങൾ നേടുവാനായി പല വൈദികകർമ്മങ്ങളും ലൌകികകർമ്മങ്ങളും ചെയ്യുന്നത്. ഈ ഫലങ്ങൾ അനുഭവിപ്പാനായി തുടരെത്തുടരെ ജന്മം—സംസാരം—സംഭവിക്കുന്നു.

ഇങ്ങിനെ കാമങ്ങളാകുന്നു സംസാരവൃക്ഷത്തിന്നു കാരണം. അതുകൊണ്ടും അസംഗം എന്ന ആയുധംകൊണ്ടു സംസാരവൃക്ഷത്തെ ഛേദിച്ചാൽ മാത്രമേ പരമപദം പ്രാപിപ്പാൻ സാധിക്കുകയുള്ളൂ എന്നു നാം മനസ്സിലാക്കണം.

ശ്രീഭഗവാൻ പറഞ്ഞു.

മൂലം മേലായ്ശ്ശാഖ കീഴായ്ച്ചൊൽവിതശ്വത്ഥമവ്യയം
ഛന്ദസ്സെല്ലാമതിന്നില വേദവിത്തതറിഞ്ഞവൻ. 1

മേലും കീഴും കൊമ്പതിന്നുണ്ടു ചിന്നി-
ഗ്ഗുണപ്പെരുപ്പായ് വിഷയക്കുരുമ്പുമായി
വേരുണ്ടു ചോട്ടും പടരേപ്പടന്നു
കർമ്മാനുബന്ധത്തൊടു മർത്ത്യനാട്ടിൽ. 2
അതിൻെറ രൂപം തിരിയുന്നതല്ലി-
ല്ലന്താദിയും നല്ലൊരുറച്ച നില്പും
വേരൂന്നുമശ്വത്ഥമിതങ്ങസംഗ-
മാകുന്ന നൽശ്ശസ്ത്രമെടുത്തറുത്തും. 3
പരം പദത്തെത്തിരയേണ്ടതാണ-
ങ്ങെത്തീടിലോ തിരിയേപ്പോരുകില്ലാ
ആപ്പൂരുഷൻ നിത്യനെത്താൻ ശ്രയിപ്പൂ
പുരാണകർമ്മങ്ങളവൻ വഴിക്കാം. 4

65

(ശ്ലോകം 5—6)

വൈദികകർമ്മങ്ങളേയും ലൌകികകർമ്മങ്ങളേയും വെടിഞ്ഞാൽ മാത്രം മതിയോ? പോരാ. ഈ ശ്ലോകങ്ങളിൽ പറഞ്ഞ ആറ് ആത്മഗുണങ്ങൾക്കായി പ്രയത്നിച്ച് അവ സ്വായത്തമാക്കണം. എന്നാൽ മാത്രമേ ആ പദത്തിന്നുള്ള മാർഗ്ഗത്തെ അവൻ അവലംബിക്കുന്നുള്ളു. പല പല സാങ്കല്പികമായ കർമ്മങ്ങളല്ല, ആത്മജ്ഞാനധർമ്മങ്ങളാണ് ഗീത വീണ്ടും വീണ്ടും ഉച്ചസ്വരത്തിൽ ഉപദേശിക്കുന്നത്.

കേവലപ്രയത്നങ്ങൾ പോരാ. ഇന്ദ്രിയനിഗ്രഹംകൊണ്ടു മനഃശുദ്ധിയുണ്ടാകുന്ന യത്നങ്ങളായിരിക്കണം അവ.

മാനം മോഹം സർവ്വദോഷങ്ങളും പോ-
യദ്ധ്യാത്മനിഷ്ഠാഢ്യർ നിവൃത്തകാമർ

സുഖം ദുഃഖം മററമാം ദ്വന്ദ്വമററ-
ള്ളമൂഢരാ നിത്യപദത്തിലെത്തും. 5

തെളിയിപ്പീലതാസ്സൂര്യ്യൻ ചന്ദ്രനെന്നല്ല വഹ്നിയും
അതിൽച്ചെന്നാൽത്തിരിക്കാറില്ലതെൻ പരമധാമമാം. 6

66

(ശ്ലോകം 7—11)

മരിച്ചാലും മനസ്സിലെ വാസനകൾ, സംസ്കാരങ്ങൾ ജീവനോടു ചേർന്നു പററിനില്ക്കുന്നു. ഇതു മനസ്സിലാക്കുന്നവരാണു് ജ്ഞാനികൾ. അവർ വാസനാനാശത്തിന്നു് അപ്പോൾ ശ്രമിക്കും.

എന്നംശമീജ്ജീവലോകം ജീവഭൂതം സനാതനം
മനസ്സോത്താറിന്ദ്രിയവും കർഷിപ്പൂ പ്രകൃതിസ്ഥമായ്. 7

ദേഹം പൂകുമ്പൊഴും വിട്ടു പോകുമ്പൊഴുതുമീശ്വരൻ
ഇവയും കൊണ്ടുപോം ഗന്ധങ്ങളെക്കാററുകണക്കിനേ. 8

ശ്രോത്രം നേത്രം സ്പർശനവും രസവും ഘ്രാണവും പരം
മനസ്സുമവലംബിച്ചിട്ടിവൻ വിഷയസേവിയാം. 9

പോകുമ്പൊഴും നില്ക്കുവോതുമുണ്ണോതും ഗുണശാലികൾ
വിമൂഢന്മാർ കാണുകില്ലാ കാണുമേ ജ്ഞാനദൃഷ്ടികൾ. 10

ആത്മസ്ഥനിവനെക്കാണും യതിക്കും യോഗിമാർകളും
അകൃതാത്മാക്കൾ കാണില്ലാ യതിച്ചാലുമബുദ്ധികൾ. 11

67

(ശ്ലോകം 12—15)

ജീവൻ ഈശ്വരന്റെ അംശം തന്നെ. ഇവിടെ വർണ്ണിക്കപ്പെട്ട എല്ലാ ഈശ്വരഗുണങ്ങളും അതിന്നു യഥാ

ത്ഥത്തിൽ എപ്പോഴുമുണ്ട്. കല്ക്കണ്ടത്തിൻ കട്ട മണ്ണിലകപ്പെട്ടാലും അതിൻെറ മാധുര്യം പോകുന്നില്ല.

ലോകമെല്ലാം വിളക്കീടും സൂര്യ്യതേജസ്സുമങ്ങിനേ
ചന്ദ്രാഗ്നിമാർതൻ തേജസ്സുമെൻ തേജസ്സെന്നു കാണ്ക നീ. 12
ഓജസ്സാൽ ഭൂമിയുംപുക്ക ചെയ്യേൻ ഞാൻ ഭൂമിധാരണം
രസാത്മകൻ സോമനായിപ്പോഷിപ്പേനൌഷധങ്ങളും. 13
പ്രാണികൾക്കുള്ള ദേഹത്തിലഗ്നിയായിട്ടിരുന്നു ഞാൻ
പ്രാണാപാനാന്വിതൻ നാലു തരമന്നം പചിക്കുവൻ. 14

എല്ലാർക്കുമുള്ളത്തിലിരിപ്പവൻ ഞാ–
നെന്മൂലമാണോർമ്മ ബോധം മറക്കൽ
വേദങ്ങളാൽ വേദ്യനും ഞാനൊരുത്തൻ
വേദജ്ഞൻ വേദാന്തകൃത്തായതും ഞാൻ. 15

68

(ശ്ലോകം 16—20)

ക്ഷരപുരുഷൻ, അക്ഷരപുരുഷൻ, പുരുഷോത്തമൻ. പുരുഷോത്തമനെ അറിയുക. അദ്ധ്യായത്തിൻെറ അവതാരിക നോക്കുക.

ക്ഷരമക്ഷരമെന്നുണ്ടു ലോകത്തിൽപ്പുരുഷദ്വയം
ക്ഷരമീസ്സർവ്വഭൂതങ്ങൾ കൂടസ്ഥൻ പരമക്ഷരം. 16
ഉത്തമൻ പുരുഷൻ വേറേ പരമാത്മാവതെന്നവൻ
ലോകത്രയം നിറഞ്ഞിട്ടു കാക്കുമവ്യയനീശ്വരൻ. 17
ക്ഷരത്തേയും കടന്നിട്ടക്ഷരത്തേക്കാളുമുത്തമൻ
ലോകത്തിൽ ഞാനതിന്മൂലം പുകഴ്ന്നോൻ പുരുഷോത്തമൻ. 18
പുരുഷോത്തമനാമെന്നെ മൌഢ്യമറ്റേവമോർപ്പവൻ
ഭജിക്കും സർവ്വവിത്തെന്നെസ്സർവ്വാത്മാവാലെ ഭാരത! 19
ഇതല്ലോ ഗൂഢമാം ശാസ്ത്രം ചൊന്നേനിതനഘാശയ!
ഇതറിഞ്ഞാൽബ്ബുദ്ധിമാനാം കൃതാർത്ഥനായി ഭാരത! 20

# ഭാഗം 5

## പരിശിഷ്ടം

## അധ്യായം പതിനാറ്

### ദൈവീവൃത്തിയും ആസുരീവൃത്തിയും

ദൈവീവൃത്തികളും ആസുരീവൃത്തികളും—9-ാം അധ്യായത്തിൻെറ പരിശിഷ്ടം.

9-ാം അധ്യായം 12, 13 ശ്ലോകങ്ങളിൽ രാക്ഷസപ്രകൃതിയുള്ള ഉപയോഗശൂന്യമായ കർമ്മങ്ങൾ എന്നും ദൈവികപ്രകൃതികളായ മഹാന്മാർ എന്നും സതതം ഭജിക്കുന്നു എന്നും പറയപ്പെട്ടിരിക്കുന്നു. ആ രണ്ടു പ്രകൃതികളുടെ പ്രവൃത്തികളേയും മനോവൃത്തിയേയും പററി കൂടുതൽ വിവരം ഈ അധ്യായം തരുന്നു. ആ ശ്ലോകങ്ങളുടെ അർത്ഥപൂരണമാണു് ഇവിടെ ചെയ്തിരിക്കുന്നതു്.

69

(ശ്ലോകം 1—5)

ദൈവികഗുണങ്ങൾ 26 എണ്ണം ഇവിടെ വർണ്ണിച്ചിരിക്കുന്നു. ഇവ സാധിച്ചാൽ ഈശ്വരപ്രാപ്തി എളുപ്പത്തിൽ ആവും. അതിന്നാണു് പരിശ്രമിക്കേണ്ടതു്. ശ്ലോകം 4 അസുരഗുണത്തെ ചുരുക്കത്തിൽ വിവരിക്കുന്നു.

ശ്രീഭഗവാൻ പറഞ്ഞു.

അഭയം സത്വസംശുദ്ധി ജ്ഞാനയോഗവ്യവസ്ഥയും
ദാനം ദമം യജ്ഞമേവം സ്വാദ്ധ്യായം തപമാർജ്ജവം. 1

അഹിംസ സത്യമക്രോധം ത്യാഗം ശാന്തിയപൈശുനം
അലോഭം ഭൂതകാരുണ്യം മാർദ്ദവം ഹ്രീയചാപലം. 2
ധൃതി ശൌചം ക്ഷമാ തേജസ്സദ്രോഹം മാനഹീനത
ഇവയുണ്ടാം ദൈവസമ്പദഭിജാതന്നു ഭാരത! 3
ദംഭദർപ്പാഭിമാനങ്ങൾ ക്രോധം പാരുഷ്യമങ്ങിനേ
അജ്ഞാനവും പാർത്ഥ! പറവമാസുരാഭിജനന്നഹോ. 4
ദൈവസമ്പത്തു മോക്ഷാർത്ഥം ബന്ധനത്തിന്നുമാസുരം
മാഴ്കേണ്ടാ ദൈവസമ്പത്തിൽജ്ജനിച്ചോനാണു പാണ്ഡവ! 5

## 70

(ശ്ലോകം 6—18)

ഇവയിൽ അസുരമനോഭാവവും പ്രവൃത്തികളും ദീർഘമായി ഉപന്യസിച്ചിരിക്കുന്നു. ഓരോരുത്തരും അവരവരുടെ മനോവൃത്തിയെ ആരാഞ്ഞു നോക്കി ഇവയിൽ ഏതെങ്കിലുമുണ്ടോ എന്നു സൂക്ഷ്മപരിശോധനചെയ്തു്, ഉണ്ടെങ്കിൽ അതു നശിപ്പിക്കുവാൻ നോക്കണം. ഈ ഉദ്ദേശത്തോടുകൂടിയാണു് ഇവ പറയപ്പെട്ടിരിക്കുന്നതു്. കേവലം പാരായണത്തിന്നു മാത്രമല്ല.

ആസുരഗുണങ്ങളിൽ ചിലതു പ്രത്യേകം ശ്രദ്ധിക്കേണ്ടവയാണു്. ലോകത്തിന്നാടിസ്ഥാനമായ ഈശ്വരനിൽ അവർ വിശ്വസിക്കുന്നില്ല. കേവലം സ്ത്രീപുരുഷസംയോഗംകൊണ്ടു ജീവലോകമുണ്ടായി എന്നാണു് അവരുടെ വിശ്വാസം. ബന്ധിക്കുന്ന കർമ്മം, മോചിപ്പിക്കുന്ന കർമ്മം എന്ന വ്യത്യാസങ്ങൾ അവർ വിവേചനം ചെയ്യുന്നില്ല. എന്നാൽ ഉഗ്രകർമ്മങ്ങൾ, ഹിംസാപരമായാലും കൂടി അവർ ചെയ്തുകൊണ്ടിരിക്കുന്നു. അവരുടെ ആഗ്രഹത്തിന്നു് അളവില്ല. അററമില്ല. കാര്യസാദ്ധ്യത്തിന്നായി യജ്ഞ

ങ്ങൾ അവരും ചെയ്യുന്നു. എന്നാൽ അതു ഡംഭാഹങ്കാരസഹിതവും യഥാവിധി അല്ലാത്തതുമാണ്.

ദീപത്തിനെ കൊണ്ടുവന്നാൽ ഇരുട്ടു പോകുന്നതു പോലെ ദൈവോപാസക്തി അഭ്യസിച്ചാൽ ഇവയെല്ലാം അകലും. ഇതാണ് അവരുടെ ത്യാഗത്തിന്നു് എളുപ്പ മാർഗ്ഗം.

ഭൂതസർഗ്ഗം രണ്ടു പാരിൽദ്ദൈവമാസുരമിങ്ങിനേ
ദൈവം വിസ്താരമായ്ച്ചൊന്നേനാസുരം പാർത്ഥ കേൾക്ക നീ. 6
അറിയില്ലാസുരജനം പ്രവൃത്തിയെ നിവൃത്തിയേ
ശൌചമില്ലാചാരമില്ലാ സത്യമില്ലായവർക്കഹോ. 7
ഈശനില്ലാതപ്രതിഷ്ഠം ജഗത്തെന്നവർ ചൊല്ലുമേ
നിത്യം സംഭൃതമെന്നത്രേ കാമമല്ലാതിതെന്തുവാൻ. 8
ഈദൃശ്നം പിടിച്ചിട്ടു നഷ്ടാത്മാക്കളബുദ്ധികൾ
ഉഗ്രകർമ്മാക്കളായ്ത്തീരും മുടിപ്പാൻ ലോകവൈരികൾ. 9
ദുഷ്പൂരകാമപരരായ്ദ്ദംഭമാനമദത്തൊടും
മോഹിച്ചസൽഗ്രാഹമാണ്ടു യത്നിക്കുമശുചിവ്രതർ. 10
നാശം വരേയ്ക്കുമന്തമററ ചിന്തയേന്തിയെഴുന്നവർ
ഇത്രയ്ക്കു താനെന്നുറച്ചു കാമഭോഗപരായണർ. 11
ആശാപാശാൽക്കെട്ടുപെട്ടു കാമക്രോധങ്ങളാന്നവർ
ഇച്ഛിപ്പു കാമഭോഗത്തിന്നന്യായത്താൽദ്ധനാർജ്ജനം. 12
ഇതിപ്പോൾ ഞാൻ നേടി നേടുമീ മനോരഥമിന്നു ഞാൻ
ഇതുണ്ടീധനവും കൂടീട്ടിനിക്കാകേണമിന്നിമേൽ. 13
ഈശ്ശത്രുവിനെ ഞാൻ കൊന്നു കൊല്ലുവേൻ മററ പേരെയും
ഈശ്വരൻ ഞാൻ ഭോഗി ഞാൻ ഞാൻ സിദ്ധൻ ഞാൻ
ബലവാൻ സുഖി. 14
ആഢ്യാഭിജാത്യമുള്ളോൻ ഞാനെൻ കിടയ്ക്കിപ്പൊളേതവൻ
യജിപ്പൻ നല്കുവൻ മോദിപ്പേനെന്നജ്ഞാനമൂഢരായ്. 15

അനേകത്തിൽച്ചിത്തമാടി മോഹജാലമിയന്നവർ
കാമഭോഗാസക്തർ വീഴുമശുദ്ധനരകത്തിലേ. 16
ആത്മസംഭാവിതസ്തബ്ധർ ധനമാനമദാന്വിതർ
യജ്ഞം ചെയ്യുംപോലുമവർ ദംഭത്താൽ വിധിയെന്നിയേ. 17
അഹങ്കാരം ബലം ദർപ്പം കാമം ക്രോധവുമാന്നവർ
എന്നെ സ്വപരദേഹത്തിൽ ദ്വേഷിച്ചീടുമസൂയകർ. 18

71

(ശ്ലോകം 19—20)

ആസുരകർമ്മത്തിൻെറ ഫലത്തെ പറയുന്നു.

ദ്വേഷിക്കുമാ ക്രൂരരെ ഞാൻ സംസാരങ്ങളിൽ മൂഢരേ
എന്നുമാസുരജന്മത്തിൽത്തള്ളും മംഗളഹീനരേ. 19
ജന്മന്തോറം മൂഢരവരാസുരപ്രകൃതിസ്ഥരായ്
എന്നിലെത്താതെ കൌന്തേയ! വീണ്ടും കീഴ്പ്പോട്ടു പോയിടും. 20

72

(ശ്ലോകം 21—24)

ആസുരഗുണവും അതിൻെറ മോചനവും ചുരുക്കിപ്പറയുന്നു. ശാസ്ത്രാനുഷ്ഠാനം ആസുരഗുണത്തെ നശിപ്പിക്കുന്നു. ഈ ഘട്ടത്തിൽ ഗീതയെ 'ശാസ്ത്രരാജാ' എന്നു വിനോബാജി പറഞ്ഞിരിക്കുന്നതു് ഓർക്കുക. ശാസ്ത്രമർമ്മം ഗീതയിലുണ്ടു്.

ആത്മനാശനമായ് മൂന്നു നരകദ്വാരമുണ്ടിതാ
കാമം ക്രോധം ലോഭമെന്നു മൂന്നുമെന്നാൽ ത്യജിക്ക നീ. 21
കൌന്തേയ! വൻതമോദ്വാരം മൂന്നും വിട്ടൊഴിയും നരൻ
ആത്മശ്രേയസ്സു ചെയ്തീടും പരയാം ഗതി നേടിടും. 22
കാമകാരത്തിനാൽശ്ശാസ്ത്രവിധി വിട്ടു നടപ്പവൻ
സിദ്ധി നേടാ സുഖം നേടാ പരയാം ഗതി നേടിടാ. 23

ശാസ്ത്രം പ്രമാണമാക്കേണം കാര്യാകാര്യവ്യവസ്ഥയിൽ
ശാസ്ത്രപ്രോക്തവിധാനം കണ്ടിങ്ങു കർമ്മങ്ങൾ ചെയ്ക നീ. 24

# അധ്യായം പതിനേഴ്

## സാധനകൊണ്ടു നിത്യകർമ്മങ്ങൾ എങ്ങിനെയാണ് വിശിഷ്ടമാക്കുക? സാധകൻെറ നിത്യപരിപാടി.

## ഗീതയിലെ 9—27 ൻെറ പരിശിഷ്ടം.

ഗീത 9—27-ൽ ഏതെല്ലാം കർമ്മം ചെയ്യുന്നുവോ, ഏതെല്ലാം ആഹാരം കഴിക്കുന്നുവോ, ഏതെല്ലാം യജ്ഞമോ, ദാനമോ, തപസ്സോ ചെയ്യുന്നുവോ അതെല്ലാം ഈശ്വരാർപ്പണമായി ചെയ്യണം എന്നു പറഞ്ഞിരിക്കുന്നു. അവയാണ് ഇവിടെ വിവരിക്കപ്പെട്ടിരിക്കുന്നതു്.

ആദ്യംതന്നെ മുമ്പിലത്തെ അധ്യായത്തിൽനിന്നു് ഉദിക്കുന്ന അർജ്ജുനൻെറ ശ്രദ്ധയെപ്പററിയുള്ള ചോദ്യത്തിന്നു മറുപടി പറയുന്നു.

ഈ പറഞ്ഞ കാര്യങ്ങളെല്ലാം സത്വഗുണത്തിലുള്ളവയാവാം, രജോഗുണത്തിലുള്ളവയാവാം, അല്ലെങ്കിൽ തമോഗുണത്തിലുള്ളവയാവാം. എന്നാൽ സാധകൻ തമോഗുണരജോഗുണങ്ങളോടു കൂടിയവയെ മാത്രമേ ഗ്രഹിക്കുവാൻ പാടുള്ളു. ശുദ്ധപദാർത്ഥങ്ങളെ നാം ഈശ്വരന്നു് അർപ്പിക്കുവാൻ യോഗ്യതയുള്ളതെന്നു കരുതുന്നു. സാത്വികമായ നിത്യകർമ്മങ്ങൾ മാത്രമേ ഈശ്വരാർപ്പണത്തിന്നു് അർഹങ്ങളാകുന്നുള്ളൂ. അതുകൊണ്ടു നാം സാത്വികങ്ങളായവയെ മാത്രമേ സ്വീകരിക്കാവൂ; അനുഷ്ഠിക്കാവൂ.

73

(ശ്ലോകം 1—4)

ഏതു രൂപത്തിലായാലും ഏകനായ ഈശ്വരനെ ആരാധിക്കുന്നവൻ സാത്വികശ്രദ്ധയുള്ളവൻ. നീചന്മാരായ മൂർത്തികളേയും യക്ഷന്മാരേയും രാക്ഷസന്മാരേയും പൂജിക്കുന്നവൻ രാജസശ്രദ്ധയുള്ളവൻ. സപ്തമാതൃക്കൾ മുതലായ പ്രേതഭൂതഗണങ്ങളെ പൂജിക്കുന്നവർ തമോഗുണക്കാർ എന്നു മനസ്സിലാക്കുന്നു.

അർജ്ജുനൻ പറഞ്ഞു.

ശാസ്ത്രത്തിൻ വിധി വിട്ടിട്ടും ശ്രദ്ധയോടു യജിക്കുകിൽ
സത്വം രജസ്സോ തമസ്സോ നില കൃഷ്ണാ,യവർക്കിതിൽ. 1

ശ്രീഭഗവാൻ പറഞ്ഞു.

സ്വഭാവത്താൽദ്ദേഹികൾക്കു ശ്രദ്ധ മൂന്നു വിധത്തിലാം
സാത്വികീ രാജസീ പിന്നെത്താമസീ കേളതും ഭവാൻ. 2
സത്വാനുരൂപയാകുന്നു സർവ്വർക്കും ശ്രദ്ധ ഭാരത!
ശ്രദ്ധാമയൻ പുമാൻ ശ്രദ്ധയേതാണായതുമാണവൻ. 3
സത്വസ്ഥന്മാർ ദേവകളെ യക്ഷാശരരെ രാജസർ
പ്രേതഭൂതഗണത്തെത്താൻ യജിപ്പൂ മററു താമസർ. 4

74

(ശ്ലോകം 5—6)

ആസുരനിശ്ചയക്കാരുടെ തപസ്സിനെയാണു് ഇവിടെ വിവരിക്കുന്നതു്. ഡംഭാഹങ്കാരങ്ങൾ പൂണ്ടു കാമരാഗാവേശത്തോടെ ഹിംസാപരമായ തപസ്സു ചെയ്യുന്ന ഇവർ.

ശാസ്ത്രോക്തമെന്നിയേ ഘോരം വൻതപം ചെയ്യുമാളുകൾ
ഡംഭാഹങ്കാരമുടയോർ കാമരാഗബലാന്വിതർ. 5

ദേഹസ്ഥഭൂതഗ്രാമത്തെക്കശിപ്പിക്കമബുദ്ധികാ
ദേഹാന്തൎയ്യാമിയെന്നേയുമവരാസുരരോക്ക നീ. 6

75

(ശ്ലോകം 7—22)

ഇവിടെ ആഹാരം, യജ്ഞം, തപസ്സ്, ദാനം ഈ നാലെണ്ണത്തിൻേറയും വിവേചനമാണു്. ഇവയിൽ സാത്വികമായയവയെ സ്വീകരിച്ച് അതു് ഈശ്വരാൎപ്പണമാക്കണം. ഇവയ്ക്കു ഫലമുണ്ടെങ്കിലും ഫലാസക്തികൂടാതെ ചെയ്യുന്നതു മാത്രമേ സാത്വികമാകുന്നുള്ളു. സാത്വികമായ ആഹാരമേ ചിത്തശ്ശുദ്ധിക്കുതകുന്നുള്ളു.

(a) യജ്ഞം: നമുക്കതീതമായ, നമ്മെക്കാളും അതിശക്തിമത്തായ ശക്തികാ ലോകത്തിലുണ്ടു്. അവയെ പ്രീതിപ്പെടുത്തുവാൻ വേണ്ടിയായിരുന്നു ഈ യജ്ഞങ്ങാ. വേദത്തിലെ അധികഭാഗത്തിൻേറയും വിഷയം ഈ യജ്ഞവിവരങ്ങളാണു്.

എന്നാൽ വൈദികയജ്ഞം തീരെ ഇല്ലാതായിട്ടുണ്ടു്. അവയെ നാം എടുക്കേണ്ടതില്ല. അതിൻെറ സ്ഥാനത്താണു് പലേ മൂൎത്തിപൂജകളും വന്നിട്ടുള്ളതു്. അതു 1—4-ൽ പറഞ്ഞു കഴിഞ്ഞു.

ഗീത 4 (25—32) യജ്ഞത്തെ പുതിയ രീതിയിൽ വൎണ്ണിച്ചിരിക്കുന്നു. അവ ഇവിടെ ശ്രദ്ധേയമാണു്. എന്നാൽ മഹാന്മാരും ഗീതതന്നെയും സ്വധൎമ്മത്തെ യജ്ഞമായി കരുതുവാൻ പറയുന്നു. അതായതു സ്വധൎമ്മാചരണം അവനവൻെറ ആവശ്യത്തിന്നു മാത്രമല്ല, സമുദായനന്മയ്ക്കുമാണു്. സമുദായനന്മയ്ക്കായി, സമുദായത്തിൻെറ

ക്ഷേമത്തിന്നായി സ്വധൎമ്മം ചെയ്യുന്നതു ഗീതയുടെ അഭിപ്രായത്തിൽ യജ്ഞമാണു്. (18—46)

(b) തപസ്സ മൂന്നു വിധം: ശാരീരം, വാചികം, മാനസം. ഈ മൂന്നുവിധ തപസ്സിനേയും ഗീത പുതിയ രീതിയിൽ 14, 15, 16-ൽ നിൎവ്വചിച്ചിട്ടുണ്ടു്.

(c) ദാനം: (20, 21, 22) ഹിന്തുക്കളുടെയിടയിൽ പ്രത്യേകിച്ചും ദാനം ലോപിച്ച കാലമാണിതു്. സാത്വികദാനം നാം വീണ്ടും അവലംബിക്കണം.

ഏവക്കും മൂന്നു വിധമാണാഹാരം പ്രിയമായതും
യജ്ഞം തപം ദാനവുമേ കേളവററിൻെറ ഭേദവും. 7
ആയുസ്സത്വബലാരോഗ്യസുഖപ്രീതി വളൎപ്പതായ്
രസ്യം സ്നിഗ്ദ്ധം സ്ഥിരം ഹൃദ്യമാഹാരം സാത്വികപ്രിയം. 8
കടച്ചമ്ലലവണാത്യുഷ്ണതീക്ഷ്ണരൂക്ഷവിദാഹിയായ്
ദുഃഖശോകാമയകരമാഹാരം രാജസപ്രിയം. 9
ആറിച്ചാററവ പഴകിട്ടുദ്ഗന്ധമിയലുന്നതായ്
അമേദ്ധ്യമായെച്ചിലായുള്ളാഹാരം താമസപ്രിയം. 10
ഫലം നോക്കാതെ വിധിയിൽക്കണ്ട യജ്ഞം യജിക്കുമേ
യജ്ഞം ചെയ്യേണ്ടതാണെന്നു മനം വെച്ചിട്ടു സാത്വികൻ. 11
ഫലം നിനച്ചും ദംഭത്തിന്നായിക്കൊണ്ടിട്ടുമങ്ങിനേ
യജിക്കിൽ ഭരതശ്രേഷ്ഠ! യജ്ഞം രാജസമായതാം. 12
വിധി വിട്ടന്നമേകാതെ മന്ത്രദക്ഷിണയെന്നിയേ
ശ്രദ്ധ കൂടാതുള്ള യജ്ഞം ചൊൽവൂ താമസമെന്നു താൻ. 13
ദേവവിപ്രഗുരുപ്രാജ്ഞപൂജനം ശൌചമാൎജ്ജവം
ബ്രഹ്മചൎയ്യം താനഹിംസ ശാരീരം തപമാണപോൽ. 14
വെറപ്പിക്കാത്തുള്ള വാക്കു സത്യം പ്രിയഹിതപ്പടി
സ്വാദ്ധ്യായാഭ്യസനം താനും വാങ്മയം തപമാണപോൽ. 15

മനഃപ്രസാദം സൌമൃത്വം മൌനമാത്മവിനിഗ്രഹം
ഭാവസംശുദ്ധിയിവകൾ മാനസം തപമാണപോൽ. 16
പരമാം ശ്രദ്ധയാൽ മർത്ത്യർ മൂന്നു മട്ടിൽത്തപിക്കുമേ
ഫലാകാംക്ഷ നിനയ്ക്കാതെയായാലായതു സാത്വികം. 17
സൽക്കാരമാനപൂജയ്ക്കായ്ത്തപം ദംഭത്തിനായിയും
ചെയ്യുന്നുവെന്നാലതു താൻ രാജസം ചലമധ്രുവം. 18
മൂഢാശയാലാത്മപീഡപ്പെടുത്തിച്ചെയ്തിടും തപം
അന്യനാശത്തിനായ്ച്ചെയ്യുന്നതും താമസമാണപോൽ. 19
ദാനം ചെയ്യേണ്ടതെന്നോർത്തു തുണയ്ക്കാത്തോന്നു നൽകുകിൽ
ദേശകാലം പാർത്തു പാത്രേ ദാനം സാത്വികമാണപോൽ. 20
പരം പ്രത്യുപകാരത്തിന്നല്ലെന്നാൽ ഫലമോർത്തുമേ
ക്ലിഷ്ടമായ്ച്ചെയ്തിടുമൊരു ദാനമാകുന്നു രാജസം. 21
ദേശകാലങ്ങൾ തെററിച്ച ദാനം പാത്രത്തിനെന്നിയേ
സൽക്കരിക്കാതെ നിന്ദിച്ചു ചെയ്വതാകുന്നു താമസം. 22

16

(ശ്ലോകം 23—28)

ഈ പവിത്രമായ നാലു നിത്യകർമ്മങ്ങളേയും മന്ത്രസഹിതം നാം ഈശ്വരാർപ്പണമായി ചെയ്യണം. മന്ത്രസഹിതം എന്നുവെച്ചാൽ—ബാഹ്യപ്രവൃത്തിയോടെ മനസ്സും പ്രവർത്തിച്ചുകൊണ്ട്—ബാഹ്യകർമ്മങ്ങൾ ഈശ്വരാർപ്പണമാവേണമെങ്കിൽ, അവ സാത്വികമാവുന്നതിന്നു പുറമേ, മനസ്സിൻെറ ഭാവവും ഈശ്വരപ്രേമവും അതിൽ നാം മനഃപൂർവ്വമായി കലർത്തണം. അതിന്നു് 'ഓം തത് സത്' എന്നുച്ചരിക്കണം. ഓം എന്നാൽ ഈശ്വരനുണ്ടു്. തത് എന്നാൽ അതു് അകലെയാണു്. അന്തര്യാമിയായാലും മനസ്സിന്നതീതമാണു്. സത് എന്നാൽ അതു സത്താണു്. നമുക്കു ഗ്രഹണം ചെയ്യുന്നതാണു്. അ

തുകൊണ്ടു മുഴുവൻ മന്ത്രാത്ഥം—നമുക്കു കാണുവാൻ കഴിഞ്ഞില്ലെങ്കിലും ഈശ്വരൻ നിശ്ചയമായും ഉണ്ടു്. അദ്ദേഹത്തിൻെറ അനുഗ്രഹം എനിക്കുണ്ടാകട്ടെ.

ഈ ബോധത്തോടെയും ഭാവനയോടെയും നിത്യകമ്മങ്ങളും സ്വധമ്മവും നാം ഈശ്വരാപ്പണമായി ചെയ്യണം.

ഓം തത്സൽ ബ്രഹ്മനിദ്ദേശം മൂന്നു മാതിരിയായ് സ്മൃതം
ഇവയാൽപ്പണ്ടു നിമ്മിച്ചു വിപ്രവേദമഖങ്ങളേ. 23
ഓമെന്നു ചൊല്ലീട്ടു യജ്ഞതപോദാനക്രിയാക്രമം
അതുമൂലം നടക്കുന്നു ബ്രഹ്മജ്ഞക്കു വിധിപ്പടി. 24
തദെന്നു ഫലമോക്കാതെ ചൊല്ലി യജ്ഞം തപസ്സുമേ
ദാനക്രിയകളും ചെയ്തുപോരുന്നു മോക്ഷകാംക്ഷികൾ. 25
സൽഭാവമായ്സ്സാധുഭാവമായ്സ്സദെന്നാൽ പ്രയോഗമാം
പ്രശസ്തകമ്മത്തിലത്രേ സച്ഛബ്ദം പാത്ഥ! ചെയ്യതും. 26
സച്ഛബ്ദോച്ചാരണം യജ്ഞതപോദാനങ്ങൾതൻ മുറ
തദത്ഥമായിട്ടും കമ്മം സദെന്നായ്പ്പറയുന്നതും. 27
അശ്രദ്ധം ദാനഹോമങ്ങൾ തപസ്സും ചെയ്ത കമ്മവും
അസത്തെന്നോതുമേ പാത്ഥ! കേളില്ലിങ്ങും പരത്തിലും. 28

# ഭാഗം 6

## ഉപസംഹാരം

## അധ്യായം പതിനെട്ട്

### ഗീതോപദേശസാരം. കമ്മയോഗവും അതിന്നുപരിയായി ജ്ഞാനനിഷ്ഠയും.

### ഗീതോപദേശസംഗ്രഹം

ഈ അധ്യായത്തിൽ കമ്മഫലത്യാഗം, കമ്മസന്യാസം, അഹങ്കാരനാശത്തിൻെറ ആവശ്യം, മററു പ്രധാന മനോവൃത്തിയുടെ ത്രിഗുണാവസ്ഥകൾ, കമ്മയോഗം, ഉപരിജ്ഞാനയോഗം, ഈശ്വരശരണത എന്നിവയാണ് വിഷയങ്ങൾ.

77

(ശ്ലോകം 1—12)

ദേഹബുദ്ധിയോടുകൂടിയവക്കു സ്വധമ്മത്തെ ത്യജിക്കുവാൻ സാധിക്കുന്നതല്ല. (11) അതുകൊണ്ടു നിത്യകമ്മങ്ങളായ യജ്ഞം, ദാനം, തപസ്സ് എന്നിവ ഫലത്യാഗബുദ്ധിയോടെ അവശ്യം ചെയ്യണം. നിത്യകമ്മങ്ങൾക്കു ഫലമുണ്ടു്. അവയെ കാമിച്ചാൽ രജോഗുണം വധിക്കും. ഫലത്യാഗബുദ്ധിയോടുകൂടി ചെയ്താൽ സത്വഗുണം വദ്ധിക്കും, ചിത്തശുദ്ധിയുമുണ്ടാകും.

സാധകന്മാർ നിത്യകമ്മങ്ങളും സ്വധമ്മങ്ങളും ഫലത്യാഗത്തോടെ ചെയ്യുന്നതിന്നു 'ത്യാഗം' എന്നു ഭഗവാൻ

ഇവിടെ നിവ്വചനം ചെയ്യുന്നു. ഇതിന്നുമുമ്പു 5-ാം അദ്ധ്യായത്തിൽ പറഞ്ഞതുപോലെ അലസതകൊണ്ടു കാൎയ്യത്തിൻെറ ബുദ്ധിമുട്ട് ആലോചിച്ചു കൎമ്മത്തെ ത്യജിക്കുന്നതു വെറും താമസത്യാഗമാകുന്നു. അതിന്നു് ആത്മീയവളൎച്ചയിൽ ഒട്ടും സ്ഥാനമില്ല. കൎമ്മയോഗം സഹജമായിത്തീൎന്ന്, ഉപരിസാധനയ്ക്കുവേണ്ടി കൎമ്മത്യാഗം ചെയ്യുന്നതാകുന്നു ശരിയായ സന്യാസം. ആ സന്യാസം സാധനയുടെ പരമനിലയിൽ വരുന്നു.

അതുകൊണ്ടു സാധനാരംഭത്തിൽ കൎമ്മത്യാഗമാണു് ശരി; കൎമ്മസന്യാസമല്ല.

കൎമ്മഫലത്യാഗംകൊണ്ടു കൎമ്മബന്ധനമുണ്ടാകുന്നില്ല. കൎമ്മാനുഷ്ഠാനം പുനൎജ്ജന്മത്തിന്നു കാരണമാവുന്നില്ല.

**അൎജ്ജുനൻ പറഞ്ഞു.**

സന്യാസത്തിൻ തത്വമറിഞ്ഞീടാൻ മോഹം മഹാഭുജ!
ത്യാഗത്തിന്നും ഹൃഷീകേശ! വേറേ കേശിനിഷൂദന! 1

**ശ്രീഭഗവാൻ പറഞ്ഞു.**

കാമ്യകൎമ്മന്യാസമത്രേ സന്യാസം കവിസമ്മതം
സൎവ്വകൎമ്മഫലത്യാഗം ത്യാഗമെന്നാർ വിചക്ഷണർ. 2
ദുഷ്ടമാം കൎമ്മമേ ത്യാജ്യമെന്നും ചില മനീഷികൾ
യജ്ഞദാനതപഃകൎമ്മം ത്യാജ്യമല്ലെന്നു മററു പേർ. 3
ത്യാഗത്തിലെൻ നിശ്ചയം നീ കേൾക്കു ഭരതസത്തമ!
ത്യാഗമോ പുരുഷവ്യാഘ്ര! പ്രസിദ്ധം മൂന്നു മാതിരി. 4
യജ്ഞം ദാനം തപം കൎമ്മം വിടൊല്ലാ ചെയ്തിടേണ്ടതാം
യജ്ഞം ദാനം തപമിവ വിവേകക്കാൎക്കു പാവനം. 5
ഇവയും ചെയ്യണം സംഗം ഫലവും കൈവെടിഞ്ഞു താൻ
എന്നാണു പാൎത്ഥ! നൽത്തീൎപ്പു പെട്ടമെന്മതമുത്തമം. 6

നിയമസ്ഥന്നു കമ്മത്തിൽസ്സന്ന്യാസം ചേരുകില്ലെടോ
മൌഢ്യത്താൽത്തൽപ്പരിത്യാഗം താമസം താൻ പ്രസിദ്ധമാം. 7
കമ്മം കായക്ലേശഭയാൽദ്ദുഃഖമെന്നായ് ത്യജിക്കുകിൽ
രാജസത്യാഗമാന്നായാരം ത്യാഗത്തിൻ ഫലമേററിടാ. 8
ചെയ്യേണ്ടതെന്നോത്തു കമ്മം നിയതം ചെയ്കിലജ്ജുന!
ഫലസംഗങ്ങരം കൂടാതെ, സാത്വികം ത്യാഗമായതാം. 9
ദ്വേഷിയ്ക്കില്ല സുഖം കമ്മം സജ്ജിക്കാ സുഖദത്തിലും
സത്വം കലന്നിടും ത്യാഗി സംശയം വിട്ട ബുദ്ധിമാൻ. 10
ദേഹിക്കു കമ്മമൊക്കേയും ത്യജിക്കാനെളുതായ്വരാ
പരം കമ്മഫലത്യാഗിയാണത്രേ ത്യാഗിയായതും. 11
അനിഷ്ടമിഷ്ടം സമ്മിശ്രം മൂന്നല്ലോ കമ്മജം ഫലം
അത്യാഗികരംക്കേൽപ്പു ചത്താലെല്ലാ സന്ന്യാസികരംക്കതും. 12

## 78

(ശ്ലോകം 13_17)

അഹങ്കാരം ആകുന്നു കത്താ എന്നു തെററിദ്ധരിക്കുന്നു. എന്നാൽ ശരീരം, ആഗ്രഹം, പഞ്ചേന്ദ്രിയങ്ങരം, പലവിധമായ പ്രയത്നങ്ങരം, പൂവ്വസംസ്കാരം എന്നീ അഞ്ചും ചേന്നാണ് കമ്മം നടത്തുന്നതു്. എന്നാൽ അവിദ്യകൊണ്ടു് അഹങ്കാരം അല്ലെങ്കിൽ താൻതന്നെയാണ് കത്താ എന്നു മനുഷ്യൻ മോഹംകൊള്ളുന്നു. ഈ അഹങ്കാരം നശിച്ചാൽ എന്തു ചെയ്താലും, ഒരാളെ വധിച്ചാൽ പോലും ബന്ധനമുണ്ടാകുന്നില്ല. അഹങ്കാരനാശംതന്നെയാണ് മോക്ഷം.

കാരണങ്ങരം മഹാബാഹോ! നീ ധരിച്ചാലുമഞ്ചിതിൽ
കമ്മാന്തവേദാന്തമതിൽക്കമ്മസിദ്ധിക്കു ചൊന്നവ. 13
അധിഷ്ഠാനം പരം കത്താവോരോ മാതിരി കാരണം
പല മട്ടാം ചേഷ്ടയഞ്ചാമതായിട്ടിങ്ങു ദൈവവും. 14

മെയ്‌വാങ്മനങ്ങളാലിങ്ങു കർമ്മം തുടരുമേ നരൻ
ന്യായ്യമായും മറിച്ചായുമതിന്നീയഞ്ചു ഹേതുവാം. 15
എന്നിരിക്കേച്ചെയ്യതിളു താന്താനാണെന്നു കാണ്മവൻ
ബുദ്ധിയൊക്കായ്കയാലാണു കാണ്മതില്ലതു ദുർമ്മതി. 16
അഹങ്കാരം ഭാവമറ്റോൻ ബുദ്ധിലേപം പെടാത്തവൻ
ഈ ലോകരെ വധിച്ചാലും വധിയാ ബദ്ധനല്ലവൻ. 17

79

(ശ്ലോകം 18—40)

ഇവിടെ മനസ്സിൻെറ ഘടകങ്ങളായ ജ്ഞാനം, കർമ്മം, കർത്താ, ബുദ്ധി, ധൃതി, സുഖം എന്നീ ബോധങ്ങളുടെ തമോഗുണ, രജോഗുണ, സത്വഗുണനിലകളെപ്പററി വിവരിക്കപ്പെടുന്നു. മനസ്സിനെ ആരാഞ്ഞുനോക്കി, തമോഗുണ, രജോഗുണനിലകളെ അതിക്രമിച്ച് ഓരോന്നിലും സത്വനില അടയുവാനായിരിക്കണം നമ്മുടെ പരിശ്രമം.

അതുകൊണ്ടു് ഈ വ്യത്യാസങ്ങൾ നാം നല്ലപോലെ ഗ്രഹിച്ചു മനസ്സിൻെറ സത്വനിലയെ പ്രാപിക്കാൻ ശ്രമിക്കണം.

ജ്ഞാനാവസ്ഥയിൽ നാനാത്വത്തിൽ മനസ്സു നില്ക്കുന്നതു ശരിയല്ല. വേദാന്തപരമായി സർവ്വവും ഏകമായ ബ്രഹ്മമാണ് എന്നു മനസ്സിന്നു സിദ്ധമാകുമ്പോളാണ് അജ്ഞാനം നീങ്ങി സമ്യക്ജ്ഞാനം ഉണ്ടാകുന്നതു് എന്ന തത്വം ശ്രദ്ധേയമാണ്.

അതുപോലെ ഇന്ദ്രിയവിഷയസംസർഗ്ഗംകൊണ്ടു സാധാരണയായി ഉണ്ടാകുന്ന സുഖം നശ്വരമാണ്, രോഗ

ഹേതുവാണ് എന്നു മനസ്സിലാക്കി മനഃപ്രയത്നംകൊണ്ടു ധ്യാനത്തിലും കമ്മയോഗത്തിലും ഉണ്ടാവുന്ന സുഖമാണ് പരമസുഖം എന്നു പ്രത്യേകം ധരിക്കണം.

അധമ്മത്തെ ധമ്മമെന്നു മോഹംകൊണ്ടു ധരിക്കുന്നുവെന്നതും അതുപോലെ ശ്രദ്ധേയമാണ്.

ജ്ഞാനം ജ്ഞേയം ജ്ഞാനിയെന്നു മൂന്നല്ലോ കമ്മചോദന
കരണം കമ്മ കത്താവു മൂന്നു താൻ കമ്മസംഗ്രഹം. 18
ഗുണഭേദത്തിനാൽ ജ്ഞാനം കമ്മം കത്താവു മൂന്നിനേ
ഗുണക്കണക്കിൽച്ചൊല്ലുന്നു കേട്ടാലുമവയെബ്ഭവാൻ. 19
സവ്വഭൂതത്തിലുമൊരേ ഭാവം കാണുവതവ്യയം
ഭിന്നങ്ങളിലഭിന്നം താനാ ജ്ഞാനം കാണ്ക സാത്വികം. 20
വെവ്വേറെയായിട്ടും ജ്ഞാനം വെവ്വേറേ പല വസ്തുവായ്
ഭൂതജാലത്തിലറിവാമാ ജ്ഞാനം കാണ്ക രാജസം. 21
എല്ലാമെന്ന നിലയ്ക്കൊന്നിൽക്കാരണം വിട്ടു സക്തമായ്
തത്വം കാണാതല്പമാകും ജ്ഞാനമാകുന്നു താമസം. 22
നിയതം സംഗമില്ലാതെ രാഗദ്വേഷങ്ങളെന്നിയേ
ഫലേച്ഛ വിട്ടുള്ള കമ്മമായതാകുന്നു സാത്വികം. 23
ഫലമിച്ഛിച്ചഹങ്കാരത്തോടുകൂടിയുമങ്ങിനേ
ഏറെപ്പണിപ്പെട്ടു ചെയ്യും കമ്മമാകുന്നു രാജസം. 24
ഫലം ക്ഷയം പൌരുഷവും ഹിംസയും നോക്കിടാതെ താൻ
മൌഢ്യത്താലേ തുടന്നീടും കമ്മമാകുന്നു താമസം. 25
അസംഗനനഹങ്കാരി ധൃത്യുത്സാഹങ്ങളുള്ളവൻ
സിദ്ധ്യസിദ്ധികളിൽ ഭേദം വിട്ട കത്താവു സാത്വികൻ. 26
രാഗീ ഫലാത്ഥി ലുബ്ധൻ താനശുദ്ധൻ ഹിംസചെയ്യുവൻ
ഹഷശോകങ്ങളുള്ളോരു കത്താവാകുന്നു രാജസൻ. 27
അയുക്തൻ പ്രാകൃതൻ സ്തബ്ധൻ ചതിയൻ മടിയൻ ശഠൻ
വിഷാദിക്കും ദീഘസൂത്രനാകും കത്താവു താമസൻ. 28

ഭേദം ധൃതിക്കും ബുദ്ധിക്കും ഗുണത്താൽക്കേറാക്ക മൂന്നുമേ
എല്ലാം വെവ്വേറെയായിട്ടു ചൊല്ലുന്നതു ധനഞ്ജയ! 29
പ്രവൃത്തിതാൻ തൻ നിവൃത്തി കാൎയ്യാകാൎയ്യഭയാഭയം
ബന്ധവും മോക്ഷവും കാണും ബുദ്ധിതാൻ പാൎത്ഥ! സാത്വികി.30
ധൎമ്മമധൎമ്മം താൻ കാൎയ്യം പിന്നെയകാൎയ്യവും
ശരിയല്ലാതറിയുമാബ്ബുദ്ധിതാൻ പാൎത്ഥ! രാജസി. 31
അധൎമ്മം ധൎമ്മമായ്ക്കണ്ടു തമസ്സാൽ മൂടി നില്പതായ്
തെററിസ്സൎവ്വാൎത്ഥവും കാണും ബുദ്ധിതാൻ പാൎത്ഥ! താമസി. 32
മനഃപ്രാണേന്ദ്രിയവഴി ക്രിയയ്ക്കൊക്കെദ്ധരിപ്പതായ്
യോഗത്താൽത്തെററ പററാത്ത ധൃതിതാൻ പാൎത്ഥ! സാത്വികി 33
ധൎമ്മകാമാൎത്ഥങ്ങളെത്താൻ ധരിപ്പോന്നായിയൎജ്ജുന!
പ്രസംഗത്താൽ ഫലം കാക്കും ധൃതിതാൻ പാൎത്ഥ! രാജസി! 34
പരം സ്വപ്നം ഭയം ശോകം വിഷാദം മദമെന്നിവ
ദുൎമ്മേധസ്സു വിടാതുള്ള ധൃതിതാൻ പാൎത്ഥ! താമസി. 35
സുഖവും മൂന്നു വിധമായ്ക്കേട്ടാലും ഭരതൎഷഭ!
അഭ്യാസത്താൽ ലഭിപ്പോന്നായ് ദുഃഖത്തിന്നതിർ കാണുമതായ്. 36
ആരംഭത്തിൽ വിഷപ്രായമന്തത്തിലമൃതോപമം
ആത്മബുദ്ധിത്തെളിവെഴുമാസ്സുഖം തന്നെ സാത്വികം. 37
വിഷയേന്ദ്രിയയോഗത്താലാദ്യമങ്ങമൃതോപമം
അന്തത്തിങ്കൽ വിഷപ്രായമാസ്സുഖം തന്നെ രാജസം. 38
ആദ്യവും ഫലമായാലുമാത്മവ്യാമോഹനം സുഖം
നിദ്രാലസ്യപ്രമാദാദിവഴിക്കുള്ളതു താമസം. 39
മന്നിലും വിണ്ണവരുടെയിടയ്ക്കും കാണ്മതില്ലെടോ
പ്രകൃതിക്കൊക്കുമീ മൂന്നു ഗുണം കൂടാതൊരെണ്ണവും. 40

(ശ്ലോകം 41—49)

### സ്വധർമ്മവും കർമ്മയോഗവും

ലൌകികങ്ങളായ സ്വകർമ്മങ്ങളും കർമ്മയോഗത്തിനു വളരെ ഉപയുക്തമാണ്. കർമ്മയോഗംകൊണ്ടു കർമ്മങ്ങളുടെ സഹജമായ ബന്ധരൂപം നശിച്ചു മനഃശുദ്ധിയുണ്ടായി, അവ ആത്മജ്ഞാനത്തിന്നു് ഉതകുന്നു. അതുകൊണ്ടാണു് അദ്ധ്യാത്മശാസ്ത്രമായ രീതിയിൽ വർണ്ണാശ്രമതത്വം പ്രതിപാദിക്കപ്പെട്ടിരിക്കുന്നതു്.

സ്വധർമ്മം എല്ലാവർക്കും ഒരുപോലെയല്ല. യജ്ഞം, ദാനം, തപസ്സ് എന്നീ നിത്യകർമ്മങ്ങൾ എല്ലാവർക്കും ഒരുപോലെത്തന്നെ. മനു പറയുന്ന അഹിംസ, സത്യം, അസ്തേയം, ശൌചം, ഇന്ദ്രിയനിഗ്രഹം എന്നിവ എല്ലാവരും ഒരുപോലെ സ്വീകരിക്കേണ്ടതാണു്.

എന്നാൽ സമുദായസേവനം, സമുദായക്ഷേമത്തിനു താൻ ചെയ്യേണ്ടതായ കർമ്മങ്ങൾ നാലായി വിഭജിക്കപ്പെട്ടിരിക്കുന്നു. അവ ഓരോരുത്തരുടേയും പൂർവ്വസംസ്കാരം അനുസരിച്ചാണു്.

അങ്ങിനെ ബ്രാഹ്മണധർമ്മത്തേയും ക്ഷത്രിയധർമ്മത്തേയും വൈശ്യധർമ്മത്തേയും ശൂദ്രധർമ്മത്തേയും പറഞ്ഞിരിക്കുന്നതു ചിത്തവൃത്തിവ്യത്യാസത്തെ അടിസ്ഥാനപ്പെടുത്തിയാകുന്നു.

സാത്വികമനസ്ഥിതിയുള്ളവൻ ബ്രാഹ്മണൻ. അല്പം സത്വവും വളരെയധികം രജസ്സും ഉള്ളവൻ ക്ഷത്രിയൻ. വളരെയധികം രജസ്സും അല്പം തമസ്സും ഉള്ളവൻ വൈശ്യൻ. തമോഗുണമുള്ളവൻ ശൂദ്രൻ (ശ്രീശങ്കരൻ).

അതുകൊണ്ടു് ശൂദ്രന്നു വേദത്തിന്നു് അധികാരമില്ല എന്നു പറയുന്നതിന്നു്, ആർക്കു തമസ്സുകൊണ്ടു് അറിവിന്നു് ആഗ്രഹമില്ലയോ അവൻ ശൂദ്രൻ എന്നാണു് അർത്ഥം.

നമ്മുടെ ജാതി നോക്കിയല്ല ശൂദ്രത്വം കല്പിക്കേണ്ടതു്. തമോഗുണത്തിന്നു താഴെയായി വേറെ ഗുണമില്ലാത്തതുകൊണ്ടു് പഞ്ചമവർണ്ണത്തിന്നോ ജാതിക്കോ ന്യായം കാണുന്നില്ല. അതുപോലെത്തന്നെ അയിത്തത്തിന്നും സ്ഥാനം കാണുന്നില്ല.

ഈ വർണ്ണധർമ്മങ്ങളെ അവനവൻ സ്വാർത്ഥം വെടിഞ്ഞു്, അതായതു ഫലകാംക്ഷ വെടിഞ്ഞു്, ഈശ്വരാർപ്പണബുദ്ധ്യാ സമുദായക്ഷേമാർത്ഥമായി എപ്പോൾ ചെയ്യുന്നുവോ അപ്പോൾ അതു കർമ്മയോഗമായിത്തീരുന്നു. മനഃശ്ശുദ്ധിയുണ്ടാകുന്നു.

ഒരു ശരീരത്തിന്നു തല, കൈ, കാൽ, പാദം എന്നിവ എങ്ങിനെ ശരീരത്തിൻെറ പൊതുവേ പ്രവർത്തനത്തിന്നു് അത്യാവശ്യമാണോ അതുപോലെ വർണ്ണങ്ങളുടെ നാലുവിധ കർമ്മങ്ങളും സമുദായക്ഷേമത്തിന്നു് അത്യാവശ്യമാണു്; അനുപേക്ഷണീയമാണു്. തല ആലോചിക്കുന്നതു തൻെറ ക്ഷേമത്തിന്നു മാത്രമല്ല, ദേഹത്തിൻെറ ഒട്ടാകെ ക്ഷേമത്തിന്നാണു്. കൈ അതിൻെറ രക്ഷയ്ക്കു മാത്രമല്ല, ഇതരങ്ങളായ അംഗങ്ങളുടേയും രക്ഷയ്ക്കാണു്. ഇതു മനസ്സിലാക്കി നമ്മുടെ പ്രവൃത്തിയിൽ സമുദായത്തെ മറക്കരുതു്.

ബ്രാഹ്മണക്ഷത്രവൈശ്യൎക്കും ശൂദ്രന്മാൎക്കും പരന്തപ!
തിരിച്ചു വെച്ചു കൎമ്മങ്ങൾ സ്വഭാവോത്ഥഗുണങ്ങളാൽ. 41
ശമം ദമം തപം ശൌചം ക്ഷാന്തിയാൎജ്ജവമിങ്ങിനെ
ജ്ഞാനം വിജ്ഞാനമാസ്തിക്യം ബ്രഹ്മകൎമ്മം സ്വഭാവജം. 42
ശൌൎയ്യം തേജസ്സു ധൃതി താൻ ദാക്ഷ്യം പോൎക്കൊഴിയായ്കയും
ദാനം ദൈവവിചാരം താൻ ക്ഷാത്രകൎമ്മം സ്വഭാവജം. 43
കൃഷി പൈമേയ്ക്കൽ കച്ചോടം വൈശ്യകൎമ്മം സ്വഭാവജം
ശുശ്രൂഷയെന്നുള്ള കൎമ്മം ശൂദ്രന്നും താൻ സ്വഭാവജം. 44
തൻ തൻ കൎമ്മശ്രദ്ധയുള്ളോൻ സിദ്ധി നേടീടുമേ പരം
സ്വധൎമ്മനിഷ്ഠന്നു സിദ്ധി കിട്ടും മാതിരി കേൾക്ക നീ. 45
ആരിബ്ഭൂതങ്ങൾ സൃഷ്ടിപ്പതാരിലെല്ലാമിരിപ്പതോ
തൻകൎമ്മംകൊണ്ടായവനെ മൎത്ത്യനൎച്ചിച്ചു സിദ്ധനാം. 46
പരധൎമ്മം ചെയ്വതേക്കാൾ സ്വധൎമ്മം വിഗുണം ഗുണം
സ്വഭാവകല്പിതം കൎമ്മം ചെയ്വോനേല്ക്കില്ല കിൽബ്ബിഷം. 47
കൌന്തേയ! സഹജം കൎമ്മം വിടൊല്ലാ ദുഷ്ടമാകിലും
ദോഷം കൎമ്മത്തിലുണ്ടെന്നും തീയ്യിൽപ്പുക കണക്കിനേ. 48
അസക്തബുദ്ധിയായെന്നും ജിതാത്മാവായ് നിരീഹനായ്
നൈഷ്കൎമ്മ്യസിദ്ധി പരമസ്സന്ന്യാസംകൊണ്ടു നേടിടാം. 49

## 81

(ശ്ലോകം 50—55)

കൎമ്മയോഗത്തിന്റെ സമാപ്തി ജ്ഞാനയോഗമാണ്. രണ്ടാമദ്ധ്യായത്തിൽ കൎമ്മയോഗത്തെ അവതരിപ്പിച്ചശേഷം, ഭഗവാൻ സ്ഥിതപ്രജ്ഞലക്ഷണം നമ്മെ പഠിപ്പിച്ചിട്ടുണ്ട്. അതുപോലെതന്നെ ഇവിടേയും ഉപസംഹാരത്തിൽ മനുവിഭാഗത്തിൽ കൎമ്മയോഗസമ്പ്രദായം ഉപ

ദേശിച്ചശേഷം ഉടനെത്തന്നെ ജ്ഞാനയോഗവും ഉപദേശിക്കുന്നു. ഈ ജ്ഞാനയോഗത്തിൽ മനസ്സിനെ പരിശുദ്ധമാക്കുകയും അതിസൂക്ഷ്മമാക്കി ബലപ്പെടുത്തി ആത്മതത്വാവലോകനം ചെയ്യുവാൻ പര്യാപ്തമാക്കുകയുമാണു് ചെയ്യുന്നതു്.

ശാസ്ത്രപാണ്ഡിത്യത്തിന്നു് ഇവിടെ സ്ഥാനമില്ല. ആത്മീയസിദ്ധാന്തങ്ങളിൽ അടിയുറച്ച, അചഞ്ചലമായ, ശ്രദ്ധയാണു് ഇവിടെ ആവശ്യം. ശാസ്ത്രതത്വവും ഗുരുവും ഇതിന്നു സഹായിക്കുന്നു. ഗുരു, ശാസ്ത്രതത്വങ്ങളുടെ അവതാരമൂർത്തിയാണു്. അവരുടെ ജീവിതരീതി നമ്മുടെ ശ്രദ്ധയെ ഊർജ്ജിതപ്പെടുത്തുന്നു. ആത്മപ്രാപ്തിയ്ക്കുള്ള തീവ്രമായ ആസക്തിയാണു് ജ്ഞാനനിഷ്ഠ. ബാഹ്യസ്ഥിതനാണു് ഈശ്വരനെന്നു കരുതി ആ ഈശ്വരപ്രാപ്തിക്കായുള്ള ആസക്തിയെ ഭക്തിയെന്നു പറയുന്നു. ഈ ആസക്തി കേവലം പണ്ഡിതനിൽ ഇല്ല. ഈ ആസക്തികൂടാതെ ഭക്തിയോഗമോ, ജ്ഞാനയോഗമോ ജനിച്ചു വളരുന്നതല്ല. ശങ്കരൻെറ അഭിപ്രായത്തിലും വിനോഭാജിയുടെ അഭിപ്രായത്തിലും ജ്ഞാനവും ഭക്തിയും വാസ്തവത്തിൽ ഒന്നുതന്നെയാകുന്നു.

സിദ്ധി നേടിയവൻ ബ്രഹ്മലാഭം കൊാംവതു കോംക്ക നീ
ചുരുക്കമായിക്കൌന്തേയ! ജ്ഞാനത്തിൻ പരനിഷ്ഠ താൻ. 50

വിശുദ്ധയാം ബുദ്ധിയാന്നു ധൃതിയാലുള്ളടക്കിയും
ശബ്ദാദിവിഷയം വിട്ടു രാഗദ്വേഷങ്ങാം പോക്കിയും. 51

വിവിക്തം വാണു ലഘ്വാശി ചൊൽ, മെയ്, ചിത്തങ്ങാം വെന്നുമേ
ധ്യാനയോഗപരൻ നിത്യം വൈരാഗ്യത്തെയടഞ്ഞവൻ. 52

അഹങ്കാരം ബലം ദപ്പം കാമക്രോധം പരിഗ്രഹം
വെടിഞ്ഞു നിമ്മമൻ ശാന്തൻ ബ്രഹ്മഭാവമണഞ്ഞിടും. 53

ബ്രഹ്മമായിത്താൻ തെളിഞ്ഞോൻ ശോചിക്കാ കാംക്ഷയെന്നിയേ
എല്ലാററിലും തുല്യനായി നേടുമെൻ പരഭക്തിയെ. 54

ഞാനെന്തു നിലയാരെന്നു ഭക്തിയാൽത്താനറിഞ്ഞിടും
എന്നെത്തത്വമൊട്ടും കണ്ടോൻ പിന്നെയെന്നിലണഞ്ഞിടും. 55

82

(ശ്ലോകം 56—66)

അഹങ്കാരം തീരെ നശിക്കണം. അതിൻെറ സ്ഥാനത്ത് ആത്മശക്തിയോ ഈശ്വരകരുണയോ നമ്മുടെ ജീവിതത്തിൽ വരണം.

ഈ ഈശ്വരശക്തി എല്ലാവരുടെ ഹൃദയത്തിലും പതിയുന്നു. അഹങ്കാരം അതിനെ മറയ്ക്കുകയാണ്. അതിൻെറ നിരന്തരവും അനന്യവുമായ ഭജനമാണ് ഏററവും ഉത്തമസാധന. ഒരു കമ്മത്തിന്നും ഈ മാഹാത്മ്യമില്ല.

കമ്മങ്ങളെല്ലാമെപ്പോഴും ചെയ്യിലും മൽപ്പരായണൻ
മൽപ്രസാദത്തിനാൽ നേടുമവ്യയം നിത്യമാം പദം. 56

മനസ്സാൽക്കമ്മമൊക്കേയുമെങ്കലപ്പിച്ച മൽപ്പരൻ
ബുദ്ധിയോഗം പൂണ്ടു നിത്യം മന്മനസ്സായിരിക്ക നീ. 57

മച്ചിത്തൻ നീയെൻ പ്രസാദാൽദ്ദുഗ്ഗമെല്ലാം കടന്നിടും
അതല്ല നീയഹങ്കാരാൽക്കേൾക്കില്ലെങ്കിൽ നശിച്ചിടും. 58

അഹങ്കാരംകൊണ്ടു യുദ്ധം ചെയ്യില്ലെന്നല്ലീയോപ്പതും
തെററീയ്യൊരുക്കം പ്രകൃതി നിന്നെക്കല്പിച്ചയച്ചിടും. 59

കൌന്തേയ! നീ സഹജമാം സ്വകമ്മംകൊണ്ടു ബദ്ധനായ്
അവശപ്പെട്ടു ചെയ്യീടും ചെയ്യാനിച്ഛിച്ചിടായ്കിലും. 60

നിൽപുണ്ടജ്ജുന! സവ്വക്കും ഹൃദയത്തിങ്കലീശ്വരൻ
യന്ത്രം കേററിബ്ഭൂതജാലം മായകൊണ്ടു തിരിപ്പവൻ. 61

എല്ലാംകൊണ്ടിട്ടുമവനെശ്ശരണം കൊൾക ഭാരത!
തൽപ്രസാദാൽശ്ശാന്തിയേന്തിശ്ശാശ്വതസ്ഥാനമെത്തുമേ. 62

ഗുഢത്തിലും ഗുഢമാമീ ജ്ഞാനം നിന്നോടു ചൊല്ലി ഞാൻ
എല്ലാം വിചാരിച്ചു നോക്കിയിച്ഛിക്കുംപോലെ ചെയ്യെടോ. 63

എല്ലാററിലും ഗുഢമാമീപ്പരമാം മൊഴി കേൾക്ക നീ
ദൃഢം നീയെന്നിഷ്ടനെന്നു ഹിതം ചൊല്ലുന്നതാണു ഞാൻ. 64

എന്നെയോത്തെൻ ഭക്തനെന്നെ യജിച്ചെന്നെ നമിക്ക നീ
എന്നിലെത്തും സത്യമേററ ചൊന്നേനെന്നിഷ്ടനല്ലയോ. 65

സവ്വധമ്മങ്ങൾ വിട്ടെന്നെത്തന്നേ ശരണമേല്ലു നീ
നിൻ പാപമെല്ലാം ഞാൻ തീത്തുകൊള്ളുവൻ മാഴ്കിടേണ്ടെടോ. 66

83

(ശ്ലോകം 67—72)

ശാസ്ത്രം മനസ്സിലാക്കുവാൻ അതിയായ ശ്രദ്ധ വേണം. കാരണം ശാസ്ത്രം അതീതവിഷയങ്ങളെ പ്രതിപാദിക്കുന്നു. മനസ്സിന്നു് അതീതമായ വിഷയം ഇല്ലെന്നു വാദിക്കുന്നവർ ശാസ്ത്രത്തെ വകവെയ്ക്കുകയില്ല.

തപസ്സറേറാനൊടും ഭക്തി കെട്ടോനോടുമിതെന്നുമേ
ശ്രദ്ധ വിട്ടോനൊടും ചൊല്ലായ്കെന്നിലീഷ്യാലുവോടുമേ. 67

പരമാമീ രഹസ്യത്തെയെൻ ഭക്തനൊടു ചൊല്ലുവോൻ
പരഭക്തി കലന്നോൻ മേലെങ്കലെത്തുമസംശയം. 68

അവനേക്കാളെൻെറയിഷ്ടം ചെയ്യോനില്ല മനുഷ്യരിൽ
അവനേക്കാൾ പ്രിയതരനിനിക്കുണ്ടാകയില്ലൊരാൾ. 69

ധർമ്മ്യം നമ്മുടെ സംവാദമിതു ചൊല്ലുന്നതേവനോ
അവനെന്നെ ജ്ഞാനയജ്ഞാൽ യജിപ്പോനെന്നു മന്മതം. 70
ശ്രദ്ധയോടൊത്തസൂയിക്കാതിതു കേൾപ്പവനേവനോ
അവനും മുക്തനായ്പ്പുണ്യകർമ്മി സല്ലോകമെത്തിടും. 71
ഇതു പാർത്ഥ! ഭവാൻ ചിത്തം വെച്ചെല്ലാം കേട്ടതില്ലയോ
നിനക്കജ്ഞാനസമ്മോഹം നശിച്ചില്ലേ ധനഞ്ജയ! 72

84

(ശ്ലോകം 73)

തൻെറ മോഹം അകന്നുവെന്നു് അർജ്ജുനൻതന്നെ സമ്മതിക്കുന്നു. മോഹം അകററുവാനാണു് ശാസ്ത്രം. മോഹം തീർന്നപ്പോൾ ശാസ്ത്രം അവസാനിച്ചു.

അർജ്ജുനൻ പറഞ്ഞു

മോഹം കെട്ടു കിട്ടിയോർമ്മ നിൻ പ്രസാദത്തിലച്യുത!
സന്ദേഹം തീർന്നു നിന്നേൻ ഞാൻ നിൻെറ ചൊല്പടി ചെയ്യുവേൻ.

85

(ശ്ലോകം 74—78)

ധൃതരാഷ്ട്രന്നു് യുദ്ധക്കളത്തിലെ സംഭവം പറഞ്ഞുകൊടുക്കുവാൻ തുടങ്ങിയ സഞ്ജയൻ താൻ ഭഗവാനെ കണ്ടതിലും ഭഗവാൻെറ വാക്കുകളിലും തനിക്കുള്ള വിസ്മയത്തെ വിസ്തരിക്കുന്നു. മനുഷ്യപ്രയത്നവും ഈശ്വരകാരുണ്യവുമുള്ള ദിക്കിലാണു് ജയം എന്നു പറഞ്ഞു സംഭാഷണം അവസാനിക്കുന്നു.

സഞ്ജയൻ പറഞ്ഞു

എന്നു ഞാൻ വാസുദേവൻെറ മഹാൻ പാർത്ഥൻെറയും പരം
തമ്മിൽസ്സംഭാഷണം കേട്ടേനത്ഭുതം രോമഹർഷണം. 74

വ്യാസപ്രസാദംകൊണ്ടിട്ടു കേട്ടേൻ പാരം രഹസ്യമായ്
യോഗം യോഗേശ്വരൻ കൃഷ്ണൻ സാക്ഷാത്തായ്ച്ചൊൽവതൊ
കേശവാച്യുതസംവാദമത്ഭുതം പുണ്യമിങ്ങനെ [ക്കെയ്യം.
ഓൎത്തോൎത്തിളാപതേ! ഹൎഷം പൂണ്ടീടുന്നുണ്ടു വീണ്ടുമേ.
അത്യത്ഭുതം ഹരിയുടെയാ രൂപം വീണ്ടുമോൎത്തഹോ. 76
രാജാവേ! വിസ്മയിച്ചീ ഞാൻ കുളിർ കൊള്ളുന്നു വീണ്ടുമേ.
എങ്ങു യോഗേശ്വരൻ കൃഷ്ണനെങ്ങു പാൎത്ഥൻ ധനുൎദ്ധരൻ. 77
അവിടെ ശ്രീ ജയം ഭൂതി ദൃഢനീതിയിതെന്മതം.

ശ്രീമൽഭഗവദ്ഗീത കഴിഞ്ഞു.

---

# KOTTAYAM PUBLIC LIBRARY

**KOTTAYAM**

Cl. No M200 Acc. No. 12509

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 12 SEP 1988 | | |
| 13 FEB 1992 | | |
| 27 JUN [illegible] | | |
| 13 [illegible] | | |
| 16 MAR 2016 | | |

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

M200 12509

കുഞ്ഞുകുട്ടൻ തമ്പുരാൻ കൊടുങ്ങ
ല്ലൂർ

ഭാഷാ ഭഗവദ്ഗീത

KOTTAYAM PUBLIC LIBRARY

No. M 200 Acc. No. 12509

കൊച്ചുണ്ണിത്തമ്പുരാൻ
കൊടുങ്ങല്ലൂർ

[illegible]